V റിപ്പോർട്ടുസമർപ്പണം

സ്ത്രീകളുടേയും കുട്ടികളുടേയും വികലാംഗരുടേയും ക്ഷേമം സംബന്ധിച്ച സമിതിയുടെ മൂന്നാമത് റിപ്പോർട്ട്

പ്രൊഫ. സാവിത്രി ലക്ഷ്മണൻ: സർ, സ്ത്രീകളുടേയും കുട്ടികളുടേയും വികലാംഗരുടേയും ക്ഷേമം സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷയായ ഞാൻ സമിതിയുടെ മൂന്നാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

മി. സ്പീക്കർ: റിപ്പോർട്ട് സമർപ്പിക്കപ്പെട്ടിരിക്കുന്നു.

VI ധനകാര്യം

2003-04 സാമ്പത്തിക വർഷത്തേക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിൻമേലുള്ള ചർച്ചയും വോട്ടെടുപ്പും

ധനാഭ്യർത്ഥനനമ്പർ	ധനാഭ്യർത്ഥനയുടെ പേര്	ബഡ്ജറ്റ് എസ്റ്റിമേറ്റ് 2003 - 2004				ആകെ
		18-3-2003- ൽ സഭ പാസ്സാക്കിയ വോട്ട് ഓൺ അക്കൗണ്ട് തുക		സഭയുടെ വോട്ടിനു സമർപ്പിക്കുന്ന ധനാഭ്യർത്ഥനയുടെ തുക		
		റവന്യൂ രൂപ	മൂലധനം രൂപ	റവന്യൂ രൂപ	മൂലധനം രൂപ	രൂപ
(1)	(2)	(3)	(4)	(5)	(6)	(7)
XXX	ഭക്ഷ്യം	56,68,65,000	7,44,10,000	1,13,37,31,000	14,88,20,000	1,28,25,51,000
XXII	നഗരവികസനം	1,05,35,15,000	4,33,33,000	2,10,70,30,000	8,66,67,000	2,19,36,97,000
XXXV	പഞ്ചായത്ത്	4,17,94,65,000	..	8,35,89,31,000	..	8,35,89,31,000
*I	സംസ്ഥാന നിയമസഭ	4,73,32,000	..	9,46,65,000	..	9,46,65,000
*IV	തെരഞ്ഞെടുപ്പുകൾ	2,45,92,000	..	4,91,85,000	..	4,91,85,000
*VII	മുദ്രപ്പത്രങ്ങളും രജിസ്ട്രേഷനും	14,74,78,000	..	29,49,55,000	..	29,49,55,000
*X	ട്രഷറികളും അക്കൗണ്ടുകളും	15,36,80,000	..	30,73,60,000	..	30,73,60,000
*XVI	പെൻഷനും പലവകയും	7,61,96,11,000	..	15,23,92,22,000	..	15,23,92,22,000
*XXVIII	പലവക സാമ്പത്തിക സർവ്വീസുകൾ	10,75,14,000	13,72,35,000	21,50,28,000	27,44,71,000	48,94,99,000

* ചർച്ച കൂടാതെ വോട്ടിനിടുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)	(3)	(4)	(5)	(6)	(7)
*XLIII	നഷ്ട പരിഹാരവും അവകാശ കൈമാറ്റങ്ങളും	23,51,34,000	..	47,02,66,000	..	47,02,66,000
*XLV	പലവക വായ്പകളും മുൻകൂറുകളും	..	1,74,85,000	..	3,49,71,000	3,49,71,000

ധനാഭ്യർത്ഥന നമ്പർ XXX—ഭക്ഷ്യം (1,28,25,51,000 രൂപ)

ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. ജി. കാർത്തികേയൻ): ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കു നേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2003-04 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. ചെർക്കളം അബ്ദുള്ള): ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ധനാഭ്യർത്ഥന നമ്പർ XXII—നഗരവികസനം (2,19,36,97,000 രൂപ)

ധനാഭ്യർത്ഥന നമ്പർ XXXV—പഞ്ചായത്ത് (8,35,89,31,000 രൂപ)

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. ചെർക്കളം അബ്ദുള്ള): നഗര വികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിലും പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിലും കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനകൾക്കു നേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുകകൾ 2003-04 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ): ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ): സർ, നഗരവികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയേയും ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയേയും പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയേയും സംബന്ധിക്കുന്ന ചട്ടം 236 (3) അനുസരിച്ചുള്ള പ്രസ്താവന ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

ശ്രീ. മത്തായി ചാക്കോ: സർ, ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,28,25,51,000 ക. ഒരു ഉറുപ്പികയായി കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(സാധനങ്ങൾ വാങ്ങുന്നതിലെ അഴിമതിമൂലം സിവിൽ സപ്ലൈസ് കോർപ്പറേഷന് ഉണ്ടാകുന്നതായി പറയപ്പെടുന്ന നഷ്ടം ചർച്ച ചെയ്യുന്നതിന്)

ശ്രീ. കെ. പി. മോഹനൻ: സർ, ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,28,25,51,000 ക. ഒരു ഉറുപ്പികയായി കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(നിത്യോപയോഗ സാധനങ്ങളുടെ വില കുതിച്ചുയരുന്ന സന്ദർഭങ്ങളിൽ പൊതു വിതരണ ശൃംഖലയിലൂടെ സാധാരണക്കാർക്ക് നിത്യോപയോഗ സാധനങ്ങൾ ലഭ്യമാക്കുന്നതിൽ പരാജയപ്പെട്ടതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്)

ശ്രീ. കെ. പി. രാജേന്ദ്രൻ: സർ, ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,28,25,51,000 ക. ഒരു ഉറുപ്പികയായി കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(സംസ്ഥാനത്ത് പട്ടിണി മരണങ്ങൾ സംഭവിക്കുന്നത് ഇല്ലാതാക്കാൻ ആവശ്യമായ ഒരു ഭക്ഷ്യനയം നടപ്പാക്കുന്നതിൽ പരാജയപ്പെട്ടതായി പറയപ്പെടുന്ന നയം ചർച്ച ചെയ്യുന്നതിന്)

ശ്രീ. സാജുപോൾ: സർ, ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,28,25,51,000 ക. ഒരു ഉറുപ്പികയായി കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(സപ്ലൈകോയുടെ ഡിപ്പോകൾ അടച്ചുപൂട്ടാനുള്ളതായി പറയപ്പെടുന്ന സർക്കാർ നീക്കത്തെക്കുറിച്ച് ചർച്ച ചെയ്യുന്നതിന്)

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: സർ, ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,28,25,51,000 ക. ഒരു ഉറുപ്പികയായി കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവിതരണ സമ്പ്രദായം ഇല്ലാതായിരിക്കുന്നതുമൂലം സംസ്ഥാനത്ത് ജനങ്ങൾ അനുഭവിക്കുന്നതായി പറയപ്പെടുന്ന ദുരിതം ചർച്ച ചെയ്യുന്നതിന്)

ശ്രീമതി ഗിരിജാ സുരേന്ദ്രൻ: സർ, ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,28,25,51,000 ക. ഒരു ഉറുപ്പികയായി കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(റേഷൻ വിതരണ രംഗത്തുനിന്ന് സിവിൽ സപ്ലൈസ് വകുപ്പിനെ ഒഴിവാക്കാനുള്ളതായി പറയപ്പെടുന്ന നീക്കത്തെക്കുറിച്ച് ചർച്ച ചെയ്യുന്നതിന്)

ശ്രീ. പി. ജയരാജൻ: സർ, ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,28,25,51,000 ക. ഒരു ഉറുപ്പികയായി കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(റേഷൻ കടകൾവഴി ഗുണനിലവാരം കുറഞ്ഞ ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്യുന്നതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്)

ശ്രീ. എൻ. രാജൻ: സർ, ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,28,25,51,000 ക. ഒരു ഉറുപ്പികയായി കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(സംസ്ഥാനത്തെ മാവേലി സ്റ്റോറുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും അതുവഴിയുള്ള വിറ്റുവരവ് വർദ്ധിപ്പിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കാതിരിക്കുന്നതായി പറയപ്പെടുന്ന നയം ചർച്ച ചെയ്യുന്നതിന്)

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,28,25,51,000 ക. ഒരു ഉറുപ്പികയായി കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(സിവിൽ സപ്ലൈസ് കോർപ്പറേഷനിലെ പർച്ചേസിൽ നടക്കുന്നതായി പറയപ്പെടുന്ന അഴിമതികളെക്കുറിച്ച് ചർച്ച ചെയ്യുന്നതിന്)

ശ്രീ. കോവൂർ കുഞ്ഞുമോൻ: സർ, ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,28,25,51,000 ക. ഒരു ഉറുപ്പികയായി കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(സംസ്ഥാനത്ത് ഭക്ഷ്യസാധനങ്ങളുടെ വിലക്കയറ്റം തടയുന്നതിനുള്ള നടപടി സ്വീകരിക്കുന്നതായി പറയപ്പെടുന്നതു സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്)

ശ്രീ. വി. ചെന്താമരാക്ഷൻ: സർ, ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,28,25,51,000 ക. ഒരു ഉറുപ്പികയായി കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവിപണിയിൽ ഇടപെടുന്ന നയം സർക്കാർ അവസാനിപ്പിച്ചതിനെ തുടർന്ന് പൊതുവിപണിയിൽ ഉണ്ടായതായി പറയപ്പെടുന്ന വിലക്കയറ്റം ചർച്ച ചെയ്യുന്നതിന്)

ശ്രീ. ടി. കെ. ദേവകുമാർ: സർ, ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,28,25,51,000 ക. ഒരു ഉറുപ്പികയായി കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(മണ്ണെണ്ണ കോട്ടയിൽ കുറവു വരുത്തുന്നതുമൂലം റേഷൻ കടകൾ വഴി മണ്ണെണ്ണ ലഭിക്കാത്തതായി പറയപ്പെടുന്നതു സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്)

ശ്രീ. കെ. വി. കുഞ്ഞിരാമൻ: സർ, ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,28,25,51,000 ക. ഒരു ഉറുപ്പികയായി കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(സപ്ലൈകോയുടെ ഡിപ്പോകൾ അടച്ചുപൂട്ടാനുള്ളതായി പറയപ്പെടുന്ന നയം ചർച്ച ചെയ്യുന്നതിന്)

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,28,25,51,000 ക. ഒരു ഉറുപ്പികയായി കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(സംസ്ഥാനത്ത് സ്റ്റാറ്റ്യൂട്ടറി റേഷനിംഗ് സമ്പ്രദായം ഇല്ലാതാക്കിയതായി പറയപ്പെടുന്ന നയം ചർച്ച ചെയ്യുന്നതിന്)

ശ്രീ. വി. കെ. സി. മമ്മത്കോയ: സർ, ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,28,25,51,000 ക. ഒരു ഉറുപ്പികയായി കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(റേഷൻ വിതരണരംഗത്തു നിന്ന് സിവിൽ സപ്ലൈസ് വകുപ്പിനെ ഒഴിവാക്കാനുള്ളതായി പറയപ്പെടുന്ന നീക്കം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്)

ശ്രീ. എ. എ. അസീസ്: സർ, ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,28,25,51,000 ക. യിൽ നിന്ന് ഒരു നൂറു ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. വി. സി. കബീർ: സർ, ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,28,25,51,000 ക. യിൽ നിന്ന് ഒരു നൂറു ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. എ. കെ. ബാലൻ: സർ, നഗരവികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2,19,36,97,000 ക. ഒരു ഉറുപ്പികയായി കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(കെട്ടിട നികുതി വർദ്ധിപ്പിക്കാനുള്ളതായി പറയപ്പെടുന്ന നീക്കം ചർച്ച ചെയ്യുന്നതിന്)

ശ്രീ. സാജു പോൾ: സർ, നഗരവികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2,19,36,97,000 ക. ഒരു ഉറുപ്പികയായി കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(നഗരവികസന മേഖലയാകെ സ്വകാര്യവൽക്കരിക്കാനുള്ളതായി പറയപ്പെടുന്ന നയം ചർച്ച ചെയ്യുന്നതിന്)

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: സർ, നഗരവികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2,19,36,97,000 ക. ഒരു ഉറുപ്പികയായി കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(സേവന മേഖല സ്വകാര്യവൽക്കരിക്കാനും സേവനങ്ങൾക്ക് ഫീസ് ഏർപ്പെടുത്താനുമുള്ളതായി പറയപ്പെടുന്ന നയം ചർച്ച ചെയ്യുന്നതിന്)

ശ്രീമതി ഗിരിജാ സുരേന്ദ്രൻ: സർ, നഗരവികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2,19,36,97,000 ക. ഒരു ഉറുപ്പികയായി കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പെൻഷൻ, തൊഴിലില്ലായ്മ വേതനം എന്നിവയുടെ വിതരണത്തിലുണ്ടായിട്ടുള്ളതായി പറയപ്പെടുന്ന ക്രമക്കേട് ചർച്ച ചെയ്യുന്നതിന്)

ശ്രീ. പി. ജയരാജൻ: സർ, നഗരവികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2,19,36,97,000 ക. ഒരു ഉറുപ്പികയായി കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(ജി.സി.ഡി.എ.-കളുടെ സ്ഥലം വില്പനയിലുണ്ടായിട്ടുള്ളതായി പറയപ്പെടുന്ന ക്രമക്കേട് ചർച്ച ചെയ്യുന്നതിന്)

ശ്രീ. മത്തായി ചാക്കോ: സർ, നഗരവികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2,19,36,97,000 ക. ഒരു ഉറുപ്പികയായി കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(നഗരസഭകളുടേയും കോർപ്പറേഷൻ കൗൺസിലുകളുടേയും അധികാരം വെട്ടിക്കുറയ്ക്കുകയും വികസനം അട്ടിമറിക്കുകയും ചെയ്യുന്നതായി പറയപ്പെടുന്ന നയം ചർച്ച ചെയ്യുന്നതിന്)

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, നഗരവികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2,19,36,97,000 ക. ഒരു ഉറുപ്പികയായി കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(നഗരങ്ങളുടേയും കോർപ്പറേഷൻ കൗൺസിലുകളുടേയും അധികാരം വെട്ടിക്കുറയ്ക്കുകയും വികസനം അട്ടിമറിക്കുകയും ചെയ്യുന്നതായി പറയപ്പെടുന്ന നയം ചർച്ച ചെയ്യുന്നതിന്)

ശ്രീ. വി. ചെന്താമരാക്ഷൻ: സർ, നഗരവികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2,19,36,97,000 ക. ഒരു ഉറുപ്പികയായി കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(അധികാര വികേന്ദ്രീകരണം അട്ടിമറിക്കാനും നഗരസഭകൾക്കും കോർപ്പറേഷനുകൾക്കും നൽകിയ അധികാരം തിരിച്ചുപിടിക്കാനുമുള്ളതായി പറയപ്പെടുന്ന നീക്കം ചർച്ച ചെയ്യുന്നതിന്)

ശ്രീ. ടി. കെ. ദേവകുമാർ: സർ, നഗരവികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2,19,36,97,000 ക. ഒരു ഉറുപ്പികയായി കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(ഓരോ വർഷവും നാലാംഗഡു നൽകാതെയും മൂന്നാം ഗഡു താമസിച്ച് നൽകിയും നഗരസഭകളുടെ പ്രവർത്തനം സ്തംഭിപ്പിക്കുന്നതായി പറയപ്പെടുന്ന നയം ചർച്ച ചെയ്യുന്നതിന്)

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. മഞ്ഞളാംകുഴി അലി: സർ, നഗരവികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2,19,36,97,000 ക. ഒരു ഉറുപ്പികയായി കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(കെട്ടിട നികുതി വർദ്ധിപ്പിക്കാനുള്ളതായി പറയപ്പെടുന്ന നീക്കം ചർച്ച ചെയ്യുന്നതിന്)

ശ്രീ. കെ. വി. കുഞ്ഞിരാമൻ: സർ, നഗരവികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2,19,36,97,000 ക. ഒരു ഉറുപ്പികയായി കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(നഗരസഭകളിൽ നിന്നും കോർപ്പറേഷനുകളിൽനിന്നും ജനങ്ങൾക്ക് ലഭിക്കേണ്ട വിവരങ്ങൾ കമ്പ്യൂട്ടർവൽക്കരിക്കാനുള്ള പദ്ധതി സ്വകാര്യ ഏജൻസികളെ ഏൽപ്പിക്കാനുള്ളതായി പറയപ്പെടുന്ന നീക്കം ചർച്ച ചെയ്യുന്നതിന്)

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, നഗരവികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2,19,36,97,000 ക. ഒരു ഉറുപ്പികയായി കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(നഗരവികസന മേഖലയാകെ സ്വകാര്യവൽക്കരിക്കാനുള്ളതായി പറയപ്പെടുന്ന നയം ചർച്ച ചെയ്യുന്നതിന്)

ശ്രീ. കെ. പി. മോഹനൻ: സർ, നഗരവികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2,19,36,97,000 ക. ഒരു ഉറുപ്പികയായി കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(മറ്റു സംസ്ഥാനങ്ങളിൽ നിന്നുള്ള യാചകരുടേയും കുറ്റവാളികളുടേയും പ്രവാഹം തടയുന്നതിനും പ്രധാനപ്പെട്ട നഗരങ്ങളും ടൂറിസ്റ്റ് കേന്ദ്രങ്ങളും ആരാധനാലയങ്ങളും യാചക നിരോധനമേഖലകളാക്കി പ്രഖ്യാപിക്കുന്നതിനും ആവശ്യമായ സമഗ്രപരിപാടികൾ ആസൂത്രണം ചെയ്യുന്നതിൽ പരാജയപ്പെട്ടതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്)

ശ്രീ. കോവൂർ കുഞ്ഞുമോൻ: സർ, നഗരവികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2,19,36,97,000 ക. ഒരു ഉറുപ്പികയായി കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(സംസ്ഥാനത്തെ നഗരപ്രദേശങ്ങളിലെ മാലിന്യ സംസ്കരണത്തിന് ആവശ്യമായ നടപടി സ്വീകരിക്കുന്നതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്)

ശ്രീ. കെ. പി. രാജേന്ദ്രൻ: സർ, നഗരവികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2,19,36,97,000 ക. യിൽനിന്ന് ഒരു നൂറു ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ബിനോയ് വിശ്വം: സർ, നഗരവികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2,19,36,97,000 ക. യിൽനിന്ന് ഒരു നൂറു ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. എൻ. രാജൻ: സർ, നഗരവികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2,19,36,97,000 ക. യിൽനിന്ന് ഒരു നൂറു ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. എം. കുമാരൻ: സർ, നഗരവികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2,19,36,97,000 ക. യിൽനിന്ന് ഒരു നൂറു ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. എ. എ. അസീസ്: സർ, നഗരവികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2,19,36,97,000 ക. യിൽനിന്ന് ഒരു നൂറു ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. വി. സി. കബീർ: സർ, നഗരവികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2,19,36,97,000 ക. യിൽ നിന്ന് ഒരു നൂറു ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. വി. കെ. സി. മമ്മത്കോയ: സർ, നഗരവികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2,19,36,97,000 ക. യിൽനിന്ന് ഒരു നൂറു ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ധനാഭ്യർത്ഥന നമ്പർ XXXV—പഞ്ചായത്ത്

ശ്രീ. ബിനോയ് വിശ്വം: സർ, പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 8,35,89,31,000 ക. ഒരു ഉറുപ്പികയായി കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ജനസംഖ്യാനുപാതികമായി പുതിയ ഗ്രാമപഞ്ചായത്തുകൾ രൂപീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കാതിരിക്കുന്നതായി പറയപ്പെടുന്ന നയം ചർച്ച ചെയ്യുന്നതിന്)

ശ്രീ. കെ. പി. രാജേന്ദ്രൻ: സർ, പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 8,35,89,31,000 ക. ഒരു ഉറുപ്പികയായി കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പഞ്ചായത്തുകളിൽ മാലിന്യ നിർമ്മാർജ്ജനത്തിനും സംസ്കരണത്തിനും ആവശ്യമായ സംവിധാനങ്ങൾ ഏർപ്പെടുത്തി കൊടുക്കാതിരിക്കുന്നതായി പറയപ്പെടുന്ന നയം ചർച്ച ചെയ്യുന്നതിന്)

ശ്രീ. കെ. പി. മോഹനൻ: സർ, പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 8,35,89,31,000 ക. ഒരു ഉറുപ്പികയായി കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(ജനസംഖ്യാനുപാതികമായി പഞ്ചായത്തുകൾ ടൗൺഷിപ്പുകളാക്കി മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കാതിരിക്കുന്നതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്)

ശ്രീ. എൻ. രാജൻ: സർ, പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 8,35,89,31,000 ക. ഒരു ഉറുപ്പികയായി കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(ഗ്രാമ-ബ്ലോക്ക്-ജില്ലാ പഞ്ചായത്തുകൾക്ക് അധികാര വികേന്ദ്രീകരണത്തിലൂടെ നൽകിയ അധികാരങ്ങൾ തിരിച്ചെടുത്ത് ഈ സംവിധാനങ്ങളെ തകർക്കുവാൻ ശ്രമിക്കുന്നതായി പറയപ്പെടുന്ന നയത്തെക്കുറിച്ച് ചർച്ച ചെയ്യുന്നതിന്)

ശ്രീ. എം. കുമാരൻ: സർ, പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 8,35,89,31,000 ക. ഒരു ഉറുപ്പികയായി കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഓംബുഡ്സ്മാന്റെ പ്രവർത്തനം കാര്യക്ഷമമായി മുന്നോട്ട് കൊണ്ടുപോകുന്നതിൽ പരാജയപ്പെട്ടതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്)

ശ്രീ. മത്തായി ചാക്കോ: സർ, പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 8,35,89,31,000 ക. ഒരു ഉറുപ്പികയായി കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(സംസ്ഥാന ഗവൺമെന്റിൽനിന്നുള്ള വിഹിതം യഥാസമയം കിട്ടാത്തതുമൂലം പഞ്ചായത്തുകൾ നേരിടുന്നതായി പറയപ്പെടുന്ന വികസന സ്തംഭനം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്)

ശ്രീ. സാജുപോൾ: സർ, പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 8,35,89,31,000 ക. ഒരു ഉറുപ്പികയായി കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(ട്രഷറി നിയന്ത്രണംമൂലം പഞ്ചായത്തുകൾ അഭിമുഖീകരിക്കുന്നതായി പറയപ്പെടുന്ന പ്രതിസന്ധിയെക്കുറിച്ച് ചർച്ച ചെയ്യുന്നതിന്)

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: സർ, പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 8,35,89,31,000 ക. ഒരു ഉറുപ്പികയായി കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പഞ്ചായത്തുകൾ ഈടാക്കുന്ന കെട്ടിട നികുതി വർദ്ധിപ്പിക്കാനുള്ളതായി പറയപ്പെടുന്ന നയം ചർച്ച ചെയ്യുന്നതിന്)

ശ്രീമതി ഗിരിജാ സുരേന്ദ്രൻ: സർ, പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 8,35,89,31,000 ക. ഒരു ഉറുപ്പികയായി കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽനിന്ന് ജനങ്ങൾക്ക് ലഭിക്കേണ്ട വിവരങ്ങൾ കമ്പ്യൂട്ടർവൽക്കരിക്കുന്നതിനുള്ള പദ്ധതി സ്വകാര്യ മേഖലയെ ഏല്പിക്കാനുള്ളതായി പറയപ്പെടുന്ന നീക്കം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്)

ഡോ. തോമസ് ഐസക്: സർ, പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 8,35,89,31,000 ക. ഒരു ഉറുപ്പികയായി കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ പെൻഷൻ, തൊഴിൽരഹിത വേതനം എന്നിവയുടെ വിതരണത്തിൽ നടക്കുന്നതായി പറയപ്പെടുന്ന ക്രമക്കേട് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്)

ശ്രീ. പി. ജയരാജൻ: സർ, പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 8,35,89,31,000 ക. ഒരു ഉറുപ്പികയായി കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള പദ്ധതി വിഹിതം മാസംതോറും നൽകുന്ന കാര്യം ചർച്ച ചെയ്യുന്നതിന്)

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. വി. ജയരാജൻ: സർ, പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 8,35,89,31,000 ക. ഒരു ഉറുപ്പികയായി കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(സംസ്ഥാനത്ത് നടപ്പിലാക്കുന്ന 'സമ്പൂർണ്ണ ശുചിത്വ പരിപാടി'യുടെ നടത്തിപ്പ് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്)

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 8,35,89,31,000 ക. ഒരു ഉറുപ്പികയായി കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(എസ്.എസ്.എ. ഫണ്ട് ജില്ലാ പഞ്ചായത്തുകൾക്ക് കൈമാറേണ്ടതിന്റെ ആവശ്യകത ചർച്ച ചെയ്യുന്നതിന്)

ശ്രീ. വി. ചെന്താമരാക്ഷൻ: സർ, പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 8,35,89,31,000 ക. ഒരു ഉറുപ്പികയായി കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(സംസ്ഥാന ഗവൺമെന്റിൽനിന്നുള്ള വിഹിതം സമയത്തിന് കിട്ടാത്തതുമൂലം പഞ്ചായത്തുകൾ നേരിടുന്നതായി പറയപ്പെടുന്ന വികസന സ്തംഭനം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്)

ശ്രീ. ടി. കെ. ദേവകുമാർ: സർ, പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 8,35,89,31,000 ക. ഒരു ഉറുപ്പികയായി കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പഞ്ചായത്തുകളുടെ അധികാരം വെട്ടിക്കുറയ്ക്കുകയും വികസനം അട്ടിമറിക്കുകയും ചെയ്യുന്നതായി പറയപ്പെടുന്ന നയം ചർച്ച ചെയ്യുന്നതിന്)

ശ്രീ. മഞ്ഞളാംകുഴി അലി: സർ, പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 8,35,89,31,000 ക. ഒരു ഉറുപ്പികയായി കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പഞ്ചായത്തുകളിൽ ആവശ്യത്തിന് ജീവനക്കാരില്ലാത്തതായി പറയപ്പെടുന്ന സ്ഥിതി വിശേഷം ചർച്ച ചെയ്യുന്നതിന്)

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. വി. കുഞ്ഞിരാമൻ: സർ, പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 8,35,89,31,000 ക. ഒരു ഉറുപ്പികയായി കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പഞ്ചായത്തുകൾക്കുള്ള പദ്ധതി വിഹിതത്തിന്റെ ആദ്യഗഡു നൽകുന്നതിലുള്ളതായി പറയപ്പെടുന്ന കാലതാമസം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്)

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 8,35,89,31,000 ക. ഒരു ഉറുപ്പികയായി കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(ട്രഷറി നിയന്ത്രണംമൂലം പഞ്ചായത്തുകൾ അഭിമുഖീകരിക്കുന്നതായി പറയപ്പെടുന്ന പ്രതിസന്ധിയെക്കുറിച്ച് ചർച്ച ചെയ്യുന്നതിന്)

ശ്രീ. പിരപ്പൻകോട് മുരളി: സർ, പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 8,35,89,31,000 ക. ഒരു ഉറുപ്പികയായി കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പഞ്ചായത്തുകൾ ഈടാക്കുന്ന കെട്ടിടനികുതി വർദ്ധിപ്പിക്കാനുള്ളതായി പറയപ്പെടുന്ന നീക്കം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്)

ശ്രീ. വി.കെ.സി. മമ്മത്കോയ: സർ, പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 8,35,89,31,000 ക. ഒരു ഉറുപ്പികയായി കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ പെൻഷൻ, തൊഴിൽരഹിത വേതനം എന്നിവയുടെ വിതരണത്തിൽ നടക്കുന്നതായി പറയപ്പെടുന്ന ക്രമക്കേട് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്)

ശ്രീ. എ. എ. അസീസ്: സർ, പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 8,35,89,31,000 ക.യിൽനിന്ന് ഒരു നൂറ് ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. വി. സി. കബീർ: സർ, പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 8,35,89,31,000 ക.യിൽനിന്ന് ഒരു നൂറ് ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

LIBRARY ARCHIVES Kerala Legislative Assembly

[അദ്ധ്യക്ഷവേദിയിൽ മി. ഡെ. സ്പീക്കർ]

ശ്രീ. ടി. കെ. ദേവകുമാർ: സർ, ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുകയാണ്. എതിർക്കാൻ കാരണം നിത്യോപയോഗ സാധനങ്ങളുടെ പൊതു വിലനിലവാരം നിയന്ത്രിക്കുകയെന്ന ഉദ്ദേശത്തോടെ 1974-ൽ രൂപീകരിച്ചതാണ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ. ഗവൺമെന്റിൽ നിന്നുള്ള സബ്സിഡിയോടുകൂടി പൊതു വിപണിയിലെ വിലയേക്കാൾ കുറഞ്ഞ വിലയ്ക്ക് നിത്യോപയോഗ സാധനങ്ങൾ വിതരണം ചെയ്യുക എന്നുള്ള ലക്ഷ്യമാണുണ്ടായിരുന്നത്. അത് മുൻകാലങ്ങളിലൊക്കെ പാലിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ വകതിരിവില്ലാത്ത നടപടികൾ മൂലം കോർപ്പറേഷൻ ഇന്ന് തകർന്നു കൊണ്ടിരിക്കുകയാണ്. ഇത് എന്റെ അഭിപ്രായമല്ല. ഈ കോർപ്പറേഷൻ പ്രതിവർഷം 38.87 കോടി രൂപ നഷ്ടം വരുത്തിക്കഴിഞ്ഞിരിക്കുന്നതായി പൊതുമേഖലാ സ്ഥാപനങ്ങളെ കുറിച്ച് പഠിക്കാൻ യു. ഡി. എഫ്. നിയമിച്ച ഉപസമിതി റിപ്പോർട്ടിൽ വ്യക്തമായി രേഖപ്പെടുത്തിയിരിക്കുന്നു. ശ്രീ. ആര്യാടനെപ്പോലുള്ള സീനിയർ മെമ്പർമാർ അംഗങ്ങളായുള്ള ഉപസമിതിയുടെ റിപ്പോർട്ടിലാണ് ഇത് പരാമർശിച്ചിരിക്കുന്നത്. കോർപ്പറേഷനിൽ നടക്കുന്ന മുഴുവൻ സാമ്പത്തിക തിരിമറിയും കാരണം ഈ സ്ഥാപനം ഇന്ന് വമ്പിച്ച പ്രതിസന്ധിയിലേക്ക് കൂപ്പുകുത്തിക്കൊണ്ടിരിക്കുകയാണ്. 2003 ജനുവരിയിൽ വമ്പിച്ച അഴിമതി ആക്ഷേപങ്ങൾ ഉയർന്നു വന്നതിനെത്തുടർന്ന് ഗവൺമെന്റ് ഒരു വിജിലൻസ് അന്വേഷണത്തിന് ഉത്തരവ് ഇട്ടിരുന്നു. വിജിലൻസ് അന്വേഷണം നടന്നുകൊണ്ടിരിക്കുമ്പോൾത്തന്നെ അഴിമതി തടസ്സമില്ലാതെ തുടരുകയാണ്. ഇത് ഞാൻ രേഖാമൂലം എഴുതിക്കൊടുത്ത അഴിമതി ആരോപണമാണ്. എറണാകുളം കേന്ദ്രീകരിച്ച് ഒരു ജനപ്രതിനിധിയുടെ നേതൃത്വത്തിൽ ഒരു റാക്കറ്റ് ഈ മേഖലയിൽ പ്രവർത്തിക്കുകയാണ്. ഞാൻ ഉത്തരവാദിത്വത്തോടുകൂടി എഴുതിക്കൊടുത്തിരിക്കുന്ന ഒരാരോപണമാണ്. അതിനെക്കുറിച്ച് അന്വഷിക്കാൻ ബഹുമാനപ്പെട്ട മന്ത്രി തയ്യാറാകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ജനുവരി മാസത്തിനു ശേഷമുള്ള മൂന്നു മാസക്കാലവും വിപണി വിലയേക്കാൾ ഉയർന്ന വിലയ്ക്ക് സാധനങ്ങൾ വാങ്ങിയതിനെത്തുടർന്ന് 4.59 കോടി രൂപയുടെ അധിക ബാദ്ധ്യതയാണ് സംസ്ഥാന ഗവൺമെന്റിന് ഉണ്ടായിരിക്കുന്നത്. ഫെബ്രുവരി, മാർച്ച്, ഏപ്രിൽ മാസങ്ങളിൽ മുളകിന് വിപണിവില ഒരു കിലോയ്ക്ക് 40 രൂപ 6 പൈസയായിരിക്കുമ്പോൾ 49 രൂപ 8 പൈസയ്ക്ക് നൂറു ലോഡ് മുളകു വാങ്ങിയതിനെത്തുടർന്ന് 87.56 ലക്ഷം രൂപ നഷ്ടമാണ് ഉണ്ടായിട്ടുള്ളത്. വിപണി വിലയേക്കാൾ ഉയർന്നതാണ് ടെന്റർ എങ്കിൽ പുതിയ ടെന്റർ വിളിച്ച് സാധനങ്ങൾ വാങ്ങിക്കുകയെന്നുള്ളതാണ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ രൂപീകരിച്ച നാൾ മുതൽ യു. ഡി. എഫ്., എൽ. ഡി. എഫ്. കാലഘട്ടങ്ങളിൽ നടന്നിട്ടുള്ളത്. മുൻകാലങ്ങളിലെ കീഴ്വഴക്കങ്ങൾക്ക് വിരുദ്ധമായി വിപണി വിലയേക്കാൾ ഉയർന്ന വിലയ്ക്ക് ഒരു റാക്കറ്റ് സാധനങ്ങൾ വാങ്ങുകയും ആ സാധനങ്ങൾക്ക് സബ്സിഡി കൊടുത്തുകൊണ്ട് സർക്കാർ വമ്പിച്ച നഷ്ടത്തിലേക്ക് പോകുന്നുവെന്ന് മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടപ്പോഴാണ് വിജിലൻസ് അന്വേഷണം ഡിക്ലയർ ചെയ്തത്. കയർഫെഡ്ഡിലെ അഴിമതിയെ വെല്ലുവിളിക്കുന്ന അഴിമതിയാണ് ഇത്. 2003 ജനുവരി മാസത്തിൽ വിജിലൻസ് അന്വേഷണം നടത്തിയതിനു ശേഷമുള്ള അഴിമതിയുമുണ്ട്. ഈ യു. ഡി. എഫ്. ഭരണത്തിൽ മാത്രമാണ് ഈ സ്ഥിതി തുടരുന്നത്. ഓരോ മാസവും 300 മുതൽ 400 ട്രക്കർ വരെ നിത്യോപയോഗ സാധനങ്ങളാണ് വാങ്ങുന്നത്. ഇങ്ങനെ വാങ്ങുന്നതുവഴി വിപണി വിലയേക്കാൾ രണ്ടു കോടി, മൂന്നു കോടി രൂപയുടെ വ്യത്യാസമാണ് ഈ സംസ്ഥാനത്ത് ഉണ്ടാകുന്നത്. വിജിലൻസ് അന്വേഷണം പ്രഖ്യാപിച്ചതിനു ശേഷവും ഇതു നടന്നു

LIBRARY ARCHIVES Kerala Legislative Assembly

കൊണ്ടിരിക്കുകയാണ്. അതിന്റെ പങ്ക് ആരുടെയൊക്കെ കൈകളിലാണ് ചെന്നെത്തുന്നത്. വിപണി വിലയേക്കാൾ ഉയർന്ന വിലയ്ക്ക് സാധനം വാങ്ങുന്നതിൽ അഴിമതിയുണ്ടെന്ന് ഗവൺമെന്റിന് ബോദ്ധ്യപ്പെടുകയും വിജിലൻസ് അന്വേഷണം പ്രഖ്യാപിക്കുകയും ചെയ്തതിനു ശേഷമുള്ള അഴിമതിയുടെ പങ്ക് ആരുടെയൊക്കെ കൈയിൽ എത്തിച്ചേരുന്നുവെന്ന് പറയുവാൻ ഈ ഗവൺമെന്റിന് ബാദ്ധ്യതയുണ്ട്. ഞാൻ ഓർക്കുന്നു ഒന്നര വർഷത്തിനു മുമ്പുണ്ടായിരുന്ന സപ്ലയർമാരെ, കുൽസിത മാർഗ്ഗങ്ങളിലൂടെ ബുദ്ധിമുട്ടുകൾ സൃഷ്ടിപ്പിച്ച് വ്യാജ സപ്ലയർമാരെ വിതരണ കമ്പനികളുടെ പേരിൽ കരാറുകാരാക്കിയിരിക്കുന്നു. നയനാർ ട്രേഡേഴ്സ്, ബിസ്മി ട്രേഡേഴ്സ്, കിസാൻ എന്റർപ്രൈസസ് എന്നിവരാണ് ഇപ്പോഴത്തെ വിതരണക്കാർ. ഇവരൊക്കെ ബിനാമി സപ്ലയേഴ്സാണ്.. വിജിലൻസ് അന്വേഷണം തുടങ്ങിയതിനു ശേഷവും അഴിമതി നടന്നുകൊണ്ടിരിക്കുന്നു. ഈ അഴിമതിയുടെ കേന്ദ്രം എറണാകുളത്തെ ഒരു യുവ ഭരണകക്ഷി ജനപ്രതിനിധിയുടെ വീടാണ്. മന്ത്രി അടങ്ങുന്ന രാഷ്ട്രീയ നേതൃത്വത്തിന് ഈ അഴിമതിയുടെ 50 ശതമാനത്തോളം ലഭ്യമാകുന്നു എന്നാണ് ഞാൻ ആരോപിക്കുന്നത്. കാരണം വിജിലൻസ് അന്വേഷണം പ്രഖ്യാപിച്ചു കഴിഞ്ഞിട്ടും അഴിമതിക്കാരനായ എം.ഡി.-യെ മാറ്റിനിർത്തിക്കൊണ്ട് ഒരന്വേഷണം നടത്താൻ തയ്യാറല്ല. ആ ഉദ്യോഗസ്ഥനുതന്നെയാണ് പർച്ചെയ്സിന്റെ ചുമതല കൊടുത്തിരിക്കുന്നത്. മുഖ്യമന്ത്രിയുടെ വിജിലൻസ് അന്വേഷണം പ്രഖ്യാപിച്ചിട്ടും എം.ഡി.-യെ മാറ്റാത്തതിനെക്കുറിച്ച് മറുപടി പറയാൻ ബാദ്ധ്യതയില്ലേ? ഉണ്ടെന്ന് ഞാൻ ആരോപിക്കുന്നു. ഈ റാക്കറ് യു.ഡി.എഫ്. ഭരണം അവസാനിക്കുന്നതുവരെ ഇങ്ങനെ അഴിമതി നടത്തിക്കൊണ്ട് പോകാനാണ് ഉദ്ദേശിക്കുന്നത്. ഇതുവഴി നടക്കുന്ന അഴിമതിയുടെ പങ്കിൽ കൈയില്ലെന്ന് പറഞ്ഞ് ഒഴിയാൻ കഴിയുമോ? ഞാൻ ആരോപിക്കുന്നു 50 ശതമാനം രാഷ്ട്രീയ നേതൃത്വത്തിന്, 50 ശതമാനം ഉദ്യോഗസ്ഥൻമാർക്കും വേണ്ടി ഏർപ്പാട് ചെയ്യുന്ന ഒരു ദല്ലാളുണ്ട്. ആ ദല്ലാളിനുൾപ്പെടെ എത്തിച്ചു കൊടുത്തിരിക്കുകയാണ്. .....(ബഹളം).....(ബഹളം).....ഞാൻ എഴുതിക്കൊടുത്തിട്ടാണ് പറയുന്നത്. ഇത് അവതരിപ്പിക്കാൻ ബാദ്ധ്യതയുള്ളതുകൊണ്ടാണ് പറയുന്നത്. .....(ബഹളം).....ബഹളം വയ്ക്കുന്നതുകൊണ്ട് പറയാൻ ഉദ്ദേശിക്കാത്ത ഒരു കാര്യം കൂടി പറയാം. Chief Food Inspector, Mobile Vigilance Squad, Ernakulam. നിങ്ങൾ വാങ്ങിച്ചുവച്ചിരിക്കുന്ന സാധനങ്ങളെക്കുറിച്ച് പരിശോധിച്ചിട്ട് 19-9-2002-ൽ എഴുതിത്തന്നിരിക്കുന്ന റിപ്പോർട്ട് ഞാൻ ഇവിടെ വായിക്കാം. ഏതായാലും കൂട്ടുകാർ എല്ലാപേരുംകൂടി എഴുന്നേറ്റതല്ലേ. ഇത് വായിക്കണ്ടായെന്നാണ് വിചാരിച്ചത്. The said sample does not confer to standardise prescribed for foodgains under the PFA Rules, 1955. The sample contains 'Kesaridhal' which is injurious to health. ബാക്കി സമയക്കുറവുകൊണ്ട് ഞാൻ വായിക്കുന്നില്ല. ഇതുകൂടി അനുയായികളോട് ഒന്ന് വായിക്കാൻ പറയുക. ഇതാണ് വാങ്ങിച്ചുവച്ചിരിക്കുന്ന സാധനം. ആരോഗ്യത്തിന് ഹാനികരമായ സാധനം ചേർത്തിരിക്കുന്നതാണ് നിങ്ങൾ വാങ്ങിസ്റ്റോക്ക് ചെയ്തിരിക്കുന്നത്. മൊബൈൽ സ്ക്വാഡ് ഈ സ്ഥാപനത്തിൽനിന്ന് എടുത്തുകൊണ്ടുപോയ സാമ്പിൾ പരിശോധിച്ചതിന്റെ റിപ്പോർട്ടാണ് എന്റെ കയ്യിലിരിക്കുന്നത്. ഇത് മന്ത്രിയുടെ കൈവശമുള്ള സാധനമാണ്. അതുകൊണ്ട് ആരും ഗുസ്തി പിടിക്കണ്ട. വ്യവസ്ഥാപിതമായിട്ട് കാര്യങ്ങൾ അവതരിപ്പിക്കട്ടെ. ഇതിൽ രാഷ്ട്രീയ നേതൃത്വത്തിനുള്ള പങ്കാണ് ഞാൻ ആരോപിക്കുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി വിജിലൻസ് അന്വേഷണം പ്രഖ്യാപിച്ചതിനുശേഷവും അഴിമതിക്കാരായ ആളുകളെ മാറ്റിനിർത്താതെ വിപണി വിലയേക്കാൾ കൂടിയവിലയ്ക്ക് സാധനം വാങ്ങിക്കുന്നത് ശ്രീ. എ. കെ. ആന്റണിയെപ്പോലെ

LIBRARY ARCHIVES Kerala Legislative Assembly

ബഹുമാന്യനായ മുഖ്യമന്ത്രിക്ക് ഭൂഷണമാണോ? ആണെങ്കിൽ വിജിലൻസ് അന്വേഷണം പിൻവലിക്കട്ടെ. വിജിലൻസ് അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ നടപടികൾ അതേ രൂപത്തിൽ തുടരുന്നു. ഈ ഗവൺമെന്റ് നിലനിൽക്കുന്നിടത്തോളംകാലം ഇത് തുടരാനാണ് ഉദ്ദേശിക്കുന്നത്. അതുപോലെ പൊതുവിതരണ സമ്പ്രദായം ആകെ തകർന്ന് തരിപ്പണമായിരിക്കുന്നു. എൽ.ഡി.എഫ്. ഭരണത്തിൽ അഞ്ചു വർഷംകൊണ്ട് പൊതു വിതരണ സമ്പ്രദായം ശക്തിപ്പെടുത്തുന്നതിന് 365 കോടി രൂപ ചെലവഴിച്ചതായി ബഹുമാനപ്പെട്ട മന്ത്രി സഭയിൽ മറുപടി തന്നു. അങ്ങയുടെ ഗവൺമെന്റ് ഇക്കാര്യത്തിന് എത്ര രൂപ ചെലവാക്കിയെന്ന് വ്യക്തമാക്കാൻ തയ്യാറാകണം. ഇന്ന് റേഷൻ റേഷൻകടക്കാരനുപോലും വേണ്ട. മണ്ണെണ്ണയും പഞ്ചസാരയുമെങ്കിലും കൊടുക്കാൻ കഴിയുമോ? ബി.പി.എൽ. വിഭാഗത്തിൽപ്പെട്ട റേഷൻ കാർഡുകാർക്ക് നല്ല അരി ബി.പി.എൽ. വിലയ്ക്ക് കൊടുക്കാൻ ഒരു സംവിധാനം ഉണ്ടാക്കാൻ ഗവൺമെന്റിന് കഴിയുമോ? ആരോപണം ഉന്നയിക്കുമ്പോൾ ആർത്ത് ബഹളം വച്ചിട്ട് കാര്യമില്ല. ഞാൻ ആദ്യമായിട്ടല്ല ആരോപണം ഉന്നയിക്കുന്നതെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉൾപ്പെടെയുള്ളവർക്ക് അറിയാം. നിരവധി സംഘടനകളും നിരവധി വ്യക്തികളുമുള്ള റാക്കറ്റുമായിട്ടുള്ള ഇവരുടെ പങ്കിനെക്കുറിച്ച്, രാഷ്ട്രീയ നേതൃത്വത്തിൽ ഒരു യുവ പ്രതിഭയ്ക്കുള്ള പങ്കിനെക്കുറിച്ച്, അതിൽ മന്ത്രിയെ ബന്ധപ്പെടുത്തിക്കൊണ്ടുള്ള പരാതി മുഖ്യമന്ത്രിയുടെ മേശപ്പുറത്തിരിക്കുന്നു. ഇതു സംബന്ധിച്ച് ഏത് അന്വേഷണത്തിനു മുന്നിലും തെളിവുകൾ ഹാജരാക്കാൻ ഞാൻ തയ്യാറാണ്. ഞാൻ പഞ്ചായത്ത് വകുപ്പിലേക്ക് കടക്കുകയാണ്. കടക്കാതെ പോയാൽ ചരിത്രം എനിക്ക് മാപ്പ് തരുകയില്ല. എന്റെ കയ്യിലിരിക്കുന്നത് ശബ്ദതാരാവലിയുടെ പതിപ്പല്ല. അഞ്ചു വാല്യങ്ങളായി പ്രസിദ്ധീകരിച്ചിരിക്കുന്ന സ്ഥലംമാറ്റ ഓർഡറാണ്. സർവ്വകാല റിക്കോർഡാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി, പഞ്ചായത്ത് വകുപ്പ് 30-7-2001, 1-8-2001, 2-8-2001 എന്നീ തിയതികളിലായി അഞ്ചു വാല്യങ്ങളായി പ്രസിദ്ധീകരിച്ചിരിക്കുന്ന സ്ഥലംമാറ്റ ഓർഡറാണ്. എങ്ങനെയുണ്ട് സാറേ ഈ മന്ത്രിയുടെ ഭരണം? ഈ ഭരണത്തെക്കുറിച്ച് പറയാതെ പോയാൽ ചരിത്രം എന്നോട് നീതി പുലർത്തുമോ? അഞ്ചു വാല്യങ്ങളിലായി 929 പേരെ സ്ഥലം മാറ്റിയിരിക്കുകയാണ്. ഈ അഞ്ചു വാല്യങ്ങളിലായി മാറ്റിയതിൽ 100-നു താഴെ ആളുകൾ മാത്രമേ ഈ പോസ്റ്റിൽ വർക്ക് ചെയ്യുന്നുള്ളൂ. മന്ത്രിയേയും മന്ത്രിക്കുവേണ്ടി വർത്തമാനം പറയുന്നവരേയും ഞാൻ വെല്ലുവിളിക്കുകയാണ്. ഇതിനുശേഷം ഈ ഡിപ്പാർട്ടുമെന്റിൽ ജനറൽ ട്രാൻസ്ഫർ നടന്നിട്ടില്ല. ഇവിടെ എന്താണ് സ്ഥിതി എന്ന് അറിയാമോ? റേറ്റ് ഫിക്സ് ചെയ്തിരിക്കുകയാണ്. റേറ്റ് ഫിക്സ് ചെയ്ത നോംസ് ലംഘിച്ച് സ്പെഷ്യൽ ഓർഡർ ഇറക്കുന്നു. എന്താണ് സ്പെഷ്യൽ ഓർഡർ? അഴിമതി. ക്ളാർക്കിന് 10,000 രൂപ, ഹെഡ് ക്ളാർക്കിന് 15,000 രൂപ, സാധാരണ സെക്രട്ടറിക്ക് 25,000 രൂപ, സ്പെഷ്യൽ ഗ്രേഡ് സെക്രട്ടറിക്ക് 40,000 രൂപ, ഈയിനത്തിൽ ഏജന്റുമാർവഴി 426 പേരുടെ ട്രാൻസ്ഫർ. 426 പേരുടെ കാശ് വാങ്ങിക്കൊണ്ട് മന്ത്രിയുടെ നേതൃത്വത്തിൽ ഒരു റാക്കറ്റ് പ്രവർത്തിച്ചു. അഞ്ചു വാല്യങ്ങളായി ഇറക്കിയ ഈ ഉത്തരവിനുശേഷം എന്താണ് പിന്നെ ഒന്നും ഇറക്കാത്തത്? നിങ്ങൾ കഥ അറിഞ്ഞിട്ടു പറ. ഈ മന്ത്രിയുടെ ആഫീസിന്റെ വാതിൽക്കൽക്കൂടി പോയാൽ പോകുന്ന ആളിന്റെ പോക്കറ്റിൽക്കൂടി കയ്യിട്ടുവാരുകയില്ലേ അവിടെ നിൽക്കുന്ന തൂണുകൾ? തൂണുകൾപോലും പോക്കറ്റിൽനിന്ന് കയ്യിട്ടുവാരും. സ്ഥലംമാറ്റം നടത്തിയതിനു വാങ്ങിയ കോടികളെ സംബന്ധിച്ചിടത്തോളം നിങ്ങൾക്ക് നിഷേധിക്കാൻ പറ്റുമോ? ഇപ്പോൾ പഞ്ചായത്തിന് ഡയറക്ടറുണ്ടോ? പത്മനാഭൻ ലീവെടുത്തുപോയത് എന്തിനാണെന്ന് അറിയാമോ? എൻ.ജി.ഒ. അസോസിയേഷൻ, നോംസിന് വിപരീതമായി ട്രാൻസ്ഫർ ലിസ്റ്റ് ഉണ്ടാക്കിയതിന് പഞ്ചായത്ത് ഡയറക്ടറെ തടഞ്ഞുവച്ചു. പഞ്ചായത്ത് ഡയറക്ടർ ലീവെടുത്തുപോയി.

LIBRARY ARCHIVES Kerala Legislative Assembly

ഇന്നുവരെ ഡയറക്ടറെ വച്ചിട്ടില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് പരാതിപോലും കിട്ടിക്കാണുകയില്ല. ഈ മന്ത്രിയുടെ അഡീഷണൽ പ്രൈവറ്റ് സെക്രട്ടറിയെ കഴിഞ്ഞ ദിവസം സെക്രട്ടേറിയറ്റിന് തെക്കേപ്പുറത്ത് കറണ്ട് കട്ട് സമയത്ത് ഓടിച്ചിട്ട് അടിച്ചു. അദ്ദേഹത്തിന് പരാതി ഇല്ല. പോലീസ് സ്റ്റേഷനിൽ ഇതുവരെ പരാതി കൊടുത്തിട്ടില്ല. തല്ല് കിട്ടിയവന് പരാതി ഇല്ല. ചെരുപ്പ് കിടക്കുന്നു. പോലീസിൽ കേസ്സുമില്ല. ആരാണ് തല്ലിയത്? മാർക്സിസ്റ്റുകാരാണെങ്കിൽ പരാതി കൊടുക്കുമായിരുന്നല്ലോ. ഇടതുപക്ഷക്കാരാണെങ്കിൽ പരാതി കൊടുക്കുമായിരുന്നല്ലോ. എന്താണ് പരാതി കൊടുക്കാത്തത്? സ്ഥലംമാറ്റത്തിന് കാശ് വാങ്ങിയതിന് ഇരുട്ടുവാക്കിന് കയ്യിൽ കിട്ടിയപ്പോൾ തല്ലി. അഡീഷണൽ പ്രൈവറ്റ് സെക്രട്ടറിയുടെ ചെരുപ്പ് അവിടെ കിടക്കുന്നു. പാന്റായതുകൊണ്ട് ഊരിപ്പോയില്ല. ഐ.എ.എസ്സുകാർ പഞ്ചായത്ത് ഡയറക്ടറായി ഇരിക്കുന്നില്ല. കാരണം ജൂനിയർ സൂപ്രണ്ട് എഴുതിക്കൊടുക്കുന്നത് ഡയറക്ടർ ഒപ്പിട്ടു കൊടുക്കണം. ഐ.എ.എസ്സുകാരന് ആ സ്ഥലത്തിരിക്കാൻ മനസ്സില്ല. പത്മനാഭൻ ലീവെടുത്തു പോയത് എന്തുകൊണ്ടാണെന്ന് മന്ത്രിക്ക് വ്യക്തമാക്കാമോ? ഇനി ഒരു കാര്യംകൂടി പറയാതെ പോകുന്നത് ശരിയല്ല. സ്ഥലംമാറ്റം മാത്രമല്ല, വേറൊരു മേച്ചിൽപുറമാണ് ഉദ്യോഗസ്ഥ പുനർവിന്യാസം. എന്റെ കോൺഗ്രസ്സ് സുഹൃത്തുക്കൾ ഇക്കാര്യം അറിഞ്ഞിരിക്കണം. എൻ.ജി.ഒ. അസോസിയേഷന്റെ സംസ്ഥാന പ്രസിഡന്റ് മങ്ങാട് രാജേന്ദ്രൻ കഴിഞ്ഞ മേയ് മാസം 31-ാം തീയതി പെൻഷനായി. 31-ാം തീയതി പെൻഷനാകാനിരിക്കുമ്പോൾ അദ്ദേഹത്തെ ഏപ്രിൽ 8-ന് റി-ഡിപ്ലോയ്മെന്റ് എന്നു പറഞ്ഞിട്ട് കായംകുളം കണ്ടല്ലൂർ പഞ്ചായത്തിൽ പോസ്റ്റ് ചെയ്തു. ഇക്കാര്യം മന്ത്രിക്ക് നിഷേധിക്കാമോ? ഞാൻ വെല്ലുവിളിക്കുകയാണ്. ഇപ്പോൾ എൻ. ജി. ഒ. അസോസിയേഷൻ സംസ്ഥാന പ്രസിഡന്റ് പെൻഷൻ ബുക്കും വച്ചുകൊണ്ട് തിരുവനന്തപുരവും കായംകുളവുമായിട്ട് നടക്കുകയാണ്. കാശ് കൊടുത്തില്ലെങ്കിൽ എൻ. ജി. ഒ. അസോസിയേഷൻ സംസ്ഥാന പ്രസിഡന്റിന് ഇതാണ് അവസ്ഥ. തിരുവനന്തപുരത്തുകാരനെ കാസർകോട്ടും കാസർകോടുകാരനെ തിരുവനന്തപുരത്തേക്കും. ഭാര്യയും ഭർത്താവും ഉദ്യോഗസ്ഥരാണെങ്കിൽ പരമാവധി ഒരേ ജില്ലയിൽ കൊടുക്കണമെന്നാണ് പറയുന്നത്. ഇപ്പോൾ നടക്കുന്നത് ഭാര്യക്ക് തിരുവനന്തപുരവും ഭർത്താവിന് കണ്ണൂരും. പെൻഷൻ പറ്റാൻ പോകുന്നവർ, ഡൈ-ഇൻ-ഹാർനസ്സിൽ ജോലി കിട്ടുന്നവർ, വികലാംഗർ ഇവർക്കൊക്കെ സൗകര്യാർത്ഥം കൊടുക്കണമെന്നാണ് പറയുന്നത്. മങ്ങാട് രാജേന്ദ്രന്റെ അവസ്ഥ ഇതാണെങ്കിൽ മറ്റുള്ളവരുടെ കാര്യം ഞാൻ പറയണോ? ബഹുമാനപ്പെട്ട സ്പീക്കർ എം.എൽ.എ. ഹോസ്റ്റലിൽ ഒരു ചെറിയ നിയന്ത്രണം വരുത്തിയിട്ടുണ്ട്. ഇപ്പോൾ എം.എൽ. എ. ഹോസ്റ്റലിലെ ക്യാന്റീനിൽ ഏജന്റുമാർ കറങ്ങി നടക്കുകയാണ്. അതിൽ ഒരു ഏജന്റിനെയാണ് കാശ് വാങ്ങിയതു കൊടുക്കാത്തതുകൊണ്ട് അവിടെവച്ച് വീക്കിയത്. ഇത്രയും നാറിയ ഭരണം ചരിത്രത്തിൽ ഉണ്ടായിട്ടുണ്ടോ? ഭരണം മാഫിയാ സംഘത്തിന്റെ കയ്യിലാണ്. ആ മാഫിയാ സംഘം ആരാണെന്ന് അങ്ങേക്ക് മനസ്സിലാകും. മന്ത്രിയുടെ ആഫീസിൽ ഉദ്യോഗസ്ഥരെ വയ്ക്കുന്നത് മനസ്സിലാക്കാം. പക്ഷേ ഡയറക്ടറേറ്റിലോ? ഒരു പഞ്ചായത്ത് ഡയറക്ടറേറ്റിൽ അദ്ദേഹം വച്ചിരിക്കുന്ന സംഘത്തെ കേൾക്കണോ? എൽ.ഡി.സി.-യുടെ ട്രാൻസ്ഫറിന് ഫാസിൽ, എച്ച്.സി.-യുടെ ട്രാൻസ്ഫറിന് സുമീർ, ജൂനിയർ സൂപ്രണ്ടിന്റെ ട്രാൻസ്ഫറിന് സെയ്നലാബുദീൻ, പെൻഷൻകാരുടെ കാര്യം ചെയ്യാൻ അമീർ, പി.എഫ്. കൈകാര്യം ചെയ്യാൻ നാസർ, വിജിലൻസിന്റെ വകുപ്പ് കൈകാര്യം ചെയ്യാൻ ബീവി. ഇങ്ങനെയൊരു മാഫിയാ സംഘത്തെ — നിങ്ങളുടെ മന്ത്രിമാരുടെ പേഴ്സണൽ

LIBRARY ARCHIVES Kerala Legislative Assembly

സ്റ്റാഫിലാണെങ്കിൽ അംഗീകരിക്കുന്നു.— ഈ രൂപത്തിൽ ഡയറക്റ്ററേറ്റ് ഉണ്ടാക്കിവച്ചതു കൊണ്ടല്ലേ ഇവർ കൊണ്ടുപോകുന്നതിന്റെ അടിയിൽ ഒപ്പിടാൻ മനസ്സില്ലെന്നു പറഞ്ഞ് ഐ.എ.എസ്സുകാരൻ ലീവെടുത്തുപോയത്? അഴിമതിയല്ലേ നിങ്ങൾ നടത്തുന്നത്? വർക്കല മുനിസിപ്പാലിറ്റിയിൽ മുനിസിപ്പൽ ചെയർമാൻ വൈസ് ചെയർമാനെ തെരഞ്ഞെടുത്തു. മുനിസിപ്പൽ വൈസ് ചെയർമാനെ ഹൈക്കോടതി അയോഗ്യനാക്കി. കഴിഞ്ഞ മാസം സുപ്രീം കോടതി വ്യവസ്ഥാപിത തെരഞ്ഞെടുപ്പു നടത്തി മുനിസിപ്പൽ വൈസ് ചെയർമാനെ തെരഞ്ഞെടുത്തു. പക്ഷേ ഇതുവരെ മുനിസിപ്പൽ വൈസ് ചെയർമാൻ സത്യപ്രതിജ്ഞ ചെയ്തിട്ടില്ല.

Mr. Deputy Speaker: Mr. Devakumar, conclude, Please conclude.

ശ്രീ. ടി. കെ. ദേവകുമാർ: .....ചെയർമാൻ അവിശ്വാസ പ്രമേയത്തിന്റെ അടിസ്ഥാനത്തിൽ രാജിവച്ചു. നാളെ ചെയർമാൻ തെരഞ്ഞെടുപ്പാണ്. 8-ാം തീയതി തെരഞ്ഞെടുത്ത വൈസ് ചെയർമാന് ഇതുവരെ സത്യപ്രതിജ്ഞ ചെയ്യാൻ അവസരം ഉണ്ടാക്കി കൊടുക്കാത്ത മന്ത്രിയാണ്. ജനാധിപത്യം, അധികാരം വികേന്ദ്രീകരിക്കുക ഇതൊക്കെ വളരെ ഗൗരവത്തോടെ മനസ്സിലാക്കണം. വെറുംവായ്ക്ക് അവൽ കിട്ടാൻ പോകുകയാണ്. ഭരണ പരിഷ്കരണ കമ്മിറ്റിയുടെ ശുപാർശയനുസരിച്ച് പഞ്ചായത്ത് സെക്രട്ടറിയെ മാറ്റുന്നു. പഞ്ചായത്ത് സെക്രട്ടറിമാരെ മാറ്റിയിട്ട് എം.ബി.എ.-ക്കാരെ പഞ്ചായത്ത് ആഫീസർമാരായി നിയമിക്കാൻ പുതിയ ഭരണ പരിഷ്കരണത്തിന്റെ ഭാഗമായി കമ്മിറ്റി തീരുമാനിച്ചിരിക്കുന്നു. വെറും വായ് ചവയ്ക്കുന്ന മുതലാളിക്ക് അവൽ കിട്ടിയാൽ എങ്ങനെയിരിക്കും സാറേ? ഇത്രയും അഴിമതി നിറഞ്ഞ ഒരു വകുപ്പ് കേരളം ഇതിനു മുൻപു കണ്ടിട്ടില്ല. മന്ത്രിക്ക് ഇത് ഭൂഷണമാണോ? മന്ത്രിയുടെ ആഫീസ് കേന്ദ്രീകരിച്ച് നടക്കുന്ന അഴിമതികൾ പുറത്തു പറയുന്നത് എന്റെ സംസ്കാരത്തിന് യോജിച്ചതല്ല. ഈ പറയുന്ന കാര്യങ്ങളെ സംബന്ധിച്ച് അന്വേഷണം വച്ചാൽ മുഴുവൻ തെളിവുകളും ഞാൻ ഹാജരാക്കാം. ഇക്കാര്യത്തിൽ ഞാൻ മന്ത്രിയെ വെല്ലുവിളിക്കുകയാണ്.

ശ്രീ. ബി. വിജയകുമാർ: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ അനുകൂലിക്കുകയാണ്. തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളെ പ്രാദേശിക വികസനത്തിൽ ശക്തമായ ഒരു സംവിധാനമായി മാറ്റിയെടുക്കാൻ ഒരു ഗവൺമെന്റിന് കഴിഞ്ഞു എന്നതിൽ ബഹുമാനപ്പെട്ട മന്ത്രി ശ്രീ. ചെർക്കളം അബ്ദുള്ളയ്ക്ക് അഭിമാനിക്കാൻ വകയുണ്ട്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഉണ്ടായിരുന്ന ബാഹ്യശക്തികളുടെ നിയന്ത്രണം ഒഴിവാക്കി വികേന്ദ്രീകൃതാസൂത്രണം ശക്തമായ ഒരു സംവിധാനമാക്കാൻ ഈ ഗവൺമെന്റിന് കഴിഞ്ഞു. ഖജനാവിലെ പണം ജനകീയാസൂത്രണത്തിന്റെ പേരിൽ പാർട്ടി സഖാക്കളുടെ കീശയിലേക്ക് ഒഴുകുകയായിരുന്നു എങ്കിൽ അത് അവസാനിപ്പിച്ച് വികേന്ദ്രീകൃതാസൂത്രണം കാര്യക്ഷമമാക്കാൻ രണ്ടു വർഷംകൊണ്ട് ഈ ഗവൺമെന്റിന് കഴിഞ്ഞു എന്നതാണ് ഈ ഗവൺമെന്റിന്റെ ഏറ്റവും വലിയ നേട്ടം. ഈ ഗവൺമെന്റ് കൊണ്ടുവന്ന ക്ളീൻ കേരളാ പദ്ധതി, മുഖ്യമന്ത്രി പ്രത്യേക താല്പര്യമെടുത്ത് ചെർക്കളം അബ്ദുള്ളയെന്ന വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ ജനുവരി ഒന്നാം തീയതി ഉദ്ഘാടനം ചെയ്ത ക്ളീൻ കേരളാ പദ്ധതി, തിരുവനന്തപുരം നഗരത്തിൽ തന്നെ ഒരു കാലത്തും നടക്കുമെന്ന് വിശ്വാസം ഇല്ലാതിരുന്ന ആ രാത്രികാല ക്ളീനിംഗ് ഇന്ന് വളരെ കാര്യക്ഷമമായി നടക്കുന്നു. രാവിലെ ഏഴു മണിയാകുമ്പോൾ തന്നെ

LIBRARY ARCHIVES Kerala Legislative Assembly

നഗരത്തിലെ തെരഞ്ഞെടുക്കപ്പെട്ട വീഥികൾ ക്ളീൻ ചെയ്ത് മനോഹരമാക്കുന്നു. നേരം വെളുത്താൽ ക്ളീനിംഗിന് ആരും ഇറങ്ങുന്നില്ല. ബഹുമാനപ്പെട്ട മന്ത്രിയോട് എനിക്ക് ഒരു അഭ്യർത്ഥനയുണ്ട്. എലിപ്പനി, ഡെങ്കിപ്പനി, ഇതുപോലുള്ള പനികളുടെ പേരിൽ പ്രതിപക്ഷം ബഹളം വയ്ക്കുമ്പോൾ ഇന്ന് ആരോഗ്യ രംഗത്ത് ഏറ്റവും വലിയ പ്രശ്നം പരിസര ശുചീകരണമാണ്. പരിസര ശുചീകരണം നടത്തേണ്ടത് മുനിസിപ്പാലിറ്റികളും, കോർപ്പറേഷനുകളും, പഞ്ചായത്തുകളുമാണ്. ഗവൺമെന്റ് അതിന് ക്ളീൻ കേരളാപദ്ധതി കൊണ്ടുവന്ന് കാര്യക്ഷമമായി പ്രവർത്തിച്ചപ്പോൾ മറുഭാഗത്ത് മാർക്സിസിറ്റ് പാർട്ടിയുടെ നേതൃത്വത്തിൽ ബഹുഭൂരിപക്ഷം പഞ്ചായത്തുകളും കോർപ്പറേഷനുകളും മുനിസിപ്പാലിറ്റികളും സെക്രട്ടേറിയറ്റിന്റെ നടയിൽ വന്ന് ഗവൺമെന്റിന് എതിരായി സമരം ചെയ്യുന്നു. ആ പഞ്ചായത്തുകളെ, മുനിസിപ്പാലിറ്റികളെ, കോർപ്പറേഷനുകളെ നിലയ്ക്ക് നിർത്താൻ ഗവൺമെന്റ് തയ്യാറാകണം. ക്ളീൻ കേരളാ പദ്ധതി വിജയിക്കണമെങ്കിൽ ഇന്നത്തെ പനി അതുപോലുള്ള രോഗങ്ങൾ കേരളത്തിൽനിന്ന് തുടച്ചുമാറ്റണം. അതിന് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ കാര്യക്ഷമമായി പ്രവർത്തിച്ചേ മതിയാകൂ. മറ്റൊന്ന് ഗവൺമെന്റിനെ അഭിനന്ദിക്കാൻ ഈ അവസരം വിനിയോഗിക്കുന്നു. പ്രത്യേകിച്ച് മുഖ്യമന്ത്രിയെ, സർ, ജനാധിപത്യ കേരളം വന്നശേഷം തിരുവനന്തപുരം നഗരത്തിന്റെ വികസനത്തിനുവേണ്ടി ശ്രമിച്ച ഒരു മുഖ്യമന്ത്രിയാണ് ശ്രീമാൻ എ. കെ. ആന്റണിയെന്ന് അഭിമാനത്തോടുകൂടി പറയാൻ ഈ അവസരം വിനിയോഗിക്കുന്നു. നമ്മളെല്ലാപേരും പട്ടം താണുപിള്ള സാറിനെക്കുറിച്ച് പറയും. തിരുവനന്തപുരം നഗരത്തെ സ്നേഹിച്ചിരുന്ന, തിരുവനന്തപുരം നഗരത്തിന്റെ വികസനത്തിനുവേണ്ടി മരണംവരെ ശ്രമിച്ചിരുന്ന താണുപിള്ള സാറിനുശേഷം തിരുവനന്തപുരത്തെ സ്നേഹിച്ച ഒരു ഭരണാധികാരിയാണ് ശ്രീ. എ. കെ. ആന്റണിയെന്ന് കാലം പറയും. താണുപിള്ള സാറിനുശേഷം തലസ്ഥാന നഗരത്തിന്റെ പ്രാധാന്യം കണക്കിലെടുത്തുകൊണ്ട് സമസ്ത വികസനത്തിനും നേതൃത്വം നൽകുന്ന ഒരു മുഖ്യമന്ത്രി ഈ കേരളത്തിൽ ഉണ്ടായിരിക്കുന്നു. അതാണ് ശ്രീ. എ. കെ. ആന്റണിയെന്നു പറയാൻ തിരുവനന്തപുരത്തെ ഒരു ജനപ്രതിനിധിയെന്നുള്ള നിലയിൽ എനിക്ക് അഭിമാനമുണ്ട്. സമകാലിക രാഷ്ട്രീയത്തിൽ മറ്റ് മുഖ്യമന്ത്രിമാരെല്ലാം തിരുവനന്തപുരത്തിന്റെ അന്തകൻമാർ ആയിരുന്നപ്പോൾ തിരുവനന്തപുരത്തിന്റെ വികസനത്തിനുവേണ്ടി രക്ഷകനായി ഇന്ന് നിൽക്കുന്നത് ശ്രീ. എ. കെ. ആന്റണിയാണെന്ന് അഭിമാനത്തോടുകൂടി ഞാൻ പറയുന്നു. തിരുവനന്തപുരം നഗരത്തിൽ മൂന്നുവർഷംകൊണ്ട് 250 കോടി രൂപ മാറ്റിവച്ചുകൊണ്ട്, ഈ സാമ്പത്തികവർഷം 75 കോടി രൂപ നീക്കിവച്ചുകൊണ്ട് തിരുവനന്തപുരത്തുള്ള 14 വൻകിട റോഡുകൾ വീതികൂട്ടി. അത് മനോഹരമാക്കാനുള്ള പദ്ധതി ഗവൺമെന്റ് വിഭാവനചെയ്തിരിക്കുന്നു. പാളയത്ത് അണ്ടർപാസ്, ബേക്കറി ജംഗ്ഷനിലും തകരപ്പറമ്പിലും ഫ്ളൈ ഓവറുകൾ, ഗവൺമെന്റിന്റെ പദ്ധതിയാണ്. പാറ്റൂർ, ചാക്ക, മുറിഞ്ഞപാലം, മരപ്പാലം,അണമുഖം എന്നിവിടങ്ങളിൽ പുതിയ പാലങ്ങൾ, ഇതു മാത്രമോ, 80 ബസ്ബേകളുടെ നിർമ്മാണവും 60 ജംഗ്ഷനുകൾ വികസിപ്പിക്കാൻ പോകുകയാണ്. 150 കോടി രൂപയാണ് ഇതിന് ചെലവ് പ്രതീക്ഷിക്കുന്നത്. അതുപോലെ തന്നെ ശുദ്ധജലക്ഷാമം പരിഹരിക്കുന്നതിന് 10 കോടി രൂപ. നഗരത്തിലെ ശുദ്ധജലക്ഷാമം ഉള്ളിടത്ത് ആ ക്ഷാമം പരിഹരിക്കുന്നതിന് 10 കോടി രൂപയുടെ ഒരു പദ്ധതിക്ക് ഗവൺമെന്റ് രൂപം കൊടുത്തിരിക്കുന്നു. കിഴക്കേക്കോട്ടയിലുള്ള സബ്ജയിൽ അവിടെനിന്ന് മാറ്റണം. അത് മാറ്റി ഗ്വർൺമെന്റ് സെൻട്രൽ സ്കൂൾ അവിടെ സ്ഥാപിക്കണം. എന്നിട്ട് സെൻട്രൽ സ്കൂൾ നിലനിൽക്കുന്നിടത്ത് ഒരു മുനിസിപ്പൽ ബസ്സ്റ്റേഷൻ സ്ഥാപിച്ച് കിഴക്കേകോട്ടയിൽ ഇന്നുള്ള

LIBRARY ARCHIVES Kerala Legislative Assembly

ബസ് പാർക്കിംഗ് പൂർണ്ണമായി അവസാനിപ്പിച്ച് കിഴക്കേക്കോട്ടയെ ശുദ്ധീകരിക്കാനുള്ള ടൂറിസം വകുപ്പിന്റെ പദ്ധതിയോട് കൂടിച്ചേർന്നുകൊണ്ടുതന്നെ കിഴക്കേക്കോട്ട പ്രദേശം വികസിപ്പിക്കണം. അതുപോലെത്തന്നെ സീവറേജ് ഇല്ലാത്ത പ്രദേശങ്ങളിൽ സീവറേജ് വ്യാപിപ്പിക്കണം. എന്നുമാത്രമല്ല, തദ്ദേശ വകുപ്പ് മന്ത്രിയോട് എനിക്ക് പറയാനുള്ളത്, പാങ്ങോട് ഒരു ഹോൾസെയിൽ ഫിഷ് മാർക്കറ്റ് ഉണ്ട്. അത് നഗരത്തിൽ ഫിഷ്സെയിൽസിനുള്ള നല്ല മൊത്ത കച്ചവട കേന്ദ്രമാണ്. അത് നഗരത്തിന്റെ പ്രാന്തപ്രദേശങ്ങളിലേക്ക് മാറ്റി പാങ്ങോട് ഒരു ആധുനിക സൗകര്യമുള്ള 24 മണിക്കൂറും ഫിഷ് അവയ്ലബിലിറ്റിയുള്ള ഒരു ആധുനിക ഫിഷ് മാർക്കറ്റ് അവിടെയുണ്ടാകണം. ഇത്രയും പദ്ധതികൾ തലസ്ഥാന നഗര വികസനത്തിന്, വിമാനത്താവള വികസനത്തിന് പുറമെ ഇത്രയും ബൃഹത്തായ ഒരു പദ്ധതി ഒരു ഗവൺമെന്റും കൊണ്ടുവന്നിട്ടില്ല. അതുകൊണ്ടാണ് ഞാൻ പറഞ്ഞത്, പട്ടം താണുപിള്ള സാറിനുശേഷം തിരുവനന്തപുരം നഗരത്തെ സ്നേഹിച്ച ഒരു മുഖ്യമന്ത്രി ഉണ്ടായിരിക്കുന്നു. അതാണ് ശ്രീ. എ. കെ. ആന്റണി എന്ന്. അദ്ദേഹത്തിന്റെ കീഴിൽ ശ്രീ. ചെർക്കളം അബ്ദുള്ളയും, ശ്രീ. മുനീറും, ശ്രീ. എം.വി. രാഘവനുമടക്കമുള്ള മന്ത്രിമാർ അനുഷ്ഠിക്കുന്ന സേവനങ്ങളേയും തിരുവനന്തപുരം നഗരത്തിലെ ഒരു ജനപ്രതിനിധിയെന്നുള്ള നിലയ്ക്ക് ഞാൻ സ്മരിക്കുകയാണ്. മറ്റൊന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് ഞാൻ പറയുന്നു. ഇവിടെ വലിയ വിവാദം ഉണ്ടായി. എന്താണ് വിവാദം. ഡച്ച് ഗവൺമെന്റിൽനിന്നും ജനകീയാസൂത്രണത്തിന്റെ പദ്ധതി തയ്യാറാക്കുന്നതിനും, ഇംപ്ലിമെന്റേഷനുംവേണ്ടി 16 കോടി രൂപ സി.ഡി.എസ്സിനും, ശാസ്ത്ര സാഹിത്യ പരിഷത്തിനുമായി കിട്ടിയെന്ന് സി. ഡി. എസ്സിന്റെ വാർഷിക റിപ്പോർട്ടിൽ പറയുന്നു. സ്വിസ്സ് ഗവൺമെന്റിന്റെ 10.45 കോടി രൂപ ഡോക്ടർ തോമസ് ഐസക് അംഗമായിട്ടുള്ള സമിതിയും ഡോ. ജോയി ഇളമൺ, എക്സിക്യൂട്ടീവ് കോ-ഓർഡിനേറ്ററുമായിട്ടുള്ള ഏജൻസിയും ചേർന്ന് ചെലവഴിച്ചതായി ആരോപണം ഉണ്ടായിരിക്കുന്നു. ആരോപണം ഉന്നയിച്ചിരിക്കുന്നത് മാർക്സിസ്റ്റ് സഹയാത്രികരാണ്. ഞാൻ ഇതിന്റെ മറ്റു വശങ്ങളിലേക്ക് പോകുന്നില്ല. സർ, എ.ഡി.ബി. വായ്പ കേന്ദ്ര ഗവൺമെന്റാണ് സംസ്ഥാനത്തിന് നൽകുന്നത്. Through Central Government. ഡച്ച് ഗവൺമെന്റിൽ നിന്നുള്ള 16 കോടി രൂപയും സ്വിസ് ഗവൺമെന്റിൽനിന്നുള്ള 10.45 കോടി രൂപയും സംസ്ഥാന ഗവൺമെന്റ് വഴിയല്ല കേരളത്തിൽ വന്നിട്ടുള്ളത്, വിതരണം നടത്തിയിട്ടുള്ളത്. ഇത് നേരിട്ടാണ് വന്നത്. ഈ രൂപ എങ്ങോട്ടു പോയി, എങ്ങനെ ചെലവഴിച്ചു എന്നുള്ളതിനെ കുറിച്ച് ഒരു നിയമസഭാ സമിതിയെക്കൊണ്ട് അന്വേഷിപ്പിക്കാൻ ഗവൺമെന്റ് തയ്യാറാകണമെന്ന് ഞാൻ പറയുന്നു. ഇവിടെ മറ്റൊരു വിവാദം ഉണ്ടായിരിക്കുന്നു. റിച്ചാർഡ് ഡബ്ലിയു. ഫ്രാങ്കിയും അദ്ദേഹത്തിന്റെ ഭാര്യ ബാർബറ എച്ച്. ചേസിംഗും. ഇവർ ആരാണ്. അമേരിക്കക്കാർ. സി.ഐ.എ. ഏജന്റാണെന്നുള്ള വിവാദത്തിലേക്ക് ഞാൻ പോകുന്നില്ല. ഇന്ന് കേരളത്തിലെ വിവിധ മേഖലകളിൽ ഈ അമേരിക്കക്കാരുണ്ട്. ഇവർ മാരാരിക്കുളത്ത് ചില സർവ്വേകൾ നടത്തുന്നു. അത് എന്തിനാണെന്ന് ആർക്കും അറിയില്ല. മറ്റൊന്ന് ഫോർഡ് ഫൗണ്ടേഷന്റെ ഫെലോഷിപ്പുള്ള ഒരു സ്ത്രീയും പുരുഷനും, അവർ ഇന്ത്യാക്കാർ തന്നെ. അവർക്ക് അമേരിക്കൻ സ്ഥാപനമായ ഫോർഡ് ഫൗണ്ടേഷന്റെ സാമ്പത്തിക സഹായമുണ്ട്. അവരെ ശ്രീ. തോമസ് ഐസക്കിന്റെ ഓഫീസിൽ 24 മണിക്കൂറും കാണാം. അവർക്ക് സി.ഐ.എ.-യുമായി ബന്ധമുണ്ടെന്ന് ഞാൻ പറയുന്നില്ല. 8.40 കോടി രൂപ, എസ്.ജി.എസ്.വൈ. സ്കീമിൽ സ്റ്റേറ്റ് ഗവൺമെന്റ് റെക്കമെന്റ് ചെയ്ത് സെൻട്രൽ ഗവൺമെന്റ് അനുവദിച്ചു. ഡോക്ടർ തോമസ് ഐസക്കിന്റെ മാരാരിക്കുളത്ത് വികേന്ദ്രീകൃത ആസൂത്രണ പദ്ധതിക്ക് അതിൽ 2 കോടി രൂപ കിട്ടി. സ്റ്റേറ്റ് ഗവൺമെന്റ് റെക്കമെന്റ് ചെയ്ത് കിട്ടിയതാണ്. അതിന്

LIBRARY ARCHIVES Kerala Legislative Assembly

'കില' വഴി ട്രെയിനിംഗ് നടത്തുമെന്നാണ് പ്രോജക്ടിൽ പറഞ്ഞിരുന്നത്. പകരം ആ 2 കോടി രൂപ ശാസ്ത്ര സാഹിത്യ പരിഷത്തിന് കൊടുത്തു. 60 ലക്ഷം രൂപ ടെക്നോളജിക്ക് എഴുതി കൊടുത്തു. സോപ്പ് ഉൾപ്പെടെയുള്ള ചില സാധനങ്ങൾ നിർമ്മിക്കാനാണ് ഈ ടെക്നോളജി. നെഹ്റു യുവകേന്ദ്രം തുടങ്ങിയ സ്ഥാപനങ്ങൾ ഫ്രീയായിട്ട് കൊടുക്കുന്നതാണ് ഈ ടെക്നോളജി. എന്നിട്ട് അതിനുവേണ്ടി 60 ലക്ഷം രൂപ എഴുതി എടുത്തു. ബാക്കി 6 കോടി രൂപ കോമൺ ഫെസിലിറ്റി സെന്റർ എന്ന പേരിൽ കെട്ടിടങ്ങൾ പണിയാനും, വാഹനങ്ങൾ വാങ്ങാനുമാണ് ഈ ഫണ്ട് മുഴുവനും ഉപയോഗിക്കുന്നത്. ഈ ഫണ്ട് മുഴുവനും പാർട്ടിക്കാരുടെ കൈകളിലേക്ക് എത്തിച്ചേരുന്ന രീതിയിലാണ് ഇതിന്റെ ഘടന. എനിക്ക് പറയാനുള്ളത് ഈ 8.4 കോടി രൂപയിൽ ഒരു രൂപ പോലും മൈക്രോ എന്റർപ്രൈസസ്സിനുവേണ്ടി മാറ്റിവച്ചിട്ടില്ല. അതിനുവേണ്ടിയാണ് ഈ ഫണ്ട് കൊടുത്തത്. അതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. ഞാൻ പറയുന്നത് സംസ്ഥാന ഗവൺമെന്റ് ശുപാർശ ചെയ്തിട്ടാണ് കേന്ദ്ര ഗവൺമെന്റ് ഈ ഫണ്ട് അനുവദിച്ചത്. ആ ഫണ്ട് പ്രോജക്ട് റിപ്പോർട്ട് അനുസരിച്ചല്ല ചെലവഴിച്ചിരിക്കുന്നത്. അതുകൊണ്ട് ഈ ഫണ്ട് കൈപ്പറ്റിയതിനെക്കുറിച്ചും ഇത് ചെലവഴിച്ചതിനെക്കുറിച്ചും വിജിലൻസ് അന്വേഷണം ഏർപ്പെടുത്താൻ ഗവൺമെന്റ് തയ്യാറാകണം എന്ന് ഞാൻ ആവശ്യപ്പെടുകയാണ്. നിങ്ങൾ പെപ്സികോളയേയും കൊക്കകോളയേയും മുറുക്കാൻ കടകളിൽ കയറി അമേരിക്കൻ ഉൽപ്പന്നങ്ങളാണെന്ന് പറഞ്ഞ് തല്ലിപ്പൊട്ടിക്കുന്നവരല്ലേ? ആ ഉൽപ്പന്നങ്ങൾ തല്ലിപ്പൊട്ടിക്കുന്ന CPM-കാരോട് ഞാൻ ചോദിക്കട്ടെ; ഈ ഫ്രാങ്കിക്കും ബാർബറയ്ക്കുംവേണ്ടി ഡോക്ടർ തോമസ് ഐസക് ഇന്നലെ പത്രസമ്മേളനം നടത്തി അവരുടെ സ്റ്റേറ്റുമെന്റ് വിതരണം ചെയ്തു. അമേരിക്കക്കാർക്കു വേണ്ടി നിഷേധിക്കാനുള്ള ഏജന്റായി ഡോക്ടർ തോമസ് ഐസക് മാറുന്നത് നിങ്ങൾ മിനിഞ്ഞാന്ന് കണ്ടതല്ലേ? ഈ സി.പി.എം.-ന്റെ സംസ്ഥാന കമ്മിറ്റി അംഗം രണ്ട് അമേരിക്കക്കാരുടെ മുക്ത്യാറുകാരായി, Power of Attoney Holder ആയി മാറുന്നത്, നമ്മൾ കണ്ടതല്ലേ?

ശ്രീ. എം. വി. ജയരാജൻ: ശ്രീ. ബി. വിജയകുമാർ ഈ സഭയിലെ ഒരംഗമായ ഡോക്ടർ തോമസ് ഐസക് അമേരിക്കൻ ചാരനാണെന്നുള്ള ഒരു അവാസ്തവ പ്രസ്താവന ഇവിടെ നടത്തി. ആ പ്രസ്താവന പിൻവലിക്കണം. അത് രേഖയിൽ ഉണ്ടാകാൻ പാടില്ല. റൂൾ 307 അനുസരിച്ച് അത് നീക്കം ചെയ്യാൻ അങ്ങയുടെ റൂളിംഗ് ഉണ്ടാകണം. അത് നീക്കം ചെയ്യണം.

ശ്രീ. ബി. വിജയകുമാർ: സർ, ഞാൻ പറഞ്ഞിട്ടില്ല. എങ്കിൽ ശ്രീ. ജയരാജന് അത് നേരിട്ട് പറഞ്ഞാൽ പോരെ? സർക്കാർ സ്കൂളുകളിലും അൺ എയ്ഡഡ് സ്കൂളുകളിലും സ്വാശ്രയ സ്ഥാപനങ്ങളിലും കുട്ടികളെ പഠിപ്പിക്കരുതെന്ന് പറയുന്ന മാർക്സിസ്റ്റ് പാർട്ടി.....

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഒരംഗം ഏതെങ്കിലും ഒരാളെപ്പറ്റി അപകീർത്തികരമായോ കുറ്റം ചുമത്തിയോ ഉള്ള യാതൊരു ആരോപണവും കൊണ്ടുവരാൻ പാടില്ല. അങ്ങനെ കൊണ്ടുവരുന്നുണ്ടെങ്കിൽ അത് മുൻകൂട്ടി എഴുതി കൊടുക്കണം. മി. സ്പീക്കർക്ക് എഴുതി തന്നിട്ടാണോ അദ്ദേഹം ഡോക്ടർ തോമസ് ഐസക്കിനെതിരായിട്ട് ഈ ആരോപണം ഉന്നയിച്ചത്?

മി. ഡെ. സ്പീക്കർ: അങ്ങനെയുള്ള ആരോപണങ്ങളൊന്നും ഉണ്ടായിട്ടില്ല. അദ്ദേഹം തന്നെ പറയുന്നു ഉന്നയിച്ചിട്ടില്ല എന്ന്.

ശ്രീ. ബി. വിജയകുമാർ: സർ, ഞാൻ ആരോപണം ഉന്നയിച്ചിട്ടില്ല. ഞാൻ ചില വസ്തുതകൾ പറഞ്ഞു. (1) ഗവൺമെന്റ് വിജിലൻസ് അന്വേഷണം നടത്തണം. (2) നിയമസഭാ

LIBRARY ARCHIVES Kerala Legislative Assembly

സമിതിയെക്കൊണ്ട് അന്വേഷിപ്പിക്കണം. (3) തോമസ് ഐസക് ഈ അമേരിക്കക്കാർക്കു വേണ്ടി പത്രസമ്മേനം നടത്തി സ്റ്റേറ്റുമെന്റ് വിതരണം ചെയ്തു. എപ്പോഴും അമേരിക്കൻ സാമ്രാജ്യത്വത്തിനെതിരായി പ്രസംഗിക്കുന്ന നിങ്ങളുടെ സെക്രട്ടേറിയറ്റ് മെമ്പർ അമേരിക്കക്കാർക്കുവേണ്ടി പത്രസമ്മളനം നടത്തി സ്റ്റേറ്റ്മെന്റ് വിതരണം ചെയ്തത് നിങ്ങളുടെ പാർട്ടി തലത്തിൽ അന്വേഷിക്കണമെന്ന് മാത്രമേ ഞാൻ പറഞ്ഞുള്ളൂ. ഇന്നലെ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ഇവിടെ പറഞ്ഞു, കോൺഗ്രസിലുള്ളതുപോലെ 5 ഗ്രൂപ്പുകൾ ഞങ്ങളുടെ പാർട്ടിയിലില്ല. ഇന്നത്തെ പത്രത്തിൽ പറഞ്ഞിരിക്കുന്നത് നോക്കാം. എം. എൻ. വിജയന്റെ നടപടി പാർട്ടി വിരുദ്ധം. അത് ശ്രീ. അച്യുതാനന്ദൻ മുഖ്യ പത്രാധിപരായ ചിന്തയിൽ. മറ്റൊന്ന്, വിജയനെ സംശയമില്ല. സംസ്ഥാന സെക്രട്ടറി ശ്രീ. പിണറായി വിജയൻ. ഇത് ഗ്രൂപ്പല്ലെങ്കിൽ പിന്നെ എന്താണ്? ഒരാൾ വിജയനെ ഉൾക്കൊള്ളുന്നു, മറ്റൊരാൾ വിജയനെ തള്ളിക്കളയുന്നു. ജനകീയാസൂത്രണത്തിൽ മഹാനായ ഇ.എം. ശങ്കരൻ നമ്പൂതിരിപ്പാട് പറഞ്ഞു, കോൺട്രാക്ടർമാരും, നമ്മുടെ ജനപ്രതിനിധികളും ഉദ്യോഗസ്ഥൻമാരും തമ്മിലുള്ള അവിഹിത ബന്ധം അവസാനിപ്പിക്കാൻ പീപ്പിൾസ് പ്ലാനിംഗ് വേണം. അത് കോൺട്രാക്ട് കൊടുക്കാൻ പാടില്ല. ബെനിഫിഷ്യറി കമ്മിറ്റി വേണം. അതാണ് അദ്ദേഹം ഉദ്ദേശിച്ചത്. അതിന്റെ പേരിലാണ് ജനകീയാസൂത്രണം കൊണ്ടുവന്നത്. ഈ ജനകീയാസൂത്രണം കൊണ്ടു വന്ന് കുറച്ചുകഴിഞ്ഞപ്പോൾ തന്നെ ഈ ബെനിഫിഷ്യറി കമ്മിറ്റിവഴി വികസനം നടത്തണമെന്ന അദ്ദേഹത്തിന്റെ ആശയം അട്ടിമറിച്ചുകൊണ്ട് കഴിഞ്ഞ ഗവൺമെന്റ് തന്നെ ടെണ്ടർ ചെയ്യണമെന്ന ഉത്തരവ് കൊടുത്തു. കഴിഞ്ഞ ഗവൺമെന്റ് തന്നെ അതിനെ പരാജയപ്പെടുത്തി. ടെണ്ടർ വരുന്നതിനുമുമ്പ് തന്നെ ബെനിഫിഷ്യറി കമ്മിറ്റിയിൽ കോൺട്രാക്ടർമാരുടെ ബിനാമികൾ കടന്നുകയറി അവരുടെ കൈകളിലേക്ക് കോടിക്കണക്കിന് രൂപയുടെ ചെക്ക് എഴുതിക്കൊടുത്തു. ആ ചെക്ക് കിട്ടിയ ഉടൻ അത് സഹകരണ ബാങ്കിൽ നിക്ഷേപിച്ചു. പിറ്റേ ദിവസംതന്നെ എല്ലാപേരുംകൂടി മാറ്റിഎടുത്തു. അങ്ങനെ ഖജനാവിൽനിന്ന് കോടിക്കണക്കിന് രൂപ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഒഴുകിപ്പോയി. അതാണ് കഴിഞ്ഞ ഗവൺമെന്റിനെ പതനത്തിലേക്ക് എത്തിച്ചത്. അവസാനമായപ്പോൾ പെൻഷൻ കൊടുക്കാനും ശമ്പളം കൊടുക്കാനും പണമില്ല എന്ന സ്ഥിതിയിലേക്ക് വന്നു. അതുകൊണ്ട് കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഇങ്ങനെ ബെനിഫിഷ്യറി കമ്മിറ്റിയിലൂടെ ഖജനാവിൽനിന്ന് ഒഴുകിപ്പോയ കോടിക്കണക്കിന് രൂപയെക്കുറിച്ച് അന്വേഷിക്കണമെന്ന് ഞങ്ങൾ എല്ലാം ആവശ്യപ്പെട്ടിട്ടുണ്ട്, സമഗ്രമായ ഒരു അന്വേഷണം നടത്തി കുറ്റവാളികൾ ആരാണെങ്കിൽപ്പോലും നിയമത്തിനു മുന്നിൽ കൊണ്ടുവരണം. സർ, ശ്രീ. ചെർക്കളത്തിനെതിരെ ഇവിടെ കൊണ്ടുവന്നിട്ടുള്ള ബാലിശമായ ആരോപണങ്ങൾ, മാർക്സിസ്റ്റ് പാർട്ടി അടുത്ത പ്രാവശ്യം ഈ സഭയിൽ വരില്ല എന്നു പറയാൻ ഞാൻ ഈ അവസരം വിനിയോഗിക്കുന്നു. അതുകൊണ്ട് ഞാൻ ഈ ധനാഭ്യർത്ഥനകളെ പിൻതാങ്ങുന്നു.

ശ്രീ. ഇസ്ഹാക്ക് കുരിക്കൾ: സർ, ബഹുമാനപ്പട്ട മന്ത്രിമാർ അവതരിപ്പിച്ച ഈ ധനാഭ്യർത്ഥനകളെ ഞാൻ അനുകൂലിക്കുകയാണ്. നമ്മുടെ പ്രാദേശിക ഭരണത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള നിർണ്ണായകമായ പങ്ക് മുന്നിൽ കണ്ടുകൊണ്ട് പ്രഗൽഭനായ പഞ്ചായത്ത് മന്ത്രി ദീർഘവീക്ഷണത്തോടുകൂടി പെർഫോർമൻസ് ഓഡിറ്റ് ഈ സംസ്ഥാനത്ത് വളരെ ശക്തമാക്കിയിട്ടുണ്ട്. കേന്ദ്ര ആസൂത്രണ കമ്മീഷൻ അവരുടെ റിപ്പോർട്ടിൽ തന്നെ വളരെയധികം പ്രതിപാദിച്ചിട്ടുണ്ട്. 'കേരളം കുടുംബശ്രീ നടപ്പിലാക്കുന്ന കാര്യത്തിൽ വളരെയധികം വിജയിച്ചിട്ടുണ്ട്' എന്ന്. നിഷ്പക്ഷമായി, നീതിപൂർവ്വം കുടുംബശ്രീ ഇൻഡ്യാ രാജ്യത്ത് വിജയിച്ചിട്ടുണ്ടെങ്കിൽ അത് കേരളത്തിൽ മാത്രമാണെന്ന്

LIBRARY ARCHIVES Kerala Legislative Assembly

കേന്ദ്രത്തിൽനിന്ന് അവതരിപ്പിച്ച റിപ്പോർട്ടിൽ പറയുന്നു. മാത്രമല്ല അതിന്റെ ഫലമായി കുടുംബശ്രീ നമ്മുടെ രാജ്യത്ത് പ്രചരിപ്പിക്കുവാൻ കേന്ദ്ര സർക്കാർ ഒരു അനുമോദനം എന്ന നിലയ്ക്ക് 8 കോടി രൂപ കൂടുതൽ ധനസഹായമായി തന്നുവെന്നുള്ളത് അദ്ദേഹത്തിന്റെ ഭരണം കൂടുതൽ കാര്യക്ഷമമായി മുന്നോട്ടു പോകുന്നുവെന്നുള്ളതിന്റെ തെളിവാണ്. ഭരണത്തിൽ സ്വാഭാവികമായും ഉണ്ടാകുന്ന സ്ഥലംമാറ്റങ്ങളെ അപ്പുറത്തിരിക്കുന്നവർ ആക്ഷേപിക്കുകയാണ്. ഭരണത്തിലെ പോരായ്മകൾ ചൂണ്ടിക്കാണിക്കാതെ സ്ഥലംമാറ്റങ്ങളെക്കുറിച്ച് പറയുന്നതിൽ അർത്ഥമില്ല. ഏത് ഗവൺമെന്റ് ഭരിച്ചാലും മാറ്റേണ്ടവരെ മാറ്റുകതന്നെ ചെയ്യും, മാറേണ്ടവർ മാറേണ്ടിവരും. 5 കൊല്ലം അപ്പുറത്തിരിക്കുന്നവർ ഭരിച്ചതാണ്. ആ 5 വർഷം സ്ഥലംമാറ്റം നടന്നിട്ടില്ലായെന്ന് അപ്പുറത്തിരിക്കുന്നവർക്ക് പറയാൻ കഴിയുമോ? ഞാൻ ഈ സന്ദർഭത്തിൽ സൂചിപ്പിക്കുന്നത്, നമ്മുടെ രാജ്യത്ത് ഇന്നത്തെ ഒഴിവുകൾ നികത്താൻ ബഹുമാനപ്പെട്ട മന്ത്രിക്ക് വളരെയധികം സാധിച്ചിട്ടുണ്ട്. 1178 മിനിസ്റ്റീരിയൽ സ്റ്റാഫിനെ പി. എസ്. സി. മുഖേന നിയമിക്കുവാൻ അദ്ദേഹത്തിന് സാധിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട മന്ത്രിയുടെ നിഷ്പക്ഷമായ ഭരണത്തെ ഞാൻ അഭിനന്ദിക്കുകയാണ്. ഗ്രാമസഭകളും ഇന്ന് ശക്തമായി മുന്നോട്ടു വരികയാണ്. സാങ്കേതികമായ വിവരങ്ങൾ കൈമാറുന്നതിൽ ഇന്ന് കേരളം വളരെയധികം മുന്നോട്ടു പോയിട്ടുണ്ട്. കമ്പ്യൂട്ടറൈസേഷൻ പഞ്ചായത്തുകളിൽ നടപ്പിലാക്കികൊണ്ട് കേരളം മുഴുവൻ ഒരു ശൃംഖലയിൽ കൊണ്ടുവരാൻ ബഹുമാനപ്പെട്ട മന്ത്രിക്ക് സാധിച്ചിട്ടുണ്ട്. കമ്പ്യൂട്ടറൈസേഷൻ ഇന്ത്യയിൽ പഞ്ചായത്ത് വകുപ്പിൽ നടപ്പാക്കിയിട്ടുണ്ടെങ്കിൽ, അത് നമ്മുടെ കേരളത്തിലാണെന്ന് അഭിമാനപൂർവ്വം ഞാൻ സൂചിപ്പിക്കുകയാണ്. നിരവധി കാര്യങ്ങൾ പറയാനുണ്ട്. ഭക്ഷ്യരംഗത്തേക്ക് വരുമ്പോൾ നമ്മുടെ രാജ്യത്ത് ഇന്ന് 'അരി എവിടെ, തുണി എവിടെ' എന്നുള്ള മുദ്രാവാക്യം കേൾക്കാൻ സാധിക്കില്ല. ബഹുമാനപ്പെട്ട മന്ത്രിയോട് പറയാൻ ആഗ്രഹിക്കുന്നത്, എ.പി.എൽ. അടക്കമുള്ള അരി നാം പൂർണ്ണമായി എടുക്കണം. കേന്ദ്രം തരുന്ന അരി, എ.പി.എൽ. കച്ചവടക്കാർ പ്രത്യേകിച്ച് റേഷൻ പീടികക്കാർ എടുക്കുന്നില്ല. ആ കാര്യങ്ങളിൽ ബഹുമാനപ്പെട്ട മന്ത്രി പ്രത്യേകം ശ്രദ്ധിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. ജനങ്ങളെ സംബന്ധിച്ചിടത്തോളം തദ്ദേശ സ്വയംഭരണ വകുപ്പും ഭക്ഷ്യ വകുപ്പും ഏറ്റവും മർമ്മപ്രധാനമായ രണ്ടു വകുപ്പുകളാണ്. എ.പി.എൽ. അരി പൂർണ്ണമായും എടുക്കേണ്ട ബാദ്ധ്യത കേരളത്തിനുണ്ടെന്ന് ഞാൻ സൂചിപ്പിക്കുകയാണ്. ഉദ്യോഗസ്ഥൻമാർ എന്തുകൊണ്ടോ അത് എടുക്കുന്നില്ല. അതുകൊണ്ട് ആ കാര്യങ്ങളിൽ ബഹുമാനപ്പെട്ട മന്ത്രി വിശദമായ ഒരു അന്വേഷണം നടത്തണം. എന്തുകൊണ്ട് കേന്ദ്രം തരുന്ന അരി എടുക്കുന്നില്ല? പലതും ലാപ്സാകുന്നു. മണ്ണെണ്ണ ഇന്ന് വളരെയധികം എടുക്കുന്നുണ്ട്. മണ്ണെണ്ണ ധാരാളം ചെലവാകുന്നുണ്ട്. അരി നമ്മുടെ സംസ്ഥാനത്ത് വേണ്ടത്ര ചെലവാകാത്തതിന്റെ പേരിൽ സിവിൽ സപ്ലൈസ് വകുപ്പ് പൂർണ്ണമായും കേന്ദ്രം അനുവദിക്കുന്ന അരി എടുക്കുന്നില്ല എന്ന് ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽ പെടുത്തുകയാണ്. മലപ്പുറം ജില്ലയിലെ കാര്യം സബ്മിഷനിലൂടെ ഇവിടെ സഭയിൽ അവതരിപ്പിച്ചതാണ്. ഒരു ആഴ്ചയോളം വളരെ മോശപ്പെട്ട അരി കൊടുത്തിട്ടുണ്ടെങ്കിൽ ആരാണ് അതിന് ഉത്തരവാദിയെന്ന് ഞങ്ങൾക്കറിയില്ല. അത് വേണ്ടവിധത്തിൽ പരിശോധിച്ചു കൊണ്ട് അതിന് ഉത്തരവാദികളായ ആളുകളെ കണ്ടുപിടിച്ചുകൊണ്ട് നല്ല അരി വിതരണം ചെയ്യാനുള്ള സംവിധാനം നമ്മുടെ സംസ്ഥാനത്ത് ഉണ്ടാക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. ഞാൻ കൂടുതൽ സംസാരിക്കണമെന്ന് ആഗ്രഹിക്കുന്നില്ല. ബഹുമാനപ്പെട്ട മന്ത്രി ഇക്കാര്യങ്ങളെക്കുറിച്ച് വളരെയധികം, പ്രത്യേകിച്ച് അരിയുടെ കാര്യങ്ങളിൽ, റേഷൻ സംവിധാനങ്ങളിലെ അപാകതകൾ നീക്കിക്കൊണ്ട് പൂർണ്ണമായും നടപ്പിലാക്കുവാൻ അങ്ങേയറ്റം പരിശ്രമിക്കണമെന്ന് വളരെയധികം താഴ്മയോടുകൂടി അഭ്യർത്ഥിച്ചുകൊണ്ട് ഇവിടെ അവതരിപ്പിച്ചിട്ടുള്ള ഈ ധനാഭ്യർത്ഥനകളെ ഞാൻ അനുകൂലിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പിൻതാങ്ങുന്നു. അധികാര വികേന്ദ്രീകരണം വെറും പ്രചരണ കോലാഹലമെന്നത് വിട്ട് വ്യവസ്ഥാപിത ഘട്ടത്തിലേക്ക് മാറ്റാൻ കഴിഞ്ഞുവെന്നതാണ് ഈ ഗവൺമെന്റിന്റെ ഏറ്റവും വലിയ നേട്ടം. വികേന്ദ്രീകൃത ആസൂത്രണത്തെ സുസ്ഥാപിതമാക്കാനും ധനപങ്കാളിത്തത്തോടെ പദ്ധതി നിർവ്വഹണം നടപ്പിലാക്കാനുംവേണ്ടി രൂപം കൊടുത്ത കേരള വികസന പദ്ധതിയും ധനദുർവിനിയോഗവും രാഷ്ട്രീയ അതിപ്രസരവും ഒഴിവാക്കി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ പുരോഗതിയുടെ പാതയിലേക്ക് കൊണ്ടുവന്നതും കുടുംബശ്രീ, ക്ലീൻ കേരള പദ്ധതികൾ നടപ്പിലാക്കിയതും കമ്പ്യൂട്ടർവൽക്കരണവും വെബ്സൈറ്റ് തയ്യാറാക്കിയതുമൊക്കെ വ്യക്തമായ ദിശാബോധത്തോടുകൂടിയുള്ള, ദീർഘ വീക്ഷണത്തോടുകൂടിയുള്ള പ്രവർത്തന മാണ്. എങ്കിലും നാം ആഗ്രഹിച്ച വിധം കാര്യങ്ങൾ മുന്നേറാത്തതിന്റെ കാരണങ്ങളിലേക്ക് നാം ഒന്ന് കടന്നുചെല്ലണം എന്നതാണ് എന്റെ അഭ്യർത്ഥന. വികസന പ്രവർത്തനങ്ങളെ ഏറ്റവും പ്രതികൂലമായി ബാധിക്കുന്നത് സാമ്പത്തിക പ്രയാസങ്ങൾ തന്നെയാണ്. പെൻഷനടക്കമുള്ള വ്യക്തിഗത ആനുകൂല്യങ്ങൾ മുതൽ പദ്ധതികൾക്ക് നൽകേണ്ട ബില്ലുകൾ വരെ ട്രഷറി നിയന്ത്രണംമൂലം ലഭ്യമാകാത്ത സ്ഥിതിയാണ് ഇന്ന്. ലോകബാങ്ക് കേന്ദ്ര സർക്കാർ പദ്ധതികൾക്ക് ട്രഷറി നിയന്ത്രണം ബാധകമല്ലെന്ന് പ്രഖ്യാപിച്ചിട്ടുണ്ടെങ്കിലും ഇപ്പോൾ അതും ലഭ്യമല്ല. ദൈവം പ്രസാദിച്ചാലും പൂജാരി പ്രസാദിക്കില്ല എന്ന് പറഞ്ഞതു പോലെ സർക്കാർ പറഞ്ഞാലും ട്രഷറി ഉദ്യോഗസ്ഥൻമാർ കനിയുന്നില്ല. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് അനുവദിക്കുന്ന സംഖ്യ സമയാസമയങ്ങളിൽ കൃത്യമായി ലഭ്യമാക്കു മെന്ന് ഉറപ്പ് വരുത്തണം. വിപുലമായ അധികാരങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ ഏൽപ്പിച്ചാൽ മാത്രം പോരാ, അവ നടപ്പിൽ വരുത്തുന്നതിനാവശ്യമായ സംവിധാനം സൃഷ്ടിക്കുക കൂടി വേണം. നാല് പഞ്ചായത്തുകൾക്ക് ഒരു എ.ഇ. എന്നത് തികച്ചും അപര്യാപ്തമാണ്. ഫലപ്രദമായ ഉദ്യോഗസ്ഥ പുനർവിന്യാസം കൊണ്ടുമാത്രമേ ഈ പ്രശ്നം പരിഹരിക്കാൻ സാദ്ധ്യമാകൂ. ഉദ്യോഗസ്ഥൻമാരുടെ dual control പ്രവർത്തനങ്ങളെ പലപ്പോഴും ദോഷകരമായി ബാധിക്കുന്നു. ഉദാഹരണമായി വി.ഇ.ഒ.-മാരുടെ സേവനം പലപ്പോഴും വേണ്ടവിധം പഞ്ചായത്തുകൾക്ക് ലഭ്യമാകുന്നില്ല. അവരുടെ നിയന്ത്രണം ബ്ലോക്ക് ഓഫീസർമാർക്കാണ്. കൃഷി ഭവനുകൾ കൃഷി വകുപ്പിന്റെ ഇൻസെന്റീവ് ബോണസ് വിതരണം ചെയ്യുന്ന പോസ്റ്റ് ഓഫീസുകൾ മാത്രമായി ചുരുങ്ങിക്കൊണ്ടിരിക്കുകയാണ്. അതുകൊണ്ട് പഞ്ചായത്ത് തലത്തിലുള്ള പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകേണ്ട ഉദ്യോഗസ്ഥൻമാരുടെ പൂർണ്ണ സേവനം ലഭ്യമാകുമെന്ന് ഉറപ്പു വരുത്തണം. പത്താം പഞ്ചവൽസര പദ്ധതിയുടെ കാലയളവിലേക്കുള്ള പദ്ധതികൾ മുൻകൂട്ടി ഉണ്ടാക്കണമെന്ന നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ധൃതി പിടിച്ച് പല പദ്ധതികൾക്കും രൂപം കൊടുത്തു. എന്നാൽ പ്രസ്തുത പദ്ധതികൾക്കാവശ്യമായ മാറ്റങ്ങൾ വരുത്താനും പുതിയ പദ്ധതികൾക്ക് രൂപം കൊടുക്കാനും സാധിക്കാത്ത വിധം പുതിയചില ഉത്തരവുകൾ വന്നതിനാൽ വികസന പ്രവർത്തനം പലയിടത്തും മുരടിച്ചു പോകുന്നു. പദ്ധതികൾ അംഗീകാരത്തിന് നൽകുമ്പോൾ കൊടുക്കേണ്ട ഫോറത്തിലുള്ള ചോദ്യങ്ങൾ പലതും ആസൂത്രണത്തെയും വികസനത്തെയും ദോഷകരമായി ബാധിക്കുന്ന വിധത്തിലുള്ളതാണ്. ആസൂത്രണം ജനങ്ങൾക്ക് വേണ്ടിയാണ്, കമ്പ്യൂട്ടറുകൾക്ക് വേണ്ടിയല്ല എന്ന കാര്യം വിസ്മരിക്കരുത്. ജനങ്ങളിൽനിന്ന് അകലുന്ന ഏത് ആസൂത്രണവും പദ്ധതികളും പരാജയപ്പെടുമെന്നതിൽ സംശയമില്ല. അധികാരം ജനങ്ങളിലേക്ക് എന്ന സങ്കൽപ്പത്തിന് അനുയോജ്യമല്ലാത്ത അധികാരങ്ങൾ പലതും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയെങ്കിലും യഥാർത്ഥത്തിൽ അധികാരം അടിത്തട്ടിലേക്ക് എത്തിയോ എന്ന് ആലോചിക്കേണ്ടിയിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ആസൂത്രണത്തിനും നിർവ്വഹണത്തിനും ജനപ്രതിനിധികളേക്കാൾ കൂടുതൽ പ്രാമാണികത്വം ഉദ്യോഗസ്ഥൻമാർക്ക് നൽകുന്ന ഇന്നത്തെ രീതി മാറിയാൽ മാത്രമേ ഡെവല്യൂഷൻ ഓഫ് പവേഴ്സ് അർത്ഥവത്താവുകയുള്ളൂ. സാങ്കേതിക-സാമ്പത്തിക രംഗത്ത് മാർഗ്ഗനിർദ്ദേശം നൽകുകയും പദ്ധതി നിർവ്വഹണത്തിൽ മേൽനോട്ടം വഹിക്കുകയും ചെയ്യുന്നവർ മാത്രമാകണം ഉദ്യോഗസ്ഥൻമാർ. വർഷംതോറും സർക്കാർ നൽകുന്ന സാമ്പത്തിക സഹായമല്ലാതെ സ്വന്തമായി വിഭവ സമാഹരണം നടത്താൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഇപ്പോൾ സാധിക്കുന്നില്ല. 1993-ൽ പുതുക്കേണ്ട കെട്ടിട നികുതിയും മറ്റും പുതുക്കാൻ സർക്കാർ നടപടി കൈക്കൊള്ളാത്തതുമൂലം വികസന പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കേണ്ട കോടിക്കണക്കിന് രൂപയാണ് ഈ കാലയളവിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നഷ്ടമായത്. അധികാരങ്ങളും ഉദ്യോഗസ്ഥരും ആവശ്യമായ പണവും function, functionaries and funds നല്കി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ ചലനാത്മകങ്ങളായ ലോക്കൽ സെൽഫ് ഗവൺമെന്റുകളാക്കി മാറ്റണം. സ്വാതന്ത്ര്യ ലബ്ധിക്കുശേഷം നമ്മുടെ നാട്ടിൽ നടന്ന ഏറ്റവും വലിയ നിശബ്ദ വിപ്ലവമാണ് അധികാര വികേന്ദ്രീകരണം. ത്രിതല പഞ്ചായത്തുകൾക്ക് ഭരണഘടനാപരമായ പരിരക്ഷ നൽകുകയും ആയിരക്കണക്കിന് വനിതകളും യുവജനങ്ങളുമടക്കമുള്ള ജനപ്രതിനിധികൾ പുതുതായി അധികാരം കൈയാളുകയും ചെയ്തപ്പോൾ, അധികാര വികേന്ദ്രീകരണ ഫണ്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയപ്പോൾ പുരോഗതി നിരവധി പൊൻസ്വപ്നങ്ങളായിരുന്നു. പക്ഷേ ഓരോ സാമ്പത്തിക വർഷത്തേയും ചെലവുകളും കൈവരിക്കാൻ കഴിഞ്ഞ നേട്ടങ്ങളും തമ്മിലുള്ള അന്തരം ഇന്നും വളരെയേറെയാണ്. ഈ വർഷത്തെ പെർഫോർമെൻസ് ആഡിറ്റിലെ ചില നിഗമനങ്ങൾ നമ്മെ ഞെട്ടിപ്പിക്കുന്നതാണ്. റിപ്പോർട്ട് ഒറ്റ നോട്ടത്തിൽ എന്നതിൽ പറഞ്ഞിരിക്കുന്നതിലേക്ക് ഞാൻ ശ്രദ്ധ ക്ഷണിക്കട്ടെ. ട്രഷറിക്ക് പുറത്ത് വിവിധ സ്ഥാപനങ്ങളിലായി ഡെപ്പോസിറ്റ് വർക്കുകളായി 1997-98 മുതൽ 2000-01 വരെ നിക്ഷേപിച്ച തുകയിൽ ലഭ്യമായ കണക്കനുസരിച്ച് 66.76 കോടി രൂപ വിനിയോഗിക്കാതെ ശേഷിക്കുന്നു. പദ്ധതി പണം ഉപയോഗിച്ച് വാങ്ങിയ സാധനങ്ങളിൽ ഉദ്ദേശം 15.5 കോടി രൂപയുടെ സാധനങ്ങൾ ഉപയോഗിക്കാതെ ഇനിയും നിഷ്ക്രിയമായി പഞ്ചായത്തുകളിൽ കിടന്നു നശിക്കുന്നു. ഏകദേശം 46.67 കോടി രൂപ പല കൺവീനർമാർ അഡ്വാൻസായി കൈപ്പറ്റിയിട്ടും പണികൾ ഇനിയും ആരംഭിക്കാതെയോ പൂർണ്ണമാകാതെയോ ശേഷിക്കുന്നു. പദ്ധതി പണം ഉപയോഗിച്ച് 1997-98-ൽ ഏറ്റെടുത്ത് നടത്തിയ പലതരം പദ്ധതികളിൽ ആറ് കോടി രൂപയുടെ പദ്ധതികൾ ലക്ഷ്യം കാണാതെ പരാജയപ്പെട്ട നിലയിലാണ്. സംസ്ഥാനത്തെ ജനകീയാസൂത്രണ പദ്ധതിയുടെ നടത്തിപ്പിൽ വ്യാപകമായി ഗവൺമെന്റ് ഉത്തരവുകളുടെയും പഞ്ചായത്തീരാജ് നിയമങ്ങളുടെയും ചട്ടങ്ങളുടെയും ലംഘനമുണ്ടായിട്ടുണ്ട്. ഈ കണ്ടെത്തലുകൾ കണ്ടില്ലെന്ന് നടിക്കാൻ നമുക്ക് സാധിക്കുമോ? 1997-ൽ സംസ്ഥാനത്തെ മിക്ക പഞ്ചായത്തുകൾക്കും പണം നൽകിയ ഡ്യൂപ്ലിക്കേറ്റ് മെഷീനുകൾ വാങ്ങിയോ? ആ കാര്യം ഒന്ന് വ്യക്തമാക്കണം. അധികാര വികേന്ദ്രീകരണവും അഴിമതി വികേന്ദ്രീകരണവും ഇരട്ട ദോഷമാണെന്ന പേരുദോഷത്തിന് വിരാമമിടണം. ശാസ്ത്രീയവും ഫലപ്രദവുമായ ഓഡിറ്റ് സംവിധാനം ഏർപ്പെടുത്തണം. കഴിഞ്ഞ രണ്ട് വർഷത്തിലെയും പെർഫോർമെൻസ് ഓഡിറ്റിൽ ചൂണ്ടിക്കാണിച്ച ഈ ഗുരുതരമായ അപാകതകൾ പരിഹരിക്കാൻ അടിയന്തിരമായ നടപടികൾ വേണം. പദ്ധതി നടത്തിപ്പിൽ വീഴ്ചവരുത്തിയ ഉദ്യോഗസ്ഥൻമാരുടെ പേരിൽ കർശനമായ നടപടികൾ എടുക്കണം. അഡ്വാൻസ് വാങ്ങിയ സംഖ്യകൾ തിരിച്ചു കൊടുക്കുകയും വേണം. വിവിധ ഏജൻസികൾ ഡെപ്പോസിറ്റ് ചെയ്തു നടത്തേണ്ട പദ്ധതികൾ ഉടനടി പൂർത്തീകരിക്കണം.

LIBRARY ARCHIVES Kerala Legislative Assembly

പിന്നിട്ട വർഷങ്ങളിലെ പ്രവർത്തനങ്ങളിലുണ്ടായ അനുഭവങ്ങളുടെയും പാളിച്ചകളുടെയും അടിസ്ഥാനത്തിൽ പഞ്ചായത്തീരാജ് നഗരപാലിക സംബന്ധിച്ച് സമഗ്രമായ ഒരു പുനർചിന്തനത്തിന് സമയമായി എന്നാണ് എന്റെ അഭിപ്രായം. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ അദ്ധ്യക്ഷൻമാരുടെ കാലാവധി പങ്കുവെയ്ക്കലും രാഷ്ട്രീയ പാർട്ടികളിൽ ഉണ്ടാകുന്ന പടലപ്പിണക്കങ്ങളും കൂറുമാറ്റങ്ങളും അവിശ്വാസ പ്രമേയങ്ങളും ഈ രംഗത്ത് ഭരണപരമായ അസ്ഥിരതയും സ്തംഭനവും വികസന പ്രവർത്തനങ്ങൾ നടത്തുന്നതിന് തടസ്സം സൃഷ്ടിക്കുന്നു. അവിശ്വാസ പ്രമേയം അവതരിപ്പിക്കാനും പാസ്സാക്കാനും സിംപിൾ മെജോറിറ്റി എന്നതിനുപകരം 1960-ലെ പഞ്ചായത്ത് ആക്ട് വകുപ്പുകൾ അനുസരിച്ച് മൂന്നിൽ രണ്ടു ഭാഗം അല്ലെങ്കിൽ നാലിൽ മൂന്നു ഭാഗം എന്ന വ്യവസ്ഥ പുനഃസ്ഥാപിക്കണമോ; മറ്റ് ചില സംസ്ഥാനങ്ങളിൽ ചെയ്യുന്നതുപോലെ പഞ്ചായത്ത് നഗരസഭാ മേധാവികളെ നേരിട്ടുതന്നെ തെരഞ്ഞെടുക്കണമോ; തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കാസി ജുഡീഷ്യൽ അധികാരങ്ങൾ നൽകണമോ; ഈ രംഗത്ത് പുതിയ സിവിൽ സർവ്വീസ് വേണമോ; തുടങ്ങിയ നിരവധി കാര്യങ്ങൾ വ്യാപകമായി ചർച്ച ചെയ്യപ്പെടാൻ സമയമായി എന്നതാണ് എന്റെ അഭിപ്രായം. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ കീഴിലുള്ള 'കില' വികേന്ദ്രീകൃത ആസൂത്രണം ശക്തിപ്പെടുത്താനുള്ള ഒരു സ്ഥാപനമാണ്. എന്റെ നിയോജകമണ്ഡലത്തിലാണ്, അവിടെ വളരെയേറെ പ്രവർത്തനങ്ങൾ നടക്കുന്നുണ്ട്. പക്ഷേ ഇന്ത്യയ്ക്കകത്തും പുറത്തും അറിയപ്പെടുന്ന പ്രസ്തുത സ്ഥാപനത്തിന് പരാധീനതകൾ വളരെയേറെയാണ്. നോൺ പ്ലാൻ ഇനത്തിൽ 5 ലക്ഷം രൂപ മാത്രമേ ലഭിക്കുന്നുള്ളൂ. സി.ഡി.എസ്. പോലെയുള്ള സ്ഥാപനങ്ങൾക്ക് 50 ലക്ഷം രൂപ കൊടുക്കുമ്പോൾ ഓരോ ആർട്സ് ആന്റ് സയൻസ് കോളേജിന് കൊടുക്കുന്ന സംഖ്യപോലും 'കില' യ്ക്ക് നൽകുന്നില്ല. കിലയെ ഒരു ഡീമ്ഡ് യൂണിവേഴ്സിറ്റിയാക്കിമാറ്റണം. അതിന് ആവശ്യമായ സാമ്പത്തിക സഹായങ്ങൾ നല്കണം. സ്വിസ് ഗവൺമെന്റുമായി ചേർന്നുണ്ടാക്കിയ കരാർ പ്രകാരം ക്യാപ്ടെക് എന്ന പ്രോജക്ടിലൂടെ കഴിഞ്ഞകാലങ്ങളിൽ പരിശീലന പരിപാടിക്കുള്ള സാമ്പത്തിക സഹായം ലഭിക്കുന്നു. എന്നാൽ ക്യാപ്ടെക്കിന്റെ രണ്ടാം ഘട്ടത്തിൽ കിലയുടെ സ്വതന്ത്ര പ്രവർത്തനത്തെ ഹനിക്കുന്ന രീതിയിലാണ് നിർദ്ദേശം വന്നതെന്ന് പറഞ്ഞു കേൾക്കുന്നു. ക്യാപ്ടെക്കിന്റെ രണ്ടാം ഘട്ടത്തിലുള്ള എഗ്രിമെന്റ് ഒപ്പ് വയ്ക്കുന്നതിനുമുൻപ് വിദേശ ഏജൻസികളുടെ ഇടപെടൽ ഇല്ലായെന്ന് പൂർണ്ണമായി ഉറപ്പുവരുത്തണം. സമഗ്രമായ ഒരു നഗര വികസന നയം പ്രഖ്യാപിക്കുന്നത് നല്ലതാണ്. തലസ്ഥാന നഗരി നന്നാക്കാനും ഗോശ്രീ പദ്ധതി സജീവമാക്കാനും തൃശ്ശൂർ, കൊല്ലം എന്നീ പുതിയ കോർപ്പറേഷനുകളിൽ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും പ്രത്യേക സഹായധനം നൽകണം. തിരുവനന്തപുരത്തെന്നപോലെ മറ്റ് നാല് കോർപ്പറേഷനുകളുടെയും വികസന മാസ്റ്റർ പ്ലാൻ തയ്യാറാക്കാൻ വിദഗ്ധ ഏജൻസികളെ ഏൽപ്പിക്കണം. ശാസ്ത്രീയമായ നഗരാസൂത്രണം, ചേരി നിർമ്മാർജ്ജനം, ജലനിർഗമന പദ്ധതികൾ, കുടിവെള്ളം എന്നിവയ്ക്ക് നേതൃത്വപരമായ മുൻകൈ സർക്കാർ തന്നെ ഏറ്റെടുക്കണം. തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് നഗര വികസന അതോറിറ്റികൾക്ക് സർക്കാർ സാമ്പത്തിക സഹായം നല്കുന്നു. പക്ഷേ തൃശ്ശൂർ, കൊല്ലം നഗര വികസന അതോറിറ്റികളോട് വിവേചനപരമായാണ് പെരുമാറുന്നത്. തൃശ്ശൂർ, കൊല്ലം നഗരവികസന അതോറിറ്റികൾക്കും അർഹമായ വാർഷിക ഗ്രാന്റ് നൽകണം. ഭരണസ്ഥാപനങ്ങളിൽനിന്നും നിയമപ്രകാരം നഗരവികസന അതോറിറ്റിക്ക് ലഭിക്കേണ്ട സംഖ്യ യഥാസമയം ലഭ്യമാക്കാൻ കർശന നിർദ്ദേശങ്ങൾ നൽകണം. കേന്ദ്ര സർക്കാരിന്റെ നിഷേധാത്മകമായ സമീപനം ഉണ്ടായിട്ടും നമ്മുടെ സംസ്ഥാനത്ത്

LIBRARY ARCHIVES Kerala Legislative Assembly

പൊതുവിതരണ സമ്പ്രദായം നല്ല നിലയിൽ നടത്തി വരുന്നത് വലിയ നേട്ടമാണ്. കമ്പ്യൂട്ടറിന്റെ സഹായത്തോടെ 64 ലക്ഷം പേർക്ക് റേഷൻകാർഡ് പുതുക്കി നൽകിയതും അന്നപൂർണ്ണ, അന്ത്യയോജന, അന്ത്യോദയ എന്നീ പദ്ധതികൾ വിജയകരമായി നടത്തുന്നതിനും ഉപഭോക്തൃ കാര്യങ്ങൾക്കും പ്രത്യേക വകുപ്പ് രൂപീകരിക്കുന്നതും നല്ലതുതന്നെ. റേഷൻഷാപ്പുകളിൽകൂടിയും മാവേലിസ്റ്റോർ വഴിയും വിതരണം ചെയ്യുന്ന ഭക്ഷ്യപദാർത്ഥങ്ങളുടെ ഗുണനിലവാരം ഉറപ്പു വരുത്തണം. ഞാൻ ഇനിയും ദീർഘിപ്പിക്കുന്നില്ല. ലോറി സമരംമൂലം അവശ്യസാധനങ്ങൾക്ക് ഉണ്ടായേക്കാവുന്ന വിലവർദ്ധനവ് പിടിച്ചുനിർത്താൻവേണ്ടി ഫലപ്രദമായ നടപടികൾ കൈക്കൊള്ളണമെന്ന് പറഞ്ഞുകൊണ്ട് ഞാൻ ഈ ധനാഭ്യർത്ഥനകളെ സർവ്വാത്മനാ പിന്താങ്ങുന്നു.

ശ്രീ. തോമസ് ഉണ്ണിയാടൻ: സർ, കേന്ദ്ര സർക്കാരിന്റെ വികലമായ നയംമൂലം കേരളത്തിൽ നിലവിലുണ്ടായിരുന്ന പൊതുവിതരണ സംവിധാനത്തിന്റെ പ്രസക്തി നഷ്ടപ്പെടുന്ന സന്ദർഭത്തിലാണ് ഐക്യജനാധിപത്യ മുന്നണി ഗവൺമെന്റ് അധികാരത്തിൽ വന്നത്. അങ്ങനെയുണ്ടായ സന്ദർഭത്തിൽ നിത്യോപയോഗ സാധനങ്ങളുടെ വില കുറച്ചു കൊണ്ടുവരുവാനും നല്ലയിനം അരിയും ഗോതമ്പും പൊതുവിതരണ സ്ഥാപനങ്ങളിലൂടെ നൽകാനുമൊക്കെ സാധിച്ച് ഇതിന്റെ പ്രസക്തി വീണ്ടെടുത്ത ഗവൺമെന്റാണ് ഇപ്പോൾ നാട് ഭരിക്കുന്നത്. ഞാൻ അഭിമാനപൂർവ്വം ഈ ധനാഭ്യർത്ഥനകളെ പിന്താങ്ങുകയാണ്. നല്ലൊരു പ്രസക്തി പൊതു വിതരണ സംവിധാനത്തിൽ കൊണ്ടുവന്ന കഴിഞ്ഞ രണ്ട് വർഷ കാലഘട്ടത്തിനിടയിൽ വിപ്ലവാത്മകമായിട്ടുള്ള നടപടികൾ സ്വീകരിച്ച് പൊതുവിതരണ സംവിധാനത്തിന്റെ പ്രസക്തി വർദ്ധിപ്പിക്കാൻ ഈ ഗവൺമെന്റിന് സാധിച്ചു എന്ന കാര്യം ഞാൻ അഭിമാനത്തോടെ ഓർക്കുകയാണ്. നിത്യോപയോഗ സാധനങ്ങളുടെ ഉപയോഗം കൂടുതലായി വർദ്ധിക്കുന്നത് ഫെസ്റ്റിവെൽ സമയങ്ങളിലാണ്. ആ സന്ദർഭങ്ങളിൽ കുതിച്ചുയരുമായിരുന്ന നിത്യോപയോഗ സാധനങ്ങളുടെ വില പിടിച്ചു നിർത്താൻ ഈ ഗവൺമെന്റിനു കഴിഞ്ഞു. അതുപോലെതന്നെ ലോറി സമരം ഉണ്ടായിരുന്ന സന്ദർഭത്തിൽ നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധിച്ച് നമ്മുടെ വീടുകളിലെ ബഡ്ജറ്റ് സംവിധാനം തകരാതിരിക്കാൻവേണ്ടി ഗവൺമെന്റ് സമയോചിതമായി ഇടപെട്ടു. അതുപോലെ 64 ലക്ഷത്തോളം റേഷൻകാർഡുകൾ കമ്പ്യൂട്ടറിന്റെ സഹായത്തോടെ പുതുക്കി കൊടുക്കാൻ ഈ ഗവൺമെന്റ് നടപടി സ്വീകരിച്ചു എന്നുള്ളത് ഒരു പ്രത്യേകതയാണ്. പാവപ്പെട്ട ആളുകൾക്ക് മൂന്ന് രൂപ നിരക്കിൽ പ്രതിമാസം 35 കിലോ അരി വീതം കൊടുക്കാനുള്ള സംവിധാനം സ്വീകരിച്ചു എന്നതും ഒരു പ്രത്യേകത തന്നെയാണ്. 'അന്നപൂർണ്ണ പദ്ധതി' 65 വയസ്സിന് മുകളിലുള്ള ആളുകൾക്ക് 10 കിലോ അരി വീതം കൊടുക്കുന്ന പദ്ധതി വളരെ കാര്യക്ഷമമായി നടപ്പിലാക്കാൻ കഴിഞ്ഞു. അതുപോലെ നമ്മുടെ സംസ്ഥാനത്ത് മാവേലി സ്റ്റോറുകൾ, ലാഭ മാർക്കറ്റുകൾ, മാവേലി മെഡിക്കൽ സ്റ്റോറുകൾ എന്നിവ സ്ഥാപിച്ചുകൊണ്ട് ഒരു നൂതനമായ അദ്ധ്യായം കുറിക്കുവാനും നല്ല നിലയിൽ പുരോഗതിയിലേയ്ക്ക് കൊണ്ടുപോകാനും ഈ ഗവൺമെന്റിന് കഴിഞ്ഞു എന്നുള്ളതുകൊണ്ടുതന്നെ ബഹുമാന്യനായ സിവിൽ സപ്ലൈസ് വകുപ്പുമന്ത്രിയെ അനുമോദിക്കുകയാണ്. അദ്ദേഹത്തോട് എനിക്കുള്ള റിക്വസ്റ്റ് റേഷൻ കാർഡുകളിൽ കടന്നുകൂടിയുള്ള ബി.പി.എൽ. ലിസ്റ്റിന്റെ ഒരു ചെറിയ തകരാറ് പരിഹരിക്കാൻവേണ്ടി, സംസ്ഥാന ഗവൺമെന്റിനുതന്നെ അത് പരിഹരിക്കാൻ കഴിയുമെന്ന് ഞാൻ വിശ്വസിക്കുന്നില്ല, കേന്ദ്ര ഗവൺമെന്റിന്റെകൂടെ സഹായത്തോടുകൂടി സർവ്വേ നടത്തിയതിനു ശേഷമായിരിക്കും ഒരുപക്ഷേ അത് പരിഹരിക്കാൻ കഴിയുക. അങ്ങനെയുള്ള സർവ്വേ വളരെ വേഗത്തിൽ നടത്താനും അപാകത പരിഹരിക്കാനും ആവശ്യമായ നടപടി

LIBRARY ARCHIVES Kerala Legislative Assembly

സ്വീകരിക്കണമെന്ന് ഞാൻ വിനീതമായി അപേക്ഷിക്കുകയാണ്. ഞാൻ ബഹുമാന്യനായ തദ്ദേശ സ്വയംഭരണവകുപ്പുമന്ത്രി അവതരിപ്പിച്ച ധനാഭ്യർത്ഥനകളെ അഭിമാനപൂർവ്വം പിന്താങ്ങുകയാണ്. പ്രാദേശിക വികസനം പ്രാവർത്തികമാക്കുന്നതിനുവേണ്ടി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ പ്രാപ്തമാക്കി എന്നുള്ളതാണ് ഏറ്റവും വലിയ പ്രത്യേകത. ബാഹ്യമായിട്ടുള്ള വലിയ വലിയ ശക്തികളുടെ ഇടപെടൽ ഇതിമുമ്പ് നമ്മുടെ നാട്ടിൽ ഉണ്ടായിട്ടുള്ളത് നമുക്കറിയാം. അതിന് വ്യത്യസ്തമായി ബാഹ്യശക്തികളുടെ ഇടപെടലില്ലാതെ സ്വതന്ത്ര അധികാര വികേന്ദ്രീകരണം നടത്തി പ്രാദേശിക വികസനം പ്രാപ്തമാക്കാൻവേണ്ടി നടപടി സ്വീകരിച്ചുവെന്ന് ഞാൻ പ്രത്യേകം എടുത്തു പറയട്ടെ. അതോടൊപ്പംതന്നെ കഴിഞ്ഞ ജനകീയാസൂത്രണ പദ്ധതിയിൽ സംസ്ഥാനത്ത് നടപ്പിലാക്കിയ കാര്യങ്ങളിൽ ഉണ്ടായിട്ടുള്ള അഴിമതി. ആ അഴിമതിയുടെ ഞെട്ടിക്കുന്ന വർത്തമാനങ്ങൾ പുറത്തുവന്നുകൊണ്ടിരിക്കുന്ന സന്ദർഭത്തിൽ പ്രത്യേകിച്ച്, 300 കോടിയുടെ തട്ടിപ്പ് ഉണ്ടെന്ന് ആധികാരികമായി കണ്ടുപിടിക്കപ്പെട്ടിരിക്കുന്ന സാഹചര്യത്തിൽ ഇനി ഒട്ടും വൈകാതെ ഈ കുറ്റവാളികൾക്കെതിരെ ശക്തമായ നടപടി സ്വീകരിക്കാൻ മുന്നോട്ട് വരണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. നമ്മൾ ഏറ്റവും പരമപ്രധാനമായി ഇവിടെ സംസാരിച്ചിരുന്നത് ആണെങ്കിൽപ്പോലും ക്ലീൻ കേരള പദ്ധതി പ്രത്യേകമായി എടുത്തു പറയേണ്ട കാര്യംതന്നെയാണ്. മലയാളികൾക്ക് ഏറ്റവും വലിയ ഒരു പ്രത്യേകതയുണ്ട്. സ്വന്തമായിട്ടുള്ള കാര്യങ്ങൾക്ക്, പ്രത്യേകിച്ച് അവനവന്റെ ശരീരം വെടിപ്പാക്കി നല്ല വസ്ത്രധാരണം നടത്തി ജീവിക്കാൻ മലയാളികൾക്ക് വലിയ താല്പര്യമാണ്. അത് ലോകത്തെല്ലായിടത്തും ശ്രദ്ധേയമായിട്ടുള്ള കാര്യമാണ്. പക്ഷേ നമ്മുടെ പരിസര ശുചീകരണത്തിൽ നമ്മൾ ഒട്ടും ശ്രദ്ധിക്കാറില്ല എന്നുള്ളത് അനുദിനം വർദ്ധിച്ചുകൊണ്ടിരിക്കുന്ന ഒരു സന്ദർഭത്തിലാണ് ക്ലീൻ കേരള പദ്ധതിയുമായി ബഹുമാന്യനായ തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി മുന്നോട്ടു വന്നിരിക്കുന്നത്. നഗരങ്ങളിലും കോർപ്പറേഷനുകളിലും ഇത് ഫലപ്രദമായി നടപ്പാക്കിക്കൊണ്ട്, നഗരങ്ങളും കോർപ്പറേഷനുകളും ക്ലീനാക്കാനുള്ള നടപടി, ഏപ്രിൽ മാസം ഒന്നാം തീയതി എല്ലാ സ്ഥലങ്ങളിലേയ്ക്കും അത് കൊണ്ടുപോകുന്നുവെന്നുള്ളത് ഏറ്റവും പ്രസക്തമായ ഒരു കാര്യമാണ്. അദ്ദേഹത്തെ ഞാൻ അനുമോദിക്കുകയാണ്. 'ആശ്രയ പദ്ധതി' അശരണരും നിരാലംബരുമായ അഗതികളുടെ സംരക്ഷണത്തിനും പുനരധിവാസത്തിനുംവേണ്ടി നടപ്പിലാക്കി വരുന്ന ആശ്രയ പദ്ധതി തികച്ചും മാതൃകാപരമായ കാര്യമാണ്. കേന്ദ്ര ആസൂത്രണ കമ്മീഷന്റെ പ്രശംസപോലും ഇതിന് പിടിച്ചുപറ്റാൻ കഴിഞ്ഞുവെന്നുള്ളത് ഇതിന്റെ പ്രത്യേകതയാണ്. എന്റെ നിയോജകമണ്ഡലത്തിലെ പറപ്പൂക്കര പഞ്ചായത്ത് ഏറ്റവും നന്നായി പ്രവർത്തിക്കുന്ന പഞ്ചായത്തുകളിലൊന്നാണ്. ആ പഞ്ചായത്താണ് ഇതിന് ആദ്യമായി പ്രോജക്ട് സമർപ്പിച്ചതും. ആ പഞ്ചായത്തിന്റെ പദ്ധതിരേഖ പ്രകാശനം ചെയ്യുന്നതിനായി ബഹുമാനപ്പട്ട മന്ത്രിതന്നെ വരികയും അത് പ്രസിദ്ധീകരിക്കുകയും ചെയ്തതാണ്. ആ നിലയിൽ നടത്തുന്ന കാര്യങ്ങളെയൊക്കെ അഭിനന്ദിക്കുന്നതോടൊപ്പംതന്നെ ഒറ്റ കാര്യംകൂടിപറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കാം. കുറച്ചു വർഷങ്ങൾക്കുമുമ്പ് നമ്മുടെ നിയമസഭയിൽ ഒരു ബിൽ കൊണ്ടുവരികയും അത് ആക്ടാക്കുകയും ചെയ്തത് നമുക്ക് എല്ലാവർക്കും അറിയാം. പ്രാദേശിക ഭരണകൂടങ്ങളിലേയ്ക്കുവേണ്ടി സ്ഥാനാർത്ഥികൾ നോമിനേഷൻ നൽകിയ സന്ദർഭത്തിൽ സ്ഥാനാർത്ഥികൾക്ക് തെരഞ്ഞെടുപ്പ് കമ്മീഷൻ നൽകിയ ഫോറത്തിൽ ഒരു വാക്ക് ഇല്ലായിരുന്നു. ആ വാക്ക് ഇല്ലാതിരുന്ന കാരണത്താൽ ബഹുമാനപ്പെട്ട ഹൈക്കോടതി ഫെബ്രുവരി മാസം 4-ാം തീയതി അങ്ങനെയുള്ള സ്ഥാനാർത്ഥികളായിരുന്ന ഇരിങ്ങാലക്കുട മുനിസിപ്പാലിറ്റിയിലെ കൗൺസിലർമാരുടെ തെരഞ്ഞെടുപ്പ്

LIBRARY ARCHIVES Kerala Legislative Assembly

അസാധുവാക്കുകയുണ്ടായി. അതിനുശേഷം നമ്മൾ ഒരു ഓർഡിനൻസ് പുറപ്പെടുവിച്ചു. മാർച്ച് മാസം 29-ാം തീയതിയാണ് ഓർഡിനൻസ് പുറത്തുവന്നത്. നോമിനേഷൻ നൽകിയ സന്ദർഭത്തിൽ വാക്കുകൾ വിട്ടുപോയാലും പിന്നീട് സ്ഥാനാർത്ഥികളായി തെരഞ്ഞെടുക്കപ്പെട്ടു കഴിഞ്ഞാൽ അവർ ശരിയായ ഫോറത്തിൽ സർട്ടിഫൈ ചെയ്തിട്ടുണ്ടെങ്കിൽ അവരെ സാധുവാക്കുമെന്നുള്ളതാണ് ഓർഡിനൻസ്. അതിനുശേഷം നമ്മൾ ബിൽ ആയി കൊണ്ടുവരികയും ആ ബിൽ ഇവിടെ പാസ്സാക്കുകയും ചെയ്തു. ഇപ്പോൾ നമ്മുടെ ബഹുമാനപ്പെട്ട ഹൈക്കോടതി ജൂലായ് മാസം ഒന്നാം തീയതി ഇരിങ്ങാലക്കുട മുനിസിപ്പാലിറ്റിയിലെ തെരഞ്ഞെടുക്കപ്പെട്ട കൗൺസിലർമാരുടെ പ്രവർത്തനങ്ങൾ ഒരു മാസത്തേയ്ക്ക് മരവിപ്പിച്ചുകൊണ്ടുള്ള ഒരു ഉത്തരവ് പുറപ്പെടുവിച്ചിരിക്കുകയാണ്. ഈ ഉത്തരവ് വന്നതുകൊണ്ട് നമുക്ക് വലിയ ഒരു നഷ്ടം ഉണ്ടായിരിക്കുകയാണ്. നമ്മൾ വളരെയധികം മണിക്കൂറുകൾ ചെലവഴിച്ച് ചർച്ച ചെയ്ത് പാസ്സാക്കിയ നിയമത്തെ വീണ്ടും ചലഞ്ച് ചെയ്തിരിക്കുന്നു. നിയമനിർമ്മാണത്തെപ്പോലും ചോദ്യം ചെയ്തിരിക്കുന്നു. ഹൈക്കോടതിയിൽ വന്നിരിക്കുന്ന കേസിൽ ഓർഡിനൻസിനേയും ബില്ലിനേയും ആക്ടിനേയുമൊക്കെ ചോദ്യം ചെയ്തിരിക്കുകയാണ്. അങ്ങനെ ഒരു സാഹചര്യമാണുള്ളത്. ഇരിങ്ങാലക്കുടയിൽ മാത്രമല്ല കേരളത്തിലെ മുഴുവൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും വീണ്ടും തകരാൻ പോകുന്നു. ഈ ആക്ടിനെ സംബന്ധിച്ചിടത്തോളം പ്രസക്തി ഇല്ലാതെ വരുന്നു. അതുകൊണ്ട് എനിക്ക് പറയാനുള്ളത്, അതിശക്തമായി ഇക്കാര്യത്തിൽ ഗവൺമെൻറ് മുന്നോട്ടു പോകണം. ഒരു കാര്യംകൂടി പറയട്ടെ, തെറ്റായ ഫോറങ്ങൾ നൽകിയ തെരഞ്ഞെടുപ്പ് കമ്മീഷനെതിരെ, അതിലെ ഉദ്യോഗസ്ഥർക്കെതിരെ, നാളിതുവരെ ഗവൺമെൻറ് നടപടി സ്വീകരിച്ചിട്ടില്ല. ഇത് വളരെ ഗുരുതരമായ ഒരു കാര്യമാണെന്ന് എടുത്തു പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. അതുകൊണ്ട് വളരെ ശക്തമായ നിലയിൽ കാര്യങ്ങൾ ഹൈക്കോടതിയെ ബോദ്ധ്യപ്പെടുത്തിക്കൊണ്ട് ഈ കേസിൽ അനുകൂല തീരുമാനമുണ്ടാക്കാനും ഇതിനെക്കുറിച്ച് ഗൗരവമായി ചിന്തിക്കാനും ഗവൺമെന്റ് തയ്യാറാകണമെന്നുകൂടി പറഞ്ഞുകൊണ്ട് ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്താങ്ങുന്നു.

ശ്രീ. എൻ. ശക്തൻ: സർ, രണ്ട് മന്ത്രിമാർ അവതരിപ്പിച്ചിട്ടുള്ള ധനാഭ്യർത്ഥനകളേയും ഞാൻ അനുകൂലിക്കുന്നു. കഴിഞ്ഞ അഞ്ച് വർഷത്തെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഭരണകാലത്ത് നിത്യോപയോഗ സാധനങ്ങളുടെ വില ദിവസംപ്രതി വർദ്ധിച്ചു വരികയായിരുന്നു. റേഷൻ കടകളിലൂടെ നൽകിയിരുന്ന അരി മൃഗങ്ങൾക്കുപോലും നൽകാൻ പറ്റാത്തതായിരുന്നു. വളരെ ദീർഘ വീക്ഷണത്തോടുകൂടി നിരവധി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയതുകൊണ്ട് ഇപ്പോൾ നല്ല അരി സാധാരണ ജനങ്ങൾക്ക് എത്തിച്ചു കൊടുക്കുന്നതിന് കഴിഞ്ഞു. അതിന് ബഹുമാനപ്പെട്ട ഭക്ഷ്യ വകുപ്പുമന്ത്രിയെ ഞാൻ പ്രത്യേകമായി അഭിനന്ദിക്കുന്നു. വിളപ്പിൽശാല ജൈവവള ഫാക്ടറി വിളപ്പിൽശാല പഞ്ചായത്തിലെ ആളുകൾക്കു മാത്രമല്ല, തിരുവനന്തപുരം നഗരത്തിലെ ആളുകൾക്കും തീരാശാപമായി മാറിയിരിക്കുകയാണ്. അന്ന് അതിനെ എതിർത്ത ജനപ്രതിനിധികളേയും സ്ത്രീകളേയും കുട്ടികളേയും പോലീസിനെക്കൊണ്ട് ക്രൂരമായി തല്ലിച്ചതച്ചു. അവരുടെ പേരിൽ കള്ളക്കേസെടുത്ത് അവരെ ജയിലിൽ അടച്ചുകൊണ്ടാണ് വിളപ്പിൽശാലയിൽ ഈ ജൈവവള ഫാക്ടറി പ്രവർത്തനം ആരംഭിച്ചത്. സത്യത്തിൽ ഈ ഫാക്ടറി സ്ഥാപിച്ചത് മാലിന്യ സംസ്ക്കരണത്തിനല്ല മറിച്ച് സാമ്പത്തിക സംഭരണത്തിനു വേണ്ടിയാണ്. ഈ ഫാക്ടറി ഇന്നും പഞ്ചായത്തിലെ മുഴുവൻ ആളുകളേയും നിത്യരോഗികളാക്കി മാറ്റിക്കൊണ്ട് പലരുടേയും കറവപ്പശുവായി തുടരുകയാണ്. തലസ്ഥാന നഗര വികസനത്തിനുവേണ്ടി 300 കോടി രൂപ

LIBRARY ARCHIVES Kerala Legislative Assembly

ഈ ഗവൺമെന്റ് ചെലവാക്കാൻ പോവുകയാണ്. അതിൽ 75 കോടി രൂപ ഈ വർഷം തന്നെ ചെലവഴിക്കുന്നു. തലസ്ഥാനം മോടിപിടിപ്പിക്കുന്നതിന്, വികസിപ്പിക്കുന്നതിന്, ധാരാളം പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കുന്നു. ആ സമയത്ത് ഇവിടെ ചപ്പുചവറുകൾ മാറിയില്ലായെങ്കിൽ, മാലിന്യങ്ങൾ മാറിയില്ലായെങ്കിൽ ഇതുകൊണ്ട് എന്തു ഫലമെന്ന് നമ്മൾ ചിന്തിക്കണം. ഇന്ന് അവിടെസ്ഥാപിച്ചിരിക്കുന്ന പോബ്സൺ കമ്പനിയുടെ ജൈവവള ഫാക്ടറിയിൽ, അദ്ദേഹത്തിന് ഒറ്റ ലക്ഷ്യം മാത്രമേയുള്ളൂ, ധനസമ്പാദനം. തിരുവനന്തപുരം കോർപ്പറേഷനും ഈ ഫാക്ടറിയുടെ ഉടമയും മറ്റു ചില ആളുകളുംകൂടി ഒത്തുചേർന്നു നടത്തുന്ന ഒരു ഒത്തുകളിയാണ് ഇപ്പോൾ അവിടെ നടക്കുന്നത്. ആ ഫാക്ടറി സ്ഥാപിച്ചത് ബി. ഒ. ടി. സ്കീമിലെന്നാണ് പറഞ്ഞത്. അന്ന് കോർപ്പറേഷനിലെ പ്രതിപക്ഷ നേതാവായിരുന്ന ശ്രീ. എം. എ. വാഹിദ് ഇപ്പോൾ ഈ സഭയിൽ ഇരിപ്പുണ്ട്. അന്ന് കൗൺസിലർമാരോട് പറഞ്ഞത് ഇത് ബി. ഒ. ടി. സ്കീമിലാണെന്നാണ്. എന്നു പറഞ്ഞാൽ 30 വർഷം കഴിഞ്ഞ് ഗവൺമെന്റിന് ഈ ഫാക്ടറി തിരിച്ചുവരും. ഇന്നലെ ഞാൻ ബഹുമാനപ്പെട്ട മന്ത്രിയോട് ഒരു ചോദ്യം ചോദിച്ചു. ഈ ഫാക്ടറി ബി. ഒ. ടി. സ്കീമിലാണോ സ്ഥാപിച്ചിരിക്കുന്നതെന്ന്. മന്ത്രി എനിക്കു തന്ന മറുപടി ബി. ഒ. ടി. സ്കീമിലല്ല ബി. ഒ. ഒ. എം. സ്കീമിൽ ആണെന്നാണ്. എന്നു പറഞ്ഞാൽ Build Operate Own and Maintain ഒരിക്കലും ഫാക്ടറി തിരിച്ച് തരേണ്ടായെന്ന്.

ശ്രീ. എം. എ. വാഹീദ്: ഈ കരാറിന്റെ ഫലമായി സി.പി.എം.നും ശാസ്ത്ര സാഹിത്യ പരിഷത്തിന്റെ നേതാവായിരുന്ന അവിടത്തെ സെക്രട്ടറിക്കും ലക്ഷക്കണക്കിന് രൂപ ലഭിച്ചത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. എൻ. ശക്തൻ: ബഹുമാനപ്പെട്ട വാഹീദ്, അങ്ങേയ്ക്ക് തെറ്റ് പറ്റിപ്പോയി. ലക്ഷക്കണക്കിന് രൂപയല്ല കോടിക്കണക്കിന് രൂപയാണ്. ഒന്നരക്കോടി രൂപ മാത്രമാണ് അവിടെ ചെലവഴിച്ചിട്ടുള്ളത്. വെളിയിൽ പറയുന്നത് 9 കോടി രൂപ ചെലവഴിച്ചു എന്നാണ്. സത്യത്തിൽ അവിടെ ചെലവഴിച്ചത് ഒന്നരക്കോടി രൂപ മാത്രമാണ്.

ശ്രീ. എം. വി. ജയരാജൻ: സഭയിൽ ഇല്ലാത്ത ഒരാളെപ്പറ്റി അവാസ്തവമായ ആരോപണം ഇവിടെ ഉന്നയിക്കുകയാണ്. ചട്ടം 306 പ്രകാരം ഇത് രേഖയിൽനിന്ന് നീക്കം ചെയ്യണം. അങ്ങനെ എന്തും പറയാനുള്ള ഒന്നല്ല നിയമസഭ.

.....ബഹളം.....ബഹളം.....

മി. ഡെപ്യൂട്ടി സ്പീക്കർ: എന്ത് പോയിന്റാണുള്ളത്. പ്ളീസ്.....പ്ളീസ്.....

ശ്രീ. എൻ. ശക്തൻ: ഈ പോയിന്റ് ഓഫ് ഓർഡർ ഒന്നും എന്റെ സമയത്ത് ഉൾപ്പെടുത്തരുത്. എനിക്ക് അനുവദിച്ച സമയം തരാൻ പോയിന്റ് ഓഫ് ഓർഡർ ഒന്നും എന്റെ സമയത്ത് ഉൾപ്പെടുത്തരുത്.

മി. ഡെപ്യൂട്ടി സ്പീക്കർ : നമ്മുടെ ബഹുമാനപ്പെട്ട ഉന്നതൻമാർ പറയുന്ന കാര്യങ്ങളൊന്നും നീക്കം ചെയ്യാൻ ഒക്കുകയില്ല.....(ബഹളം).....(ബഹളം)..... പ്ളീസ്.....പ്ളീസ്.....കാരണം വളരെ മിടുക്കൻമാരാണ് ഈ പറയുന്നത്.

ശ്രീ. എൻ. ശക്തൻ: മുതലാളിമാർ വാങ്ങാവുന്ന സൗകര്യങ്ങൾ മുഴുവൻ വാങ്ങിയതിനുശേഷം അടച്ചുപൂട്ടി പോകും എന്നുള്ള കാര്യത്തിൽ സംശയമില്ല. 12 ഏക്കർ വസ്തുവാണ് കൊടുത്തത്. ഇന്നലെ ബഹുമാനപ്പെട്ട മന്ത്രിയോട് ചോദിച്ചപ്പോൾ പറഞ്ഞു പന്ത്രണ്ടര ഏക്കർ വസ്തുവാണ് കൊടുത്തതെന്ന്. പന്ത്രണ്ടര ഏക്കർ വസ്തുവല്ല.

LIBRARY ARCHIVES Kerala Legislative Assembly

ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് അറിയില്ലെങ്കിൽ ഞാൻ പറയാം. 18 ഏക്കർ 70 സെന്റ് വസ്തു കൂടുതൽ കൊടുക്കുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തി ആയിക്കഴിഞ്ഞിരിക്കുന്നു. ഇനിയും 18 ഏക്കർ 70 സെന്റ് വസ്തു കൊടുക്കാൻ പോകുകയാണ്. ഇത് പോബ്സണ്, ഈ സ്വകാര്യ മുതലാളിക്ക്, നമ്മുടെ സർക്കാർ ഖജനാവിലെ ജനങ്ങളുടെ പൈസ, കോടിക്കണക്കിനു രൂപ വെറുതെ കൊടുക്കുകയാണ്. പന്ത്രണ്ടര ഏക്കർ എഴുതി കൊടുത്തു കഴിഞ്ഞു. 18 ഏക്കർ 70 സെന്റ് കൊടുക്കാൻ പോകുകയാണ്. അതു മാത്രമല്ല ഇന്നലെ ബഹുമാനപ്പെട്ട മന്ത്രിയോട് ഈ വസ്തു പണയം വച്ച് ഏതെങ്കിലും ലോൺ എടുത്തിട്ടുണ്ടോ എന്ന് ചോദിച്ചു. ബഹുമാനപ്പെട്ട മന്ത്രിക്ക് അറിയില്ലെന്നാണ് പറഞ്ഞത്. ബഹുമാനപ്പെട്ട മന്ത്രിക്ക് അറിയില്ലെങ്കിൽ ഞാൻ അങ്ങോട്ടു പറഞ്ഞു തരാം. ബാങ്കിൽനിന്ന് ലോൺ എടുത്തു. 8 കോടി രൂപ കൂടി എടുക്കുന്നതിനുള്ള നടപടിക്രമങ്ങളും പൂർത്തിയായി കഴിഞ്ഞിരിക്കുകയാണ്. വെറും ഒന്നര കോടി രൂപ മാത്രം മുതൽ മുടക്കി സ്ഥാപിച്ച ഫാക്ടറി ആദ്യം മൂന്നും ഇപ്പോൾ ഏഴും അങ്ങനെ 10 കോടി രൂപ ലോൺ എടുക്കുകയാണ്. എന്തിനാണ് സർ ഈ പൈസ? ഒരു സുപ്രഭാതത്തിൽ അദ്ദേഹം ഇത് അടച്ചു പൂട്ടി കിട്ടാവുന്നതു മുഴുവൻ കൊണ്ടുപോകും എന്ന കാര്യത്തിൽ സംശയമില്ല. ഈ സംസ്ഥാനത്തെ പാവപ്പെട്ട ജനങ്ങളുടെ പൈസ ഒരു സ്വകാര്യ വ്യക്തി വാങ്ങി. ഇത്തരത്തിൽ കൊടുക്കാൻ പറ്റില്ല. അത് തടയണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. മറ്റൊരു എഗ്രിമെന്റ് വച്ചിട്ടുള്ളത് ഒരു ദിവസം 300 ടൺ ചവറ് കൊടുത്തില്ലെങ്കിൽ ഒരു ദിവസം നാൽപ്പത്തൊൻപതിനായിരം രൂപ വീതം ആ കമ്പനിക്ക് നഷ്ട പരിഹാരം കൊടുക്കണം എന്നാണ്. കമ്പനി പ്രവർത്തനം ആരംഭിച്ചിട്ട് ഇന്ന് 1115 ദിവസം തികയുകയാണ്. കമ്പനി ആവശ്യപ്പെട്ടാൽ അഞ്ചു കോടി നാൽപ്പത്തിയാറു ലക്ഷത്തി മുപ്പത്തയ്യായിരം രൂപ ആ കമ്പനിക്ക് നഷ്ട പരിഹാരമായി കൊടുക്കണം. അന്ന് അവിടെ പറഞ്ഞത് ഒരു ദിവസം 300 ടൺ ചവർ കൊടുത്തില്ലെങ്കിൽ നാൽപ്പത്തൊൻപതിനായിരം രൂപ നഷ്ട പരിഹാരമായി കൊടുക്കാമെന്നാണ്. ഞാനൊന്നു ചോദിക്കട്ടെ, പ്രവർത്തനം തുടങ്ങിയിട്ട് 1115 ദിവസമായി. ഒരു ദിവസമെങ്കിലും 300 ടൺ ചവർ അവർക്ക് കൊടുക്കാൻ കഴിഞ്ഞോ? 300 ടൺ പോട്ടെ അതിന്റെ പകുതിയായ 150 ടൺ പോലും ഇതുവരെ കൊടുക്കാൻ കഴിഞ്ഞില്ല. ഈ ഫാക്ടറി സ്ഥാപിച്ച സമയത്തും, ഇനി ഒരു പത്തു വർഷം കഴിഞ്ഞാലും 300 ടൺ ചവർ ഒരു ദിവസം കൊടുക്കാൻ കഴിയുകയില്ല എന്ന് അറിഞ്ഞു കൊണ്ടു തന്നെയാണ് ഈ മുതലാളിയെ സഹായിക്കുന്നതിന് ഈ ക്ളാസ് ഉൾപ്പെടുത്തിയത്. അഞ്ചര കോടി രൂപ പോബ്സൺ ആവശ്യപ്പെട്ടാൽ അപ്പോൾ കൊടുക്കണം. കൊടുത്തില്ലെങ്കിൽ കൊടുക്കാൻ കോടതി പറയും. അപ്പോൾ രൂപയും രൂപയുടെ പലിശയും കൊടുക്കേണ്ടി വരും. തിരുവനന്തപുരം കോർപ്പറേഷൻ വിറ്റാൽപോലും ഇത് കിട്ടുകയില്ല. സെക്രട്ടേറിയറ്റും കൂടി ഈ സ്വകാര്യ മുതലാളിക്ക് കൊടുക്കേണ്ടിവരും എന്നാണ് എനിക്ക് പറയാനുള്ളത്. ഇത് എത്രയും വേഗം അടച്ചു പൂട്ടുന്നോ അത്രയും ഈ സംസ്ഥാനത്തിന് ഗുണകരമാണ് എന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. 300 ടൺ ചവർ സംസ്ക്കരിക്കാൻ കിട്ടാത്തതിന്റെ പേരിൽ നഷ്ട പരിഹാരം ആവശ്യപ്പെടുന്ന ഫാക്ടറി, അവിടെ 300 ടൺ ചവർ സംസ്ക്കരിക്കാവുന്ന ഫാക്ടറി അല്ല സ്ഥാപിച്ചിരിക്കുന്നത്. വെറും 150 ടൺ സംസ്ക്കരിക്കാവുന്ന ഫാക്ടറിയാണ്. 150 ടൺ മാത്രം സംസ്ക്കരിക്കാവുന്ന ഫാക്ടറി സ്ഥാപിച്ചിട്ട് 300 ടൺ ചവർ കിട്ടിയില്ല എന്നു പറഞ്ഞുകൊണ്ട് നാൽപ്പത്തൊൻപതിനായിരം രൂപ നഷ്ട പരിഹാരം ആവശ്യപ്പെടുന്നത് ഒരിക്കലും ശരിയല്ല. എഗ്രിമെന്റിൽ പറഞ്ഞിട്ടുള്ളത് ഇവിടെ ഉൽപ്പാദിപ്പിക്കുന്ന വളം വിറ്റഴിക്കാനുള്ള ഉത്തരവാദിത്വം എന്നു പറയുന്നത് കോർപ്പറേഷനോ ഗവൺമെന്റിനോ അല്ല, ഒരു സ്വകാര്യ വ്യക്തിക്ക് മാത്രമാണ്. പക്ഷെ നിർഭാഗ്യകരമെന്നു പറയട്ടെ കഴിഞ്ഞ കുറേ ദിവസങ്ങൾക്കു മുമ്പ് തിരുവനന്തപുരം ജില്ലാ പഞ്ചായത്ത്

LIBRARY ARCHIVES Kerala Legislative Assembly

ആയിരം ടൺ വളം വിലയ്ക്കു വാങ്ങിയിരിക്കുന്നു. 45 ലക്ഷം രൂപയാണ് ആ വളത്തിന് കൊടുക്കുന്നത്. ഞാൻ ബഹുമാനപ്പെട്ട മന്ത്രിയോട് ഇന്നലെ ചോദിച്ചു. ഈ വളം എന്തു ചെയ്തു, വിലയ്ക്കാണോ കൊടുത്തത്, അതോ ഫ്രീ ആയിട്ടാണോ കൊടുത്തത് എന്ന്. മന്ത്രി എനിക്ക് തന്ന മറുപടി 'ഈ വളം വെറുതെ ജനങ്ങൾക്ക് കൊടുത്തു' എന്നാണ്. 45 ലക്ഷം രൂപ ഒരു സ്വകാര്യ മുതലാളിക്ക് കൊടുത്തുകൊണ്ട് വാങ്ങിയ വളം വെറുതെ ആളുകൾക്ക് കൊടുക്കുന്നു. ഈ വളം വെറുതെ കൊടുത്താലും ആളുകൾ വാങ്ങി ഒന്നിന്റേയും മുട്ടിൽ ഇടില്ല. ഈ വളം ഇട്ടാൽ ഉള്ളതു കൂടി കരിയും. പോബ്സൺ മുതലാളിക്ക് പതിനായിരം ഏക്കർ വസ്തുവുണ്ട്. ഈ പതിനായിരം ഏക്കർ വസ്തുവിൽ ഇതുവരെ, ഈ മൂന്ന് വർഷത്തിനിടയിൽ, ഒരു ടൺ വളംപോലും ഉപയോഗിച്ചിട്ടില്ല. ഗുണനിലവാര മില്ലാത്ത, കൃഷിക്ക് ദോഷകരമായ വളം കൃഷിയെ നശിപ്പിക്കും എന്നുള്ളതുകൊണ്ടാണ് ഉപയോഗിക്കാത്തത്. തിരുവനന്തപുരം കോർപ്പറേഷന് എത്രയോ പാർക്കുകളുണ്ട്, എത്രയോ ചെടികളുണ്ട്. ഇതുവരെ അവരുടെ അധീനതയിലുള്ള ഈ കമ്പനിയുടെ ഒരു കിലോ വളം പോലും ഉപയോഗിച്ചിട്ടില്ല. ചെടികളെല്ലാം നശിക്കുമെന്നുള്ളതുകൊണ്ടാണ്. നഗരത്തിലെ ജനങ്ങൾ ആദ്യം വിചാരിച്ചത് വിളപ്പിൽ പഞ്ചായത്തിലെ ജനങ്ങൾക്കു മാത്രമാണ് ബുദ്ധിമുട്ട് ഉണ്ടാക്കുന്നതെന്നാണ്. സത്യത്തിൽ അതല്ല. മാലിന്യങ്ങൾ മുഴുവൻ അവിടെ കൊണ്ട് കൂട്ടിയിട്ട് മഴയത്ത് അതിലൂടെ ഒലിച്ചിറങ്ങുന്ന ജലവും അതുപോലെ ഫാക്ടറിയിൽനിന്ന് ഒഴുകി വരുന്ന വിസർജ്ജ്യ ജലവും എല്ലാം കൂടി ചേർന്ന് അടുത്ത് ഒരു തോടിലൂടെ ഒഴുകി എത്തുന്നത് നമ്മുടെ കരമന ആറിലാണ്. കരമനയാറിൽനിന്ന് നാലു ശുദ്ധജല വിതരണ പദ്ധതികൾക്ക് വെള്ളം എടുക്കുകയാണ്. ആ നാലു പദ്ധതികൾ ഇലഞ്ഞിക്കര, കുണ്ടമൺ ഭാഗം, മങ്കാട്ടുകടവ്, തൃക്കണ്ണാപുരം എന്നിവയാണ്. വിളപ്പിൽശാല ജൈവ ഫാക്ടറിയിൽനിന്ന് ഒഴുക്കി വിടുന്ന മലിന ജലം.....

മി. ഡെപ്യൂട്ടി സ്പീക്കർ : ബഹുമാനപ്പെട്ട മെമ്പർ വളം സൗജന്യമായി പഞ്ചായത്തിൽ കൊടുക്കുന്നു എന്നു പറഞ്ഞു. അങ്ങയുടെ നിയോജക മണ്ഡലത്തിൽ എത്തിയോ എന്നറിയില്ല. പുതുതായി നെൽകൃഷി വികസനത്തിനുവേണ്ടി വിത്തും വളവും സബ്സിഡി ആയിട്ട് ജില്ലാ പഞ്ചായത്തിൽ കൊടുക്കുന്നുണ്ട്. ഒരു സ്കീമാണ്. ഒന്ന് മനസ്സിലാക്കാൻ വേണ്ടി പറഞ്ഞു എന്നേയുള്ളൂ.

ശ്രീ. എൻ. ശക്തൻ : അങ്ങനെ കൊടുക്കുന്നെങ്കിൽ നല്ല നിലവാരമുള്ള വളം നൽകണം. ദോഷകരമായ ജൈവവളം കൃഷിയെ നശിപ്പിക്കുന്നു. ഈ വളം ഒരു സ്വകാര്യ മുതലാളിയെ സഹായിക്കുന്നതിനുവേണ്ടി മാത്രം വില കൊടുത്തു വാങ്ങി കൊടുക്കരുതെന്നാണ് ഞാൻ പറഞ്ഞത്. സർക്കാരിന്റെ ഖജനാവിലെ പൈസ നഷ്ടപ്പെടുത്തരുതെന്നാണ് പറഞ്ഞത്. അവിടെനിന്ന് ഒഴുക്കി വിടുന്ന മലിന ജലം ശുദ്ധജല പദ്ധതികളിലൂടെ ജനങ്ങളുടെ ആരോഗ്യത്തെ ബാധിക്കുകയാണ്. ഡോക്ടർമാർ മുഖ്യമന്ത്രിക്ക് എഴുതി ക്കൊടുത്തു. ഈ ഫാക്ടറിയിൽ നിന്ന് ഒഴുക്കി വിടുന്ന ജലം ശുദ്ധജല പദ്ധതികളിലൂടെ തിരുവനന്തപുരത്തെ ജനങ്ങളുടെ ആരോഗ്യത്തെ കാർന്നു തിന്നുകൊണ്ടിരിക്കുകയാണ്; അതുകൊണ്ട് അത് തടയണം എന്ന് എഴുതിക്കൊടുക്കുകയുണ്ടായി. ജൈവവള ഫാക്ടറി കൊണ്ട് തിരുവനന്തപുരത്തെ മാലിന്യങ്ങളെ സ്ഥിരമായി സംസ്ക്കരിക്കാൻ കഴിയില്ല. ഒന്നോ, രണ്ടോ വർഷംകൂടി ആ ഫാക്ടറി അവിടെ നിലനിൽക്കും. ഈ വളം ആരും വാങ്ങില്ല. ഇത് വിറ്റ് മുതലാക്കാൻ കഴിയില്ല. എത്രകാലം ഈ പോബ്സന്റെ വളം വിലയ്ക്കു വാങ്ങി ആളുകൾക്ക് സൗജന്യമായി കൊടുക്കാൻ കഴിയും. അതുപോലെ വസ്തുവും, പൈസയും എത്രകാലം കൊടുത്തുകൊണ്ടിരിക്കാൻ കഴിയും. ഇന്നല്ലെങ്കിൽ നാളെ ഫാക്ടറി

LIBRARY ARCHIVES Kerala Legislative Assembly

അടച്ചു പൂട്ടും. നഗരത്തെ മാലിന്യ വിമുക്തമാക്കണമെന്നുണ്ടെങ്കിൽ ബദൽ സംവിധാനത്തെക്കുറിച്ച് ആലോചിക്കണം. ലോക രാഷ്ട്രങ്ങളിൽ എത്രയോ ആധുനികമായ രീതികളുണ്ട്. അതിൽ പലതും നമുക്ക് ഇവിടെ കൊണ്ടുവന്ന് നടപ്പാക്കാൻ കഴിയും. ബഹുമാന്യപ്പെട്ട വാഹിദ് ഇവിടെ ഇരിക്കുകയാണ്. ഞങ്ങൾ ആലോചിച്ചത് തിരുവനന്തപുരം നഗരത്തിലെ നാലു മാർക്കറ്റുകളിലെ മാലിന്യങ്ങൾ എടുത്ത് അന്നന്ന് സംസ്ക്കരിക്കണമെന്നാണ്. ഈ മാലിന്യങ്ങളെ നമുക്ക് അവിടെ കൊണ്ടിട്ട് ഇതിന്റെ പ്ളാസ്റ്റിക്ക് തിരിഞ്ഞ് ഇവിടുത്തെ കൃഷിക്കാർക്ക് കൊടുക്കാമെങ്കിൽ പവൻ വില തന്ന് ഇത് കൊണ്ടുപോകും എന്നുള്ള കാര്യത്തിൽ സംശയമില്ല. ബാക്കി വരുന്നത് ഒരു മിനി പ്ളാന്റിലൂടെ സംസ്ക്കരിക്കാം. വിളപ്പിൽശാലയിലെ ജനങ്ങൾ ഇന്ന് അനുഭവിക്കുന്ന ബുദ്ധിമുട്ട് ഒഴിവാകും. ഈ ഫാക്ടറി സ്ഥാപിക്കുന്നതിനു മുമ്പ് ഒരു മാസം 500-ൽ താഴെ പേർക്കാണ് ശ്വാസകോശ രോഗങ്ങൾ വന്നുകൊണ്ടിരുന്നത്. ഈ ഫാക്ടറി സ്ഥാപിച്ചതിനുശേഷം നാലായിരത്തിലധികം ആളുകൾ വിളപ്പിൽശാല പഞ്ചായത്തിൽ മാത്രം ശ്വാസകോശ രോഗങ്ങൾ കാരണം കഷ്ടപ്പെടുന്നു. ഈ കഷ്ടപ്പെടുന്ന ജനങ്ങളുടെ ബുദ്ധിമുട്ട് പരിഹരിക്കുന്നതിന്, പ്രത്യേകിച്ച് നഗരത്തിലെ ബുദ്ധിമുട്ട് പരിഹരിക്കുന്നതിന് വിളപ്പിൽശാലയിലെ ജൈവവള ഫാക്ടറി അടച്ചു പൂട്ടണമെന്നാവശ്യപ്പെട്ടുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ പിന്താങ്ങുന്നു.

ശ്രീ. കെ. കെ. ഷാജു: സർ, ഞാൻ ഡിമാന്റുകളെ പിന്താങ്ങുകയാണ്. വിലവർദ്ധനവിനെതിരെ ആളിക്കത്തുന്ന ഒട്ടനവധി സമരമുഖങ്ങൾ കേരളം കണ്ടിട്ടുണ്ട്. പക്ഷേ കഴിഞ്ഞ രണ്ടു വർഷക്കാലമായി അത്തരം സമരങ്ങളൊന്നും ഇല്ല. വിലവർദ്ധനവിനെതിരായിട്ടുള്ള ഒരു സമരംപോലും സംഘടിപ്പിക്കാൻ കഴിയാത്ത രീതിയിൽ ഈ മേഖലയിൽ നന്നായി മാനേജ്മെന്റ് നടത്തുകയാണ് നമ്മുടെ മന്ത്രി. അദ്ദേഹത്തിനെതിരായാണ് അഴിമതിയാരോപണം പറയുന്നത്. വിദ്യാർത്ഥി, യുവജന പ്രസ്ഥാനങ്ങളിലൂടെ വളർന്നു വന്ന, ചുട്ടുതല്ലി പതം വരുത്തിയ അതുല്യമായ ഒരു വ്യക്തിത്വത്തിന്റെ ഉടമയാണ് അദ്ദേഹം. അദ്ദേഹത്തിന് എതിരായി അഴിമതിയാരോപണം ഉന്നയിക്കുന്ന ആളുകളെ സംബന്ധിച്ച് എന്താണ് പറയാൻ കഴിയുന്നത്. കൃത്യമായ ഇടപെടലും നടപടിയുംവഴി, എഫ്.സി.ഐ. വഴി ലഭിച്ചുകൊണ്ടിരിക്കുന്ന ഭക്ഷ്യധാന്യങ്ങൾ ഏറ്റവും മികവുറ്റതും കുറ്റമറ്റതും ആക്കിത്തീർക്കുവാൻ ഈ ഗവൺമെന്റിന് കഴിഞ്ഞു. കഴിഞ്ഞ ഗവൺമെന്റിന്റെ ഭരണകാലത്ത് ഒരു എഫ്.സി.ഐ. ഗോഡൗണിൽനിന്ന് ചീഞ്ഞ അരി ചുമന്നതിന്റെ പേരിൽ സി.ഐ.റ്റി.യു.വിൽനിന്നും എ.ഐ.റ്റി.യു.വിൽനിന്നും ആളുകൾ രാജിവച്ച് പോയിരുന്നു. സി.ഐ.റ്റി.യു. തൊഴിലാളികൾ രാജിവച്ചു പോയി. ചീഞ്ഞ അരി ചുമക്കാൻ എനിക്ക് പറ്റില്ല എന്നു പറഞ്ഞ് രാജി വച്ചുപോയി. ഇന്ന് ആ സ്ഥിതിയൊന്നുമില്ല സർ. ആ മേഖലയിലൊക്കെ മാറ്റമുണ്ട്. നമ്മുടെ മാവേലി സ്റ്റോറുകൾ കൊണ്ടു വന്നത് ചന്ദ്രശേഖരൻ നായരാണ്. അദ്ദേഹം കൊണ്ടുവന്ന ആ മാവേലിസ്റ്റോറുകളുടെ മുന്നിൽ കഴിഞ്ഞ 5 വർഷക്കാലം മണിക്കൂറുകൾ ക്യൂ നിന്ന് ആളുകൾ അതിന്റെ മുന്നിൽ എത്തുമ്പോൾ ഒഴിഞ്ഞ ചാക്കും കാലിപ്പാട്ടയും ഒക്കെയായിരുന്നു കാണാൻ കഴിഞ്ഞിരുന്നത്. എന്നാൽ ഇന്ന് ആ സ്ഥിതിയൊക്കെ മാറി. ലാഭം മാർക്കറ്റുകൾ, നമ്മുടെ ഏതു മേഖലയിലുള്ള മാർജിൻഫ്രീ മാർക്കറ്റുകളുമായി മത്സരിക്കാവുന്ന തരത്തിലുള്ള അതിനോടൊക്കെ കിടപിടിക്കാൻ കഴിയുന്ന, അതിനേക്കാൾ ഒരു പടി മുൻപന്തിയിൽ നിൽക്കുന്ന നമ്മുടെ ലാഭം മാർക്കറ്റുകളിൽ ഇന്ന് ജനങ്ങൾ ഇരച്ചു കയറുകയാണ്. ആ മേഖലയിൽ മാറ്റം ഉണ്ടായി. മാവേലിസ്റ്റോറുകൾ പലതും ലാഭമാർക്കറ്റുകളായി, ലാഭ കേന്ദ്രങ്ങളായി മാറി. അവിടങ്ങളിൽ എത്തിച്ചേരുന്ന ആളുകൾക്ക് സായൂജ്യം നൽകാൻ

LIBRARY ARCHIVES Kerala Legislative Assembly

കഴിയുന്ന തരത്തിൽ ലാഭമാർക്കറ്റുകളുടെ പ്രവർത്തനം കുറ്റമറ്റതാക്കാൻ മന്ത്രിക്ക് കഴിഞ്ഞു. റേഷൻകാർഡുകൾ കമ്പ്യൂട്ടറൈസ് ചെയ്തിട്ട് പുതിയ രൂപം വന്നു സർ. കഴിഞ്ഞ കാലത്ത് റേഷൻകാർഡുകൾ ഉണ്ടാക്കുന്നതു സംബന്ധിച്ച് തർക്കം ആയിരുന്നു. പാർട്ടി ഓഫീസുകളിലായിരുന്നു റേഷൻകാർഡുകൾ എഴുതിയിരുന്നത്. പാർട്ടി വിരുദ്ധരായിട്ടുള്ള ആളുകളെ റേഷൻ കാർഡിൽനിന്ന് വെട്ടി മാറ്റിയിരുന്നു. ആ സ്ഥിതിയൊക്കെ മാറി. ഇന്ന് ഈവക പ്രശ്നങ്ങളൊന്നുമില്ല. ആറ് ഏഴു ലക്ഷത്തോളം വരുന്ന റേഷൻ കാർഡുകൾ കമ്പ്യൂട്ടറൈസ് ചെയ്ത് കുറ്റമറ്റതാക്കിക്കൊടുക്കാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. വീടില്ലാത്ത ആളുകൾക്ക് റേഷൻ കാർഡുകൾ കൊടുക്കാൻ സംവിധാനം ഉണ്ടാക്കി ഈ ഗവൺമെന്റിന്റെ കാലത്ത്. എത്രയോ മാറ്റങ്ങളാണ് ഈ മേഖലയിൽ കേരളത്തിൽ നടന്നുകൊണ്ടിരിക്കുന്നത്. കുറ്റമറ്റ ഒരു വകുപ്പുമായി മുന്നോട്ടു പോകുന്ന മന്ത്രിക്ക് എതിരെ ആരോപണം ഉന്നയിക്കുന്ന ആളുകൾ ആകാശത്തു നോക്കി, ചന്ദ്രനെ നോക്കി കുരയ്ക്കുന്ന ശ്വാനൻമാരെപ്പോലെ ചരിത്രത്തിൽ അറിയപ്പെടും എന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. ഞാൻ ദീർഘിപ്പിക്കുന്നില്ല. നമ്മുടെ ഉദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ മാനവിക മുഖം നവീനവും തീർത്തും ജനാധിപത്യ അടിത്തറയുള്ളതുമാണെന്നതിൽ സംശയമില്ല. വ്യവസ്ഥാപിതമായ നഗരപാലിക പഞ്ചായത്തിരാജ് സംവിധാനം നമ്മുടെ സംസ്ഥാനത്തിൽ കൊണ്ടുവന്നില്ലേ. സമഗ്രമായ ഒരു വികസന നയം, ഒരു നാടിന്റെ വികസനത്തിനുവേണ്ട സമഗ്രമായ ഒരു വികസന നയം കൊണ്ടുവന്നു. വികസന മേഖലയിൽ സ്വകാര്യ പങ്കാളിത്തവും മൂതൽമുടക്കും കൂടി ഉൾപ്പെടുത്തിക്കൊണ്ടുള്ള ഒരു വികസന നയമാണ് പഞ്ചായത്തിരാജ് നഗര പാലിക സംവിധാനത്തിൽ നമ്മൾ ഇപ്പോൾ കേരളത്തിൽ കൊണ്ടുവരുന്നത്. പ്രവർത്തനക്ഷമത വർദ്ധിപ്പിക്കുവാൻ എല്ലാ മേഖലകളിലും കമ്പ്യൂട്ടറൈസേഷൻ നടപ്പിലാക്കി. വളരെയധികം മാറ്റങ്ങൾ ആ മേഖലയിൽ വരികയാണ്. അധികാര വികേന്ദ്രീകരണത്തിന്റെ അപ്പോസ്തലൻമാർ അപ്പുറത്ത് ഇരിക്കുകയാണ്. ചാമ്പ്യൻമാർ അപ്പുറത്ത് ഇരിക്കുമ്പോൾ അവസാനത്തെ ഗഡു പദ്ധതി വിഹിതം കൊടുക്കാതെയാണ് ഇറങ്ങിപ്പോയതെന്ന് നമ്മൾ കണ്ടു. അപ്പോസ്തലൻമാർ, ആരുടെ? അധികാര വികേന്ദ്രീകരണത്തിന്റെ. എന്നിട്ടാണ് ജനങ്ങൾ തിരഞ്ഞെടുത്ത ജനപ്രതിനിധികളുടെ മുകളിൽ തോറ്റ ആളിനെ കൊണ്ടുവച്ച് വിദഗ്ദ്ധ സമിതി ഉണ്ടാക്കിയത്. ഞങ്ങൾ അതൊക്കെ പിരിച്ചു വിട്ടു. അത്തരം വിദഗ്ദ്ധ സമിതിയൊന്നും വേണ്ട. തോറ്റ ആളുകൾ ജയിച്ചവരുടെ മുകളിലിരിക്കുന്ന വിദഗ്ദ്ധ സമിതികൾ വേണ്ടതില്ല എന്നു ഞങ്ങൾ തീരുമാനിച്ചു. ടെക്നിക്കൽ കമ്മിറ്റികളിൽനിന്നും പാർട്ടി ഓഫീസിലെ എഴുത്തുകാരെ ഒഴിവാക്കി. അത്തരം ആളുകളൊന്നും ഇപ്പോഴില്ല. ആ മേഖലയിലൊക്കെ നല്ല പ്രവർത്തനങ്ങളാണ് ഇപ്പോൾ നടത്തിക്കൊണ്ടിരിക്കുന്നത്. ക്രമക്കേടു കാണിച്ച ഒരു പിടി ഉദ്യോഗസ്ഥരുടെ പേരിൽ നടപടിയെടുത്തു. ബിനാമി ഏർപ്പാടുകളൊന്നുമില്ല. ഏഴും, എട്ടും, പത്തും ലക്ഷം രൂപ വരെ അടിച്ചുമാറ്റി ലോക്കൽ കമ്മിറ്റി സെക്രട്ടറിമാർ. ബ്രാഞ്ച് സെക്രട്ടറിമാരെല്ലാം കൺവീനർമാരായി. അവരെല്ലാം കോൺട്രാക്ടർമാരായി മാറി. അതെല്ലാം മാറ്റി ഇപ്പോൾ 25,000 രൂപയ്ക്കു മേൽ ഒരൊറ്റ പദ്ധതിയും ടെൻഡർ വിളിക്കാതെ പ്രവർത്തനം നടത്താൻ പാടില്ല എന്നു ഗവൺമെൻറ് തീരുമാനിച്ചു. ഉദ്യോഗസ്ഥ പുനർവിന്യാസം നടപ്പിലാക്കി. അധികാര വികേന്ദ്രീകരണത്തിന്റെ അപ്പോസ്തലൻമാർ അപ്പുറത്തിരിക്കുമ്പോൾ ഒറ്റയാളെപോലും മാറ്റി തീരുമാനിക്കാൻ തയ്യാറായില്ല. ഞങ്ങളുടെ ഗവൺമെന്റ് വന്നതിനു ശേഷം 1229 പേരെ മിനിസ്റ്റീരിയൽ സ്റ്റാഫിൽ മാറ്റി നിയമിച്ചു. 1311 ടെക്നിക്കൽ സ്റ്റാഫിനെ മാറ്റി തീരുമാനിച്ചു. ഇത് പറയുമ്പോൾ നമ്മുടെ ബ്ലോക്ക് പഞ്ചായത്തുകളിലെ പുനർവിന്യാസത്തിന്റെ ഭാഗമായി അസിസ്റ്റന്റ് എഞ്ചിനീയർമാർ ഇനിയും പൂർണ്ണമായിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

അങ്ങനെയൊരു വിമർശനം ഈ കാര്യത്തിലുണ്ട്. ബ്ലോക്ക് പഞ്ചായത്ത് പ്രവർത്തനങ്ങൾ ഏറ്റെടുത്തു നടത്താൻ നാലിൽ അധികം പഞ്ചായത്തുകളുടെ ചുമതല നൽകി അസിസ്റ്റന്റ് എഞ്ചിനീയർമാരെ നിയമിച്ചതുകൊണ്ട് അവർക്ക് വർക്ക് ലോഡാണ്. എം. എൽ. എ. ഫണ്ടിന്റെ പ്രവർത്തനംപോലും വേണ്ടവിധം നടക്കുന്നില്ല എന്നുള്ളത് ബഹുമാനപ്പെട്ട മന്ത്രിയെ അറിയിക്കുവാൻ ഈ അവസരം വിനിയോഗിക്കുകയാണ്. അതുപോലെ ഓംബുഡ്സ്മാൻ, സർ എന്തായിരുന്നു, 7 പേർ ഉള്ള ഓംബുഡ്സ്മാൻ. മാർക്സിസ്റ്റ് പാർട്ടിയിൽവിന്ന് പെൻഷൻ പറ്റി പിരിഞ്ഞ ആളുകളെല്ലാം ഓംബുഡ്സ്മാൻ അംഗങ്ങളായിരുന്നു. 7 പേർ, എന്തൊരു ശമ്പള സ്കെയിലായിരുന്നു? അതെല്ലാം മാറ്റി. ഇപ്പോൾ ഒരാൾ മാത്രമേയുള്ളൂ. 7 ഓംബുഡ്സ്മാൻമാർ ചെയ്തുകൊണ്ടിരുന്ന കാര്യങ്ങൾ, 75% കാര്യങ്ങൾ ഒരാൾ മാത്രം ചെയ്യുന്നു. എന്ത് മാറ്റമാണ് ആ മേഖലയിൽ. കാര്യക്ഷമമായ പ്രവർത്തനവുമായി ബന്ധപ്പെട്ട് അത് മുന്നോട്ടു പോവുകയാണ്. കുടുംബശ്രീ പദ്ധതിയെക്കുറിച്ച് പറഞ്ഞില്ലേ. മാർക്സിസ്റ്റ് പാർട്ടി തിരഞ്ഞെടുത്ത പഞ്ചായത്തുകളിൽ മാത്രമായിരുന്നു കഴിഞ്ഞ അഞ്ചു വർഷക്കാലം കുടുംബശ്രീ പദ്ധതി ഉണ്ടായിരുന്നതെങ്കിൽ കേരളത്തിലെ മുഴുവൻ പഞ്ചായത്തുകളേയും കുടുംബശ്രീ പദ്ധതിയിൽ കൊണ്ടുവന്നുകൊണ്ട് അതിന്റെ ആനുകൂല്യം കേരളത്തിലെ മുഴുവൻ വീട്ടമ്മമാർക്കും കൊടുക്കുന്ന രീതിയിൽ കുടുംബശ്രീ പദ്ധതി പൂർണ്ണമാക്കി. എല്ലാ ആളുകൾക്കും അതിന്റെ ആനുകൂല്യം കൊടുത്തില്ലേ. കേന്ദ്രാവിഷ്കൃത പദ്ധതിയിൽ ഉൾപ്പെടുത്തിക്കൊണ്ട് വീട്ടിൽ ഇരിക്കുന്ന വീട്ടമ്മമാർക്ക് അവരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനു വേണ്ടിയുള്ള പദ്ധതികളുമായി നമ്മൾ മുന്നോട്ടു പോകുന്നു. അതും കേരളത്തിൽ വലിയ മാറ്റത്തിന് ഇടയാക്കിയിട്ടുണ്ട്. മൊത്തത്തിൽ പഞ്ചായത്തീരാജ് സംവിധാനം കുറ്റമറ്റതാക്കി. മുമ്പുണ്ടായിരുന്ന 'ജനങ്ങളെ പറ്റിക്കൽ' പരിപാടിയുണ്ടല്ലോ. ജനകീയാസൂത്രണം. അതിനെ മാറ്റി. പഞ്ചായത്തീരാജ്, ജനകീയാസൂത്രണം ഇതു രണ്ടും രണ്ടാണെന്ന് ഞങ്ങൾ പറഞ്ഞപ്പോൾ അപ്പുറത്തിരിക്കുന്ന ആളുകൾ സമ്മതിച്ചില്ല. രാജീവ്ഗാന്ധി പാർലമെന്റിൽ കൊണ്ടുവന്ന പഞ്ചായത്തീരാജ് നിയമം, മൂലനിയമം അതാണ്. അതിനെ അടിസ്ഥാനപ്പെടുത്തിക്കൊണ്ട് നരസിംഹറാവുവിന്റെ കാലത്ത് നിയമം വന്നു. പഞ്ചായത്തീരാജും ഇവരുടെ ജനങ്ങളെ പറ്റിക്കൽ പദ്ധതിയും ഒന്നാണെന്ന് ഇവർ പ്രചരിപ്പിച്ചു. അതു രണ്ടും രണ്ടാണെന്ന് ഞങ്ങൾ പറഞ്ഞപ്പോൾ കേൾക്കാൻ തയ്യാറായില്ല. ഇപ്പോൾ ഇങ്ങനെ കേൾക്കുന്നു. ഇപ്പോൾ പാഠം വരുന്നു. ഈ പാഠം എന്നു പറയുന്നത് മാർക്സിസ്റ്റ് പാർട്ടിയുടെ ബുദ്ധിജീവിയായിട്ടുള്ള പ്രൊഫ. എം. എൻ. വിജയൻ, അദ്ദേഹം പത്രാധിപരായിട്ടുള്ള പാഠത്തിൽ ജനകീയാസൂത്രണത്തെ സംബന്ധിച്ച് വന്നിരിക്കുന്ന ഒന്നാണ് പറയുന്നത്. ശ്രീ സുധീഷ് "എന്തിനാണ് അമ്മ കരയുന്നത് "എന്നു ചോദിച്ച് ലേഖനമെഴുതുകയാണ്. ഡച്ച് ഗവൺമെന്റ് സാർവ്വദേശീയ തലത്തിൽ മൂന്നാം ലോക ഗ്രാമീണ സമുദായത്തെ ഉദ്ധരിക്കുന്നതിനുവേണ്ടി രൂപപ്പെടുത്തുന്ന പദ്ധതിയിൽ കേരളത്തെ ഉൾപ്പെടുത്തുന്നതിന്റെ ഭാഗമായിട്ടാണ് കേരളത്തിൽ ജനകീയാസൂത്രണം. ഡച്ച് ഗവൺമെന്റ് കൊണ്ടുവന്ന പദ്ധതി, അതാണ് കേരളത്തിൽ ജനകീയാസൂത്രണം എന്നു പറയുന്നത്. ഇത് എഴുതിയതിന്റെ പേരിൽ സുധീഷിനെപ്പറ്റി എന്താണ് പറയുന്നത്? മാർക്സിസ്റ്റ് പാർട്ടിയുടെ സംസ്ഥാന സെക്രട്ടറി സഖാവ് പിണറായി വിജയൻ പറഞ്ഞു, സുധീഷ് ഭ്രാന്തനാണ്, ലേഖനം എഴുതിയ സുധീഷ് ഭ്രാന്തനാണ്. അങ്ങനെയാണെങ്കിൽ ലേഖനം പ്രസിദ്ധീകരിച്ച പാഠത്തിന്റെ പത്രാധിപരായിട്ടുള്ള എം. എൻ. വിജയനോ, താരതമ്യേന ഭ്രാന്ത് കുറവാണ്. പിണറായി വിജയൻ പറയുകയാണ് എം. എൻ. വിജയന് താരതമ്യേന ഭ്രാന്ത് കുറവാണത്രേ. ഇവരെന്താ

LIBRARY ARCHIVES Kerala Legislative Assembly

പറയുന്നത്, ഞങ്ങൾ എ.ഡി.ബി.-യുടെ സഹായം സ്വീകരിക്കുന്നു. ഞങ്ങൾ ഡച്ച് ഗവൺമെന്റിന്റെ സഹായം സ്വീകരിക്കുന്നു, ഞങ്ങൾ വേൾഡ് ബാങ്കിന്റെ സഹായം സ്വീകരിക്കുന്നു. പക്ഷേ ഞങ്ങൾ (LDF) സ്വീകരിക്കുന്ന സഹായങ്ങളിലൊന്നും ചരടില്ല. യു.ഡി.എഫ്. സ്വീകരിക്കുന്ന പണത്തിന് കാണാത്ത ചരടാണ്. ആരുടെ ചരട്? സാമ്രാജ്യത്വത്തിന്റെ പിന്തിരിപ്പൻ ഏജന്റുമാരുടെ ചരട്. എൽ.ഡി.എഫും ഡോ. തോമസ് ഐസക്കും പണം വാങ്ങുമ്പോൾ ഒരു ചരടുമില്ല. സാമ്രാജ്യത്വത്തിന്റെ പണം നമ്മൾ സ്വീകരിക്കുമ്പോൾ കാണാത്ത ചരടാണത്രേ. സാമ്രാജ്യത്വത്തിന്റെ ചരടില്ലാതെ ഡോ. തോമസ് ഐസക് പണം സ്വീകരിക്കുകയാണ്. അതുകൊണ്ടെന്താണ്, തോമസ് ഐസക്കിന്റെ ഭാര്യയും മക്കളും അമേരിക്കയിലാണ്. മക്കൾക്ക് അമേരിക്കൻ പൗരത്വമുണ്ട്.

മി. ഡെപ്യൂട്ടി സ്പീക്കർ: പലരുടേയും മക്കൾക്ക് അമേരിക്കൻ പൗരത്വമുണ്ട്.

ശ്രീ. കെ. കെ. ഷാജു: മറ്റുള്ളവരുടെ ഭാര്യയും മക്കളുമൊക്കെ ഇവിടെത്തന്നെയാണ് സർ ജീവിക്കുന്നത്, മനസ്സിലാക്കണം. ഇവിടെ നമ്മുടെ ധനകാര്യ മന്ത്രിയെ കാണാൻ അതുപോലെതന്നെ മുഖ്യമന്ത്രിയെ കാണാൻ ഇപ്പോഴും ഡോ. തോമസ് ഐസക് അപ്പുറത്ത് ചെല്ലുന്നുണ്ട്. ധനകാര്യ മന്ത്രിയാകട്ടെ മറുപടി പറയുമ്പോഴെല്ലാം പറയുന്നത് ബഹുമാന്യനായ തോമസ് ഐസക്, ഡോ. തോമസ് ഐസക് എന്ന് അദ്ദേഹം ആദരപൂർവ്വം പറയുന്നു. എനിക്കു തോന്നുന്നത് നമ്മുടെ ശങ്കരനാരായണൻ മന്ത്രിക്ക് തെറ്റുപറ്റിപ്പോയി എന്നാണ്. ശ്രീ. തോമസ് ഐസക്കിന് ഡോക്ടറേറ്റ് കിട്ടിയ ഗവേഷണ പ്രബന്ധം ധനതത്വ ശാസ്ത്രത്തിലല്ല. തൊണ്ടു ചീയുന്നതിനെപ്പറ്റിയാണു സർ അദ്ദേഹം ഗവേഷണം നടത്തിയത്. അതുകൊണ്ടാണ് ധനകാര്യ മന്ത്രിക്ക് തെറ്റു പറ്റിയെന്ന് ഞാൻ പറയുന്നത്. അദ്ദേഹം എപ്പോഴും പറയും ബഹുമാന്യനായിട്ടുള്ള തോമസ് ഐസക്, തോമസ് ഐസക് എന്ന്. ഞാൻ പറഞ്ഞു വരുന്നത് ഇവരെല്ലാം നടത്തിയ ജനകീയാസൂത്രണം ജനങ്ങളെ പറ്റിക്കാൻ വേണ്ടിയുള്ള പദ്ധതിയായിരുന്നു. നമ്മുടെ നാട്ടിലെ ജനങ്ങളെ അങ്ങേയറ്റം വഞ്ചിക്കുന്ന, ഈ നാടിനെ സാമ്രാജ്യത്വ മേൽക്കോയ്മക്ക് ഒറ്റുകൊടുക്കാൻ കഴിയുന്ന വിധത്തിൽ ജനകീയാസൂത്രണ പദ്ധതി കേരളത്തിൽ നടപ്പിലാക്കിയതിന് മാർക്സിസ്റ്റ് പാർട്ടിയും ഡോ. തോമസ് ഐസക്കും കാലത്തിന്റേയും ചരിത്രത്തിന്റേയും മുമ്പിൽ മാപ്പു പറയേണ്ടി വരും എന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. സർ, ഞാൻ ഒരു മിനിട്ടുകൊണ്ട് നിർത്താം. പണ്ട് കാറൽ മാർക്സ് പറഞ്ഞിട്ടുണ്ട്, സാമ്രാജ്യത്വത്തിന്റെ ഗർഭത്തിൽതന്നെ അതിനെ നശിപ്പിക്കാനുള്ള ബീജം അങ്കുരിക്കുന്നു എന്ന്. സാമ്രാജ്യത്വത്തിന്റെ ഗർഭത്തിൽതന്നെ അതിനെ നശിപ്പിക്കാനുള്ള ബീജം അങ്കുരിക്കുന്നു എന്ന് കാറൽ മാർക്സ് പറഞ്ഞിട്ടുണ്ട്. ഇവിടെ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ നയ രൂപീകരണ സമിതിയിൽ തന്നെ വിദേശ ചാരൻമാർ വന്നിരിക്കുന്നു. അത്തരം അത്യന്തം ഗൗരവപൂർണ്ണമായ സ്ഥിതി വിശേഷമാണ് കേരളത്തിൽ നിലനിൽക്കുന്നത്. വീണ്ടും പറയുകയാണ് സർ, കേരളത്തിലെ നഗര സഭകളുടെ പഞ്ചായത്തീരാജ് സംവിധാനത്തെ രക്ഷിച്ചുകൊണ്ട് കേരള സംസ്ഥാനത്തെ വികസനത്തിന്റെ പാതയിൽ, പുരോഗതിയുടെ പാതയിൽ മുന്നോട്ടു നയിക്കാൻ ആവശ്യമായിട്ടുള്ള കാര്യങ്ങളുമായി ഗവൺമെന്റ് മുന്നോട്ടു പോകുകയാണ്. നമ്മുടെ നാട്ടിലെ ജനങ്ങളെ രക്ഷിക്കാൻ പ്രതിജ്ഞാബദ്ധമായിട്ടുള്ള നയ സമീപനങ്ങളുമായി മുന്നോട്ടു പോകുന്ന ഈ ഗവൺമെന്റിനുവേണ്ടി ഇവിടെ അവതരിപ്പിച്ചിട്ടുള്ള പ്രധാനപ്പെട്ട മൂന്നു ഡിമാന്റുകളെ പ്രത്യേകം പിന്തുണച്ചുകൊണ്ട് ഞാനെന്റെ വാക്കുകൾ ചുരുക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ജി. പ്രതാപവർമ്മതമ്പാൻ: സർ, ഞാൻ ഈ ധനാഭ്യാർത്ഥനകളെ സർവ്വാത്മനാ പിന്താങ്ങുകയാണ്. ആരോഗ്യ, വിദ്യാഭ്യാസ സാമൂഹ്യ സുരക്ഷാരംഗത്ത് അഭൂതപൂർവ്വമായ നേട്ടം കൈവരിച്ച കേരള മോഡലിനെക്കുറിച്ച് നമ്മൾ അഭിമാനിച്ച് പറഞ്ഞ് പോന്നിരുന്നു. തെല്ല് ഗർവ്വോടുകൂടി പറഞ്ഞിരുന്ന ആ മോഡലിനെക്കുറിച്ച് .....അതൊരു ആശയമായിരുന്നു. ഈ കേരളാ മോഡലിന് സി. പി. എം. കാർ നൽകിയിരിക്കുന്ന സി. ഐ. എ. നിറം എന്നെ അക്ഷരാർത്ഥത്തിൽ ഞെട്ടിക്കുകയാണ്. സ്വാശ്രയ ശീലത്തിലൂന്നിയ സ്വദേശീയ വികസനം എന്ന ഗാന്ധിയൻ സങ്കൽപ്പമാണ് ജനകീയാസൂത്രണത്തിലൂടെ പൂവണിയുന്നത് എന്നാണ് ശ്രീ. നായനാർ മുതൽ നാറാണത്ത് ഭ്രാന്തൻ വരെ പറഞ്ഞുനടന്നിരുന്നത്. പക്ഷെ, ഇപ്പോഴല്ലേ നാം അറിയുന്നത് അത് സി. ഐ. എ. സ്പോൺസേർഡ് പ്രോഗ്രാമായിരുന്നു എന്ന്. അല്ലെങ്കിൽ തന്നെ സി. പി. എം. വെ ന്യൂവേവ് സഖാക്കൾക്ക് സ്വദേശീയമായതിനോടൊക്കെ സ്നേഹമുണ്ടാകുമോ എന്നെനിക്ക് സംശയമുണ്ടായിരുന്നു. നമ്മുടെ പ്രിയപ്പെട്ട കവി അയ്യപ്പപ്പണിക്കർ 'രാമൻ വാണാലും, രാവണൻ വാണാലും' എന്നൊരു കവിത എഴുതിയിട്ടുണ്ട്. അതിൽ അദ്ദേഹം പറഞ്ഞിട്ടുള്ളത്

'മദ്യമായാലും മറുനാടൻ,
വസ്ത്രമായാലും മറുനാടൻ,
പുസ്തകമായാലും മറുനാടൻ,
പുത്തരികൂടി മറുനാടൻ
നാടിന്നു പോയാൽ നമുക്കെന്തേ;
മറുനാടുണ്ട് നമുക്ക് നാടായി'.

എന്ന മനോഭാവമാണ് ഈ വൈറ്റ് കോളർ സഖാക്കൾക്കുള്ളത്. ഡച്ചു സർക്കാരും സി. ഐ. എ.യും ഗവേഷണ ഫണ്ടും എൻ. ജി. ഒ. യുമൊക്കെ ചേർത്തുവെച്ച് ഈ നാടിന്റെ ചോര ഊറ്റാൻ എന്തു തെറ്റാണ് കേരളീയർ നിങ്ങളോട് ചെയ്തത് എന്നാണ് എനിക്ക് ഡോ. തോമസ് ഐസക്കിനോട് ചോദിക്കാനുള്ളത്. പൗരബോധം എന്ന അയ്യപ്പപ്പണിക്കരുടെ മറ്റൊരു കവിതയിൽ 'നമ്മൾക്ക് ചവറിടാനല്ലെങ്കിൽ നമ്മുടെ വീട്ടിനു മുന്നിൽ ഒരു റോഡെന്തിന്' എന്നാണ് മേരിക്കുട്ടി ചോദിക്കുന്നത്. തങ്ങൾക്ക് കട്ടുമുടിക്കാനല്ലെങ്കിൽ ജനകീയാസൂത്രണമെന്തിനാണ്; ഞങ്ങൾക്ക് ചവുട്ടി മെതിക്കാനല്ലെങ്കിൽ ഈ ജനം എന്തിനാ എന്നാണ് ഈ ബ്രോയിലർ സഖാക്കൾ ചിന്തിക്കുന്നത്. ഈ തട്ടിപ്പിന്റെ ഇടനിലക്കാരനായ റിച്ചാർഡ് ഡബ്ല്യു. ഫ്രാങ്ക്ളിയും അദ്ദേഹത്തിന്റെ സഹധർമ്മിണി ബാർബാറയും, അമേരിക്കയിലെ ന്യൂജേഴ്സിയിലെ മോൺക്ലയർ യൂണിവേഴ്സിറ്റിയിലെ നരവംശ ശാസ്ത്രജ്ഞരായ ഇവർ നമ്മുടെ സമ്പദ്ഘടനയെപ്പറ്റി പരാമർശിക്കുവാൻ.....

ശ്രീ. ടി. കെ. ദേവകുമാർ: സഭയിൽ എഴുതിക്കൊണ്ടുവന്ന് നോക്കി പ്രസംഗിക്കാൻ പാടില്ലായെന്നാണ് റൂൾ 281 സൂചിപ്പിക്കുന്നത്. അതുകൊണ്ട് നോക്കി വായിച്ച അത്രയും ഭാഗം രേഖകളിൽ നിന്ന് ഒഴിവാക്കണം.

LIBRARY ARCHIVES Kerala Legislative Assembly

മി. ഡെപ്യൂട്ടി സ്പീക്കർ: അത്, പല രീതിയിലാണല്ലോ നമ്മൾ സംസാരിക്കുന്നത്.

ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: ഉത്തരംമുട്ടുമ്പോൾ കൊഞ്ഞനംകുത്തുകയാണ്. സർ, മേരിക്കുട്ടി അയ്യപ്പപ്പണിക്കരുടെ കവിതയിലെ ഒരു കഥാപാത്രമാണ്. മേരിക്കുട്ടി പറഞ്ഞതുപോലെ സി. പി. എം. പ്രവർത്തിക്കുന്നുവെന്നാണ് ഞാൻ പറഞ്ഞത്. നിങ്ങൾ ആ പുസ്തകം വായിച്ചിട്ടില്ലല്ലോ. ശ്രീ. ദേവകുമാർ അയ്യപ്പപ്പണിക്കരെ കണ്ടിട്ടുണ്ടോ, ഇല്ലല്ലോ. എനിക്കു പറയാനുള്ളത് തട്ടിപ്പിന്റെ ഇടനിലക്കാരനായ റിച്ചാർഡ്, അയാളുടെ ഭാര്യ ബാർബറ, യു. എസ്. എ. യിലെ ന്യൂജേഴ്സിയിലെ മോൺക്ലെയർ യൂണിവേഴ്സിറ്റിയിലെ നരവംശശാസ്ത്രജ്ഞരാണ്. ആന്ത്രോപ്പോളൊജിസ്റ്റുകളാണ്. അവർ സമ്പദ്ഘടനയെക്കുറിച്ച് പറയും എന്ന് പറഞ്ഞാൽ തൊണ്ടു തീയുമ്പോൾ ഉണ്ടാകുന്ന രാസപ്രവർത്തനങ്ങളെക്കുറിച്ച് ഗവേഷണം നടത്തിയ ഡോ. തോമസ് ഐസക് സാമ്പത്തിക ശാസ്ത്രം പറയുന്നത് പോലെയല്ലേയുള്ളൂ. അതുപോലെ ഇന്നലെവരെ ഇവർ നമ്മെ ഇങ്ങനെ എന്തെല്ലാം പറഞ്ഞ് പറ്റിക്കുന്നു. നമ്മുടെ കേരള വി. സി. ചോദിക്കുന്നത് ഇടതുപക്ഷ ജേർണലിൽ റിച്ചാർഡ് ഡബ്ല്യൂ. ഫ്രാങ്ക്ളിയുടെ ലേഖനം വന്നുവെന്നുള്ളത് കൊണ്ടു തന്നെ തെളിവല്ലേ അദ്ദേഹത്തിന് സി. ഐ. എ. യുമായി ബന്ധമില്ല എന്നുള്ളതിന്. തമാശ പറയുന്നത് പോലെയുള്ള ഇവരുടെ കഴിവ് നമ്മൾ നൂറുവട്ടം സമ്മതിച്ചേ പറ്റൂ. പക്ഷെ ഇവരുടെ ഔചിത്യബോധമില്ലായ്മയെക്കുറിച്ച് നമ്മൾ ആയിരം വട്ടം പരിതപിക്കുകയും വേണം. അതാണ് എനിക്കു പറയാനുള്ളത്. ഇപ്പോൾ അയ്യപ്പപ്പണിക്കർ ചോദിച്ചതുപോലെ നമ്മളും ചോദിക്കുന്നു.

കോഴിയെ മോഷ്ടിച്ചതോ,
കോഴിയെ മോഷ്ടിച്ചത് എനിക്ക് പൊരിച്ചുതിന്നാൻ ആയിരുന്നല്ലോ,
പശുവിനെ മോഷ്ടിച്ചതോ,
പശുവിനെ മോഷ്ടിച്ചത് എനിക്ക് പാലുകുടിക്കാൻ ആയിരുന്നല്ലോ
വെറുമൊരു മോഷ്ടാവാമെന്നെ നിങ്ങൾ
കള്ളനെന്നു വിളിച്ചില്ലേ

എന്നാണ് ഡോ. തോമസ് ഐസക് ചോദിക്കുന്നത്. നിങ്ങൾ അങ്ങനെയല്ലേ താടിയും ജുബ്ബയും ഇട്ടു എന്ന് വിചാരിച്ച് .....ബുജി സഖാക്കൾ, ബുജി എന്നു പറഞ്ഞാൽ ബുദ്ധിജീവി. ഈ സഖാക്കൾ തെറ്റിദ്ധരിച്ചിരിക്കുന്നത്.....ഞങ്ങളുടെ നാട്ടിലൊക്കെ ഒരു പക്ഷിയുണ്ട്, തൊത്തിക്കുരുക്കി പക്ഷി. ഇലയുടെ മുകളിലിരുന്ന് അത് കുലുക്കുമ്പോൾ, അതിന്റെ പിൻഭാഗം കുലുങ്ങുമ്പോൾ അത് ധരിക്കുന്നത് ഭൂമി മുഴുവൻ ഇങ്ങനെ കുലുങ്ങുന്നുവെന്നാണ്. അതുപോലെയാണ് ബുജി സഖാക്കൾ ഇവിടെ ഇപ്പോൾ നമ്മളെക്കണ്ട് ചൊടിച്ച്.....ഒരു കാര്യം പറയട്ടെ, സ്റ്റാലിനിസ്റ്റ് ദുശ്ശീലങ്ങളും അതുപോലെതന്നെ ഔചിത്യബോധമില്ലായ്മയും ഒക്കെ ഉണ്ടെങ്കിൽ ഒരു കാര്യം നിങ്ങളോട് പറയാനുണ്ട്. നിങ്ങളുടെ ത്യാഗധനന്മാരായ നൂറുകണക്കിന് നേതാക്കൻമാർക്ക് എ. കെ. ജി. യെക്കുറിച്ച് അറിയില്ല. ഞാൻ പാടിത്തരാം.

LIBRARY ARCHIVES Kerala Legislative Assembly

ഒരു യുഗസംക്രമം നവയുഗസംക്രമം,
പുതുയുഗസംക്രമ സൃഷ്ടിക്കായി
ഒരു പുരുഷായുസിലോരോദിനവും,
സമരം ചെയ്ത സഖാവാര് എ. കെ. ജി., എ. കെ. ജി., എ. കെ. ജി.

എന്ന് പാടിയിരുന്ന ആ സ്ഥാനത്ത് ആ പാർട്ടിക്കുവേണ്ടി രക്തമൊഴുക്കിയ രക്ത സാക്ഷി മണ്ഡപങ്ങളുടെ, രക്തസാക്ഷി ബലികുടീരങ്ങളുടെ മുകളിൽ കയറി നിന്ന് നിങ്ങൾ മലമൂത്ര വിസർജ്ജനമാണ് ചെയ്തുകൊണ്ടിരിക്കുന്നത്. അതാണ് എനിക്ക് പറയാനുള്ളത്. പാർട്ടിയിലുള്ള തെറ്റ് ചൂണ്ടിക്കാണിക്കുന്നവരെ നാട്ടുകാരെക്കൊണ്ട് കൈകാര്യം ചെയ്യിക്കുമെന്നാണ്. ഇപ്പോൾ എന്താണ് അധഃപതനം. സി. പി. എം. ന് സംഭവിച്ചിരിക്കുന്ന അധഃപതനം എന്താണ്, സ്വർഗോക ഗംഗയ്ക്കുപോലും ഇങ്ങനെ ഒരു അധഃപതനം സംഭവിച്ചിട്ടില്ല. കേന്ദ്രീയ വികസനത്തേയും തദ്ദേശ ശക്തി സംഭരണത്തേയും എല്ലാം ഇവർ എങ്ങോട്ടാണ് കൊണ്ടുപോയത്? സി. ഐ. എ. യുടെ തിരക്കഥയനുസരിച്ച് നിങ്ങൾ വേഷം കെട്ടുകയായിരുന്നില്ലേ? എനിക്കു പറയാനുള്ളത് സഖാവ് ഇ. എം. എസ്. ഇതിന് എതിരായിരുന്നുവെന്നാണ്. സഖാവ് ഇ. എം. എസിന്റെ മണ്ഡലത്തിലെ മോഹനന് 16-11-1992-ൽ എഴുതിയ കത്തിന്റെ കോപ്പി ഞാൻ മേശപ്പുറത്ത് വെയ്ക്കുന്നു. അതിൽ സഖാവ് ഇ. എം. എസ്. പറയുന്നു 'താങ്കളുടെ ലേഖനം കിട്ടി പക്ഷെ, മൂന്നാം ലോകരാഷ്ട്രങ്ങളുടെ സമഗ്രമായ വികസനം, ആഗോള വികസനം, ആഗോള സോഷ്യലിസ്റ്റ് പരിവർത്തനത്തിന്റെ പ്രശ്നങ്ങളിൽ നിന്ന് മാറ്റിനിർത്തി പരിശോധിക്കാൻ ശ്രമിക്കുന്നത് സഹായകരമാവുകയില്ല' സഖാവ് ഇ. എം. എസ്. 16-1-1993-ൽ വീണ്ടും ഒരു കത്തുകൊടുത്തു. അതിൽ അദ്ദേഹത്തിന്റെ പരാമർശം കൈയൊപ്പോടുകൂടി നടത്തി. അത് ഞാൻ മേശപ്പുറത്ത് വെയ്ക്കുന്നു. അതുകഴിഞ്ഞ് 'ഇ. എം. എസ്. തള്ളിക്കളഞ്ഞ ആശയം' എന്ന പേരിൽ മോഹനൻ നടത്തിയ പത്രസമ്മേളനം, അതും ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു. അതു കഴിഞ്ഞ് ദേശാഭിമാനി വാരിക 1997 ഏപ്രിൽ, 'സഖാവ് ഇ. എം. എസ്-ന്റെ ഡയറി' അതിൽ സഖാവ് ഇ. എം. എസ്-ന്റെ ഒരു പ്രസ്താവനയുണ്ട്. ഈ ജനകീയാസൂത്രണം നടപ്പുള്ള കാര്യമല്ല. ആ കാര്യങ്ങളെക്കുറിച്ച് സഖാവ് ഇ. എം. എസ്. വിശദീകരിച്ച് പറഞ്ഞത് ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു. ഇന്നലെ മാതൃഭൂമി പത്രത്തിൽ 1997-ലെ ഓണക്കാലത്ത് ഉന്നതമായ ഒരു സമിതി യോഗത്തിൽവച്ച് കെ. എസ്. ഐ. ഡി. സി. ചെയർമാനായിരുന്ന വിജയചന്ദ്രൻ ഇന്ന് അത് വെളിപ്പെടുത്തിയിരിക്കുന്നു. സഖാവ് ഇ. എം. എസ്. 1997 ഓണക്കാലത്ത് ഉന്നതസമിതി യോഗത്തിൽ ജനകീയാസൂത്രണത്തേയും നായനാർ സർക്കാരിനേയും ആക്ഷേപിച്ചുകൊണ്ട് സംസാരിച്ചു. ..... ഞാൻ അങ്ങേയ്ക്ക് എഴുതി തന്നിട്ടുണ്ട്. കഴിഞ്ഞലക്കം പാഠം വാരികയിൽ ഡോ. തോമസ് ഐസകിനെക്കുറിച്ച് എന്താണ് പറയുന്നത്. 'ഈ പാരൻ..... ഈ പാരൻ..... ഈ ഒറ്റുകാരൻ..... ഇവന്റെ വൃത്തികെട്ട കാൽ ഈ സംഘടനയുടെ പുറത്ത് അവൻ അമർത്തി ചവിട്ടുന്നു,' എന്നാണ്. മുൻ ലക്കം ഇവിടെ ഇറക്കിയിട്ടുള്ള പാഠത്തിൽ പറഞ്ഞിട്ടുള്ളത് ഇതാണ്. ഒരു അവകാശലംഘനം കൊടുക്കാൻ തയ്യാറുണ്ടോ? നിങ്ങൾക്ക് അതിന് കഴിയുകയില്ലെങ്കിൽ ഞങ്ങൾ ചെയ്യാം. ഈ സംഭവങ്ങളെക്കുറിച്ച് ഒരു നിയമസഭാ സമിതിയെക്കൊണ്ട് അന്വേഷിപ്പിക്കണമെന്ന ആവശ്യത്തോട് ഞാൻ യോജിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ഇവിടെ ബഹുമാനപ്പെട്ട അംഗം എഴുതി തന്നിട്ടാണ് ഉന്നയിച്ചതെന്ന് ബഹുമാനപ്പെട്ട ചെയർ പറഞ്ഞു. റൂൾ 285 അനുസരിച്ച് ഒരു ആരോപണം ഉന്നയിക്കുമ്പോൾ, മന്ത്രിക്കെതിരായ ആരോപണം ഉന്നയിക്കുകയാണെങ്കിൽ എഴുതികൊടുത്തിട്ട് ഉന്നയിക്കണം. മന്ത്രിക്ക് മറുപടി പറയാം. ഇവിടെ ഒരു മെമ്പർക്കെതിരായിട്ടാണ് ആരോപണം ഉന്നതിക്കുന്നത്. ഇത് സംബന്ധിച്ച് റൂൾ 284-ൽ വ്യക്തമായി പറയുന്നു, ഒരംഗം സംസാരിക്കുമ്പോൾ എന്നുപറഞ്ഞ്..... കോടതി തീരുമാനത്തിലിരിക്കുന്ന ഏതെങ്കിലും ഒരു വസ്തുതയെപ്പറ്റി പാടില്ല, മറ്റൊന്ന്, ഒരംഗത്തിനെതിരായി വ്യക്തിപരമായ ആരോപണം കൊണ്ടുവരാൻ പാടില്ല. ഇവിടെ വ്യക്തിപരമായ ആരോപണമാണ് ഡോ. തോമസ് ഐസകിനെതിരായി അദ്ദേഹം കൊണ്ടുവന്നത്. അതു നടപടിചട്ടങ്ങൾ അനുസരിച്ച് ഇവിടെ അനുവദിക്കാൻ പാടില്ല. അതു രേഖയിൽ ഉണ്ടാകാൻ പാടില്ല. അതുപുതിയ കീഴ്വഴക്കമുണ്ടാക്കും. അത് സഭയുടെ അന്തസ്സിനെ ഇടിച്ചു താഴ്ത്തും. അതിന് അങ്ങ് കൂട്ടു നിൽക്കരുത്. അത് സഭാരേഖയിൽ ഉണ്ടാകാൻ പാടില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ചെയർ പറയാം. അത് എഴുതിത്തന്നിട്ടുണ്ട്. രേഖയുടെ പകർപ്പും കൊടുത്തിട്ടുണ്ട്. .....(ബഹളം)..... പ്ലീസ്.....നിങ്ങൾ കൺട്രോൾ ചെയ്യണം.

ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: ശ്രീ. തോമസ് ഐസകിന്റെ മക്കൾക്ക് അമേരിക്കൻ പൗരത്വമുണ്ടെന്ന് ഞാൻ എഴുതികൊടുത്തിട്ടുണ്ട്. ശ്രീ. തോമസ് ഐസക് അതു നിഷേധിക്കണം. ശ്രീ. തോമസ് ഐസകിന്റെ മക്കളുടെ പൗരത്വം അറിടെയാണ്. അദ്ദേഹം അതു നിഷേധിക്കണം.....(ബഹളം).....

മി. ഡെപ്യൂട്ടി സ്പീക്കർ: Your time is over. Please conclude.

.....(ബഹളം).....

ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: സർ അതുപോലെതന്നെ ഡച്ച് ഗവൺമെന്റിന്റെ 16 കോടി രൂപ, സ്വീഡിഷ് ഗവൺമെന്റിന്റെ 10.45 കോടി രൂപ, മൈക്രോ എന്റർപ്രൈസസിനുവേണ്ടി നീക്കിവെച്ച 8.45 കോടി രൂപയിൽ 2 കോടി രൂപ കൈപ്പറ്റിയത് കേരള ശാസ്ത്രസാഹിത്യ പരിഷത്ത് അല്ലേ? .....(ബഹളം).....

ശ്രീ. എം. വി. ജയരാജൻ: ബഹുമാനപ്പെട്ട പ്രതാപവർമ്മ തമ്പാൻ ഇവിടെ കുറെ ആരോപണങ്ങൾ ഉന്നയിക്കുന്നതിന്റെ പേരിൽ കുറെ രേഖകൾ മേശപ്പുറത്ത് വയ്ക്കാമെന്ന് പറഞ്ഞു. രേഖകൾ മേശപ്പുറത്ത് വയ്ക്കുന്നതിനെ സംബന്ധിച്ച് വ്യക്തമായ ചട്ടം 295 ഉണ്ട്. അതിൽ പറയുന്നത് രേഖകൾ മേശപ്പുറത്ത് വയ്ക്കുമ്പോൾ ആ രേഖ അറ്റസ്റ്റ് ചെയ്ത രേഖകളാകണം. ഫോട്ടോസ്റ്റാറ്റ് എടുത്തുകൊണ്ടുവന്നാൽ അതു രേഖയാവുകയില്ല. അത് സാക്ഷ്യപ്പെടുത്തിയ രേഖയാകണം. അത്തരത്തിലുള്ള ഒരു രേഖയും ഇവിടെയില്ല.....(ബഹളം)..... ഫോട്ടോസ്റ്റാറ്റ് രേഖ ഇവിടെ കൊണ്ടുവന്ന് മേശപ്പുറത്ത് വയ്ക്കാൻ പാടില്ല. ആ രേഖ സ്വീകരിക്കാൻ പറ്റില്ല. അതിന്റെ മറവിലാണ് വ്യക്തിപരമായിട്ടുള്ള ആരോപണം ഇവിടെ ഉന്നയിക്കുന്നത്. വ്യക്തിപരമായിട്ടുള്ള ആരോപണങ്ങൾ റൂൾ 284 പ്രകാരം പാടില്ല. അതിന് അങ്ങ് റൂളിംഗ് നൽകേണ്ടതാണ്. വ്യക്തിപരമായിട്ടുള്ള ആരോപണം റൂൾ 284 അനുസരിച്ച് പാടില്ല. അങ്ങ് അതിന് റൂളിംഗ് നൽകണം. .....(ബഹളം).....

LIBRARY ARCHIVES Kerala Legislative Assembly

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ്..... ചെയർ എണീറ്റു നിൽക്കുമ്പോൾ എണീറ്റു നിൽക്കാൻ പാടില്ല. .....(ബഹളം) .....ചട്ടവിരുദ്ധമായി എന്തെങ്കിലുമുണ്ടെങ്കിൽ അത് പരിശോധിക്കുന്നതാണ്. .....(ബഹളം) .....* *

ശ്രീ. കെ. സി. വേണുഗോപാൽ: സർ, ബഹുമാനപ്പെട്ട ജയരാജൻ റൂൾ 295 ആണ് കാട്ട് ചെയ്തത്. റൂൾ 295-ൽ ..... If a Minister not a member എന്നാണ്. ശ്രീ. ദേവകുമാർ സംസാരിച്ചപ്പോൾ അങ്ങേയ്ക്ക് എഴുതിത്തന്നു എന്നുപറഞ്ഞു കൊണ്ട് എഴുതിത്തരാത്ത എല്ലാ ആരോപണങ്ങളും ഫ്ളോറിൽ ഉന്നയിച്ചു. ഇവിടെ ബഹുമാനപ്പെട്ട പ്രതാപവർമ്മ തമ്പാൻ ഒരു വാരികയിൽ വന്ന പ്രസക്തഭാഗം കാട്ട് ചെയ്യുക മാത്രമാണ് ചെയ്തത്. വാരികയിൽ വന്ന ഒരു കാര്യം കാട്ടു ചെയ്തു. അതിൽ ഒരു തെറ്റുമില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ചെയർ റൂളിംഗ് നൽകിക്കഴിഞ്ഞു.....(ബഹളം)..... Please resume your seat.....Please.....Your time is over.....Please.....

ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: ഇതെല്ലാം ദേശാഭിമാനി വാരികയുടെ കോപ്പി യിൽ..... (ബഹളം)..... ഇ. എം. എസ്. നമ്പൂതിരിപ്പാട് സ്വന്തം കയ്യൊപ്പിൽ എഴുതിയ കത്തിന്റെ കോപ്പിയും ഞാൻ അറ്റസ്റ്റ് ചെയ്ത് സഭയുടെ മേശപ്പുറത്തു വയ്ക്കുകയാണ്. ..... (ബഹളം).....എനിക്കു പറയാനുള്ളത് 30 വെള്ളിക്കാശിനു വേണ്ടി ..... (ബഹളം) ..... എനിക്കു പറയാനുള്ളത് ലോകത്തിലെ ഏറ്റവും വൃത്തികെട്ട സ്വരൂപം .....(ബഹളം).....നിങ്ങൾക്ക് മാപ്പില്ല.....(ബഹളം).....

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ് .....(ബഹളം) .....

ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: സർ, നമ്മുടെ ഭക്ഷ്യരംഗം.....

മി. ഡെപ്യൂട്ടി സ്പീക്കർ: Please resume your seat.....Please.....Please conclude..... Shri V. J. Poulose

ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: സർ നമ്മുടെ റേഷൻ കടകൾക്ക് പ്രവർത്തി ക്കാനുള്ള കൂടുതൽ സൗകര്യം ഒരുക്കുന്നതിനു വേണ്ടി ഫുഡ്കോർപ്പറേഷൻ ഗോഡൗ ണിൽ എത്തുന്ന ഭക്ഷ്യധാന്യങ്ങൾ വളരെ കാലപ്പഴക്കമുള്ളതാണ്. കാലപ്പഴക്കമില്ലാത്ത ഭക്ഷ്യധാന്യങ്ങൾ നമ്മുടെ റേഷൻ കടയിൽകൂടി ലഭിക്കുന്നതിനുവേണ്ടിയുള്ള നടപ ടികൾ സ്വീകരിക്കണം. സിവിൽ സപ്ലൈസ് കോർപ്പറേഷനേയും നമ്മുടെ പൊതുവിത രണ രംഗത്തേയും കാര്യക്ഷമമായി പിടിച്ചു നിർത്തിയിരിക്കുന്ന ബഹുമാനപ്പെട്ട മന്ത്രി വോറി സമരത്തിന്റെ പാശ്ചാത്തലത്തിൽ സാധനങ്ങളുടെ വില കൂടാതിരിക്കാനുള്ള കരുതൽ നടപടി എടുക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ പിൻതാങ്ങുന്നു.

** പേയൽ നമ്പർ 943/ഇ. ബി./2003/ലെജി. പ്രകാരം മേൽനടപടികൾ ആവശ്യമില്ലെന്ന് ഉത്തരവായി.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. ജെ. പൗലോസ്: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ ശക്തിയായി പിൻതാങ്ങുകയാണ്. ആദ്യമായി ബഹുമാനപ്പെട്ട കോടിയേരി ബാലകൃഷ്ണന്റെ ശ്രദ്ധയിൽ ഒരു കാര്യം കൊണ്ടുവരുകയാണ്. കഴിഞ്ഞ ദിവസം ട്രാൻസ്പോർട്ടിനെ കുറിച്ചുള്ള ചർച്ച ഇവിടെ നടന്നപ്പോൾ പൊതുമുതൽ നശിപ്പിക്കുന്നതും യാത്ര ചെയ്യുന്ന വാഹനങ്ങൾ തടഞ്ഞുനിർത്തുന്നതുൾപ്പെടെയുള്ള സമരമുറകൾ അവസാനിപ്പിക്കാൻ ഇടതുപക്ഷജനാധിപത്യമുന്നണി തീരുമാനമെടുത്തിട്ടുണ്ടെന്ന് സഭയിൽ അദ്ദേഹം പ്രഖ്യാപിക്കുകയുണ്ടായി. ആ നയം വ്യക്തമാക്കണം അദ്ദേഹത്തിന്റെ വാക്കും പഴയ ചാക്കും ഒരുപോലെയാണെന്ന് ഇന്നലെ എനിക്കു കോതമംഗലത്തുനിന്നു കിട്ടിയ ചില സംഭവങ്ങൾ സംബന്ധിച്ച വിവരങ്ങൾ കേട്ടപ്പോൾ മനസ്സിലായി. കോതമംഗലത്ത് ഇന്നലെ രാവിലെ 6 മണി മുതൽ സ്വകാര്യ ബസ് പണിമുടക്കാണ്. സി. ഐ. ടി. യു. വിന്റെ ആഹ്വാനത്തിലാണ്. വെളുപ്പിന് 3 മണിക്ക് ഇരിട്ടിയിൽ നിന്ന് ഹൈറേഞ്ചിലേക്ക് പോകുന്ന ഒരു വാഹനം സമരം തുടങ്ങുന്നതിനു മുന്നു മണിക്കൂർ മുമ്പ് തല്ലി തകർത്തു.

ശ്രീ. കെ. സി. വേണുഗോപാൽ: ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ചത് വളരെ പ്രസക്തമായ ഒരു കാര്യമാണ്. ശ്രീ. കോടിയേരി ബാലകൃഷ്ണൻ പറഞ്ഞത് വളരെ ആശ്വാസത്തോടു കൂടിയാണ്. കേരളം കേട്ടത്. ഡി. വൈ. എഫ്. ഐ. ക്കാർ എറിയേണ്ടതെല്ലാം എറിഞ്ഞു തകർത്തശേഷമാണ് ശ്രീ. കോടിയേരിയുടെ അസംബ്ലിയിലെ പ്രസംഗം. ഇതു മനസ്സിലാക്കിയ സി. പി. ഐ. ക്കാർ ശ്രീ. കോടിയേരി ബാലകൃഷ്ണനെ മറികടക്കാൻ വേണ്ടി, സി. പി. എം. നെ മറികടക്കാൻ വേണ്ടി, ആസൂത്രിതമായി നടത്തിയ ആക്രമണമാണ് ഇന്നലെ നടന്നതെന്ന കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. വി. ജെ. പൗലോസ്: അതുതന്നെയാണ് ശ്രീ. വെളിയം ഭാർഗ്ഗവൻ ഇന്നലെ പത്രസമ്മേളനം നടത്തി പറഞ്ഞത്, 'ഞങ്ങൾ പണ്ടേ തീരുമാനിച്ചതെന്നാണ്', ശ്രീ. കോടിയേരി ബാലകൃഷ്ണൻ ഇന്നലെ പറഞ്ഞത് പുതിയ കാര്യമല്ല. ഞങ്ങൾ പണ്ടേ തീരുമാനിച്ചതാണ്. വഴി തടയുന്നതുപോലും തെറ്റാണെന്നാണ് ഞങ്ങളുടെ പാർട്ടി തീരുമാനിച്ചതെന്നാണ് ശ്രീ. വെളിയം ഭാർഗ്ഗവൻ ഇന്നലെ വെളിപാടു പ്രസംഗം നടത്തിയത്. ബഹുമാനപ്പെട്ട കോടിയേരി ബാലകൃഷ്ണൻ സഭയിലെ ഉപനേതാവു കൂടിയാണ്. നിങ്ങളുടെ മുന്നണിയിലെ രണ്ടാമത്തെ കക്ഷിയായിട്ടുള്ള ഇൻഡ്യൻ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ നേതാവായ ശ്രീ. വെളിയം ഭാർഗ്ഗവൻ ഇന്നലെ നടത്തിയ പ്രസ്താവനയെക്കുറിച്ചാണ് പറഞ്ഞത്. അപ്പോൾ ശ്രീ. കോടിയേരിയുടെ പ്രസ്താവനയ്ക്ക് എന്ത് വിലയുണ്ട്? അദ്ദേഹത്തിന്റെ പാർട്ടി അല്ലെങ്കിൽ മുന്നണി എടുത്തിട്ടുള്ള തീരുമാനത്തിന് എത്രമാത്രം ആത്മാർത്ഥതയുണ്ട്? കോതമംഗലം സംഭവം അദ്ദേഹം വിളിച്ച് അന്വേഷിക്കണം. ആറുമണിക്ക് ബസ് സമരം തുടങ്ങുകയാണ്. മൂന്നു മണിക്ക് അതിലേ പാസ് ചെയ്യുന്ന വാഹനം തല്ലിപ്പൊളിച്ചതിന് എന്തു ന്യായമാണുള്ളത്? വാഹനത്തിനെ എറിഞ്ഞപ്പോൾ ജീവനുംകൊണ്ട് ഡ്രൈവർ രക്ഷപ്പെട്ടു. നാലാമതു പോയ വാഹനം തടഞ്ഞു നിർത്തി മുഴുവനായി അടിച്ചു പൊളിച്ചു. അതാണ് ഞാൻ പറഞ്ഞത്, അങ്ങയുടെ വാക്കും പഴയ ചാക്കും ഒരുപോലെയാണെന്ന് ആളുകൾ പറഞ്ഞാൽ കുറ്റപ്പെടുത്തരുത്. എന്തിനാണ് ഈ സമരം? ഞാൻ ഈ സമരത്തെക്കുറിച്ച് പറയുകയാണ്, പറയാതിരിക്കാൻ കഴിയില്ല. ഒരു മാസം കഴിഞ്ഞിട്ടാണ് നമ്മുടെ നാട്ടിൽ ഓണം വരുന്നത്. ബോണസിനുവേണ്ടിയാണ് ഈ സമരം.

ബോണസിനു വേണ്ടി നടത്തുന്ന ഈ സമരത്തിലെ ആഭാസകരമായ ഒരു രംഗം ഞാൻ ചൂണ്ടിക്കാണിച്ചു എന്നുമാത്രമേയുള്ളൂ. അപ്പുറത്തുനിന്നും സംസാരിച്ച ശ്രീ. ടി. കെ. ദേവകുമാർ ചില അമ്പലങ്ങളിലും പള്ളികളിലുമൊക്കെ ഭക്തൻമാർ വെടിവഴിപാടു നടത്തുന്നതുപോലെ ഒരു ആരോപണമുന്നയിച്ചു. ഇത് എല്ലാ ദിവസവും പറഞ്ഞുകൊണ്ടിരിക്കുകയാണ്. കഴിഞ്ഞ ദിവസം യാതൊരു തെളിവുമില്ലാതെ ശ്രീ. മത്തായി ചാക്കോ ബലപ്രയോഗം പോലെ പ്രസംഗിച്ച് ഉന്നയിച്ച ആരോപണമുണ്ട്. ഒരു രേഖയും വച്ചില്ല. ഇത് ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ ഒരു നയമാണ്. ഇന്നത്തെ നേർച്ചക്കോഴി ശ്രീ. ടി. കെ. ദേവകുമാർ ആണെന്നു മാത്രമേയുള്ളൂ. ശ്രീ. ടി. കെ. ദേവകുമാറിനെക്കൊണ്ട് ഈ അഴിമതി ആരോപണം ഇപ്രകാരം ഉന്നയിച്ചില്ലായിരുന്നുവെങ്കിൽ ഈ സഭയിൽ നിങ്ങൾക്കെങ്ങനെ ഞങ്ങളെ കേട്ടുകൊണ്ടിരിക്കാൻ കഴിയും. നിങ്ങൾക്കെതിരായി ഞങ്ങൾ യാതൊരു ആരോപണവും ഉന്നയിക്കുന്നില്ല. നിങ്ങൾക്കെതിരായി നിങ്ങളുടെ ആളുകൾ നടത്തിക്കൊണ്ടിരിക്കുന്ന ആരോപണം പത്രങ്ങളിൽ വരുന്നതും പുറത്തുകേൾക്കുന്നതും ഞങ്ങൾ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നു എന്നുള്ളതൊഴിച്ചാൽ ഞങ്ങൾ ഒരു ആരോപണവും ഉന്നയിക്കുന്നില്ല. നിങ്ങൾ അടിസ്ഥാനരഹിതമായ ആരോപണങ്ങൾ ഉന്നയിക്കുന്നു. ശ്രീ. ജി. കാർത്തികേയനെതിരായ ആരോപണം, ഇപ്പോൾ ശ്രീ. ചെർക്കളം അബ്ദുള്ളക്കെതിരായ ആരോപണം, കഴിഞ്ഞ ദിവസങ്ങളിൽ ഓരോ മന്ത്രിക്കുമെതിരെ ഉണ്ടായിട്ടുള്ള ആരോപണം, നിങ്ങൾ ഭരണത്തിൽ നിന്നും മാറിനിന്നിട്ട് രണ്ടുവർഷം കഴിഞ്ഞിട്ടും നിങ്ങളുടെ കഴിഞ്ഞ 5 വർഷക്കാലത്തെ ചെയ്തികൾ ഓരോന്നോരോന്നായി അഴിമതി ആരോപണങ്ങളായി ഇപ്പോഴും പുറത്തു വന്നുകൊണ്ടിരിക്കുകയാണ്. ഞങ്ങൾക്കെതിരായിട്ടല്ല ആരോപണം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. മത്തായി ചാക്കോ: സർ, അങ്ങയുടെ മണ്ഡലത്തിലാണല്ലോ കോതമംഗലത്തെ മെഡിക്കൽ കോളേജുള്ളത്? ആ മെഡിക്കൽകോളേജിൽ ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ 75 ശതമാനം മാനേജ്മെന്റിനും 25 ശതമാനം സീറ്റ് ഗവൺമെന്റിനു മെടുക്കുമെന്ന് പറഞ്ഞിട്ട് .....(ബഹളം) ..... ആ സീറ്റ് മാനേജുമെന്റിന് ഗവൺമെന്റ് കൊടുത്തില്ലേ? അത് എന്തടിസ്ഥാനത്തിലാണെന്ന് വിശദീകരിക്കാമോ?

ശ്രീ. വി. ജെ. പൗലോസ്: വിദ്യാഭ്യാസ വകുപ്പുമന്ത്രിയും ഇന്നുരാവിലെപോലും മുഖ്യമന്ത്രിയും മറുപടി പറഞ്ഞ കാര്യമാണ് അത്. ക്ഷീരബല ആവർത്തിക്കുന്നതു പോലെ ആവർത്തിച്ചാവർത്തിച്ച് ആക്ഷേപവും ആരോപണവും ഉന്നയിച്ചിട്ടൊന്നും ഒരു കാര്യവുമില്ല. ഞാൻ പറഞ്ഞുവന്നത് ഇന്നു നിങ്ങൾ ഈ അഴിമതിയാരോപണം ശ്രീ. ജി. കാർത്തികേയനും ശ്രീ. ചെർക്കളം അബ്ദുള്ളയ്ക്കും എതിരായി നടത്തിയിട്ടുള്ളത് ബോധപൂർവ്വമാണ്. കാരണം പഞ്ചായത്ത് രാജ് നഗരപാലിക നിയമത്തെ സംബന്ധിച്ചിടത്തോളമുള്ള ഉപധനാഭ്യർത്ഥനാ ചർച്ച ഇവിടെ നടന്നുകൊണ്ടിരിക്കുമ്പോൾ, ഇപ്പോൾ പാഠം വാരികയിലും അതുപോലെ തന്നെ പത്ര മാധ്യമങ്ങളിലും എല്ലാം വന്നുകൊണ്ടിരിക്കുന്നു. അക്കാര്യങ്ങൾ സംബന്ധിച്ച ചർച്ചകൾ ഇവിടെ നടക്കുമ്പോൾ നിങ്ങൾക്ക് കേൾക്കാൻ ബുദ്ധിമുട്ടുണ്ടെന്നു മാത്രമല്ല, മറുപടി പറയാൻ കഴിയില്ല. അതാണ് നിങ്ങൾ ഓടുന്ന മുയലിന് ഒരു മുഴം മുമ്പെ എന്നുള്ള നിലയിൽ ഒരു ആരോപണം ശ്രീ. ടി. കെ. ദേവകുമാറിനെക്കൊണ്ട് ഉന്നയിപ്പിച്ചത്. ചിലപ്പോൾ അവസാന

ശ്രമത്തിൽ ശ്രീ. എ. വി. ജയരാജനും ഒരു ആരോപണം ഉന്നയിച്ചേക്കാം. കാരണം ആരോപണം ഉന്നയിച്ചില്ലെങ്കിലേ അത്ഭുതമുള്ളൂ. ഇതുകൊണ്ടൊന്നും നമ്മുടെ മാർക്സിസ്റ്റു പാർട്ടി പാഠം പഠിക്കില്ലെന്നു വന്നാൽ എന്തു ചെയ്യും. കഴിഞ്ഞ 5 വർഷക്കാലം ഈ സംസ്ഥാനത്തെ ഭരിച്ചുമുടിച്ചു. നമ്മുടെ പഞ്ചായത്തു വകുപ്പിൽ തന്നെ 6000 കോടി രൂപ ആസൂത്രണ വികസനത്തിനുവേണ്ടി വിനിയോഗിച്ചു എന്നാണല്ലോ നിങ്ങളുടെ എല്ലാ കണക്കുകളും പറയുന്നത്? അതിൽ 1500 കോടി രൂപയിലധികം പാഴായിപ്പോയി, അത് പല ആളുകളുടേയും കൈകളിലേക്ക് ഒഴുകിപ്പോയി എന്ന് ഉയർന്ന് വന്നിട്ടുള്ള ആരോപണങ്ങളും ആക്ഷേപങ്ങളും അതുപോലെ തന്നെ അന്വേഷണ റിപ്പോർട്ടുകളും പത്രങ്ങളുടെ മുഖപ്രസംഗങ്ങളുമൊക്കെ നിങ്ങൾക്ക് ഇനിയും മുഖവിലക്കെടുക്കാൻ കഴിയില്ലേ? നിങ്ങൾ ജനകീയാസൂത്രണത്തെക്കുറിച്ച് എന്താണ് പറഞ്ഞുകൊണ്ട് നടന്നിരുന്നത്? അധികാരവികേന്ദ്രീകരണത്തിലധിഷ്ഠിതമായി പഞ്ചായത്തിൽ നടക്കുന്ന പരിപാടികൾ സുതാര്യവും ജനോപകാരപ്രദവുമായിട്ടുള്ള പദ്ധതികൾ എന്നുള്ള വ്യാജേന നിങ്ങൾ നടത്തിയിട്ടുള്ള ജനകീയാസൂത്രണത്തിന്റെ ഉറവിടത്തെ സംബന്ധിച്ചുതന്നെ ഇപ്പോൾ ആക്ഷേപമുണ്ടായി. നിങ്ങൾ അതൊക്കെ നടത്തിയിട്ടുള്ളത് ബോധപൂർവ്വമാണ്. എന്തിനാണ് ജനകീയാസൂത്രണം? പഞ്ചായത്ത് രാജ് നിയമത്തിൽ കൊടുത്തിട്ടുള്ള വർദ്ധിച്ച അധികാരങ്ങൾ ഉപയോഗിച്ചുകൊണ്ട് ജനോപകാരപ്രദമായ നടപടികൾ നടത്താമായിരിക്കേ അതിന്റെ നേട്ടങ്ങൾ മുഴുവൻ നിങ്ങൾക്ക് കൊയ്തെടുക്കണമെന്നുള്ള ഉദ്ദേശ്യത്തോടുകൂടി നിങ്ങളതിൽ വേറെ വലിയൊരു മറ സൃഷ്ടിച്ചതാണ് ഈ ജനകീയാസൂത്രണം. അതു നിങ്ങളുണ്ടാക്കിയതാണെന്നു പറഞ്ഞു. ശങ്കരൻ നമ്പൂതിരിപ്പാടിന്റെ ബുദ്ധിയിൽ നിന്നും നമ്മുടെ ഡോ. തോമസ് ഐസക്കിന്റെ കൈകൊണ്ട് എഴുതിയതുമാണെന്നൊക്കെ ധരിപ്പിച്ചുകൊണ്ട് ഉണ്ടാക്കിയിട്ടുള്ള ആ ജനകീയാസൂത്രണം നിങ്ങൾ വിദേശത്തുനിന്നും കടമെടുത്തതാണെന്നുള്ള ആരോപണം നിങ്ങൾക്ക് നിഷേധിക്കാൻ കഴിയുമോ? ശ്രീ. പ്രതാപവർമ്മ തമ്പാൻ മുതൽ എനിക്കു മുമ്പ് ഇവിടെ സംസാരിച്ച പലരും പറഞ്ഞു. കേരളത്തിൽ ചില ആയുർവേദ വൈദ്യൻമാർ ഒരു മരുന്നുണ്ടാക്കി പല കുപ്പികളിലാക്കി പല ലേബലുകൾ ഒട്ടിക്കുന്നതുപോലെ ഡച്ച് ഗവൺമെന്റിന്റെ ഒരു പദ്ധതി കേരളത്തിൽ നിങ്ങളുടെ കാലത്ത് ജനകീയാസൂത്രണമെന്നുള്ള ഓമനപ്പേരുകൊടുത്തുകൊണ്ട് നിങ്ങൾ നടത്തിയിട്ടുള്ള പദ്ധതിയാണെന്നുള്ളത് ഇപ്പോൾ തെളിഞ്ഞു. നിങ്ങൾക്കത് നിഷേധിക്കാൻ കഴിയില്ല. ചിലപ്പോൾ നിങ്ങളത് നിഷേധിക്കുമായിരിക്കും. അതിന് വിദേശ പണം നിങ്ങൾ സ്വീകരിച്ചു. 15 കോടി രൂപ സി. ഡി. എസും ശാസ്ത്ര സാഹിത്യ പരിഷത്തും അതിനുവേണ്ടി വാങ്ങിയിട്ടുണ്ടെന്നു പറഞ്ഞിട്ടുള്ളത് ഞങ്ങളല്ല, വേറെയെഴുതിയ പ്രൊഫ. സുധീഷും അതുപോലെതന്നെ അതിന്റെ പത്രാധിപരായിട്ടുള്ള ശ്രീ. വിജയനുമാണ്. ഇവർ രണ്ടുപേരും കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ സന്തത സഹചാരികളാണ്. കമ്മ്യൂണിസ്റ്റ് പാർട്ടിക്കുവേണ്ടി ബുദ്ധിപരമായ സമീപനത്തോടു കൂടി കഴിഞ്ഞ കാലഘട്ടങ്ങളിൽ അവരുടെ പാർട്ടിക്കുവേണ്ടി വേറെയെഴുതിയിട്ടുള്ളവരാണ്, അവർക്കു വേണ്ടി പ്രവർത്തിച്ചിട്ടുള്ളവരാണ്. അങ്ങനെയുള്ള ആളുകൾ ഇന്ന് ആരോപണം ഉന്നയിച്ചുകൊണ്ടിരിക്കുമ്പോൾ ഇന്ന് മാർക്സിസ്റ്റ് പാർട്ടിയിലെ നേതാക്കൻമാർക്ക് ആരോപണത്തിന് വിധേയനായിട്ടുള്ള ഡോ. തോമസ് ഐസക്കിനുപോലും കാര്യകാരണ സഹിതം മറുപടി പറയാൻ കഴിയുന്നില്ല. ഇപ്പോൾ വിദേശത്തു നിന്നും ഇവർക്കെതിരായി മാനനഷ്ടത്തിന് കേസ് കൊടുക്കുമെന്നാണ് ഡോ. തോമസ് ഐസക് പറയുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

എന്തിനാണ്, റിച്ചാർഡ് ഫ്രാങ്കിക്ക് വേണ്ടി ഡോക്ടർ വാദിക്കുന്നത്? അദ്ദേഹത്തിനെതിരായിട്ടുള്ള പരാമർശനം അദ്ദേഹത്തിന് മാനഹാനിയുണ്ടാക്കിയിട്ടുണ്ടെന്നും അതിനെതിരായി അദ്ദേഹം കോടതിയെ സമീപിക്കുമെന്നു പറഞ്ഞത് നമ്മുടെ ഡോ. തോമസ് ഐസക്കാണ്. അപ്പോൾ ഡോ. തോമസ് ഐസക്കും അദ്ദേഹവുമായിട്ടുള്ള ബന്ധം എത്രമാത്രമുണ്ടെന്നുമുള്ള കാര്യം നമുക്ക് ഊഹിക്കാൻ കഴിയും. ഇപ്പോൾ പഞ്ചായത്ത് വകുപ്പ് എന്നു പറഞ്ഞാൽ ആന കരിമ്പിൻ കാട്ടിൽ കയറിയതുപോലെ LDF ഭരണകാലത്ത് ചവിട്ടി ഒടിച്ച് ഞെരിഞ്ഞമർന്നു കിടന്നിരുന്ന ഒരു വകുപ്പ്, അത് കൈകാര്യം ചെയ്യാനുള്ള അവസരമാണ് ശ്രീ. ചെർക്കളം അബ്ദുള്ളയ്ക്കുണ്ടായത്. ആ വകുപ്പിനെ നന്നാക്കാൻ വേണ്ടി കുറെശ്ശെകുറെശ്ശെ പലനടപടികളും സ്വീകരിച്ചു. അതിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെട്ടുവരുന്നു. ജനകീയാസൂത്രണംമൂലം നമ്മുടെ പഞ്ചായത്തുകളിലുണ്ടായിട്ടുള്ള അഴിമതിയുടെ വാസന കുറച്ചുകൊണ്ടുവന്ന് കാര്യങ്ങൾ ഭംഗിയായി മുറപോലെ നടക്കുന്ന ഒരു സ്ഥിതി വിശേഷം സംജാതമാക്കിയിട്ടുണ്ട്. കേരളത്തിലാകമാനം മാതൃകയാകത്തക്കവിധമുള്ള പല പദ്ധതികളും അദ്ദേഹം കൊണ്ടു വന്നിട്ടുണ്ട്. Clean Kerala, ശുചിത്വ കേരളമെന്നത് കേരളത്തെ സംബന്ധിച്ചിടത്തോളം ഏറ്റവും അത്യന്താപേക്ഷിതമായിട്ടുള്ളതും അതിനു തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള നഗരസഭകളിലും മുനിസിപ്പാലിറ്റികളിലും അതുപോലെ കോർപ്പറേഷനുകളിലുമൊക്കെ അതിന്റെ പ്രവർത്തനത്തെ സംബന്ധിച്ചിടത്തോളം വളരെയേറെ പ്രശസ്തി ഉണ്ടായിട്ടുണ്ട്. കേരളമാകമാനം ഒരു ശുചിത്വ സംസ്ഥാനമായി വളർത്തിയെടുക്കാൻ കഴിയത്തക്ക രീതിയിൽ എല്ലാ തലങ്ങളിലേക്കും അതിന്റെ പ്രവർത്തനങ്ങൾ വ്യാപിപ്പിക്കാനും കാര്യക്ഷമമായി മുന്നോട്ടുകൊണ്ടുപോകാനും കഴിയണം. അങ്ങനെ ഇന്ത്യയിലെ ആദ്യത്തെ ശുചിത്വ സമ്പൂർണ്ണ പ്രസ്താനമെന്നുള്ള പേര് നമ്മുടെ സംസ്ഥാനത്തിന് കിട്ടത്തക്ക രീതിയിലുള്ള ശക്തമായ പ്രവർത്തനങ്ങളുമായി മുന്നോട്ടു പോകണം. നമ്മുടെ ഭക്ഷ്യ വകുപ്പിനെ സംബന്ധിച്ച് അധികം പറയാനില്ല. ഒറ്റ വാക്കേ പറയുന്നുള്ളൂ, അതിൽ നല്ലതേ പറയാനുള്ളൂ, കാര്യക്ഷമമായി കാര്യങ്ങൾ നടക്കുന്നുണ്ട്. നിത്യോപയോഗ സാധനങ്ങളുടെ വില കഴിഞ്ഞ രണ്ടു വർഷമായി ആളുകൾക്ക് പരാതി പറയാവുന്ന രീതിയിലേക്ക് ഒരിക്കലും ഉയർന്നിട്ടില്ല, പലപ്പോഴും ലോറി സമരം അൽപ്പമൊക്കെ വർദ്ധനവ് ഉണ്ടായിട്ടുണ്ടെങ്കിലും അസാധാരണ നിലയിലുണ്ടായിട്ടില്ല എന്നു പറയുമ്പോൾ എത്ര ശുഷ്കാന്തിയോടുകൂടി ആ വകുപ്പിന്റെ പ്രവർത്തനങ്ങൾ നിലനിർത്തിപോകുന്നു എന്നുള്ളത് നമുക്കെല്ലാവർക്കും മനസ്സിലാക്കാൻ കഴിയുന്നതാണ്. എനിക്ക് ഒരു കാര്യം അദ്ദേഹത്തോട് സൂചിപ്പിക്കാനുള്ളത്, പൊതുവിതരണം, റേഷൻ കടയിലൂടെയുള്ള സബ്സിഡിയോടു കൂടിയ അരിയും മറ്റും കൊടുക്കാത്ത ഒരു സാഹചര്യത്തിൽ, അതുകൊണ്ട് വലിയ വിലവർദ്ധനയൊന്നും ഇപ്പോൾ ഉണ്ടായിട്ടില്ല, പൊതു മാർക്കറ്റിൽ അരിയുടെ വില വർദ്ധിച്ചുയരുന്ന ഒരു പ്രശ്നമുണ്ടായിട്ടില്ല, എങ്കിലും പക്ഷെ നിത്യോപയോഗ സാധനങ്ങളുടെ കാര്യത്തിൽ പലപ്പോഴും ബുദ്ധിമുട്ടുകൾ ഉണ്ടാകാറുണ്ട്. നമ്മുടെ മാവേലി സ്റ്റോറുകളുടെ പ്രവർത്തനം കേരളത്തിലെ എല്ലാ പഞ്ചായത്തുകളിലും ഏറ്റവും ചുരുങ്ങിയത് ഒന്ന് എന്നുള്ള രീതിയിൽ തത്വത്തിൽ അംഗീകരിച്ചുകൊണ്ട് ഈ വർഷംതന്നെ അങ്ങനെ ഒരു പ്രഖ്യാപനം നടത്തി, മാവേലി സ്റ്റോറുകളിലൂടെ സാധരണക്കാരും ഇടത്തരക്കാരുമായിട്ടുള്ള ഉപഭോക്താക്കളെ സഹായിക്കുന്നതിനു വേണ്ടിയുള്ള ഒരു പ്രഖ്യാപനവും ഒരു പദ്ധതിയും ഉണ്ടാക്കണമെന്നുള്ളതുമാത്രമാണ് അതു

LIBRARY ARCHIVES Kerala Legislative Assembly

സംബന്ധിച്ച് എനിക്ക് പറയാനുള്ളത്. ഞാൻ കർശനമായി സമയം പാലിക്കുന്നതു കൊണ്ട്, അതിൽ സഹകരിച്ചുകൊണ്ട്, ഈ ധനാഭ്യാർത്ഥനകളെ ഒരിക്കൽകൂടി പിന്താങ്ങിക്കൊണ്ട് എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

ശ്രീ. കെ. പി. മോഹനൻ: സർ, ഈ ധനാഭ്യാർത്ഥനകളെ ഞാൻ എതിർക്കുകയാണ്. എൽ. ഡി. എഫ്. ഭരണകാലത്ത് തദ്ദേശസ്വയംഭരണ മേഖലയിൽ നിലനിന്നു വന്നിരുന്ന ജനങ്ങളിലുള്ള അധികാരം അതു "എൽ. ഡി. എഫ്. ഗവൺമെന്റ് കൊണ്ടു വന്നതല്ലേ, അതുകൊണ്ട് അത് മാറ്റണം" എന്നുള്ള സമീപനം മാറ്റണം. ജനങ്ങളാകെ വിഷമത്തിലാണ്, പ്രയാസത്തിലാണ്. ഈ സഭയിലെ പല അംഗങ്ങളെയും ഇവിടെ കാണുന്നില്ല. അതു പ്രതിഷേധം കൊണ്ടാണെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. പല വിധത്തിലുള്ള പദ്ധതികൾ, സഹായങ്ങൾ പഞ്ചായത്തുകൾ മുഖേന സാധാരണക്കാർക്കും ഗ്രാമപ്രദേശത്തുള്ളവർക്കും ലഭിക്കുന്നുണ്ട്. ഈ സഹായങ്ങൾ കിട്ടുന്നത് ട്രഷറികൾ മുഖേനയാണ്. എന്നാൽ ഇടവിട്ട് ഇടവിട്ടുള്ള ട്രഷറി ബാൻ കാരണം പലർക്കും കൃത്യസമയത്ത് പണം കിട്ടുന്നില്ല എന്നു മാത്രമല്ല പദ്ധതികൾ പൂർത്തീകരിക്കാൻ സാധിക്കാത്ത അവസ്ഥയുമാണുള്ളത്. കാലാവധി കഴിയുന്ന ട്രഷറി ചെക്കുകൾ വീണ്ടും എഴുതിക്കൊണ്ടു ചെല്ലുമ്പോൾ അപ്പോഴും വരും ട്രഷറി ബാൻ, ഇടയ്ക്കിടയ്ക്കുള്ള ഈ ട്രഷറി ബാനുകളിൽ നിന്നും പഞ്ചായത്തുകളെ രക്ഷിക്കണം. ഈ ട്രഷറി ബാനിൽ നിന്ന് പഞ്ചായത്തുകളെയെങ്കിലും ഒഴിവാക്കിക്കൊണ്ട് സാധാരണക്കാരെ സഹായിക്കണം. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കൈവശമുള്ള മുൻ വർഷത്തെ ബാക്കിയുള്ള മുഴുവൻ ഫണ്ടും, പി. ഡി. അക്കൗണ്ടിലുള്ളത് തിരിച്ച് അടയ്ക്കാനുള്ള ഉത്തരവു വന്നിട്ടുണ്ട്. അതു തിരിച്ചു പിടിക്കരുത്. അവിടെത്തന്നെ വച്ചുകൊണ്ട് അടുത്ത കാലത്തേക്ക്, ഒരു വർഷത്തേക്ക് എങ്കിലും നീട്ടിക്കൊടുത്തു കൊണ്ട് പഞ്ചായത്തുകളിൽ ക്ഷേമപ്രവർത്തനങ്ങൾ ചെയ്യാനുള്ള അനുവാദം കൊടുക്കണം. ആ തരത്തിലുള്ള ഒരു പ്രവർത്തനം കൊടുത്തിയാൽ അതു വളരെ ഉപകാര പ്രദമായിരിക്കും. ഈ പഞ്ചായത്തിൽ, മറ്റു വകുപ്പുകളിൽ ഒരുപാടു പൈസ്സുകളിൽ ഇതിനുവേണ്ടി ഫണ്ട് നീക്കിവെച്ചിട്ടുണ്ട്. പ്രത്യേകിച്ചും പകർച്ചവ്യാധികളൊക്കെ വരുമ്പോൾ ആ ഫണ്ടിൽ നിന്നും എടുത്തു ചെലവഴിക്കാൻ സാധിക്കും. അതിനു അത്തരത്തിലുള്ള ഒരു നിർദ്ദേശം നൽകണം. മുഖ്യമന്ത്രി തന്നെ ഇവിടെ പറഞ്ഞിട്ടുണ്ട്. പഞ്ചായത്തുകളുടെ നിലവിലുള്ള അധികാരമോ അവകാശമോ കയ്യേറുന്ന സമീപനം സർക്കാർ അംഗീകരിക്കില്ലാ എന്ന്. അതുകൊണ്ട് ആ രീതിയിലുള്ള ഒരു സമീപനം അങ്ങയുടെ ഭാഗത്തു നിന്നും ഉണ്ടാകണം. പഞ്ചായത്തുകളെ സാധാരണക്കാരന്റെ സമാധാനത്തിനും സൗഹൃദത്തിനും വികസനത്തിനും വേണ്ടിയുള്ള സ്ഥാപനങ്ങളാക്കി മാറ്റണം. ഗ്രാമങ്ങളിൽ ഗ്രാമസഭകൾ മുഖേന സമാധാനത്തിന്റെയും സൗഹൃദത്തിന്റെയും കൂട്ടായ്മ ഉണ്ടാക്കണം. അതിനുവേണ്ടി ശ്രമിക്കണം. പഞ്ചായത്തുകൾ മുഖേന ഔദ്യോഗികമായി ഫണ്ടുകൾ രൂപീകരിക്കാൻ നിർദ്ദേശം നൽകണം. മതേതര ഭാരതം എന്ന മഹത്തായ ആശയം, സുന്ദരമായ ആവിഷ്കരണം മനോഹരമായ മാർബിളിൽ കൊത്തിയ അടിസ്ഥാന ശില്പ്പമാണ്. അതൊരു ദിവാസ്വപ്നമല്ല. നമ്മുടെ ഭരണഘടനയിൽ മതേതരത്വത്തിന്റെ ആശയം ആമുഖത്തിൽ തന്നെ പ്രതിപാദിച്ചിട്ടുണ്ട്. അത് നിലനിർത്താനും ഗ്രാമസഭകളിലൂടെ മതേതരത്വം, മതസൗഹാർദ്ദം, സൗഹൃദം എന്നിവയുടെ കൂട്ടായ്മയുണ്ടാക്കാനും ഔദ്യോഗിക നിർദ്ദേശം നൽകണം. മുഖ്യമന്ത്രി ഇവിടെയില്ല. ഇന്ത്യാവിഷന്റെ ഉദ്ഘാടനവേളയിൽ ഗാനഗന്ധർവൻ യേശുദാസ് നൽകിയ

LIBRARY ARCHIVES Kerala Legislative Assembly

ഒരു സന്ദേശമുണ്ട്. "ജാതി ഭേദംമതദ്വേഷം ഏതുമില്ലാതെ സർവ്വരും, സോദരത്വേന വാഴുന്ന മാതൃകാസ്ഥാനമാണിത്". ഈ സഭയിൽപോലും അതില്ല എന്നാണ് കാണുന്നത്. അതുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും സാസംസ്കാരിക വകുപ്പുമന്ത്രിയും തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയും ഒരുമിച്ചുകൊണ്ട് സൗഹൃദത്തിന്റെ ഒരു ഗാഥ പാടാൻ നിർദ്ദേശം നൽകണം. പല സംസ്ഥാനങ്ങളിൽ നിന്നും പകർച്ചവ്യാധികളുമായി എത്തുന്ന യാചകൻമാരുണ്ട് ഇവിടെ. ഇവരെയൊക്കെ പുനരധിവസിപ്പിക്കുന്നതിനുള്ള പ്രവർത്തനം നടത്താൻ തയ്യാറാകണം. സിവിൽ സപ്ലൈസിനെക്കുറിച്ചു ഒരു വാക്കു പറയട്ടെ. പണ്ടൊക്കെ ഇവിടെ അഡ്വൈസറി കമ്മിറ്റികൾ കൂടുമായിരുന്നു. ഇപ്പോൾ അതു നടന്നു കാണുന്നില്ല. ഞാൻ അതിലെ ഒരു അംഗമാണ്. അതുകൊണ്ട് ചില കാര്യങ്ങളൊക്കെ പറഞ്ഞു കൊടുക്കാൻ സാധിക്കുന്നില്ല. മാവേലിസ്റ്റോറുകൾ പലതും ഇപ്പോൾത്തന്നെ നല്ലനിലയിലല്ല നടക്കുന്നത്. അവിടെ വില കുറച്ചു സാധനങ്ങൾ കിട്ടുന്നില്ല. പുറത്തു കിട്ടുന്നതിനേക്കാൾ കൂടുതൽ വിലയ്ക്കാണോ വിൽക്കുന്നത് എന്ന് സംശയമുണ്ട്. അതുകൊണ്ട് കൃത്യമായി വില കുറച്ചു കൊടുത്തുകൊണ്ട് മാവേലി സ്റ്റോറുകൾ ജനങ്ങൾക്ക് ഉപകാരപ്രദമായ രീതിയിൽ കൊണ്ടുപോകാൻ സാധിക്കണം. അത്തരത്തിലുള്ള നല്ല കാര്യങ്ങൾ ചെയ്യാൻ തയ്യാറാകുന്നില്ല എന്നു കാണുന്നതുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ. ഞാൻ എതിർക്കുകയാണ്.

ശ്രീ. എം. എ. വാഹീദ്: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്താങ്ങുകയാണ്. ഭക്ഷ്യവകുപ്പിനെക്കുറിച്ച് ആർക്കും ആക്ഷേപം പറയാൻ കഴിയാത്ത രീതിയിൽ സുതാര്യവും സത്യസന്ധവുമായി അതിന്റെ പ്രവർത്തനങ്ങൾ നടക്കുകയാണ്. സിവിൽ സപ്ലൈസിനെക്കുറിച്ച് ആക്ഷേപം ഉണ്ടായപ്പോൾ വിജിലൻസ് അന്വേഷണം നടത്തിയ മന്ത്രിയാണ്. ആരും ആവശ്യപ്പെട്ടിട്ടില്ല. പ്രതിപക്ഷികൾ വരുമ്പോൾ വളരെ ശ്രമകരമായി പ്രവർത്തനങ്ങൾ നടത്തി നമ്മുടെ നാട്ടിലെ ഭക്ഷ്യദൗർലഭ്യം പരിഹരിക്കുവാൻ വേണ്ടി കഠിനാദ്ധ്വാനം നടത്തുന്ന മന്ത്രി, മന്ത്രിയുടെ സ്വഭാവം പോലെതന്നെ ആ വകുപ്പ് ശാലീനമായി തുടരുകയാണ്. ഞാൻ അതിനെക്കുറിച്ച് കൂടുതൽ പറയാൻ ആഗ്രഹിക്കുന്നില്ല. ഞാൻ നേരത്തെതന്നെ ഇവിടെ പറഞ്ഞതാണ് തദ്ദേശസ്വയംഭരണ വകുപ്പ് ആകെ തകർന്നു കിടക്കുകയാണ് എന്ന്. അതിൽ ഉണ്ടായിരുന്ന ജനകീയാസൂത്രണം എന്നു പറയുന്നത് ഒരു ജനദ്രോഹ ആസൂത്രണം ആയിരുന്നു. അതിപ്പോൾ ദേശദ്രോഹ ആസൂത്രണമായിട്ടാണ് നിൽക്കുന്നത്. ഈ ജനകീയാസൂത്രണത്തിലെ അഴിമതികളെക്കുറിച്ച് സുപ്രീം കോടതിയിലും ഹൈക്കോടതിയിലും പോകേണ്ടി വന്ന ഒരു ജനപ്രതിനിധിയാണ് ഞാൻ. ഇതിലെ സാമ്പത്തിക ക്രമക്കേടുകൾ ഭയാനകവും ഭീതിജനകവുമാണ്. അതിലെ കുറ്റവാളികളെ ഇതുവരെ കണ്ടു പിടിക്കാൻ നമ്മുടെ സർക്കാരിന് കഴിഞ്ഞിട്ടില്ല എന്നത് ഒരു ദുഃഖ സത്യമായി നിൽക്കുകയാണ്. ഇതിനു അനുവദിക്കുന്ന പണം പകുതി പരിശീലനത്തിനാണ് പോകുന്നത്. ആർക്കാണ് പരിശീലനം? കെ. ആർ. പി., ഡി. ആർ. പി., എൽ. ആർ. പി., ബി. ആർ. പി. ഇതിലെല്ലാം സി. പി. എം.-ന്റെ സ്റ്റേറ്റു കമ്മിറ്റി മെമ്പർമാർ, ലോക്കൽ കമ്മിറ്റി മെമ്പർമാർ, ബ്രാഞ്ചു കമ്മിറ്റി മെമ്പർമാർ തുടങ്ങിയവരാണ്. ഇവർക്ക് പരിശീലനം കൊടുക്കുന്നതിനാണ് പദ്ധതിയുടെ പകുതി പണവും ചെലവഴിച്ചിരിക്കുന്നത് എന്നുള്ളത് ഒരു ദുഃഖസത്യമാണ്. ഈ ജനകീയാസൂത്രണത്തിന്റെ ഉദ്ഘാടനം നടന്നത് തിരുവനന്തപുരം നഗരത്തിലാണ്. പാർവ്വതി പുത്തനാർ

LIBRARY ARCHIVES Kerala Legislative Assembly

ശുചീകരിക്കുന്നതിനുവേണ്ടി ഇന്ത്യയുടെ അന്നത്തെ പ്രധാനമന്ത്രിയായ ദേവഗൗഡയെ കൊണ്ടുവന്നു ഉദ്ഘാടനം ചെയ്തു. ഉദ്ഘാടനത്തിന് 25 ലക്ഷത്തോളം രൂപ ചെലവായി. ആ പാർവ്വതി പുത്തനാർ ഇന്നും ജനങ്ങൾക്ക് ഭീഷണിയായി നിൽക്കുന്നു. അന്നത്തെ ജനകീയാസൂത്രണ പദ്ധതിയിൽ ഏറ്റവും അവസാനമായി തിരുവനന്തപുരം നഗരസഭയിൽ നടത്തിയ വികസന പ്രവർത്തനം, പത്മനാഭസ്വാമിക്ഷേത്രത്തിന്റെ തിരുനട മോടിപിടിപ്പിക്കൽ ആണ്. 35 ലക്ഷം രൂപയാണ് അതിനുവേണ്ടി കട്ടുകൊണ്ടു പോയത്. അങ്ങനെ മുഴുവൻ സാമ്പത്തിക ക്രമക്കേടുകളും അഴിമതികളും കൊണ്ടു നിറഞ്ഞതാണ് ഈ ജനകീയാസൂത്രണം. 1998 മുതൽ ഞാൻ ഇതിനെതിരെ കോടതിയെ സമീപിക്കുകയാണ്. 1998-ൽ 16880/98-ാം നമ്പർ ഒ. പി. മുഖാന്തിരം ഞാൻ ഹൈക്കോടതിയിൽ ചോദ്യം ചെയ്തതാണ്. ഏറ്റവുംഅവസാനം 2001-ൽ ബഹുമാനപ്പെട്ട കോടതി സ്പെസിഫിക്കായി ഒരു ഉത്തരവ് കൊടുത്തു. അങ്ങനെയാണ് ഈ സർക്കാർ അന്വേഷണം ആരംഭിച്ചിരിക്കുന്നത്, ഈ നഗരസഭയിലെ കള്ളൻമാർ ആരെല്ലാമാണെന്നു ഇവിടെ ഇരിക്കുന്ന മന്ത്രിക്കും മറ്റെല്ലാപേർക്കുമറിയാം. ഈ നഗരസഭ ഈ രീതിയിൽ ആക്കിയതിന്റെ ഉത്തരവാദിത്വം നഗരം ഭരിച്ചിരുന്ന പാർട്ടിക്കും പാർട്ടിയുടെ മേയർക്കും അന്ന് അധികാരത്തിലിരുന്ന സെക്രട്ടറിക്കുമാണ്. സെക്രട്ടറി ആ കാലത്ത് അഴിമതി നടത്തി രണ്ടു കെട്ടിടങ്ങൾ benamiയായി പണി ചെയ്തു. അദ്ദേഹത്തിന്റെ ഭാര്യാ മാതാവിന്റെ പേരിൽ രാധാമണി, ടി. സി. നമ്പർ 1853/5 എന്നു പറയുന്ന ഒരു കെട്ടിടവും അതേ സമയത്തു തന്നെ ടി. സി. നമ്പർ 1853/6 എന്നു പറയുന്ന മറ്റൊരു കെട്ടിടവും നിർമ്മിച്ചു. ഇതു ജനകീയാസൂത്രണത്തിലെ അഴിമതിയുടെ പണമായുണ്ടാക്കിയ പണമാണ്. ആ പണം ഉപയോഗിച്ച് കെട്ടിയ കെട്ടിടമാണ്. അഴിമതിയുടെ നഗ്നസത്യമായി, ഒരു ഉദ്യോഗസ്ഥൻ ചെയ്ത അഴിമതിയുടെ നഗ്നസത്യമായി അത് ഇന്നും നിൽക്കുന്നു. ഇതിനെ ഞാൻ കോടതിയിൽ ചോദ്യം ചെയ്തു. സുപ്രീം കോടതി യുടെ ഉത്തരവുവരെ വന്നിട്ട് എൽ. ഡി. എഫ്.-ന്റെ മന്ത്രിസഭ അതു അന്വേഷിച്ചില്ല. ഈ മന്ത്രിസഭ വന്നതിനുശേഷം വിജിലൻസ് അന്വേഷണത്തിനു ഉത്തരവിട്ടു. പക്ഷെ അതിലും ഒരു അപാകതയുണ്ട്. ആ വിജിലൻസ് അന്വേഷണത്തെ തടസ്സപ്പെടുത്തുവാൻ ഇതേ ഉദ്യോഗസ്ഥൻ ഇതേ മന്ത്രിസഭയിലെ മറ്റൊരു മന്ത്രിയുടെ വകുപ്പിലെ ഏറ്റവും ഉന്നതമായ ഒരു സ്ഥാനത്ത് ഇരുന്നുകൊണ്ട് ശ്രമം നടത്തുന്നു. അതു ബഹുമാനപ്പെട്ട മന്ത്രി ശ്രദ്ധിക്കണം. ജനകീയാസൂത്രണത്തെക്കുറിച്ച് ബഹുമാനപ്പെട്ട കേരളാ ഹൈക്കോടതിയിൽ നിലനിന്നിരുന്ന കേസ്സിന്റെ ഉത്തരവു പ്രകാരം വിജിലൻസ് അന്വേഷണം നടത്തുകയാണെങ്കിൽ അപ്പുറത്തിരിക്കുന്ന പലരും ഉൾപ്പെടെ മാർക്സിസ്റ്റു പാർട്ടിയുടെ നേതാക്കൻമാർ സെൻട്രൽ ജയിലിൽ അഴി എണ്ണേണ്ടി വരും. അതിൽ ഒരു തർക്കവുമില്ല. അത്രയേറെ അഴിമതി ഉണ്ടായിട്ടുള്ള ഒരു പ്രസ്ഥാനമാണ് ഈ ജനകീയാസൂത്രണ പ്രസ്ഥാനം. ഇന്നത്തെ റിപ്പോർട്ടനുസരിച്ച് ഇതിന് വിദേശ ചാരൻമാരുമായി ബന്ധമുണ്ടെന്നാണ് പറയുന്നത്. വിദേശ ചാരൻമാർ എങ്ങിനെയാണ് ഇതിൽ കടന്നു കൂടിയത്. ഡച്ചു സർക്കാർ, സ്വിസ് സർക്കാർ, സി. ഐ. എ., അവിടെ നിന്നും വരുന്നത് കേരള ശാസ്ത്ര സാഹിത്യ പരിഷത്ത്, അവിടെ നിന്നും നേരെ പോകുന്നത് എ. കെ. ജി. സെന്റർ, പിന്നെ പോകുന്നത് അന്നത്തെ സർക്കാർ, അതു കഴിഞ്ഞ് പോകുന്നത് പഞ്ചായത്ത്, പിന്നെ കെ. ആർ. പി., ഡി. ആർ. പി. എൽ. ആർ. പി., ബി. ആർ. പി. പിന്നെ പരിശീലനവും. അതു കഴിഞ്ഞ് മാർക്സിസ്റ്റു പാർട്ടിയുടെ പോക്കൽ

LIBRARY ARCHIVES Kerala Legislative Assembly

കമ്മിറ്റിയിൽ ഉൾപ്പെടെയുള്ളവർ ഇങ്ങനെ സാമ്പത്തിക ദുർവിനിയോഗം നടത്തി പണം കടത്തുന്ന സ്ഥിതിയിലേക്കു എത്തുന്നു. മിനിഞ്ഞാന്ന് ഒരാൾ പത്ര സമ്മേളനം നടത്തി. ആ പത്ര സമ്മേളനത്തിൽ എന്താണ് പറഞ്ഞത്? പ്രൊഫ. എം. എൻ. വിജയനും പ്രൊഫ. സുധീശനും ഭ്രാന്താണെന്നാണ് പറഞ്ഞത്. ഭ്രാന്തുള്ളവർ മറ്റുള്ളവരെ കണ്ടാൽ അവർക്കു ഭ്രാന്താണെന്നാണ് പറയാറ്. കുറെ ഉച്ചക്കിറുക്കൻമാരാണ് ഈ പരിഷത്തിലുള്ളത്. ഈ ഉച്ചക്കിറുക്കൻമാരാണ് ജനകീയാസൂത്രണ പദ്ധതിയിലൂടെ പദ്ധതികളെ താറുമാറാക്കി, പദ്ധതികളെ നശിപ്പിച്ച് സർക്കാറിന്റെ പണം ദുർവിനിയോഗം ചെയ്ത് കടക്കെണിയിലെത്തിച്ചത്. ഈ സർക്കാരിനെക്കൊണ്ടു മറ്റു വിദേശരാജ്യങ്ങളിൽ നിന്നു പണമെടുത്ത് ഇവിടത്തെ ജനങ്ങളുടെ ക്ഷേമ വികസന പദ്ധതികൾ നടപ്പിലാക്കുവാനുള്ള സാഹചര്യം ഈ സംസ്ഥാനത്ത് ഒരുക്കിക്കൊടുത്തത്. അങ്ങനെ സംസ്ഥാനത്തെ കടക്കെണിയിലാക്കുക. അങ്ങനെയുള്ള ഈ ജനകീയാസൂത്രണം കൊണ്ടു നടന്നത് ഇവിടുത്തെ കുറെ താടിക്കാരൻമാരും ജുബ്ബക്കാരൻമാരുമാണ്. അതിനു സഹായിച്ചത് സി. പി. എം. ആണ്. സി. പി. എം.-ലെ ചില ആൾക്കാർ ഇങ്ങനെ ചില പ്രവൃത്തികൾ നടത്തി സാമ്പത്തികതകർച്ചയുണ്ടാക്കി. ഇപ്രകാരം നമ്മുടെ സംസ്ഥാനത്തെ അടിമത്വത്തിലേക്ക് കൊണ്ടുപോകാൻ ശ്രമിക്കുന്നവരുടെ പേരിൽ ശക്തമായ അന്വേഷണം നടത്തി അവരെ ശിക്ഷിച്ച് ജയിലഴികൾക്ക് അകത്താക്കണം എന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ ഈ ധനാഭ്യാർത്ഥനകളെ പിന്താങ്ങുകയാണ്.

[അദ്ധ്യക്ഷവേദിയിൽ മി. ചെയർമാൻ (ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി)]

ശ്രീ. പി. സി. ജോർജ്: സർ, ഭക്ഷ്യം, നഗരവികസനം, പഞ്ചായത്ത് എന്നീ മൂന്നു വകുപ്പുകളെ സംബന്ധിച്ചുള്ള ധനാഭ്യാർത്ഥനകളെ ഞാൻ എതിർക്കുന്നു. ഞാൻ ആരോപണങ്ങളൊന്നും ഉന്നയിക്കുന്നില്ല. ഞാൻ പഞ്ചായത്ത് വകുപ്പുമന്ത്രിയോട് വളരെ വിനയത്തിൽ പറയുകയാണ്. അങ്ങയെപ്പറ്റിയും അങ്ങയുടെ ഓഫീസിനെപ്പറ്റിയും കേൾക്കുന്നത് വളരെ മോശമാണ്. ഞാൻ ഒരു വാക്കുകൊണ്ട് നിർത്തുകയാണ്. എന്റെ നിയോജകമണ്ഡലത്തിലെ കോൺഗ്രസ്സിന്റെ പഞ്ചായത്ത് പ്രസിഡന്റ് അങ്ങയുടെ ഓഫീസിൽ വന്നപ്പോൾ ആ വ്യക്തിക്കുണ്ടായ അനുഭവം എന്നോട് പറഞ്ഞത് എന്റെ മാന്യത കൊണ്ട് ഞാൻ ഈ സഭയിൽ പറയുന്നില്ല. ഞാൻ അങ്ങയെ വ്യക്തിപരമായി ആക്രമിക്കാനൊന്നും ആഗ്രഹിക്കുന്നില്ല. വ്യക്തിപരമായിട്ട് എനിക്ക് അങ്ങയോട് സ്നേഹമാണ്, ഇഷ്ടമാണ്. പക്ഷെ മന്ത്രി എന്ന നിലയിൽ അങ്ങും അങ്ങയുടെ ഓഫീസും അൽപ്പം ശ്രദ്ധിക്കുന്നത് രാഷ്ട്രീയ പ്രവർത്തകർക്കും പൊതു പ്രവർത്തകർക്കും മാന്യതയുണ്ടാക്കുമെന്ന് ഞാൻ വളരെ വിനയത്തോടുകൂടി പറയുന്നത് അങ്ങ് ശ്രദ്ധിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ജനങ്ങൾക്ക് അധികാരം കൊടുക്കുവാൻ വേണ്ടി കൊണ്ടു വന്നതാണ് ത്രിതല പഞ്ചായത്തുകൾ. അങ്ങ് ഇന്ന് എന്താണ് ചെയ്തു കൊണ്ടിരിക്കുന്നത്. ഇന്ന് കോട്ടയത്ത് ജില്ലാ പഞ്ചായത്ത് യോഗം കൂടുകയാണ്, യു. ഡി. എഫിന്റെ പഞ്ചായത്താണ്. എന്താണെന്ന് അറിയാമോ പഞ്ചായത്തുകൾക്ക് കൊടുത്തിരുന്ന പണം തിരിച്ചടയ്ക്കണമെന്ന് 9-ാം തീയതി ഇറക്കിയ ഓർഡറിന്റെ അടിസ്ഥാനത്തിൽ പ്രതിഷേധം രേഖപ്പെടുത്തുവാനാണ് യോഗം കൂടി കൊണ്ടിരിക്കുന്നത്. ത്രിതല പഞ്ചായത്തുകളെ തകർത്ത് തരിപ്പണമാക്കി കൊലപാതക മന്ത്രിയെന്ന് അങ്ങ് പേരെടുക്കാൻ പോകുകയാണ്. അങ്ങേക്ക് അറിയാമോ? ആകെ മൂന്നു

LIBRARY ARCHIVES Kerala Legislative Assembly

ഗഡു കൊടുത്തു, മൂന്നാമത്തെ ഗഡു കൊടുത്തത് എന്നാണ്? മാർച്ച് മാസം അവസാനം. പൈസ ചെലവാക്കുവാൻ പഞ്ചായത്തുകൾക്ക് കഴിയുമോ? ആ പണം മുഴുവൻ മടക്കിയെടുക്കാൻ തീരുമാനമെടുത്ത നിങ്ങളുടെ മനസ്സാക്ഷി എത്ര മോശമാണ്. നിങ്ങൾ ഒരു കാര്യം മനസ്സിലാക്കണം. നിങ്ങളും ഞാനും ഈ സഭയിൽ ജനങ്ങളുടെ വോട്ടു വാങ്ങി വന്നതുപോലെ ത്രിതല പഞ്ചായത്തിലിരിക്കുന്നവരും ജനങ്ങളുടെ വോട്ടു വാങ്ങി വന്നവരാണ്. അല്ലാതെ കക്കാൻ പഠിച്ച് വന്നവരല്ല. ഇവരോട് മാന്യമായി പെരുമാറണം. അതിൽ രാഷ്ട്രീയം നോക്കണ്ട. ഇടതുപക്ഷമോ വലതുപക്ഷമോ ആകട്ടെ, ജനപ്രതിനിധികളല്ലേ ത്രിതല പഞ്ചായത്തുകളിൽ ഇരിക്കുന്നവർ. അവർക്ക് വികസന പ്രവർത്തനം നടത്താൻ പണം കൊടുക്കേണ്ട ബാദ്ധ്യതയില്ലേ? 9-ാം തീയതി ഓർഡർ ഇറക്കിയത് മര്യാദക്കേടാണ്. ആ ഓർഡർ പിൻവലിക്കണമെന്ന് ഞാൻ ശക്തിയായി ആവശ്യപ്പെടുന്നു. നിങ്ങൾക്ക് മനസ്സാക്ഷിയുണ്ടെങ്കിൽ, ജനാധിപത്യബോധമുണ്ടെങ്കിൽ ജനങ്ങൾക്ക് അധികാരം കൊടുക്കുന്നുണ്ടെങ്കിൽ ആ ഓർഡർ പിൻവലിക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്. ഉദ്യോഗസ്ഥ മേധാവിത്വം ഭരണരംഗത്തിൽ കൊണ്ടുവന്ന് ജനപ്രതിനിധികളുടെ മുകളിൽ പ്രതിഷ്ഠിച്ചുകൊണ്ട് ഈ രാജ്യത്ത് അരാജകത്വം സൃഷ്ടിക്കാനുള്ള നീക്കത്തെ അനുകൂലിക്കാൻ നമുക്ക് സാധിക്കുകയില്ല. അതുകൊണ്ട് തന്നെയാണ് ഞാൻ ഇത് പറയുന്നത്.

മി. ചെയർമാൻ (ശ്രീ. കുട്ടി അഹമ്മദ് കുട്ടി) പ്ലീസ് കൺക്ലൂഡ്.....

ശ്രീ. പി. സി. ജോർജ്: സർ, അങ്ങ് ചെയറിൽ ഇരിക്കുമ്പോൾ ഒരു മനസ്സമാധാനത്തോടുകൂടിയാണ് ഞാൻ ഇവിടെ നിൽക്കുന്നത്.

മി. ചെയർമാൻ: മനസ്സമാധാനത്തോടുകൂടി നിന്നോ. പക്ഷെ സമയം കൂടുതൽ തരാൻ പറ്റുകയില്ല.

ശ്രീ. പി. സി. ജോർജ്: ഞാൻ ഒരു കാര്യം കൂടി പറഞ്ഞുകൊണ്ട് അവസാനിപ്പിക്കാം. ശ്രീ. ജി. കാർത്തികേയൻ മന്ത്രിയോട് സ്നേഹമൊക്കെയുണ്ട്. ഇവിടെ വിലകുറച്ച കാര്യത്തെക്കുറിച്ചൊക്കെ പലരും പ്രസംഗിച്ചു. എന്റെ കയ്യിലിരിക്കുന്ന ലിസ്റ്റ് ഞാൻ തന്നെ പാളയം മാർക്കറ്റിൽ പോയി എടുത്തതാണ്. രണ്ടുകൊല്ലം മുൻപ് ഒരു കിലോ വറ്റൽ മുളകിന് 35 രൂപയായിരുന്നത് ഇപ്പോൾ 60 രൂപയാണ്. മല്ലിക്ക് നിങ്ങൾ അധികാരത്തിൽ വരുമ്പോൾ 32 രൂപയായിരുന്നത് ഇപ്പോൾ 40 രൂപയായി. ഉഴുന്ന് 100 ഗ്രാമിന് 2.50 രൂപ ആയിരുന്നത് ഇപ്പോൾ 4.00 രൂപയായി. ഉള്ളിക്ക് 8.00 രൂപ ആയിരുന്നത് ഇപ്പോൾ 15.00 രൂപയായി. സവാള 4.00 രൂപയുണ്ടായിരുന്നത് ഇപ്പോൾ 9.00 രൂപയായി. വൻപയർ 12.00 രൂപയുണ്ടായിരുന്നത് ഇപ്പോൾ 23.00 രൂപയായി. കുത്തരി 12.50 ആയിരുന്നത് ഇപ്പോൾ 18.50 ആയി. വെളിച്ചെണ്ണ 30.00 രൂപയുണ്ടായിരുന്നത് ഇപ്പോൾ 42.00 രൂപയായി. ഏത്തയ്ക്ക 9.00 രൂപയുണ്ടായിരുന്നത് ഇപ്പോൾ 16.00 രൂപയായി. പടവലങ്ങ 10.00 രൂപയുണ്ടായിരുന്നത് ഇപ്പോൾ 16.00 രൂപയായി. വഴുതനങ്ങ 20.00 രൂപയുണ്ടായിരുന്നത് ഇപ്പോൾ 40.00 രൂപയായി. കാളിഫ്ളവർ 16.00 രൂപയുണ്ടായിരുന്നത് ഇപ്പോൾ 24.00 രൂപയായി. ചേന 8.00 രൂപയുണ്ടായിരുന്നത് ഇപ്പോൾ 20.00 രൂപയായി. കോഴിമുട്ട 1.50 രൂപയുണ്ടായിരുന്നത് ഇപ്പോൾ 2.75 ആയി.

LIBRARY ARCHIVES Kerala Legislative Assembly

താറാമുട്ട 1.75 രൂപയുണ്ടായിരുന്നത് ഇപ്പോൾ 3.75 ആയി. രണ്ട് വർഷത്തെ ഭരണം കൊണ്ട് ഭക്ഷ്യവകുപ്പിന് മാർക്കറ്റിൽ ഇടപെടാൻ കഴിഞ്ഞിട്ടുണ്ടോ? രണ്ടു വർഷത്തെ ഭരണംകൊണ്ട് ജനജീവിതം ദുസ്സഹമായിരിക്കുന്നുവെന്ന് മനസ്സിലാക്കണം. ഇവിടെ പറയുന്ന ഏറ്റവും വലിയ ഒരു പ്രശ്നം എം. എൻ. വിജയനും സുധീഷും ആയിരുന്നു. ശ്രീ. ജി. പ്രതാപവർമ്മ തമ്പാന്റെ കുടലിന്റെ നീളം കുറച്ചപ്പോൾ രക്തം കൊടുത്തത് ആരാണ്. അദ്ദേഹത്തിന്റെ കുടലിന് നീളം കുറച്ചത് ശരത്ചന്ദ്ര പ്രസാദാണ്, രക്തം കൊടുത്തത് ഇവിടത്തെ SFI-കാരൻ ശിവൻകുട്ടിയാണ്. ശിവൻകുട്ടിയുടെ രക്തം കൊണ്ടാണ് ഇപ്പോൾ ജീവിക്കുന്നത്. പരസ്പരം അംഗങ്ങൾ തമ്മിലുള്ള പ്രശ്നങ്ങൾ ശരിയല്ലെന്ന് ഓർമ്മിപ്പിച്ചുകൊണ്ട് ഞാൻ ഈ ധനാഭ്യർത്ഥനകളെ ശക്തമായി എതിർക്കുന്നു.

ശ്രീ. സ്റ്റീഫൻ ജോർജ്: സർ, ഞാൻ ഈ രണ്ടു മന്ത്രിമാരും അവതരിപ്പിച്ച ധനാഭ്യർത്ഥനകളെ പിന്താങ്ങുകയാണ്. ഭക്ഷ്യവകുപ്പിലും പഞ്ചായത്ത് വകുപ്പിലുമൊക്കെ മന്ത്രിമാരുടെ ഇടപെടലുകൾമൂലം മാറ്റമുണ്ടാക്കുവാൻ കഴിഞ്ഞുവെന്നുള്ളത് ശ്രദ്ധേയമായ ഒരു കാര്യമാണ്. പ്രതിവർഷം 15 ലക്ഷം ടൺ അരി മുതൽ 18 ലക്ഷം ടൺ അരി വരെ റേഷൻ കടകളിലൂടെ കേരളത്തിൽ വിതരണം ചെയ്യുന്ന ഒരു സംവിധാനമുണ്ടായിരുന്നു. നിർഭാഗ്യവശാൽ കേന്ദ്ര ഗവൺമെന്റിന്റെ ഇടപെടൽമൂലം ഇന്ന് ആറ് ലക്ഷം ടണ്ണായി ചുരുക്കേണ്ടി വന്നു. കേരളത്തിലെ ജനങ്ങളുടെ വരുമാനത്തിന്റെ അടിസ്ഥാനത്തിൽ എ. പി. എൽ., ബി. പി. എൽ. എന്ന് തരം തിരിക്കാനുള്ള തീരുമാനം കേന്ദ്രഗവൺമെന്റ് എടുത്ത സാഹചര്യത്തിലാണ് ഇങ്ങനെയുണ്ടായത്. പക്ഷെ അതിനെ അതിജീവിക്കാനുള്ള നടപടികളെടുക്കാൻ സംസ്ഥാന ഗവൺമെന്റ് തയ്യാറായി. കേന്ദ്ര ഗവൺമെന്റിന്റെ കണക്കനുസരിച്ച് 25 ശതമാനം ആളുകളാണ് ദാരിദ്രരേഖയ്ക്ക് താഴെയുള്ളത്. പക്ഷേ സംസ്ഥാന സർക്കാരിന്റെ കണക്കനുസരിച്ച് 42 ശതമാനം ആളുകളാണ് ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളത്. അപ്പോൾ ഇതു തമ്മിലുള്ള വ്യത്യാസം 17 ശതമാനമാണ്. ആ 17 ശതമാനത്തിൽപ്പെടുന്ന പാവപ്പെട്ടവർക്കും കൂടി ആനുകൂല്യങ്ങൾ നൽകാൻ സംസ്ഥാന സർക്കാർ നടപടിയെടുത്തു. ആ നിലയ്ക്കൊരു തീരുമാനമെടുത്തത് കേരളത്തെ സംബന്ധിച്ചിടത്തോളം ഏറ്റവും ആശ്വാസകരമായ ഒരു കാര്യമായി കാണുകയാണ്. അത്തരം നടപടികളെടുത്ത മന്ത്രിയേയും ഗവൺമെന്റിനേയും ഞാൻ പ്രത്യേകമായി അഭിനന്ദിക്കുകയാണ്. ഭക്ഷ്യവകുപ്പിൽ ധാരാളം മാറ്റങ്ങൾ വരുത്താൻ കഴിഞ്ഞു. ആധുനിക കാലഘട്ടത്തിനനുസൃതമായി പുതിയ സ്മാർട്ട് കാർഡ് ഇംപ്ലിമെന്റ് ചെയ്യാൻ തയ്യാറായ മന്ത്രിയെ പ്രത്യേകമായി ഞാൻ അനുമോദിക്കുകയാണ്. നമുക്കറിയാം ഇപ്പോൾ ഇൻഫർമേഷൻ ടെക്നോളജിയുടെ കാലഘട്ടമാണ്. സ്മാർട്ട് കാർഡ് ഇംപ്ലിമെന്റ് ചെയ്തുകൊണ്ട് റേഷൻ കാർഡിലെ രേഖകൾ മുഴുവൻ കംപ്യൂട്ടറിലാക്കി ഒരു ക്രെഡിറ്റ് കാർഡുപോലെ റേഷൻ കടകൾ വഴി നമുക്ക് അനുകൂലമായ സാഹചര്യമുണ്ടാക്കിയതുവഴി-ഇന്നലെകളിൽ റേഷൻ സാധനങ്ങൾ, അരിയും ഗോതമ്പും തിരിമറികളിലൂടെ പുറത്തു നൽകുന്ന ഒരേർപ്പാടുണ്ടായിരുന്നു. അതെല്ലാം അവസാനിപ്പിക്കാൻ കഴിഞ്ഞു. ഈ രംഗത്ത് വലിയ മാറ്റങ്ങൾ വരുത്തിയ മന്ത്രിയെ പ്രത്യേകം അഭിനന്ദിക്കുകയാണ്. എനിക്ക് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കാനുള്ളത് നമ്മുടെ സംസ്ഥാനത്ത് വർഷങ്ങളായി അനുവദിച്ചുകൊണ്ടിരുന്ന, അനാഥമന്ദിരങ്ങളിലും, വൃദ്ധ മന്ദിരങ്ങളിലും പാവപ്പെട്ട ആളുകൾക്ക് നൽകിയിരുന്ന റേഷൻ സാധനങ്ങളുടെ സൗജന്യം ഇന്നില്ലാതായിരിക്കുന്നു. ഞാൻ ഒരു സബ്മിഷനിലൂടെ ഇക്കാര്യം നിയമസഭയിൽ അവതരിപ്പിച്ചതാണ്. ബഹുമാനപ്പെട്ട മന്ത്രി ഇത്

LIBRARY ARCHIVES Kerala Legislative Assembly

പുനഃസ്ഥാപിക്കാനുള്ള നടപടിയുണ്ടാക്കണം. പഞ്ചായത്ത് മേഖലയിൽ കഴിഞ്ഞ കാലങ്ങളിൽ നിന്നും വ്യത്യസ്തമായ ഒരു മാറ്റമുണ്ടാക്കാൻ കഴിഞ്ഞു. ഞാൻ പഞ്ചായത്ത് ജനപ്രതിനിധിയായിരുന്ന ഒരാളാണ്. ആ കാലഘട്ടത്തിൽ ജനകീയാസൂത്രണങ്ങളിലൂടെ, സംസ്ഥാനത്തെ ഇടതുപക്ഷ കമ്മ്യൂണിസ്റ്റ് മാർക്സിസ്റ്റ് പാർട്ടിയുടെ നേതാക്കൻമാർക്കു മുഴുവൻ മൊബൈൽ ഫോണുകളും കാറുകളുമുണ്ടായത് നമുക്ക് കാണാൻ കഴിയുമായിരുന്നു. അതെല്ലാം അവസാനിപ്പിച്ച് 25,000 രൂപയ്ക്ക് മുകളിലുള്ള പദ്ധതികൾ ടെന്റർ ചെയ്യാനുള്ള ധീരമായ നടപടിയെടുത്ത്, കോടിക്കണക്കിന് രൂപയുടെ അഴിമതി അവസാനിപ്പിക്കാനുള്ള നടപടിയെടുത്ത മന്ത്രിയെ ഞാൻ പ്രത്യേകമായി അനുമോദിക്കുകയാണ്.

യശഃശരീരനായ രാജീവ് ഗാന്ധി പാർലമെന്റിൽ അവതരിപ്പിച്ച 73, 74 ഭരണഘടനാ ഭേദഗതികളിലൂടെയാണ് അധികാരങ്ങൾ ജനങ്ങളിലേക്ക് കൈമാറാൻ തയ്യാറായത്. ബഹുമാനപ്പെട്ട എ. കെ. ആന്റണി കേരളത്തിലെ മുഖ്യമന്ത്രി ആയിരിക്കുമ്പോൾ നിക്ഷിപ്തമായിരുന്ന 19 പ്രധാനപ്പെട്ട അധികാരങ്ങൾ പഞ്ചായത്തുകളിലേക്ക് കൈമാറി എന്നുള്ള വസ്തുത നിങ്ങൾ ഓർക്കണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. 74-ാം ഭരണഘടനാ ഭേദഗതിയിലൂടെ ഈ നിയമസഭ പാസ്സാക്കിയ 1994-ലെ കേരളാ മുനിസിപ്പാലിറ്റി ആക്റ്റിൽ സെക്ഷൻ 54-ൽ പറയുന്നതനുസരിച്ച് മെട്രോപൊളിറ്റൻ പ്ലാനിംഗ് കമ്മറ്റി ഒരു പ്രധാനപ്പെട്ട ആശയമാണ്. അത് ഇൻഡ്യയിൽ ആദ്യമായി പശ്ചിമബംഗാളിലാണെന്ന് സമ്മതിക്കുന്നു. പക്ഷെ അന്ന് ഭരിച്ച ഇടതുപക്ഷ ജനാധിപത്യ മുന്നണിക്ക് പശ്ചിമബംഗാൾ നടപ്പിലാക്കിയ എം. പി. സി. ഇവിടെ കോൺസ്റ്റിറ്റ്യൂട്ട് ചെയ്യുന്നതിനോ കേരളത്തിൽ നടപ്പിലാക്കുന്നതിനോ കഴിഞ്ഞിട്ടില്ല. വാഹനങ്ങൾ കല്ലേറും തടസ്സങ്ങളും പ്രശ്നങ്ങളും കൊലപാതകങ്ങളും മാത്രമാണ് മറ്റ് സംസ്ഥാനങ്ങളിൽ നിന്ന് ഇങ്ങോട്ട് കൊണ്ടുവരുന്നത്. നല്ല കാര്യങ്ങൾ കൊണ്ടുവരാൻ ഇടതുപക്ഷ മുന്നണി തയ്യാറായിട്ടില്ല. അതുകൊണ്ട് നമ്മുടെ നിയമത്തിൽ സെക്ഷൻ 54-ൽ പറയുന്നതനുസരിച്ചുള്ള അർബൻ മേഖലയുടെ വികസനത്തിന് വളരെയേറെ സഹായകമായ എം. പി. സി. പദ്ധതി നടപ്പിലാക്കുന്നതിന് ബഹുമാനപ്പെട്ട മന്ത്രി ദയവായി തയ്യാറാകണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. കോട്ടയം പൂർണ്ണ സാക്ഷരതയുള്ള നഗരമായി മാറിയപ്പോൾ ഇൻഡ്യയുടെ മുന്നിൽ നമുക്ക് അഭിമാനമായിരുന്നു. അതുപോലെ തിരുവനന്തപുരത്തെ വെള്ളനാട് പഞ്ചായത്ത് കമ്പ്യൂട്ടറൈസ് ചെയ്തപ്പോൾ, ഇൻഡ്യയിൽ ആദ്യമായി കമ്പ്യൂട്ടറൈസ് ചെയ്ത പഞ്ചായത്തായി അഭിമാനകരമായ നേട്ടം കൈവരിക്കാൻ നമുക്ക് കഴിഞ്ഞു എന്നുള്ളത് പ്രത്യേകമായി എടുത്തു പറയാൻ ആഗ്രഹിക്കുന്നു. ഇത് ഇൻഡ്യയുടെ ചരിത്രത്തിലോ ചരിത്രത്തിലെ രേഖകളിലോ തങ്ക ലിപികളാൽ ആലേഖനം ചെയ്യപ്പെട്ട ചരിത്ര സംഭവമായി മാറ്റാൻ കഴിഞ്ഞ ബഹുമാനപ്പെട്ട മന്ത്രിയെ പ്രത്യേകമായി അഭിനന്ദിക്കുന്നു. കഴിഞ്ഞ വർഷം പദ്ധതി വിഹിതം 995 കോടി രൂപയാണെങ്കിൽ ഈ വർഷം മാറ്റിവെച്ചത് 1317 കോടി രൂപയാണ്. ഈ രംഗത്ത് എത്രയോ മാറ്റം ഉണ്ടാക്കാൻ കഴിഞ്ഞിരിക്കുന്നു. വിന്നോക്ക വിഭാഗങ്ങളിൽപ്പെട്ട, പട്ടിക വിഭാഗത്തിൽപ്പെട്ട ആളുകൾക്ക് 120 കോടി രൂപ മാറ്റിവെച്ചു എന്നുള്ളത് പദ്ധതിയുടെ ചരിത്രത്തിൽ ഏറ്റവും വലിയ തുകയാണ്. എനിക്ക് മറ്റൊരു കാര്യം കൂടി സൂചിപ്പിക്കാനുണ്ട്. ഒരു എം. എൽ. എ. എന്നുള്ള നിലയ്ക്ക് എന്റെ മണ്ഡലത്തിലെ ഒരു കാര്യത്തിനായി ബഹുമാനപ്പെട്ട പഞ്ചായത്ത് ഡയറക്ടറെ

LIBRARY ARCHIVES Kerala Legislative Assembly

ഇന്ന് ഞാൻ ടെലഫോണിൽ വിളിച്ചു. എന്റെ നിയോജകമണ്ഡലത്തിലെ ഒരു പഞ്ചായത്തിന്റെ പ്രശ്നം പറയുന്നതിനാണ് വിളിച്ചത്. അദ്ദേഹത്തിന്റെ പി. എ. അദ്ദേഹത്തിന് ഫോൺ കൊടുക്കാമെന്ന് പറഞ്ഞു. ബി. എസ്. എൻ. എല്ലിന് ഒരു പ്രത്യേകതയുണ്ട്. ഫോൺ പ്രതീക്ഷിക്കുന്ന ആളിന് മ്യൂസിക് ഇട്ടുകൊടുക്കും ആസ്വദിക്കാം. ഞാൻ രണ്ടു മിനിട്ട് നേരം ബി. എസ്. എൻ. എല്ലിന്റെ പാട്ട് ആസ്വദിച്ചു. അതു കഴിഞ്ഞ് വീണ്ടും പി. എ. വൈനിൽ വന്ന് അദ്ദേഹം ബിസിയാണെന്നു പറഞ്ഞു. എനിക്ക് സങ്കടം തോന്നി. ഞാൻ എന്റെ നിയോജകമണ്ഡലത്തിലെ പ്രശ്നം അവതരിപ്പിക്കുന്നതിനായി ഒരു സെക്കന്റ് ഫോൺ കൊടുക്കണമെന്നു പറഞ്ഞപ്പോൾ വീണ്ടും ഫോൺ കൊടുത്തു. അപ്പോൾ എടുത്തത് മറ്റൊരു ഉദ്യോഗസ്ഥനാണ്. ഡയറക്ടർ സഭവത്തില്ലെന്നാണ് മറുപടി. അദ്ദേഹം വാതിൽക്കൽ നിൽക്കുകയായിരുന്നു. പെട്ടെന്ന് പോയി എന്നാണ് പറഞ്ഞത്. ഇത് പല എം. എൽ. എ.-മാർക്കുമുള്ള അനുഭവമാണ്. ഇത് ബഹുമാനപ്പെട്ട ചെയറിന്റെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ഇക്കാര്യത്തിൽ അങ്ങ് റൂളിംഗ് നൽകണം. ജനപ്രതിനിധികൾ ഭരിക്കുന്ന ഒരു രാജ്യത്ത് ജനങ്ങളുടെ പ്രശ്നങ്ങൾ അവതരിപ്പിക്കാൻ ശ്രമിക്കുന്ന എം. എൽ. എ.-മാർക്ക് ഇത്തരത്തിലുള്ള അവസ്ഥയുണ്ടാകുന്നത് ശരിയല്ല. അതുകൊണ്ട് ഇതിനെതിരെ നടപടിയെടുക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ഈ ധനാഭ്യർത്ഥനകളെ ഒരിക്കൽ കൂടി പിന്താങ്ങിക്കൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. സി. ടി. അഹമ്മദ് അലി: സർ, ഐക്യജനാധിപത്യ മുന്നണി ഗവൺമെന്റിനു വേണ്ടി ബഹുമാന്യരായ തദ്ദേശ സ്വയംഭരണ വകുപ്പു മന്ത്രിയും ഭക്ഷ്യ വകുപ്പ് മന്ത്രിയും ഇവിടെ അവതരിപ്പിച്ച ധനാഭ്യർത്ഥനകളെ ഞാൻ പിന്താങ്ങുകയാണ്. സംസ്ഥാനത്ത് ഇപ്പോൾ 5 മുനിസിപ്പൽ കോർപ്പറേഷനുകളും 11 ഒന്നാം ഗ്രേഡ് മുനിസിപ്പാലിറ്റികളും 21 രണ്ടാം ഗ്രേഡ് മുനിസിപ്പാലിറ്റികളും 20 മൂന്നാം
1 P.M.] ഗ്രേഡ് മുനിസിപ്പാലിറ്റികളും 991 ഗ്രാമ പഞ്ചായത്തുകളും 14 ജില്ലാ പഞ്ചായത്തുകളും 152 ബ്ലോക്ക് പഞ്ചായത്തുകളും നിലവിലുണ്ട്. ഇന്ന് സാധാരണ ജനങ്ങളുടെ ദൈനംദിന ജീവിതത്തിന്റെ സമസ്ത മേഖലകളേയും സ്പർശിക്കുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അവയുടെ കർത്തവ്യങ്ങൾ തൃപ്തികരമായി നിർവ്വഹിക്കാവുന്നവിധം കരുത്തും ഭദ്രതയും ആർജ്ജിച്ചു വരുന്നു എന്നുള്ള കാര്യത്തിൽ വളരെയേറെ സന്തോഷമുണ്ട്. ഇതിന് പുതിയൊരു മുഖം നൽകാൻ കഴിഞ്ഞ ബഹുമാനപ്പെട്ട മന്ത്രിയെ ഈ സന്ദർഭത്തിൽ അഭിനന്ദിക്കുകയാണ്. ഐക്യ ജനാധിപത്യ മുന്നണി സർക്കാരിന്റെ ഭരണം രണ്ടു വർഷം പൂർത്തിയാകുമ്പോൾ വേഗതയും കൃത്യനിഷ്ഠയും ദീർഘവീക്ഷണവും ചേർന്നുള്ള പ്രവർത്തനങ്ങൾ അതിന്റെ ശൈലികൊണ്ട് പ്രത്യേകം ശ്രദ്ധേയമാണ്. ധനദുർവിനിയോഗവും രാഷ്ട്രീയ അതിപ്രസരവും ഒഴിവാക്കി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ഉത്തരവാദിത്വവും കാര്യക്ഷമതയുള്ളതാക്കി മാറ്റിയെടുക്കാൻ കഴിഞ്ഞു എന്നുള്ളത് വളരെ സന്തോഷകരമായ കാര്യമാണ്. വികേന്ദ്രീകൃത ആസൂത്രണത്തെ സുസ്ഥാപിക്കുന്നതിനും പൂർണ്ണമായ ജനപങ്കാളിത്തത്തോടെ പദ്ധതി നിർവ്വഹണം ഫലപ്രദമാക്കുന്നതിനുമുള്ള കേരള വികസന പദ്ധതി, ഒരു വികസന സംസ്കാരം, അതിനുള്ള സന്ദേശമാണ് ഇപ്പോൾ നടക്കുന്നത്. 1317 കോടി രൂപ ഈ ഇനത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിച്ചുവരുന്ന ഗവൺമെന്റിനെ അഭിനന്ദിക്കുകയാണ്. സമഗ്രമായ ഒരു നഗരവികസന നയം പ്രഖ്യാപിച്ച് നഗര വികസനത്തിന്

LIBRARY ARCHIVES Kerala Legislative Assembly

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

ആവശ്യമായ നടപടികൾ ആരംഭിച്ചു കഴിഞ്ഞിരിക്കുകയാണ്. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ കീഴിൽ തൃശ്ശൂരിൽ പ്രവർത്തിക്കുന്ന 'കില' എന്ന സ്ഥാപനത്തെ വികേന്ദ്രീകൃത ആസൂത്രിത പ്രക്രിയയുമായി ബന്ധപ്പെട്ട് പരിശീലന പരിപാടികളും പഠനങ്ങളും നടത്തേണ്ട അന്താരാഷ്ട്ര സ്ഥാപനമായി മാറ്റിയെടുക്കാൻ കഴിഞ്ഞതിൽ അങ്ങേയറ്റം സന്തോഷമുണ്ട്. ഈ രംഗത്ത് ഇൻഡ്യയിലെ മികച്ച പരിശീലന കേന്ദ്രങ്ങളിൽ ഒന്നായി, ആറു സ്ഥാപനങ്ങളിൽ ഒന്നായി 'കില' തിരഞ്ഞെടുക്കപ്പെട്ടിരിക്കുകയാണ്. വിദേശ രാജ്യങ്ങളിൽ നിന്നുപോലും ധാരാളം ആളുകൾ പരിശീലനത്തിനായി കിലയിൽ വരുന്നുണ്ട്. കിലയെ അധികാര വികേന്ദ്രീകൃത ആസൂത്രണവുമായി ബന്ധപ്പെട്ട് സമ്പൂർണ്ണ ഗവേഷണ പരിശീലന കേന്ദ്രമായി വികസിപ്പിച്ച് കാര്യക്ഷമത ഉറപ്പു വരുത്തുകയുണ്ടായി. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ കമ്പ്യൂട്ടർവത്കരണ പരിപാടി ശ്ലാഘനീയമാണ്. പഞ്ചായത്ത് മുതൽ സെക്രട്ടേറിയറ്റുവരെ ഇതിന്റെ പ്രവർത്തനം എത്രയും വേഗം പൂർത്തീകരിക്കാൻ ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്. കെട്ടിട നികുതി നിർണ്ണയത്തിലെ അഴിമതിയും അപാകതയും പരിഹരിക്കുന്നതിന്, വസ്തു നികുതി പരിഷ്കരിച്ച് ശാസ്ത്രീയമായി പുതുക്കി നിശ്ചയിക്കാൻ തീരുമാനിച്ച ഗവൺമെന്റിനെ അഭിനന്ദിക്കുകയാണ്. 2002 മാർച്ച് 31-ഓടുകൂടി 991 ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും കുടുംബശ്രീ പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞിരിക്കുകയാണ്. 2001-02, 2002-03, ഈ രണ്ടു വർഷങ്ങളിലായി 113695 അയൽക്കൂട്ടങ്ങളും 13423 എ.ഡി.എസ്. കളും 1033 സി.ഡി.എസ്. കളും രൂപീകരിക്കുകയുണ്ടായി. ആകെ 2258501 കുടുംബങ്ങൾ പ്രസ്തുത അയൽക്കൂട്ടങ്ങളിൽ ഉൾപ്പെട്ടതായി കണക്കാക്കപ്പെട്ടിരിക്കുന്നു. അവരുടെ സമ്പാദ്യം 163,48,75,558 രൂപയും അതിൽ നിന്ന് 163,48,75,558 രൂപ അംഗങ്ങൾക്ക് വായ്പയായും നൽകിയിട്ടുണ്ട്. കുടുംബശ്രീ പദ്ധതി സംസ്ഥാനത്തെ മുഴുവൻ നഗരസഭകളിലും പഞ്ചായത്തുകളിലും വ്യാപിപ്പിച്ച് കുടുംബശ്രീ മിഷനുകീഴിൽ ഐ.ടി. at സ്കൂൾ, ഐ. ടി. at ഹോം, ആശ്രയ, ബാലസഭ, ചേരി നിർമ്മാർജ്ജന പദ്ധതി, വാൽമീകി അംബേദ്കർ ആവാസ യോജന തുടങ്ങി നിരവധി വികസന ക്ഷേമ പദ്ധതികൾ പ്രശംസനീയമാംവിധം നടപ്പിലാക്കി വരികയാണ്. തലസ്ഥാന നഗരിയുടെ വികസനത്തിന് കൂടുതൽ പ്രാധാന്യം നൽകി ഒട്ടേറെ പ്രവർത്തനങ്ങൾ ഇതിനോടകം ആരംഭിച്ചു കഴിഞ്ഞിട്ടുണ്ട്. അടുത്ത മൂന്നു വർഷം കൊണ്ട് തലസ്ഥാന നഗരിക്ക് അഭിമാനകരമായ നേട്ടം ഉണ്ടാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഏകാംഗ ഓംബുഡ്സ്മാന്റെ പ്രവർത്തനം ഏഴ് അംഗങ്ങളുള്ളതിന്റെ എത്രയോ ഇരട്ടിയാക്കി വർദ്ധിപ്പിക്കാൻ കഴിഞ്ഞതിൽ ബഹുമാനപ്പെട്ട മന്ത്രിയേയും ഗവൺമെന്റിനേയും അഭിനന്ദിക്കുകയാണ്. ഗോശ്രീ പദ്ധതിയിൽപ്പെട്ട മൂന്ന് പാലങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ പുരോഗമിച്ചു വരികയാണ്. നഗരങ്ങളുടെ വികസനത്തിന് 1250 കോടി രൂപ എ. ഡി. ബി.-യുടെ സാമ്പത്തിക സഹായം നഗരസഭകളുടെ വികസനത്തിന് ഒരു മുതൽക്കൂട്ടാണ്. ചേരി നിർമ്മാർജ്ജനത്തിന് ലോകത്തെ മൂന്ന് നഗരസഭകളെ തെരഞ്ഞെടുത്തതിൽ ഒന്ന് കോഴിക്കോട് നഗരസഭയാണ്. നഗര വികസന പദ്ധതികൾക്ക് അനുയോജ്യമായ പ്രോജക്ടുകൾ സമർപ്പിച്ചാൽ 6000 കോടി രൂപയുടെ കേന്ദ്ര സഹായം ഹഡ്കോ മുഖേന ഉദാര വ്യവസ്ഥയിൽ നൽകാമെന്ന് കേന്ദ്ര നഗര വികസന മന്ത്രിയും സഹ മന്ത്രിയും ഉറപ്പ്

LIBRARY ARCHIVES Kerala Legislative Assembly

നൽകിയിരിക്കുകയാണ്. അത് നഗരസഭകളുടെ പ്രവർത്തനത്തിന് വളരെയേറെ സഹായകമാകും. അടിസ്ഥാന സൗകര്യ വികസനത്തിന് സ്വകാര്യ പങ്കാളിത്തം ഏറ്റവും നല്ല തുടക്കമാണ്. ബി. ഒ. ടി., ബി. ഒ. ഒ. ടി. അടിസ്ഥാനത്തിലുള്ള നിർമ്മാണ പ്രവർത്തനങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വികസനത്തിന് ശക്തി പകരുമെന്നുള്ള കാര്യത്തിൽ സംശയമില്ല. ക്ലീൻ കേരളാ പദ്ധതിയും മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങളും മാതൃകാപരമാണ്. 2003 ജനുവരിയിൽ കേരളത്തിൽ ആരംഭിച്ച ക്ലീൻ കേരളാ പദ്ധതികൾ വിവിധ നഗരസഭകളിലും വിവിധ പഞ്ചായത്തുകളിലും ഘട്ടംഘട്ടമായി നടപ്പിലാക്കി വരികയാണ്. ഈ പദ്ധതിയുടെ പ്രവർത്തനം ഏറ്റവും ശക്തമാണ്. ഇനിയും ശക്തിപ്പെടുത്തണമെന്നാണ് ഗവൺമെന്റിനോട് അഭ്യർത്ഥിക്കാനുള്ളത്. അഴിമതി ആരോപണങ്ങളെക്കുറിച്ച് ചില അംഗങ്ങൾ സൂചിപ്പിക്കുകയുണ്ടായി. വാസ്തവത്തിൽ ഈ സഭയിൽ ഓരോ ദിവസവും അഴിമതി ആരോപണങ്ങൾ ഉന്നയിച്ചു വരികയാണ്. ഒരു അഴിമതി ആരോപണവും വ്യക്തമായ തെളിവുകൾ ഇല്ലാതെ ആളുകളുടെ ഇടയിൽ പുച്ഛിച്ചുതള്ളിയിരിക്കുകയാണ്. കഴിഞ്ഞ കാലങ്ങളിൽ, അഞ്ചു വർഷക്കാലം ജനകീയാസൂത്രണത്തിൽകൂടി നടത്തിയ അഴിമതി ആരോപണങ്ങൾ എന്തൊക്കെയാണ്? സ്ഥലം മാറ്റത്തെക്കുറിച്ച് പറയുമ്പോൾ, ഏറ്റവുമധികം നടന്നത് ഇടതുപക്ഷ ഭരണ കാലത്താണ്. രാഷ്ട്രീയ പരിഗണന വച്ചുകൊണ്ട് പലരേയും സ്ഥലം മാറ്റത്തിലൂടെ ദ്രോഹിക്കുകയായിരുന്നു. കഴിഞ്ഞ ഗവൺമെന്റിന്റെ രണ്ടു വർഷത്തെ കണക്കും ഈ ഗവൺമെന്റിന്റെ രണ്ടു വർഷത്തെ കണക്കും പരിശോധിച്ചാൽ ഈ ഗവൺമെന്റിന്റെ കാലത്ത് ഉള്ളതിനേക്കാൾ പത്തിരട്ടിയെങ്കിലും കാണുമെന്നുള്ള കാര്യത്തിൽ യാതൊരു തർക്കവുമില്ല. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് നടത്തിയ അഴിമതികളെക്കുറിച്ച് ആഡിറ്റ് റിപ്പോർട്ടിൽ വളരെ വ്യക്തമായി കണ്ടുപിടിക്കപ്പെട്ടിട്ടുണ്ട്. അതിന് ഉത്തരവാദികളെ മുഴുവൻ കണ്ടു പിടിച്ച് തിരിമറി നടത്തിയ മുഴുവൻ തുകയും ഈടാക്കാനും കുറ്റവാളികളുടെ പേരിൽ ശക്തമായ നടപടിയെടുക്കാനും ബഹുമാനപ്പെട്ട മന്ത്രി വളരെ താൽപ്പര്യം കാണിച്ചിട്ടുണ്ട്. അതിന് കൂടുതൽ നടപടികൾ സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്. അഴിമതി നിർമ്മാർജ്ജനം ചെയ്യാനും ഭരണം കാര്യക്ഷമമാക്കാനും ഈ ഗവൺമെന്റിന് കഴിഞ്ഞു. ടെൻഡർ സമ്പ്രദായം ഏർപ്പെടുത്തിയത് തന്നെ ശ്ലാഘനീയമാണ്. അത് അഴിമതിയില്ലാതാക്കാൻ വളരെയധികം സഹായകമായിട്ടുണ്ട്. ബിനാമി ഏർപ്പാടുകൾ ഇല്ലാതാക്കാൻ ഗവൺമെന്റിന് സാധിച്ചത് തീർച്ചയായും അഴിമതി നിർമ്മാർജ്ജനത്തിന് ഈ ഗവൺമെന്റ് പ്രതിജ്ഞാബദ്ധമാണെന്നതിന് തെളിവാണ്. വിവിധ പദ്ധതികൾ ഗ്രാമസഭയിൽ ചർച്ചചെയ്തുകൊണ്ട് മുൻഗണനാക്രമത്തിൽ നടപ്പിലാക്കുമെന്ന് ബഹുമാനപ്പെട്ട മന്ത്രി പ്രഖ്യാപിച്ചത് ശ്ലാഘനീയമാണ്. നമ്മുടെ വിവിധ പദ്ധതികൾ ഗ്രാമസഭയിൽ അംഗീകരിക്കപ്പെടുമ്പോൾ ഭരണ സമിതി പലപ്പോഴും അത് നടപ്പിലാക്കാറില്ല. ഏതായാലും നമ്മുടെ ഏറ്റവും പ്രധാനപ്പെട്ട ഘടകം ഗ്രാമസഭകളാണ്. അവിടെ നിന്നു ഉയർന്നു വരുന്ന വിവിധ പദ്ധതികൾ തീർച്ചയായും അത് അർഹിക്കുന്ന ഗൗരവത്തോടുകൂടി മുൻഗണനാക്രമത്തിൽ നടപ്പിലാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കണം. അതിന് ഗവൺമെന്റ് മുൻകയ്യെടുത്തതിൽ ഗവൺമെന്റിനെ അഭിനന്ദിക്കുകയാണ്. സംസ്ഥാനത്ത് സ്വന്തം കെട്ടിടങ്ങൾ ഇല്ലാത്ത പഞ്ചായത്ത് ഓഫീസുകൾക്കും വളരെ ജീർണിച്ച, അതുപോലെതന്നെ സ്ഥലസൗകര്യമില്ലാത്ത പഞ്ചായത്ത് ഓഫീസുകൾക്കും സ്വന്തം ഓഫീസുകൾ നിർമ്മിക്കുന്നതിനാവശ്യമായ അടിയന്തിര

LIBRARY ARCHIVES Kerala Legislative Assembly

നടപടി സ്വീകരിക്കാൻ ഗവൺമെന്റിനോട് അഭ്യർത്ഥിക്കുകയാണ്. ഒരു കമ്മീഷനെ നിയമിച്ചു കൊണ്ട് വലിയ പഞ്ചായത്തുകൾ വിഭജിക്കണം. അതുപോലെതന്നെ നഗരസഭകളുടെ അതിർത്തികൾ പുനർനിർണ്ണയം ചെയ്യുന്നതിനും അതുപോലെ ടൗൺ പഞ്ചായത്തുകൾ രൂപീകരിക്കുന്നതിനും ആവശ്യമായ നടപടികൾ ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ട്. കഴിഞ്ഞ കാലങ്ങളിൽ രാഷ്ട്രീയ താൽപ്പര്യങ്ങൾക്കുവേണ്ടി പല നഗരസഭകളിലും ചെറിയ പഞ്ചായത്തുകൾ ഉൾപ്പെടുത്തിയിട്ടുണ്ടായിരുന്നു. അത് പഞ്ചായത്ത് നിയമത്തിന് എതിരാണ്. കാരണം പല പഞ്ചായത്തുകളും നഗര പഞ്ചായത്താക്കി മാറ്റിയെടുത്ത ശേഷം മാത്രമേ അത് സാധിക്കുകയുള്ളൂ. നേരെ മറിച്ച് അതിന് വിരുദ്ധമായ രാഷ്ട്രീയ താൽപ്പര്യങ്ങൾക്ക് കഴിഞ്ഞ കാലങ്ങളിൽ പല ഗ്രാമ പഞ്ചായത്തുകളും ടൗൺ പഞ്ചായത്താക്കാതെ കോർപ്പറേഷനുകളിലും അതുപോലെ മുനിസിപ്പാലിറ്റികളിലും ചേർത്തിട്ടുണ്ട്. അത് നിയമത്തിന് വിരുദ്ധമാണ് എന്നതിൽ യാതൊരു സംശയവുമില്ല. അതുകൊണ്ട് അടിയന്തിരമായി ഒരു കമ്മീഷനെ നിയമിച്ചുകൊണ്ട് നമ്മുടെ നഗരസഭകളുടേയും പഞ്ചായത്തുകളുടേയും അതിർത്തികൾ പുനർനിർണ്ണയിച്ചുകൊണ്ട് വലിയ പഞ്ചായത്തുകൾ വിഭജിക്കുകയും ടൗൺ പഞ്ചായത്തുകൾ രൂപീകരിക്കുകയും ചെയ്തു കൊണ്ട്, അതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്. ഭക്ഷ്യരംഗം കാര്യക്ഷമമാക്കാനും നിത്യോപയോഗ സാധനങ്ങളുടെ വില പിടിച്ചു നിർത്താനും കഴിഞ്ഞത് സാധാരണക്കാർക്ക് വളരെ ആശ്വാസകരമാണ്. അറുപത്തിനാല് ലക്ഷം റേഷൻ കാർഡുകൾ കമ്പ്യൂട്ടർ സഹായത്തോടെ പുതുക്കി നൽകാൻ കഴിഞ്ഞു. കാസർഗോഡ് പ്രിന്റഡ് കാർഡുകൾ ഇല്ലാത്തതുകൊണ്ട് പുതിയ കാർഡുകൾ നൽകാൻ കഴിയുന്നില്ല. അത് അധികൃതരുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. പക്ഷെ ഇന്നും അത് അവിടെ എത്താത്തത് കാരണം പുതിയ കാർഡുകൾ നൽകാൻ കഴിയുന്നില്ല. അതുകൊണ്ട് അടിയന്തിരമായി ഇവിടെ പ്രിന്റ് ചെയ്ത ബ്ലാങ്ക് കാർഡുകൾ കാസർഗോഡ് എത്തിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണം. സർ 30 മാവേലി സ്റ്റോറുകൾ, 76 ലാഭ മാർക്കറ്റുകളും, 5 മാവേലി മെഡിക്കൽ സ്റ്റോറുകളും പുതിയതായി അനുവദിച്ചു. അതിന് ഞാൻ ഗവൺമെന്റിനെ അഭിനന്ദിക്കുകയാണ്. മാവേലി സ്റ്റോറുകൾ ഇല്ലാത്ത പഞ്ചായത്തുകളിൽ അടിയന്തിരമായി മാവേലി സ്റ്റോറുകൾ ആരംഭിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കണം. ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിച്ചത് സ്വാഗതാർഹമാണ്. ഉപഭോക്തൃ കാര്യങ്ങൾക്ക് പ്രത്യേകിച്ച് വകുപ്പ് രൂപീകരിച്ചതും ശ്ലാഘനീയമാണ്. കാസർഗോഡ് ജില്ലയിലെ എഫ്. സി. ഐ. ഗോഡൗണിൽ പലപ്പോഴും അരി വിതരണം മുടങ്ങുന്നുണ്ട്. അത് ഒഴിവാക്കാൻ അടിയന്തിരമായ നടപടി സ്വീകരിക്കണം. നിറുത്തിവച്ച സൂപ്പർ മാർക്കറ്റുകൾ അടിയന്തിരമായി തുറന്നു പ്രവർത്തിപ്പിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ ഞാൻ പിൻതാങ്ങുന്നു.

ശ്രീ. ബിനോയ് വിശ്വം: സർ, ഈ ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുകയാണ് സാർവത്രികമായ റേഷനിംഗിനുവേണ്ടിയുള്ള സമരത്തിന്റെയും ആ സമര വിജയത്തിന്റെയും ഓർമകൾ നമുക്ക് എല്ലാവർക്കുമുണ്ട്. രണ്ടുപക്ഷത്തുമുള്ള എല്ലാ പാർട്ടിയിലുംപെട്ട ജനങ്ങൾ നടത്തിയ അറുപതുകളിലെ ഉജ്ജ്വലങ്ങളായ പോരാട്ടങ്ങൾ, അതാണ് ഈ കേരളത്തിൽ സ്റ്റാറ്റ്യൂട്ടറിയായ റേഷനിംഗ് നടപടികൾ ഏർപ്പെടുത്താൻ നിമിത്തമായത്. എന്റെ പ്രിയപ്പെട്ട സുഹൃത്ത് മന്ത്രി ശ്രീ. ജി. കാർത്തികേയൻ റേഷനിംഗ് അവസാനിപ്പിച്ചതിന്റെ മന്ത്രിയായിക്കൊണ്ടിരിക്കുകയാണ്. അദ്ദേഹം അത് അറിയുന്നുണ്ടോയെന്ന് എനിക്ക് അറിയില്ല. ഗുരുതരമായ സ്ഥിതിയാണ് വരാൻ പോകുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

കേരളത്തിൽ ഭക്ഷ്യ സുരക്ഷ അപകടത്തിൽ ആകുകയാണ്. ഇൻഡ്യയിൽ ആകെ ആ മാറ്റം ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. കേന്ദ്രത്തിലെ ബി. ജെ. പി. ഗവൺമെന്റും ആ വഴി പിൻപറ്റിക്കൊണ്ട് ഇവിടുത്തെ ഗവൺമെന്റും പറയുന്നു, സബ്സിഡി എന്ന വാക്ക് തെറിവാക്കാണ്, അശ്ലീലപദമാണ്, അത് മിണ്ടാൻ പാടില്ല, അത് കേൾക്കാൻ പാടില്ല. സബ്സിഡി ഇല്ലെങ്കിൽ റേഷനിംഗ് ഇല്ല. സബ്സിഡിക്ക് അന്ത്യം കുറിക്കാൻ ശ്രമിക്കുന്ന കേന്ദ്ര സംസ്ഥാന നയങ്ങൾ ഒന്നായി ചേർന്നുകൊണ്ട് റേഷനിംഗിന്റെ അന്ത്യം കുറിക്കുമ്പോഴാണ് നാം ഇവിടെ ചർച്ച നടത്തിക്കൊണ്ടിരിക്കുന്നത്. സർ, ആ നയത്തെ എതിർക്കാൻ ഗവൺമെന്റിന് ധൈര്യമുണ്ടോ? ഈ ചോദ്യം മന്ത്രിയുമായി നേരിട്ട് ഈ സഭയിൽ ഞാൻ ഏറ്റവും ചുരുങ്ങിയത് അഞ്ചുവട്ടം ചോദിച്ചിട്ടുണ്ട്. മൂന്നു പ്രാവശ്യവും മന്ത്രി പറഞ്ഞു, ഒരു ആശങ്കയും വേണ്ട, കേന്ദ്രത്തിന്റെ കത്തുണ്ട് എല്ലാം ശരിയാകും, സമാധാനമായി ഇരിക്കുക എന്ന്, നാലാമത്തെ പ്രാവശ്യം ഞാൻ ചോദിച്ചപ്പോൾ പറഞ്ഞു, ചെറിയ ഒരു ആശങ്കക്ക് വഴിയുണ്ട് എന്ന്. ചെറിയ ആശങ്കപോരാ, റേഷനിംഗിന് പരിപൂർണ്ണമായി അന്ത്യം കുറിക്കാൻവേണ്ടി കേന്ദ്രത്തിലെ ഗവൺമെന്റ് ഐ. എം. എഫ്., ലോകബാങ്ക്, ആജ്ഞപ്രകാരം കരുക്കൾ നീക്കുമ്പോൾ ആ നയത്തെ എതിർക്കാൻ, ഭക്ഷ്യ സുരക്ഷ ഉറപ്പുവരുത്താൻ, ഇവിടെ ആഹാരം കൊടുക്കാൻ ജനങ്ങളെ അണിനിരത്തിക്കൊണ്ടുള്ള ഒരു നീക്കം നടത്താൻ ഗവൺമെന്റിന് തന്റേടമുണ്ടോ? മന്ത്രി അതേപ്പറ്റി ഒരു ഉത്തരം പറഞ്ഞേ മതിയാകൂ. സർ, സുപ്രീം കോടതി തന്നെ പറയുന്നു, എലികൾക്ക് ഇഷ്ടം പോലെ ആഹാരം കഴിക്കാൻ കഴിയുന്നു, മനുഷ്യൻ പട്ടിണികൊണ്ട് മരിക്കുന്നു. ഈ ദുരവസ്ഥയ്ക്ക് കേന്ദ്രത്തെപ്പോലെ ഈ ഗവൺമെന്റും ചൂട്ടുപിടിക്കാൻ പാടില്ല എന്നു മാത്രം പറയട്ടെ. 2002 മാർച്ച് 17-ാം തീയതിയാണ് സംഭരണത്തിന്റെയും വിതരണത്തിന്റെയും ബാദ്ധ്യത സ്റ്റേറ്റ് ഗവൺമെന്റിനെ ഏൽപ്പിച്ചുകൊണ്ട് കേന്ദ്രം പൂർണ്ണമായി കൈകഴുകി മാറിപ്പോയത്. ആ സമയത്ത് അറുപത് ലക്ഷം ടൺ ഭക്ഷ്യധാന്യം എഫ്. സി. ഐ. ഗോഡൗണുകളിൽ കെട്ടിക്കിടപ്പുണ്ടായിരുന്നു. അവിടെ കെട്ടിക്കിടക്കുന്ന ധാന്യം സൂക്ഷിക്കാൻ ഇടമില്ലാതെ വന്നപ്പോൾ നമുക്ക് ഈ ധാന്യമെല്ലാം കൊണ്ടുപോയി കടലിൽകെട്ടിതാഴ്ത്തിയേക്കാം എന്ന് പറഞ്ഞ ഒരു 'ഡി. പി. യാദവ് കമ്മിറ്റി'യുണ്ട് കേന്ദ്രത്തിൽ അതുമുണ്ടായി. ഇതെല്ലാം നടക്കുമ്പോഴാണ് കേരളത്തിലെ വകുപ്പുമന്ത്രി—അദ്ദേഹം ഭക്ഷ്യ സിവിൽ സപ്ലൈസ് സാംസ്കാരിക വകുപ്പിന്റെ മന്ത്രിയാണ് —അദ്ദേഹം ഭക്ഷ്യം മറക്കുന്നു. സിവിൽ സപ്ലൈസ് മറക്കുന്നു. അത് പൂർണ്ണമായി മറന്നിട്ട് അദ്ദേഹം ഇന്ന് സാംസ്കാരിക വിവാദങ്ങളുടെ മന്ത്രിയായി മാത്രം അറിയപ്പെട്ടുകൊണ്ടിരിക്കുന്നു. ഭക്ഷ്യരംഗത്തെ സ്ഥിതി ദയനീയമാണ്. ഈ ദയനീയ സ്ഥിതിയെ സംബന്ധിച്ചുള്ള നാടിന്റെ ആശങ്ക അറിയിക്കാനാണ് ഞാൻ ഈ വേള ഉപയോഗിക്കുന്നത്. കലോറി ഇൻടേക്ക് സംബന്ധമായ പഠനം കേരളത്തിലും ഇൻഡ്യയിലും നടന്നു കൊണ്ടിരിക്കുകയാണ്. ഇൻഡ്യയിൽ ശരാശരി കലോറി ഇൻടേക്ക് 1961-62-ൽ 2911 ആയിരുന്നത് 1999-2000-ആയപ്പോൾ 2749 ആയി കുറഞ്ഞിരിക്കുകയാണ്. പാവപ്പെട്ടവരുടെ സ്ഥിതി ഇതിനേക്കാൾ ദയനീയമാണ്. ഇവിടെ ചക്ക തിന്നും മാങ്ങ തിന്നും കിഴങ്ങു തിന്നും വിശപ്പടക്കുന്ന ആളുകൾ ഉണ്ട്. ഈ പട്ടിണിപ്പാവങ്ങളുടെ മരണ വാർത്ത കേൾക്കാൻ നമുക്ക് ആർക്കും ഇഷ്ടമില്ല. എങ്കിൽ ദയവായി ഈ വൈകിയ വേളയിലെങ്കിലും നാം ചെയ്യേണ്ട കാര്യം ചെയ്യുവാൻ വൈമനസ്യം കാട്ടിക്കൂടാ എന്നാണ് എനിക്ക് പറയാനുള്ളത്. ദയവായി ആ വഴിക്ക് നീക്കം ആരംഭിക്കണം. ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റും ആ ഗവൺമെന്റിന്റെ നയങ്ങളും സമയക്കുറവു

LIBRARY ARCHIVES Kerala Legislative Assembly

കൊണ്ട് ഞാൻ ആവർത്തിക്കുന്നില്ല. എൽ. ഡി. എഫ്-ലെ മന്ത്രി മാവേലി മന്ത്രിയെന്ന് ഇൻഡ്യയിൽ ആകെ പ്രകീർത്തിക്കപ്പെട്ടിരുന്നു. ആ മാവേലിമന്ത്രി തുടങ്ങിവെച്ച ഒരു പാടു കാര്യങ്ങൾ ഇന്ന് യാന്ത്രികമായി നടപ്പിലാക്കുകയാണ്. മാവേലിസ്റ്റോറുകളെല്ലാം കേവലമായിട്ടുള്ള എന്തോ ഒന്നായി മാറിക്കൊണ്ടിരിക്കുകയാണ്. റേഷൻ കടകളിൽ ഇന്ന് ക്യൂവില്ല. റേഷന്റെ ഈ സ്ഥിതിയെപ്പറ്റിയുള്ള ആശങ്ക ഞാൻ വീണ്ടും വീണ്ടും പറഞ്ഞു പോകുന്നു.

ഇത്, ഇന്നു രാവിലെ ഇവിടെ കിട്ടിയ രേഖയാണ് സർ. ധനാഭ്യർത്ഥന നമ്പർ 23-നെപ്പറ്റി ധനകാര്യമന്ത്രിയുടെ പ്രതികരണമാണ്. അതിൽ നഗര വികസന വകുപ്പിനെപ്പറ്റിയുള്ള ഒരു പരാമർശമുണ്ട്, ചെലവ് നിലവിലുള്ള ബഡ്ജറ്റ് വിഹിതത്തിൽ പരിമിതപ്പെടുത്തുന്നതിന് ശ്രദ്ധിക്കേണ്ടതാണെന്നാണ് ധനകാര്യ വകുപ്പുമന്ത്രി നഗര വികസന മന്ത്രിയോടുള്ള അദ്ദേഹത്തിന്റെ ഒരു നിർദ്ദേശമായി ചൂണ്ടിക്കാണിക്കുന്നത്. സർ, ആ രേഖ വീണ്ടും പറയുന്നു, ടെലിഫോൺ, വാഹനം എന്നിവയുടെ ഉപയോഗം അത്യാവശ്യകാര്യങ്ങൾക്കു മാത്രമായി പരിമിതപ്പെടുത്തി അനാവശ്യ ചെലവ് കുറക്കുന്നതിനുള്ള ശ്രമങ്ങൾ വകുപ്പിന്റെ ഭാഗത്തുനിന്നും ഉണ്ടാകേണ്ടതാണ്. വൈദ്യുതിയുടെ ഉപയോഗം പരമാവധി കുറക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ധനകാര്യ വകുപ്പിന്റെ കുറ്റപത്രമാണിത്. ദയവായി ബഹുമാനപ്പെട്ട നഗരവികസന വകുപ്പ് മന്ത്രി ഇതിനെപ്പറ്റി ഇവിടെ പ്രതികരിച്ചേ മതിയാകൂ. ജി. സി. ഡി. എ. യുമായി ബന്ധപ്പെട്ട ചില കാര്യങ്ങൾ നമുക്കെല്ലാവർക്കും അറിയാം. കൊച്ചി നഗരത്തിന്റെ കണ്ണായ സ്ഥലത്ത് നഗരത്തിലുള്ള വിലയെക്കാൾ കുറഞ്ഞ വിലക്ക് വേണ്ടപ്പെട്ടവർക്കായി സ്ഥലംകൊടുത്തതിനെപ്പറ്റിയും അതുമായി ബന്ധപ്പെട്ട് അന്നത്തെ ജി. സി. ഡി. എ ചെയർമാൻ ബഹുമാനപ്പെട്ട മന്ത്രിയുമായി പിണങ്ങിപ്പിരിഞ്ഞതുമെല്ലാം നാട്ടിലൊക്കെ പാട്ടാണ്. ദയവായി അതിനെപ്പറ്റിയുള്ള പ്രതികരണവും ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടിയിൽ ഇവിടെ പറഞ്ഞേ മതിയാകൂ. രണ്ടാം സംസ്ഥാന ധനകാര്യ കമ്മീഷന്റെ ശുപാർശകൾ മന്ത്രിയുടെ ഓഫീസിലുണ്ട്. അത് പറയുന്നത് ഡിവല്യൂഷൻ ഓഫ് ഫണ്ട്സിനെപ്പറ്റിയാണ്. പഞ്ചായത്തുകൾക്കുള്ള ഫണ്ടിനെപ്പറ്റിയുള്ള ആ റിപ്പോർട്ട്, അത് എപ്പോൾ നടപ്പിലാക്കുമെന്ന് ബഹുമാനപ്പെട്ട മന്ത്രി പറയണം. പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും ഇന്ന് കത്തിക്കുന്ന തെരുവ് വിളക്കുകൾ ഉപയോഗിക്കുന്ന വൈദ്യുതിയുടെ അളവ് എടുക്കാൻ മീറ്റർ വയ്ക്കുന്ന സംവിധാനം ഉണ്ടാക്കിയാൽ പഞ്ചായത്തുകൾക്ക് ഒരു പാട് പണം ലാഭിക്കാം.

<u>ശ്രീ. എ. സുജനപാൽ:</u> സർ, ക്ഷേത്രം, നഗരവികസനം, പഞ്ചായത്ത് എന്നീ വകുപ്പുകൾക്ക് വേണ്ടി അവതരിപ്പിച്ച ധനാഭ്യർത്ഥനകളെ ഞാൻ പിന്തുണയ്ക്കുകയാണ്. ഇവിടെ ശ്രീ. ടി. കെ. ദേവകുമാർ മുതൽ ശ്രീ. ബിനോയ് വിശ്വം വരെയുള്ള പ്രതിപക്ഷാംഗങ്ങൾ സംസാരിച്ചത് ശ്രദ്ധിക്കുകയായിരുന്നു. എല്ലാ ദിവസവും അടിസ്ഥാനരഹിതങ്ങളായ ആരോപണങ്ങൾ, കൊണ്ടുവരിക എന്നുള്ളതാണ് പ്രതിപക്ഷാംഗങ്ങളുടെ നിത്യതൊഴിൽ എന്നാണ് തോന്നുന്നത്. ഇവിടെ കഴിഞ്ഞ ദിവസം ശ്രീമതി ഗിരിജാ സുരേന്ദ്രൻ, ശ്രീ. ജയരാജൻ, ശ്രീ. ടി. കെ. ദേവകുമാർ തുടങ്ങിയവർ ഉന്നയിച്ചിട്ടുള്ള അടിസ്ഥാനരഹിതങ്ങളായ ആരോപണങ്ങൾ, എനിക്ക് തോന്നുന്നത്, അവ എ. കെ. ജി. ഗവേഷണ കേന്ദ്രത്തിൽ നിന്നും എഴുതികൊടുത്തത് അനുസരിച്ച് പറയുന്നതായിരിക്കുമെന്നാണ്. യാതൊരു അടിസ്ഥാനവുമില്ലാത്ത ആരോപണങ്ങളാണ് ഉന്നയിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

കെ. പി. സി. സി ഓഫീസിൽ ആരോപണങ്ങൾ എഴുതികൊടുക്കുന്ന പതിവില്ല. ആരോപണങ്ങൾ എഴുതികൊടുക്കുന്ന പണി എ. കെ. ജി. സെന്ററിനെ ഏൽപ്പിച്ചിരിക്കുകയാണ്. എ. കെ. ജി. സെന്ററിലെ പി. ഗോവിന്ദപ്പിള്ള ഉൾപ്പെടെയുള്ള നേതാക്കൻമാരുടേയും തത്വികാചാര്യൻമാരുടേയും അഭിപ്രായം നമ്മൾ കേട്ടല്ലോ.

മി. സ്പീക്കർ: എന്തിനാണ് സമയം കളയുന്നത്. Come to the point.

ശ്രീ. എ. സുജനപാൽ: സർ, അടിസ്ഥാനരഹിതങ്ങളായ ആരോപണങ്ങൾ കൊണ്ടു വരികയാണ്. ബഹുമാനപ്പെട്ട ടി. കെ. ദേവകുമാർ സിവിൽ സപ്ലൈസ് വകുപ്പുമന്ത്രിക്കെതിരായും തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിക്കെതിരായും കഴിഞ്ഞ ദിവസത്തെ പോലെ കൊണ്ടുവന്നത് കോടികളുടെ ആരോപണമാണ്. യാതൊരുതരത്തിലുള്ള രേഖകളുമില്ലാത്ത ഇത്തരം ആരോപണങ്ങൾ, അതിന്റെ നിജസ്ഥിതിയെക്കുറിച്ച് ബഹുമാനപ്പെട്ട സ്പീക്കർ തന്നെ വിലയിരുത്തണം എന്നാണ് എനിക്ക് അഭ്യർത്ഥിക്കുവാനുള്ളത്. നിയമസഭയെവരെ അപഹാസ്യമാക്കുന്ന ഒരു സാഹചര്യമാണ് ഉണ്ടാകുക. അതുകൊണ്ട് അടിസ്ഥാനരഹിതങ്ങളായ ആരോപണങ്ങൾ കൊണ്ടുവരുന്നത് നിർത്തണമെന്നുള്ള അഭിപ്രായമാണ് ഞാൻ ആദ്യമായി പ്രകടിപ്പിക്കുന്നത്. ഇവിടെ സിവിൽ സപ്ലൈസ് വകുപ്പിനെക്കുറിച്ച് പറഞ്ഞിട്ടുള്ള കാര്യങ്ങൾ, ഭക്ഷ്യവിതരണരംഗത്ത് കാര്യക്ഷമമായ പ്രവർത്തനങ്ങൾ നടന്ന കാലഘട്ടമായിരുന്നു കഴിഞ്ഞ രണ്ടു വർഷം. വില നിയന്ത്രിക്കാൻ സാധിച്ചു, മാർക്കറ്റ് ഇന്റർവിയറൻസ് കൊണ്ടുവരാൻ വേണ്ടി സാധിച്ചു. കഴിഞ്ഞ രണ്ടു വർഷമായി വിലക്കയറ്റം കാര്യമായി ബാധിച്ചിട്ടില്ല. വിലക്കയറ്റത്തെക്കുറിച്ച് ആരും പറയുന്നില്ല. ലോറി സമരം ഉണ്ടായിട്ടുപോലും പച്ചക്കറി ഉൾപ്പെടെയുള്ളവയുടെ വിലനിലവാരം നിയന്ത്രിക്കാൻ, മാർക്കറ്റ് ഇടപെടൽ നടത്താൻ ഗവൺമെന്റിന് സാധിച്ചു. സിവിൽ സപ്ലൈസിന് സാധിക്കുന്നു എന്നുള്ളതാണ്. അതുകൊണ്ടാണ് വില നിയന്ത്രിക്കാൻ ഗവൺമെന്റിന് സാധിച്ചത്. അതിനെ ഈ ഗവൺമെന്റിന്റെ ഏറ്റവും വലിയ നേട്ടമായി ഞാൻ കാണുകയാണ്. അത് മാത്രമല്ല സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ പലവ്യഞ്ജനങ്ങളുടെ 2002-03 വർഷത്തെ വിറ്റു വരവ് 172.0572 കോടി രൂപയാണ്. അതൊരു സർവ്വകാല റിക്കാർഡാണ്. ഈ വകുപ്പിന്റെ പ്രവർത്തനങ്ങൾ കാരണം ജനങ്ങളിൽ വിശ്വാസ്യത വന്നിട്ടുണ്ട്. വാരം മാർക്കറ്റുകൾ തുടങ്ങുന്നതിനുള്ള സംവിധാനങ്ങൾ ഉണ്ടാക്കാൻ വേണ്ടി സാധിച്ചു. കേന്ദ്ര ഗവൺമെന്റിന്റെ ഒട്ടനവധി പദ്ധതികൾ നടപ്പിലാക്കുന്നതിൽ കാര്യക്ഷമമായ പ്രവർത്തനം നടത്തി. അതുപോലെതന്നെ 65 ലക്ഷം റേഷൻ കാർഡുകൾ കമ്പ്യൂട്ടർ വത്കരിച്ചുകൊണ്ട് ജനങ്ങൾക്ക് നൽകി. ഉപഭോക്താക്കളുടെ കാര്യത്തിൽ ഒരു പ്രത്യേക വകുപ്പുണ്ടാക്കി. ഉപഭോക്തൃ തർക്ക കോടതികളുടെ പ്രവർത്തനം സജീവമാക്കി. ഇങ്ങനെ ഒട്ടനവധി നല്ല കാര്യങ്ങൾ ചെയ്തിട്ടുള്ള ഒരു വകുപ്പാണ് സിവിൽ സപ്ലൈസ് വകുപ്പ്.

അതുപോലെ തദ്ദേശ സ്വയംഭരണ വകുപ്പിനെ സംബന്ധിച്ചിടത്തോളം ഇവിടെ സാധാരണ ആരോപണങ്ങൾ കൊണ്ടു വരുന്നവർ കൊണ്ടു വന്നു. പഞ്ചായത്ത് രാജ് സംവിധാനം രാഷ്ട്രീയവത്കരിക്കാനാണ് ഇടതുപക്ഷജനാധിപത്യമുന്നണി ശ്രമിച്ചത്. ജനകീയാസൂത്രണത്തിന്റെ പേരിൽ നടന്ന രാഷ്ട്രീയവത്ക്കരണമാണ് നിങ്ങളുടെ എണ്ണം 40-ൽ എത്തിച്ചത്. അതിനകത്ത് നടന്നിട്ടുള്ള അഴിമതിയെക്കുറിച്ച്, രാഷ്ട്രീയവത്ക്കരണത്തെക്കുറിച്ചുള്ള കഥകൾ ഇപ്പോഴും പുറത്തു വന്നുകൊണ്ടിരിക്കുയാണ്. ഞങ്ങൾ മാത്രമല്ല നിങ്ങളുടെ നേതാക്കൻമാരും താത്വികാചാര്യൻമാരുമൊക്കെ തന്നെ

LIBRARY ARCHIVES Kerala Legislative Assembly

ഇതിനെതിരായുള്ള അഭിപ്രായമാണ് പറഞ്ഞത്. അതു മാത്രമല്ല വിദേശ ഇടപെടൽ ഉണ്ടെന്നുള്ളത്, അതിനകത്ത് ഡച്ച് ഏജൻസിയുടെ ധനസഹായവും, സ്വീഡിഷ് ഏജൻസിയുടെ ധനസഹായവും, സി.ഐ.എ.-യുടെ ഇന്റർവിയറൻസും ഇതൊക്കെയാണ് കാണാൻ സാധിക്കുന്നത്.

ശ്രീ. കെ. ബാബു: സർ, ഒരു കാലത്ത് ഇൻഡ്യൻ പാർലമെന്റിലെ പ്രതിപക്ഷനേതാവ് എ. കെ. ജി. ആയിരുന്നു. ഇന്ന് ഇന്ത്യൻ പാർലമെന്റിൽ സി. പി. എം. പ്രധാന പ്രതിപക്ഷകക്ഷിയേ അല്ല എന്നുള്ള കാര്യം അറിയാമോ?

ശ്രീ. എ. സുജനപാൽ: മാർക്സിസ്റ്റ് പാർട്ടിയെ സംബന്ധിച്ചിടത്തോളം ഓരോ ദിവസം കഴിയുന്തോറും അത് തകർന്നുകൊണ്ടിരിക്കുകയാണ്. മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ താത്വിക അടിത്തറതന്നെ തകർന്നുകൊണ്ടിരിക്കയാണ്. ഇവിടെ ജനകീയാസൂത്രണത്തിനെതിരെ ജനവികാരം ഉയർന്നു വരികയാണ്. കേരളത്തിന്റെ സമ്പദ്ഘടന തകരാനുള്ള കാരണം, ജനകീയാസൂത്രണം നടപ്പിലാക്കിയതിന്റെ പേരിലാണെന്നാണ് വന്നുകൊണ്ടിരിക്കുന്നത്. ഇതിൽ പ്രധാനപ്പെട്ട കാരണം രാഷ്ട്രീയവത്കരണം നടത്തി എന്നുള്ളതാണ്. ഡോ. തോമസ് ഐസക് നടപ്പിലാക്കിയിട്ടുള്ള മാരാരിക്കുളം പദ്ധതിയിൽവരെ രാഷ്ട്രീയ ഇടപെടൽ ഉണ്ടായി എന്നുള്ളതാണ് അവിടത്തെ ലോക്കലായിട്ടുള്ള ആളുകൾ പറയുന്നത്. ടെലിവിഷനിൽ പറയുന്ന കാര്യങ്ങൾ നമ്മൾ കാണുകയല്ലേ? അവിടെ എസ്. എച്ച്. ജി. ഗ്രൂപ്പിനെയാണ് ഇത് നടപ്പാക്കാൻ ഏൽപ്പിച്ചത്. രാഷ്ട്രീയവൽക്കരിച്ചുകൊണ്ട് മാർക്സിസ്റ്റ് പാർട്ടി നടത്തിയിട്ടുള്ള പരിപാടി എന്ന നിലയിലാണ് ഇപ്പോൾ മാരാരിക്കുളം പദ്ധതി എത്തിയിട്ടുള്ളത്. അതിനകത്ത് ഡച്ച് ഏജന്റുകളുടേയും സി. ഐ. എ. യുടേയും ഒക്കെ നിയന്ത്രണത്തിലാണെന്നാണ് വന്നിരിക്കുന്നത്. മാർക്സിസ്റ്റ് പാർട്ടിയുടെ നിയന്ത്രണത്തിലാണ് കാര്യങ്ങൾ നടക്കുന്നതെന്നാണ് വന്നിരിക്കുന്നത്.

ശ്രീ. സാജുപോൾ: സർ, റേഷൻ കടകളുടേയും മാവേലിസ്റ്റോറുകളുടേയും മുന്നിൽ ക്യൂ ഇല്ലാതായി. പക്ഷെ, ചില റേഷൻ കടകളുടെ മുന്നിൽ വന്നിച്ച ആൾക്കൂട്ടമാണ്. അത് റേഷൻകടക്കാരൻ അതിനകത്ത് ആത്മഹത്യ ചെയ്യുമ്പോഴാണെന്ന കാര്യം അങ്ങേക്കറിയാമോ?

ശ്രീ. എ. സുജനപാൽ: സർ അതൊക്കെ പഴയ കഥകളാണ്. പണ്ട് നിങ്ങളുടെ പൂർവ്വികൻമാർ 'അരി തരാത്ത, തുണി തരാത്ത കോൺഗ്രസ്സേ' എന്ന് വിളിച്ചിട്ടുണ്ട്. ഇന്ന് അരിയും തുണിയുമൊക്കെ സുലഭമായിട്ടുണ്ട്. കോൺഗ്രസ് ഭരിച്ചിട്ട് എന്ത് നേട്ടമുണ്ടായെന്ന് നിങ്ങൾ ചോദിക്കുകയല്ലേ. അതിനൊന്നും ഞാൻ മറുപടി പറയുന്നില്ല. ഇവിടെ മാർക്സിസ്റ്റ് പാർട്ടിയാണ് പ്രതിക്കൂട്ടിലായിട്ടുള്ളത്. ജനകീയാസൂത്രണം നടപ്പിലാക്കിയതിന്റെ പേരിൽ പ്രതിക്കൂട്ടിലായത് മാർക്സിസ്റ്റ് പാർട്ടിയാണ്. കേരളത്തിന്റെ സമ്പദ്ഘടനയെ തകർക്കുന്ന രൂപത്തിലുള്ള നടപടികളാണ് ഉണ്ടാക്കിയിട്ടുള്ളത്. ഈ ഗവൺമെന്റ് വന്നതിനുശേഷം ആദ്യമായി നടപ്പിലാക്കിയിട്ടുള്ള കാര്യങ്ങൾ, കേരള വികസന പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കിയ പരിപാടികൾ, മാർക്സിസ്റ്റ് പാർട്ടിയുടെ ഈ ഏകാധിപത്യ പ്രവണതകളെ, രാഷ്ട്രീയ ഇടപെടലുകളെ പഞ്ചായത്ത് രാജ് സംവിധാനത്തിൽ നിന്നും ഒഴിവാക്കി എന്നുള്ളതാണ്. ഇവിടെ കുടുംബശ്രീ പദ്ധതി

LIBRARY ARCHIVES Kerala Legislative Assembly

നടപ്പിലാക്കുന്നുണ്ട്. ആർക്കും ആക്ഷേപം ഇല്ലല്ലോ. ഇപ്പോൾ രാഷ്ട്രീയ ഇടപെടൽ ഇല്ല എന്നുള്ളത് വളരെ വ്യക്തമാണ്. ഈ ഭരണത്തെ സംബന്ധിച്ചിടത്തോളം കാര്യക്ഷമമായിട്ടുള്ള ഭരണം നടത്താനുള്ള കാരണം, രാഷ്ട്രീയ ഇടപെടലില്ല. നേരെ മറിച്ച് എ. കെ. ജി. സെന്ററിൽ ഫയൽകൊണ്ടുപോയി പരിശോധിച്ച് കാര്യം തീരുമാനിക്കുന്ന സ്ഥിതി നേരത്തെ ഉണ്ടായിരുന്നു. ഇപ്പോൾ അങ്ങിനെയില്ല. കെ. പി. സി. സി.-യുടെ കാര്യം പറഞ്ഞല്ലോ. കെ. പി. സി. സി. ഓഫീസിലൊന്നുമല്ല ഭരണത്തിന്റെ നിയന്ത്രണം നടക്കുന്നത്. ഇവിടെ സ്വതന്ത്രമായി പ്രവർത്തിക്കാൻ ബഹുമാനപ്പെട്ട മന്ത്രിമാർക്കും ഉദ്യോഗസ്ഥൻമാർക്കുമൊക്കെ സൗകര്യമുണ്ടാക്കിക്കൊടുത്തു. അത് ഗവൺമെന്റിന്റെ നയമാണ്. ശ്രീ. എ. കെ. ആന്റണി മുഖ്യമന്ത്രിയായിരിക്കുന്ന ഈ ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം സ്വതന്ത്രമായി പ്രവർത്തിക്കാനുള്ള അവസരം പോലീസിനും മറ്റ് വകുപ്പുകൾക്കുമൊക്കെ ഉണ്ടാക്കിക്കൊടുത്തു. രാഷ്ട്രീയ ഇടപെടൽ ഇല്ല എന്നുള്ളതാണ് ഏറ്റവും വലിയ വിജയം. അതുകൊണ്ട് ജനകീയാസൂത്രണത്തെ സംബന്ധിച്ചിടത്തോളം ഇവിടെ നടപ്പിലാക്കിയിട്ടുള്ള കാര്യങ്ങൾ, ആ കാര്യങ്ങളിൽ രാഷ്ട്രീയവത്കരണത്തിന്റെ പേരിൽ നടന്നിട്ടുള്ള സംഭവങ്ങൾ അതിനെക്കുറിച്ച് വിശദമായി അന്വേഷിക്കണം. ഇവിടെ പ്രതാപവർമ്മതമ്പാനൊക്കെ സൂചിപ്പിക്കുകയുണ്ടായി. അതിനെക്കുറിച്ച് ഗവൺമെന്റ് തന്നെ ഒരു വിജിലൻസ് എൻകയറി നടത്തി. ജനകീയാസൂത്രണ കാലഘട്ടത്തിൽ വന്നിട്ടുള്ള അഴിമതികളെക്കുറിച്ചൊക്കെ പരിശോധിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. നഗരവികസനത്തെ സംബന്ധിച്ചിടത്തോളം പ്രധാനമായും എനിക്ക് പറയാനുള്ളത്, കേരളത്തിലെ നഗരങ്ങൾ മരിച്ചുകൊണ്ടിരിക്കുകയാണ്. യാതൊരു പ്ലാനിംഗ് സംവിധാനങ്ങളുമില്ല എന്നുള്ളതാണ് ഏറ്റവും വലിയ പോരായ്മ. നേരത്തെയുണ്ടായിരുന്ന ഡീറ്റെയിൽഡ് ടൗൺ പ്ലാനിംഗ് ഇപ്പോൾ നിലവിലില്ല. അപ്പോൾ ആ ഡീറ്റെയിൽഡ് ടൗൺ പ്ലാനിംഗ് ഉണ്ടായാൽ മാത്രമേ നഗരവത്കരണത്തിനെ സംബന്ധിച്ചിടത്തോളം ശാസ്ത്രീയമായിട്ടുള്ള സമീപനമുണ്ടാക്കാൻ സാധിക്കുകയുള്ളൂ. അതുകൊണ്ട് ഡീറ്റെയിൽഡ് ടൗൺ പ്ലാനിംഗ് കൊണ്ടുവരാൻ വേണ്ടിയുള്ള സംവിധാനങ്ങൾ അടിയന്തിരമായും ചെയ്യേണ്ടതായിട്ടുണ്ട്. കഴിയുമെങ്കിൽ ഗവൺമെന്റ് ഇതിനുവേണ്ടി പ്രത്യേകമായിട്ട് ഒരു നഗര ആസൂത്രണ അതോറിറ്റി തന്നെ രൂപീകരിച്ചുകൊണ്ട് നഗര ആസൂത്രണത്തിന് വേണ്ടിയുള്ള നടപടികൾ സ്വീകരിക്കണം. മറ്റൊന്ന്, നഗരത്തിലുള്ള ഏറ്റവും വലിയ, പ്രധാനപ്പെട്ട പ്രശ്നം ചേരിനിർമ്മാർജ്ജന കാര്യങ്ങളാണ്. സംസ്ഥാന ഗവൺമെന്റിന്റേയും കേന്ദ്ര ഗവൺമെന്റിന്റേയും കോടിക്കണക്കിന് രൂപ വരുന്നുണ്ട്. പക്ഷെ ചേരികളൊക്കെ അതുപോലെ തന്നെ നിൽക്കുകയാണ്. കോഴിക്കോട് കോർപ്പറേഷൻ ഉൾപ്പെടെയുള്ള നഗരസഭകൾ ഇത് വഴിമാറി ചെലവഴിക്കുകയാണ്. എന്നാൽ എനിക്ക് തന്നിട്ടുള്ള റിപ്പൈ അനുസരിച്ച് കോഴിക്കോട് കോർപ്പറേഷന് ഏതാണ്ട് 3,19,16,900 രൂപ നൽകിയിട്ടുണ്ട്. പക്ഷെ അവിടുത്തെ ചേരികളുടെ കാര്യത്തെക്കുറിച്ച് ബഹുമാനപ്പെട്ട മന്ത്രിക്ക് ഇന്നലെ നിവേദനം നൽകുകയുണ്ടായി. 20 വർഷങ്ങൾക്കു മുമ്പ് കോഴിക്കോട് വെള്ളയിൽ നിർമ്മിച്ചിട്ടുള്ള ഫ്ളാറ്റ് ഇപ്പോൾ തകർന്നു കിടക്കുകയാണ്. ഒഴിച്ചുനാറി 20 കൊല്ലമായി അറ്റകുറ്റപ്പണികൾ നടത്താതെ ജീർണ്ണിച്ചു കിടക്കുന്ന അവസ്ഥയിലാണ്. അത്തരം ചേരി പ്രദേശങ്ങളെ സംബന്ധിച്ചിടത്തോളം.....(മൈക്ക് ഓഫ്).....ചേരി നിർമ്മാർജ്ജന പ്രവർത്തനങ്ങൾക്കാവശ്യമായ നിർദ്ദേശങ്ങൾ നൽകണം, അതിനെക്കുറിച്ച് അന്വേഷിക്കണം. ആ ഫണ്ട് ഒരു കാരണവശാലും മാറി ചെലവഴിക്കാൻ പാടില്ല എന്നുള്ള എളിയ അഭ്യർത്ഥനയോടുകൂടി ഈ ധനാഭ്യർത്ഥനകളെ ഞാൻ പിൻതാങ്ങുന്നു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. വി. ജയരാജൻ: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. ജനകീയാസൂത്രണത്തെ അട്ടിമറിക്കാൻ ധനവകുപ്പിന്റെ ബഡ്ജറ്റ് വിഭാഗം 9-7-2003-ന് ജി.ഒ. (പി) 383/2003-ാം നമ്പർ പ്രകാരം ഉത്തരവിറക്കിയിരിക്കുകയാണ്. കഴിഞ്ഞ വർഷം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകിയ 900 കോടി രൂപ തിരിച്ച് പിടിക്കാനാണ് ഈ ഉത്തരവിലൂടെ നടപടി സ്വീകരിക്കുന്നത്. ഫ്രീസ് ചെയ്യുക എന്നതാണ് ആ ഉത്തരവിലെ വാചകം. ഇംപ്ലിമെന്റിംഗ് ഓഫീസറായിട്ടുള്ള ഉദ്യോഗസ്ഥൻമാരുടെ അക്കൗണ്ടബിലിറ്റി ഒഴിവാക്കാനാണ് ഇതിൽ നിർദ്ദേശിച്ചിരിക്കുന്നത്. വിവിധ വകുപ്പ് മേധാവികളുടെ പേരിലുള്ള പി.ഡി. അക്കൗണ്ട് ഒഴിവാക്കി ആയത് പഞ്ചായത്ത് സെക്രട്ടറിയുടെ പി.ഡി. അക്കൗണ്ടിലേക്ക് മാറ്റുകയാണ്. ഇവിടെ വികേന്ദ്രീകൃത ആസൂത്രണമല്ല കേന്ദ്രീകൃത ആസൂത്രണമാണ് ഇപ്പോൾ നടക്കുന്നത്. ബഹുമാനപ്പെട്ട മന്ത്രി ചെർക്കളം അബ്ദുള്ള ഒരു ജനകീയ മന്ത്രിയാണ്. ഈ മന്ത്രിസഭയിലെ ഏറ്റവും ജനകീയനായിട്ടുള്ള ഒരു മന്ത്രിയാണ് ചെർക്കളം. ഞാൻ അദ്ദേഹത്തെ അഭിനന്ദിക്കുകയാണ്. അഴിമതിയുടെ കാര്യത്തിലാണ് അദ്ദേഹത്തിന് ജനകീയതയുള്ളത്. ചെറിയ തുകയായാലും മതി, എന്റെ നാട്ടിൽ ഒരു ഡോക്ടറുണ്ട്. ആ ഡോക്ടർ ഒരു ജനകീയ ഡോക്ടറാണ്. ആ ഡോക്ടറെ കാണാൻ പോയാൽ 25 രൂപയ്ക്ക് പരിശോധിച്ച് മരുന്നും അദ്ദേഹം നൽകും. അത് മതി. അതുകൊണ്ടാണ് ജനകീയനായിട്ടുള്ള ഒരു ഡോക്ടറെന്ന് അദ്ദേഹത്തെ വിളിക്കുന്നത്. ആർക്കും സൗജന്യമില്ല. ഭരണകക്ഷിയായാലും പ്രതിപക്ഷമായാലും കാര്യം സാധിക്കാൻ മന്ത്രിയെ കാണണം. കാശ് കൊടുക്കണം. സ്ഥലംമാറ്റത്തിന് ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ എം.എൽ.എ.-മാർ ശുപാർശക്കത്ത് നൽകിയാലും മന്ത്രിക്ക് തുക ലഭിച്ചേ മതിയാകൂ. ഭീതിയോ പ്രീതിയോ പക്ഷപാതമോ വിദ്വേഷമോ കൂടാതെ കൈക്കൂലി വാങ്ങുന്ന ഒരു മന്ത്രി, അത് ചെർക്കളം തന്നെയാണ്. ഈയിടെ ഒരു അനുഭവമുണ്ടായി. എന്താണ് അനുഭവം? ഒരാൾക്ക് സ്റ്റേ ഓർഡർ കിട്ടി. ഉത്തരവ് ശരിയാക്കി തന്ന സ്റ്റാഫിന് ഒരു പോക്കറ്റ് മണി കൊടുക്കാൻ പോയി. അത് മന്ത്രി ചെർക്കളം കണ്ടു. ചെർക്കളം ആ കാശ് കൊടുക്കാൻ പോയ ആളെ മാടിവിളിക്കുകയാണ്. അയാളെ മാടിവിളിച്ചിട്ട് പറഞ്ഞു, അവരൊക്കെ എന്റെ കീഴിലുള്ള ജീവനക്കാരാണ്, തരാൻ വല്ലതുമുണ്ടെങ്കിൽ എനിക്ക് തന്നാൽ മതി. ഇതാണ് അവിടെ നടക്കുന്ന അഴിമതി. ഞാൻ ഇവിടെ എഴുതി തന്ന 11 ആരോപണങ്ങൾ ഉന്നയിക്കുകയാണ്. മന്ത്രിയുടെ മാതൃക പിൻതുടരുന്നവരാണ് മന്ത്രിയുടെ ഭാര്യയും മക്കളും. 'വാസന്തിയും ലക്ഷ്മിയും പിന്നെ ഞാനും' സി. എച്ച് മുഹമ്മദ്കോയ എഡ്യൂക്കേഷണൽ ട്രസ്റ്റിന്റെ ചെയർമാൻ നസീറാണ്. .....(ബഹളം).....

മി. സ്പീക്കർ: ഓർഡർ...ഓർഡർ..... വീട്ടിൽ ഇരിക്കുന്നവരെ വിടുകയാണ് വേണ്ടത്.

ശ്രീ. എം. വി. ജയരാജൻ: മീഞ്ച പഞ്ചായത്തിലെ പുലരക്കട്ട എന്ന സ്ഥലത്ത് പട്ടികജാതിയിൽപ്പെട്ട ആളുകൾക്ക് കൊടുക്കാൻ വച്ച 25 ഏക്കർ സ്ഥലം കള്ളപ്രമാണമുണ്ടാക്കി മന്ത്രിയുടെ മകൻ നസീർ എൻജിനീയറിംഗ് കോളേജിന് ഭൂമി വാങ്ങി. എൻമകജെ പഞ്ചായത്തിൽ മന്ത്രിയുടെ മകൻ നസീർ കർണ്ണാടക, കേരള സംസ്ഥാനങ്ങളുടെ അംഗീകാരമുള്ള ബി.എഡ്. കോളേജും ആർട്ട്സ് ആന്റ് സയൻസ് കോളേജും തുടങ്ങാൻ ഒരു കോടി രൂപ ചെലവിൽ പുതിയ കെട്ടിട നിർമ്മാണം നടന്നുവരികയാണ്.

ഉപ്പളയിൽ മന്ത്രിയുടെ മരുമകൻ അബ്ദുൾ ഖാദർ സ്കൂൾ നടത്തുകയാണ്. മങ്കൽപ്പാടി പഞ്ചായത്തിലെ അടുക്കയിൽ ഡെന്റൽ കോളേജിന് വേണ്ടി മന്ത്രിയുടെ മരുമകൻ അബ്ദുൾ ഖാദർ സ്ഥലം വിലയ്ക്ക് വാങ്ങി. മങ്കൽപ്പാടി പഞ്ചായത്തിലെ ബന്തിയോട് ഒരു സ്വകാര്യ വ്യക്തിയുടെ എസ്.എച്ച്.എം. ഹോസ്പിറ്റൽ വിലയ്ക്ക് വാങ്ങി മന്ത്രിയുടെ മകൾ നിഷ നേഴ്സിംഗ് കോളേജും ഹോസ്പിറ്റലും ആരംഭിച്ചു. 50 ലക്ഷം രൂപ ചെലവ് വരും. മഞ്ചേശ്വരത്ത് ഓർഫനേജിന്റെ ചെയർമാൻ മന്ത്രിയാണ്. ഗൾഫിൽ പോയി എത്ര ലക്ഷം പിരിച്ചുവെന്ന് ബഹുമാനപ്പെട്ട മന്ത്രി മറുപടിയിൽ ഒന്ന് പറഞ്ഞാൽ മതി. ആരായിരുന്നു ചെർക്കളം? കെ.എഫ്.സി. യിൽ നിന്ന് 4 ലക്ഷം രൂപ ലോൺ എടുത്തു. അത് കുടിശ്ശിക സഹിതം 40 ലക്ഷമായി. അത് അടയ്ക്കാൻ കഴിയില്ല എന്നു പറഞ്ഞുകൊണ്ട്, എന്നെ പാപ്പരായി പ്രഖ്യാപിക്കണമെന്ന് പറഞ്ഞ ആളാണ് ബഹുമാനപ്പെട്ട നമ്മുടെ ചെർക്കളം. കോടതിയിൽ അദ്ദേഹം അത് പറഞ്ഞ് പാപ്പരാക്കപ്പെട്ടിട്ടുള്ള ആളാണ്. ഇപ്പോൾ കാസർഗോഡ് ജില്ലയിൽ അദ്ദേഹത്തിന് 6 വിദ്യാഭ്യാസ സ്ഥാപനങ്ങൾ. ആരാണ് എൻ.ഒ.സി. കൊടുക്കാൻ പോകുന്നത്. നമ്മുടെ ബഹുമാനപ്പെട്ട സൂപ്പി. ഈനാമ്പേച്ചിക്ക് മരപ്പട്ടി കൂട്ട്, അതല്ലേ സ്ഥിതി? ഇത് മാത്രമാണോ? എനിക്ക് ബോംബെയിൽ നിന്ന് അയച്ചുതന്നിട്ടുള്ള കുറച്ച് ഫോട്ടോഗ്രാഫ്സാണ് ഇത്. (ഫോട്ടോഗ്രാഫ്സ് സഭയിൽ ഉയർത്തിക്കാണിച്ചു). അവിടെ ഹിന്ദുസ്ഥാൻ റെസ്റ്റോറന്റ്, മഹിമാ ചർച്ചിന് സമീപം, മിനാര മസ്ജിദിന് സമീപം ദിൽഷാ ഹോട്ടലുകൾ പുതുക്കി പണിയുകയാണ്. കോടികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുകയാണ്. മന്ത്രിയുടെ മരുമകൻ അബ്ദുൾ ഖാദറുടെ പേരിൽ. എവിടെ നിന്നാണ് കാശ്? കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ അവിടെ നടക്കുമ്പോൾ അതിന്റെ മേൽനോട്ടം വഹിക്കാനും മന്ത്രി തന്നെ അവിടെ പോവുകയാണ്. ഇവിടെ കഴിഞ്ഞ ജൂലായ് 10-ാം തീയതി നമ്മുടെ തൊട്ടടുത്ത് വട്ടിയൂർക്കാവിൽ ഒരു പുതിയ കട ഉദ്ഘാടനം ചെയ്തു. ഉദ്ഘാടകൻ മറ്റാരുമല്ല. ബഹുമാനപ്പെട്ട മന്ത്രി ചെർക്കളം തന്നെ. സുൽത്താന സാരീസ് ആന്റ് റെഡിമെയ്ഡ്സ് എന്ന സ്ഥാപനം. 50 ലക്ഷം രൂപ അവിടെ മുടക്കി. ഇവിടെ ചോദിച്ചല്ലോ മന്ത്രിക്ക് ഉദ്ഘാടനം ചെയ്തുകൂടെ എന്ന്. കഴിഞ്ഞ രണ്ട് വർഷമായി തിരുവനന്തപുരത്ത് ഒരു കടയുടെയും നാടമുറി ചെർക്കളം നടത്തിയിട്ടില്ല. ബിനാമിക്ക് ഒരു ആഗ്രഹം, സ്പോൺസർ തന്നെ വരണം. അതുകൊണ്ടാണ് ആ കെട്ടിടത്തിന്റെ ഉദ്ഘാടനം മന്ത്രി തന്നെ നടത്തിയത്. അവിടെയും ഇൻവെസ്റ്റ്മെന്റാണ്, എവിടെ നിന്നാണ് ഇതിനൊക്കെ കാശ്. മന്ത്രിപ്പണി കിട്ടിയാൽ ഇങ്ങനെ കാശുണ്ടാക്കാൻ കഴിയുമോ? ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ എല്ലാവരും ഒന്ന് ആലോചിക്കണം. ഇതിൽ രാഷ്ട്രീയമില്ല. അങ്ങയോട് ഞാൻ അഭ്യർത്ഥിക്കുന്നത്, വേണമെങ്കിൽ റൂൾ 58 പ്രകാരം ഈ അഴിമതി പ്രശ്നത്തിന്റെ ഭാഗമായി ഒരു ചർച്ച നമ്മുടെ നിയമസഭയിൽ ആകാം. ജി.സി.ഡി.എ. ഭൂമി ഇടപാടിൽ നിന്ന് ആരംഭിക്കാം. അവിടെ വിജിലൻസ് അന്വേഷണം ആവശ്യപ്പെട്ടത് ബഹുമാനപ്പെട്ട എം.എൽ.എ. ബാബുവാണ്. ഞങ്ങളല്ല. കൊച്ചിയിലെ മറൈൻ ഡ്രൈവിലുള്ള ജി.സി.ഡി.എ. യുടെ 6 സെന്റ് സ്ഥലം, ആ കണ്ണായ സ്ഥലം 1995-ലാണ് ആദ്യ വിൽപ്പന നടത്താൻ പരിശ്രമിച്ചത്. അതിൽ 19,01,000 രൂപയ്ക്ക് പ്രകൃതി നിർമ്മാണ കമ്പനി വാങ്ങാൻ തയ്യാറായി. പക്ഷേ, അന്ന് റിയൽ എസ്റ്റേറ്റ് ഭൂമി ഇടപാടിൽ തകർച്ച സംഭവിച്ചപ്പോൾ കമ്പനി പിൻവാങ്ങി. അന്ന് ആ വിൽപ്പന നടന്നില്ല. പിന്നീട് റീ-ടെൻഡർ ചെയ്യുന്നത് 2001 ഒക്ടോബർ 11-നാണ്., രണ്ട് കമ്പനികൾ ഫോം വാങ്ങി സ്കൈലൈൻ ബിൽഡേഴ്സും എക്സൽ പ്രോപ്പർട്ടീസും. അതിൽ ഒരു കമ്പനിയായ എക്സൽ പ്രോപ്പർട്ടീസ്

LIBRARY ARCHIVES Kerala Legislative Assembly

8,01,000 രൂപ നിരക്കിൽ അവിടെ ടെൻഡർ നൽകി. സാധാരണ ഒരാൾ മാത്രം ടെൻഡറിൽ പങ്കെടുത്താൽ അത് ക്യാൻസലാകും. റീ-ടെൻഡർ നടത്തും, ഇവിടെ അത് ചെയ്തിട്ടില്ല. അവിടെയാണ് മന്ത്രിയുടെ ഇടപെടൽ. ഇതേ സ്ഥലത്തിന് അടുത്ത് കൊച്ചിൻ സ്റ്റോക്ക് എക്സ്ചേഞ്ചിന്റെ സ്ഥലം കുറച്ച് മാസങ്ങൾക്ക് മുമ്പ് സെന്റൊന്നിന് 16 ലക്ഷം രൂപയ്ക്കാണ് വിൽപ്പന നടത്തിയത്. ഇവിടെ നേർപകുതി വില ജി.സി.ഡി.എ.-യുടെ നഷ്ടം 4 കോടി 80 ലക്ഷം രൂപ. ആക്ഷേപം ഉയർന്നപ്പോൾ ജി.സി.ഡി.എ. ചെയർമാൻ റിട്ടയേർഡ് ഡി.ജി.പി. ജോസഫ് തോമസ് അന്വേഷണം നടത്തി. 9 ക്രമക്കേടുകൾ അദ്ദേഹം അക്കമിട്ട് നിരത്തി. അദ്ദേഹം അതിൽ എഴുതി "The file has been brought to me by the Secretary in person. He stated that he is under instruction from higher ups in Government to hand over possession of the Cochin Marine Drive Scheme Plot No. II to Excel Properties" ആരാണ് ഈ ഹയർ അപ്സ്. ഗവൺമെന്റിലെ ഹയർ അപ്സ് ആരാണ്, മന്ത്രിയല്ലാതെ മറ്റ് ആരെങ്കിലുമാണോ? മന്ത്രിയുടെ അനുമതിയില്ലാതെ ഒരാൾ മാത്രം പങ്കെടുത്ത ടെൻഡർ എക്സൽ പ്രോപ്പർട്ടീസിന് കൊടുക്കാൻവേണ്ടിയിട്ട്, അങ്ങനെയൊരു നിലപാട് സ്വീകരിക്കാമോ? എന്താണ് അവർ ചെയ്തത്. പിന്നീട് അത് കൗൺസിലിൽ വന്നു. ബഹുമാനപ്പെട്ട അംഗം കെ. ബാബു കൗൺസിലിൽ ഇതിനെ എതിർത്തു. ഇവിടെ തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്ന് ഒരു ഉത്തരവ് ഇറക്കി. അത് 26-3-2003, 10889/03/G2. അതിൽ പറയുന്നു, അത് ഞാൻ അങ്ങനെ തന്നെ കോട്ട് ചെയ്യാം. 'തുകയടയ്ക്കാൻ ലേലക്കാരനായ എക്സൽ പ്രോപ്പർട്ടീസിന് അനുമതി നൽകാൻ നിർദ്ദേശിക്കുന്നു'. അണ്ടർ സെക്രട്ടറി എൽ.എസ്.ജി.ഡി.. ആരാണ് ഈ ഹയർ അപ്സ്? ഗവൺമെന്റിലെ ഹയർ അപ്സ് മന്ത്രി ശ്രീ. ചെർക്കളം അബ്ദുള്ള അല്ലേ? ശ്രീ. ചെർക്കളം അബ്ദുള്ള പറയട്ടെ. എന്തിനാണ് ശ്രീ. ബാബു എതിർത്തത്. ഇത്രമാത്രം നഗ്നമായ ഒരു അഴിമതി, ടെണ്ടർ വ്യവസ്ഥ 50 ശതമാനം തുക നവംബർ 11-ന് മുമ്പ് അടയ്ക്കണമെന്നും വീഴ്ചവരുത്തിയാൽ 21 ശതമാനം പലിശയും 22 ശതമാനം പിഴപ്പലിശയും അടയ്ക്കണമെന്നാണ്. ആ വ്യവസ്ഥകളൊക്കെ ലംഘിച്ചുകൊണ്ട് 26-3-2003-ന് സർക്കാർ ഉത്തരവ് ഇറക്കി. മാത്രമല്ല ലേലത്തിൽ പങ്കെടുക്കാൻവേണ്ടി കമ്പനി അടച്ച നിരതദ്രവ്യം 30 ലക്ഷം രൂപയും, ആ 50 ശതമാനം തുകയുടെ കൂടെ കണക്കാക്കി. എത്ര വലിയ തട്ടിപ്പാണ്. ഇത്രയും നഗ്നമായിട്ടുള്ള അഴിമതി. ജി.സി.ഡി.എ.യിലെ കൗൺസിലിന്റെ എതിർപ്പിനെത്തുടർന്ന് അത് ഗവൺമെന്റിലെത്തി. കഴിഞ്ഞ നാല് മാസമായി ആ ഫയൽ എവിടെ? ബഹുമാനപ്പെട്ട മുഖ്യ മന്ത്രി മറുപടി പറയണം. നഗരവികസന വകുപ്പിന്റെ സെക്രട്ടറി അതിൽ എഴുതി, അദ്ദേഹത്തിന്റെ നോട്ട് മാത്രം വായിക്കാം. "പൊതുതാൽപ്പര്യത്തിന് എതിരാണ്. അതുകൊണ്ട് ഈ വിൽപ്പന റദ്ദാക്കണം". എന്നിട്ടും ആ ഫയൽ എന്തേ നാല് മാസമായി നിങ്ങൾ കൈവശം വച്ചിരിക്കുന്നു? ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇതുസംബന്ധിച്ച് അന്വേഷിക്കാൻ തയ്യാറാണെങ്കിൽ എല്ലാ രേഖകളും തരാൻ ഞാൻ തയ്യാറാണ്. അന്വേഷിക്കാമോ? നിങ്ങൾക്ക് ബഹുമാനപ്പെട്ട തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രിയിൽ അവിശ്വാസമുള്ള ഒറ്റകാരണത്താലാണ് 10889/G2 എന്ന ഫയൽ നിങ്ങൾ നോട്ട് കൊടുത്ത് നിങ്ങളുടെ അടുത്ത് വരുത്തണമെന്ന് നിർദ്ദേശിച്ചത്. അവിശ്വാസം രേഖപ്പെടുത്തിയ മന്ത്രിക്ക് അവിടെ ഇരിക്കാൻ പറ്റുമോ. അദ്ദേഹം രാജിവയ്ക്കില്ല. നിങ്ങൾ പിടിച്ച് പുറത്താക്കണം. തയ്യാറാണോ ? തീർന്നില്ല, നമ്മുടെ വീഗാലാൻഡ്, നമ്മുടെ സംസ്ഥാനത്ത് അമ്യൂസ്മെന്റ് പാർക്ക് നാലഞ്ച് എണ്ണമുണ്ട്. അതിൽ ഏറ്റവും പ്രധാനപ്പെട്ടതാണ് വീഗാലാൻഡ്.

LIBRARY ARCHIVES Kerala Legislative Assembly

അവർക്ക് വിനോദ നികുതി ഇളവ് ചെയ്തുകൊടുക്കാൻ തീരുമാനം എടുത്തു സർക്കാർ. കുന്നത്തുനാട് ഗ്രാമപഞ്ചായത്തിലാണ് വീഗാലാൻഡ്. അതിന് മുതൽമുടക്കിയത് 21 കോടി രൂപയാണ്. കഴിഞ്ഞ മൂന്ന് വർഷം ടിക്കറ്റ് കളക്ഷനിലൂടെ കിട്ടിയത് 33 കോടി രൂപ. പഞ്ചായത്തിന് വിനോദ നികുതിയിനത്തിൽ കിട്ടേണ്ടത് 8,13,00,000 രൂപ. ഇതിൽ ഒരു അഴിമതിയും ഇല്ലേ? ഈ 8,13,00,000 രൂപ ഇളവ് കൊടുക്കുന്നതിൽ ഒരു അഴിമതിയും ഇല്ലേ? അതിന്റെ ഫയൽ നമ്പർ 18300/D3/2002. ഈ ഫയലിന് സംസാരിക്കാൻ ശേഷിയുണ്ടെങ്കിൽ അങ്ങയുടെ നാണംകെട്ട അഴിമതിയുടെ എല്ലാ കഥകളും പുറത്തുവരും. ആ ഫയൽ ക്യാബിനറ്റിനുമുമ്പാകെ കൊണ്ടുപോകുന്നത്, ശ്രീ. ചെർക്കളം നോട്ടെഴുതി. അതിനുമുമ്പ് ധനവകുപ്പും നഗരവികസന വകുപ്പും നിയമവകുപ്പും സെക്രട്ടറിമാർ ഇളവ് കൊടുക്കാൻ പാടില്ല എന്ന് വിലക്കി മൂന്ന് സെക്രട്ടറിമാർ വിലക്കി. ഞാൻ ക്യാബിനറ്റ് നോട്ട് വായിക്കണമോ.....

മി. സ്പീക്കർ: വേണ്ട, വേണ്ട.....

ശ്രീ. എം. വി. ജയരാജൻ: സർ, മൂന്ന് സെക്രട്ടറിമാർ വിലക്കി. എന്നിട്ട് ആ ഫയൽ സി.എം.-ന്റെ അടുത്ത് വന്നപ്പോൾ സി.എം. തിരിച്ചയച്ചു. ഒരു മന്ത്രിയിൽ മുഖ്യമന്ത്രി രേഖപ്പെടുത്തുന്ന രണ്ടാമത്തെ അവിശ്വാസം. ഈ മന്ത്രിക്ക് അവിടെയിരിക്കാൻ ധാർമ്മികമായി പറ്റുമോ. അദ്ദേഹം രാജിവയ്ക്കില്ല. മുഖ്യമന്ത്രി അദ്ദേഹത്തെ പുറത്താക്കണം. ഇതുസംബന്ധിച്ച് കുന്നത്തുനാട് പഞ്ചായത്ത് ഒരു നിവേദനം കൊടുത്തു. ആ നിവേദനത്തിൽ പറയുകയാണ്. ആ പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി സാലി രാജു കോൺഗ്രസുകാരിയാണ്. അതിൽ പറയുകയാണ്. അതിലെ ഒരു വാചകം ഞാൻ പറയുകയാണ്. 'വമ്പൻ മുതലാളിമാർക്ക് കോടിക്കണക്കിന് രൂപ നിരുപാധികം ഒഴിവാക്കി കൊടുത്തതിന് പിന്നിൽ കോടികളുടെ അഴിമതി നടന്നിട്ടുള്ളതായി ഞങ്ങൾ സംശയിക്കുന്നു'. പറഞ്ഞതാരാണ്, കോൺഗ്രസുകാരിയായ പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി സാലി രാജു. തീർന്നില്ല, കുന്നത്തുനാട് മണ്ഡലം കോൺഗ്രസ് പ്രസിഡന്റ് ശ്രീ. മിതിയാൻ, കേരള കോൺഗ്രസ് ജേക്കബിന്റെ മണ്ഡലം പ്രസിഡന്റ് ശ്രീ. വർഗ്ഗീസ്, കേരള കോൺഗ്രസ് മാണിയുടെ മണ്ഡലം പ്രസിഡന്റ് ശ്രീ. ബിജു ജോർജ്ജ്. വീഗാലാൻഡ് കോടതിയിൽ പോയി ഒ.പി./90/55/03. നമ്മുടെ കൈയിൽ കോടതി വിധിയുണ്ട്. അതിൽ കോടതി പറഞ്ഞു. ഈ നികുതി കുടിശ്ശികയായ 9 കോടി രൂപ അടയ്ക്കാതെ നിങ്ങളുടെ ഒ.പി.-യുടെ കേസിന്റെ മെരിറ്റിലേക്ക് ഞങ്ങൾ കടക്കില്ല. നികുതി ചോർച്ച തടയാൻ നമ്മുടെ കോടതി തയ്യാറായി. എന്നാൽ സർക്കാർ തയ്യാറായില്ല. പഞ്ചായത്തിലെ വരുമാനം നഷ്ടമാകുന്നു. അവസാനമായി ഒരു കാര്യം കൂടി പറഞ്ഞ് നിർത്താം. കഴിഞ്ഞ വർഷത്തെ മികച്ച പഞ്ചായത്തുകൾക്കുള്ള സ്വരാജ് ട്രോഫി അവാർഡ് നൽകാനുള്ള 19 ലക്ഷം രൂപ മാർച്ച് 31-ന് ട്രഷറിയിൽ നിന്ന് പിൻവലിച്ച് ഡയറക്ടറേറ്റിൽ സൂക്ഷിച്ചിരിക്കുകയാണ്. 19 ലക്ഷം രൂപ കുട്ടപ്പൻ മോഡൽ പണാപഹരണം. അങ്ങയുടെ ഭാഷയിൽ പറഞ്ഞാൽ Temporarily Misappropriation. സ്ഥിരമായി പണാപഹരണം നടത്തുന്ന മന്ത്രിക്ക് കീഴിലുള്ള ഉദ്യോഗസ്ഥൻമാർ താൽക്കാലികമായി 19 ലക്ഷം രൂപ കൈയിൽ വച്ചാൽ അങ്ങേക്ക് അത് ഭൂഷണം അല്ലേ? എമ്പ്രാൻ അൽപം കട്ട് ഭുജിച്ചാൽ അമ്പലവാസികൾ ഒക്കെ കക്കും. അതുപോലെ ഒരു നാണംകെട്ട സ്ഥിതി..... ഒരു പോയിന്റുകൂടി പറഞ്ഞ് അവസാനിപ്പിക്കാം.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ: Yes.....Yes.....last sentence.

ശ്രീ. എം. വി. ജയരാജൻ: സർ, പഞ്ചായത്തിന് Rural Pool ഗ്രാൻറ് ഇനത്തിൽ മൂന്ന് വർഷമായി കൊടുക്കേണ്ടുന്ന 44 കോടി രൂപ കൊടുത്തില്ല. ശമ്പളം പോലും കൊടുക്കാൻ കാശില്ലാത്ത പഞ്ചായത്തുകളുടെ പണം സർക്കാർ കൈവശം വയ്ക്കുന്ന അധികാര വികേന്ദ്രീകരണമല്ലേ നിങ്ങളുടേത്. ടാർ കിട്ടാത്തതുകാരണം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ റോഡ് വികസനം തടസ്സപ്പെട്ടു കിടക്കുകയാണ്. ഇതെല്ലാം മുഖ്യമന്ത്രിയുടെ മേലേയാണ്. അങ്ങേക്ക് ഇത് അപമാനമാണ്. കേരളത്തിലെ ജനങ്ങൾ ഉറ്റുനോക്കുകയാണ്. ഞാൻ ഈ വിവരങ്ങളെല്ലാം ആരുടെ മുമ്പിൽ വേണമെങ്കിലും ഹാജരാക്കാം. ഭരണ-പ്രതിപക്ഷ വ്യത്യാസം ഇല്ല. ഈ പ്രശ്നത്തിൽ അഴിമതിയുമായി സന്ധിചെയ്യാൻ പറ്റില്ല. പകല് പൂർത്തിയാകുന്നതുവരെ കക്കാൻ ഒരു മന്ത്രിയെ, അങ്ങയുടെ മന്ത്രിയെ അനുവദിച്ചാൽ നിങ്ങൾ അതിനെ ഓംബുഡ്സ്മാന്റെ പേര് പറഞ്ഞ്..... തള്ളിക്കളയരുത്.

മി. സ്പീക്കർ: Yes.....Yes.....Yes.....

ശ്രീ. എം. വി. ജയരാജൻ: .....എന്ന് മാത്രം പറഞ്ഞ് ഈ ധനാഭ്യർത്ഥന കളെ ഞാൻ എതിർക്കുകയാണ്.

VII വ്യക്തിപരമായ വിശദീകരണം

ഡോ. തോമസ് ഐസക്: സർ, തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ധനാഭ്യർത്ഥന യുമായി ബന്ധപ്പെട്ട് എന്നെ സംബന്ധിച്ച് ശ്രീ. പ്രതാപവർമ്മ തമ്പാൻ എഴുതിക്കൊടുത്തത് മറ്റുള്ള പലരും എഴുതി കൊടുക്കാതെയും ആക്ഷേപകരമായിട്ടുള്ള പല കാര്യങ്ങളും ഇവിടെ ഉന്നയിക്കുകയുണ്ടായി. ഈ ആരോപണങ്ങളെല്ലാം എന്നോടുള്ള എന്തെങ്കിലും വ്യക്തിപരമായിട്ടുള്ള വൈരാഗ്യത്തിന്റെ ഭാഗമായിട്ടല്ല ഉന്നയിക്കപ്പെട്ടിട്ടുള്ളത് എന്ന് എനിക്കറിയാം. ഞാൻ പ്രതിനിധാനം ചെയ്യുന്ന പാർട്ടിയോടും എന്റെ കൂടി സജീവ പങ്കാളിത്തത്തോടുകൂടി നടപ്പിലാക്കിയ ജനകീയാസൂത്രണത്തോടുള്ള രാഷ്ട്രീയ വിദ്വേഷവുമാണ് ഇവിടെ മറ നീക്കി പുറത്തു വന്നിട്ടുള്ളത്.

Mr. Speaker: Please come to the point, Dr. Thomas Issac. This is for a personal explanation. ഇപ്പോൾത്തന്നെ ലേറ്റാണ്. എന്താണ് പോയിന്റ് ഓഫ് ഓർഡർ?

ശ്രീ. ആര്യാടൻ മുഹമ്മദ്: സർ, ഡോ. തോമസ് ഐസക്കിന് വ്യക്തിപരമായിയല്ല എന്ന് അദ്ദേഹം പറഞ്ഞാൽ പിന്നെ എങ്ങനെ പേഴ്സണൽ എക്സ്പ്ലനേഷൻ ആകും.

Mr. Speaker: Dr. Thomas Issac, Please come to the point. Come on..... Come to the point.

Dr. Thomas Issac: റിച്ചാർഡ് ഫ്രാങ്കിയെപ്പോലുള്ള പണ്ഡിതന്മാരും Centre for Development Studies-മായിട്ടുള്ള എന്റെ ബന്ധവും ഇവിടെ പരാമർശ വിധേയമായി. I want to state that I am proud of the fact that it has been my privilege to work jointly with some of the finest minds all over from Kerala. I am proud of the fact that I have retired as a Professor from Centre for Development Studies.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ: ഇതൊക്കെ personal explanation ആണോ. ഇത് personal explanation അല്ല. Please come to the point, order, order, I know how to control, please come to the point.

ഡോ: തോമസ് ഐസക്: റിച്ചാർഡ് ഫ്രാങ്കി സി.ഐ.എ. ബന്ധം സംബന്ധിച്ച് ഇവിടെ പരാമർശങ്ങളുണ്ടായി. ഈ ആരോപണത്തിന്റെ നിജസ്ഥിതി കോടതിയിൽ തെളിയിക്കപ്പെടും. അടിസ്ഥാന രഹിതമായ ആരോപണം ഉന്നയിച്ചവർ നിയമത്തിന്റെ മുന്നിൽ ശിക്ഷിക്കപ്പെടുമെന്ന് എനിക്ക് ഉറപ്പുണ്ട്. എന്റെ കുടുംബത്തെക്കുറിച്ചും ഇവിടെ പരാമർശം ഉണ്ടായി. ആന്ധ്രാക്കാരിയായ എന്റെ ഭാര്യയുടെ കുടുംബം അമേരിക്കയിലേക്ക് കുടിയേറി പാർത്തിട്ട് അര നൂറ്റാണ്ടിലേറെയായി. എനിക്ക് രണ്ട് പെൺമക്കളുണ്ട്. And one of the daughters hold American Passport by birth. എന്റെ ഭാര്യയും ഒരു കുട്ടിയും ഇന്ത്യൻ പാസ്പോർട്ടാണ് ഇപ്പോഴും ഉപയോഗിക്കുന്നത്. കഴിഞ്ഞ ഏഴ് വർഷമായിട്ട് എന്റെ ഭാര്യയും മക്കളും അമേരിക്കയിൽ സ്ഥിര താമസമാണ്. എനിക്ക് ഒരു അഭ്യർത്ഥനയുണ്ട്.

മി. സ്പീക്കർ: .....അതൊന്നും വേണ്ട, അതൊക്കെ പ്രസംഗിക്കുമ്പോൾ പറഞ്ഞാൽ മതി. ഡോക്ടർക്ക് പേഴ്സണലായിട്ട് ഡോക്ടറുടെ ഫാമിലിയെപ്പറ്റി പറഞ്ഞതിന്റെ എക്സ്പ്ലനേഷനാണ് അനുവദിച്ചത്. .....(ബഹളം).....(ബഹളം)

ഡോ: തോമസ് ഐസക്: അങ്ങ് അനുവദിക്കുന്നില്ല എങ്കിൽ ഞാൻ സംസാരിക്കുന്നില്ല. സെന്റർ ഫോർ ഡെവലപ്മെന്റ് സ്റ്റഡീസിൽ നടന്നിട്ടുള്ള കേരള ഗവേഷണ പദ്ധതി, ജനകീയ ആസൂത്രണം ആവിഷ്കരിക്കുന്നതിന് അടിസ്ഥാനമായിരുന്നുവെന്നും വിദേശ ഏജൻസികളുടെ സഹായത്തോടുകൂടിയാണ് ജനകീയ ആസൂത്രണ പരിപാടി ആവിഷ്കരിച്ചതെന്നും മാരാരിക്കുളത്ത് നടക്കുന്ന വികസന പ്രവർത്തനങ്ങളെക്കുറിച്ചും മറ്റുമുള്ള ആക്ഷേപങ്ങളുമെല്ലാം ഞാൻ ശക്തിയായി നിഷേധിക്കുന്നു.

(ധനകാര്യം തുടർച്ച)

ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. ജി. കാർത്തികേയൻ): സർ, ഭക്ഷ്യവും പൊതുവിതരണ രംഗവും എപ്പോഴും ചർച്ചാവിഷയമാകുന്നത് നിത്യോപയോഗ സാധനങ്ങളുടെ വിലനിലവാരവുമായി ബന്ധപ്പെട്ടുകൊണ്ടാണ്. ബഹുമാന്യരായ പ്രതിപക്ഷ നിരയിലെ നേതാക്കൻമാർ, ഈ നിയമസഭ നിലവിൽ വന്നതിനുശേഷം നിയമസഭയ്ക്ക് അകത്തോ പുറത്തോ പൊതു വിതരണ മേഖലയിൽ, നിത്യോപയോഗ സാധനങ്ങളുടെ വിലവർദ്ധനയുമായി ബന്ധപ്പെട്ട് ഒരു പരാതി പോലും ലഭിച്ചിട്ടില്ല. ബഹുമാനപ്പെട്ട പി. സി. ജോർജ്ജ് വിലവർദ്ധനവിനെക്കുറിച്ച് പറഞ്ഞു. ശരിയാണ്, കേരളം ഒരു പ്രൊഡ്യൂസിംഗ് സ്റ്റേറ്റല്ല. ഇവിടെ സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ ഡിപ്പാർട്ടുമെന്റിന്റെ ചുമതല എന്നു പറയുന്നത് മാർക്കറ്റിൽ ഇടപെട്ടു കൊണ്ട് വില കുറച്ച് മാവേലി സ്റ്റോറുകളിലൂടെ സാധനങ്ങൾ വിൽക്കുക എന്നുള്ളത് മാത്രമാണ്. തീർച്ചയായിട്ടും കഴിഞ്ഞ രണ്ടു മൂന്നു വർഷങ്ങൾക്കു മുമ്പുള്ളതിനേക്കാൾ ഓപ്പൺ മാർക്കറ്റിൽ കേരളത്തിലെ നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധിച്ചിട്ടുണ്ട്. അത്രേ ഉള്ളൂ. അല്ലാതെ ഗവൺമെന്റിന്റെ അനാസ്ഥകൊണ്ട് നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധനവ് കേരളത്തിൽ ഉണ്ടായിട്ടില്ല. അത് വർഷങ്ങളായി തുടർന്നുവന്ന കേരളത്തിലെ പ്രത്യേകതയാണ്. പൊതുവിപണിയിൽ മാവേലി സ്റ്റോർ മത്സരിക്കുന്നത് കേരളത്തിലെ സ്വകാര്യ മേഖലയുമായിട്ടാണ്. ആകാശവും കടലും മണ്ണും സ്വകാര്യ മേഖലയ്ക്ക് ആകാമെന്നുള്ളതും അത് ഒരു പാപമല്ലെന്ന് സഭയിലെ രണ്ടു കൂട്ടരും വിശ്വസിക്കുന്ന ഈ കാലഘട്ടത്തിൽ ഗവൺമെന്റിന്റെ അടിസ്ഥാന സൗകര്യത്തോടൊപ്പം

LIBRARY ARCHIVES Kerala Legislative Assembly

നിന്നുകൊണ്ട് നാട്ടിൻപുറത്തെ നിരയിട്ട കടയ്ക്കുള്ളിൽ അരിയും മല്ലിയും മുളകും മറ്റും കച്ചവടം ചെയ്യുന്ന സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ പ്രവർത്തനം വളരെ ബുദ്ധിമുട്ടിയാണ് മുന്നോട്ടു കൊണ്ടുപോകുന്നത്. കേരളത്തിൽ നിലവിലുള്ള മാർജിൻഫ്രീ സമ്പ്രദായം, ശക്തമായ ഒരു നിലപാട് ഗവൺമെന്റ് എടുത്തതുകൊണ്ട് മാർജിൻ ഫ്രീ മാർക്കറ്റുകളുടെ സാധനങ്ങളുടെ വിശ്വാസ്യതയെക്കുറിച്ചും നിലവാരത്തെക്കുറിച്ചും വിലയെക്കുറിച്ചുമുള്ള പ്രതീക്ഷ ആദ്യമുണ്ടായിരുന്നുവെങ്കിലും പൊതുവേ അത് കുറഞ്ഞതുകൊണ്ട് മാർജിൻ ഫ്രീ മാർക്കറ്റുകൾക്ക് തകർച്ച സംഭവിച്ചു. നമ്മുടെ കേരളത്തിൽ എല്ലായിടത്തും കാണുന്ന റേഷൻ കടകൾ പ്രതിസന്ധിയിലാണ്. ശരിയാണ്. ശ്രീ. ബിനോയ് വിശ്വം അടക്കമുള്ള ആളുകൾ പറഞ്ഞു, റേഷൻ കടയിൽ എ.പി.എൽ.-ന്റെയും ബി.പി.എൽ.-ന്റെയും അരിയുടെ അല്ലെങ്കിൽ ഗോതമ്പിന്റെ വില നിശ്ചയിക്കുന്നത് ആരാണ്? കേന്ദ്ര ഗവൺമെന്റാണ്. സംസ്ഥാന ഗവൺമെന്റിന് യാതൊരു റോളുമില്ല. നമ്മുടെ റേഷൻ കടയിലൂടെ കൊടുക്കുന്ന നിത്യോപയോഗ സാധനങ്ങളുടെ ഗുണനിലവാരം മെച്ചമാക്കുന്നതിനുള്ള ശ്രമം മാത്രമാണ് സംസ്ഥാന ഗവൺമെന്റിന് നടത്താൻ കഴിയുന്നത്. ആ ശ്രമങ്ങളൊക്കെയായി മുന്നോട്ടു നീങ്ങുന്നു. ബഹുമാനപ്പെട്ട ഇസ്ഹാക്ക് കുരിക്കൾ പറഞ്ഞതുപോലെ എ.പി.എൽ. അരിയുടെ ഓഫ് ടേക്ക് 0.5% മാത്രമേയുള്ളൂ. ബി.പി.എൽ. അരിയുടെ ഓഫ്ടേക്ക് കേരളത്തിൽ ഉണ്ട്. ഇവിടെ പ്രധാനമായിട്ടും ശ്രീ. സി. ടി. അഹമ്മദ് അലി പറഞ്ഞ റേഷൻ കാർഡുമായി ബന്ധപ്പെട്ട കാര്യങ്ങൾ ഗവൺമെന്റ് പരിശോധിക്കുന്നതാണ്. മറ്റൊന്ന് പ്രധാനമായി ശ്രീ. ബിനോയ് വിശ്വം സൂചിപ്പിച്ച ഒരു കാര്യം, ഞാൻ ഈ നിയമസഭയിൽ പലപ്പോഴും പറഞ്ഞിട്ടുള്ളതാണ്. കേരളത്തിന്റെ മുഖ്യമന്ത്രിയും സംസ്ഥാന ഗവൺമെന്റും വകുപ്പുമന്ത്രിയായ ഞാനും ശക്തമായ നിലപാടെടുത്ത പല സന്ദർഭങ്ങൾ ഉണ്ടായിട്ടുണ്ട്. രണ്ടു വർഷമായി ബി.ജെ.പി. ഗവൺമെന്റിന്റെ നിലപാടെന്നു പറയുന്നത് എഫ്.സി.ഐ. പുറകോട്ടു പോകുക. ഫുഡ് സെക്യൂരിറ്റിയുടെ കാര്യത്തിൽ സെൻട്രൽ ഗവൺമെന്റിന്റെ സ്വഭാവം മാറുക. ഒരു ഫെഡറൽ സിസ്റ്റത്തിൽ നിന്നുകൊണ്ട് പുറകോട്ടു പോകാൻ സെൻട്രൽ ഗവൺമെന്റ് ശ്രമിച്ചുകൊണ്ടിരിക്കുന്നു. നിരന്തരമായ എല്ലാ യോഗങ്ങളിലും സംസ്ഥാന ഗവൺമെന്റിന്റെ ശക്തമായ നിലപാട് അറിയിച്ചിട്ടുണ്ട്. ഈ മേഖലയിൽ എപ്പോഴും കേന്ദ്രവും നിലനിൽക്കണം. കേരളത്തിൽ പൊതുവിതരണ മേഖലയെ ബാധിക്കുന്ന, വരാൻ പോകുന്ന ബുദ്ധിമുട്ടുകളെ നേരിൽ കണ്ടുകൊണ്ടുതന്നെ എഫ്.സി.ഐ.-യും കേന്ദ്ര ഗവൺമെന്റും പുറകോട്ടു പോകുന്നതിന് എതിരെ ശക്തമായ നിലപാടാണ് കേരളത്തിലുള്ളത്. ടെൻഡറിലൂടെ എടുക്കുന്ന സാധനങ്ങളെക്കുറിച്ച് ആക്ഷേപം വരുമ്പോൾ പ്രൊഡ്യൂസിംഗ് സ്റ്റേറ്റിൽ പോയി അരിയും ഗോതമ്പും പഞ്ചസാരയുമെടുത്ത് കച്ചവടം ചെയ്യണമെന്നുള്ള കേന്ദ്ര ഗവൺമെന്റ് നിലപാടിനോട് സംസ്ഥാന ഗവൺമെന്റിന് പൂർണ്ണമായ വിയോജിപ്പാണെന്നു മാത്രമല്ല, നിലവിലുള്ള സമ്പ്രദായം നിലനിർത്തുന്നതിനുവേണ്ടിയുള്ള ശക്തമായ നിലപാടുമായി ഈ ഗവൺമെന്റും ഡിപ്പാർട്ടുമെന്റും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും മുന്നോട്ടു നീങ്ങുമെന്ന് ഒരിക്കൽക്കൂടി ഞാൻ ഈ സഭയിൽ അറിയിക്കുന്നു. അക്കാര്യത്തിൽ പുറകോട്ടു പോകുന്ന പ്രശ്നമില്ല. അതുമായി ബന്ധപ്പെട്ട് ഒരു പുതിയ വിഷയം കേരളത്തിൽ വന്നിട്ടില്ല. കേന്ദ്ര ഗവൺമെന്റിന്റെ സമീപനം പഴയതു വിൽക്കുന്നതായിരിക്കാം. പക്ഷേ ഇതുവരെയും അത്തരമൊരു തീരുമാനം ഉണ്ടായിട്ടില്ലെന്നു മാത്രമല്ല, അക്കാര്യത്തിൽ സംസ്ഥാന ഗവൺമെന്റ് .....(ബഹളം).....(ബഹളം)..... താങ്കളുടെ സമീപനത്തോട് പൂർണ്ണമായി യോജിപ്പാണ് എന്നു മാത്രമല്ല, കേന്ദ്ര ഗവൺമെന്റിന്റെ സമീപനത്തോട് സംസ്ഥാന ഗവൺമെന്റ് യോജിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ബിനോയ് വിശ്വം: എന്റെ ചോദ്യം ലളിതമാണ്. കേന്ദ്ര ഗവൺമെന്റിനോട് മുഖ്യമന്ത്രിക്ക് ഒരു പ്രത്യേകതരം ബന്ധമാണെന്നു പറയുന്നു. ആ ബന്ധത്തിന്റെ വഴിക്കാണോ നീങ്ങാൻ പോകുന്നത്. അതോ ഈ നയം തെറ്റാണെന്നു പറഞ്ഞുകൊണ്ടുള്ള ഒരു നീക്കമാണോ ഉണ്ടാകാൻ പോകുന്നത്? അങ്ങനെയാണെങ്കിൽ എന്റെ ചോദ്യം ഒരു സർവ്വ കക്ഷി സംഘത്തെ കേരളത്തിന്റെ മൊത്തം വികാരം അറിയിക്കുവാൻവേണ്ടി അങ്ങോട്ട് അയയ്ക്കുവാൻ ഉദ്ദേശമുണ്ടോ; അത് പ്രഖ്യാപിക്കുവാൻ കഴിയുമോ?

ശ്രീ. ജി. കാർത്തികേയൻ: അത് മുഖ്യമന്ത്രി ആലോചിക്കേണ്ട കാര്യമാണ്. ഒരു സർവ്വ കക്ഷി സംഘത്തെ ഡൽഹിയിൽ അയയ്ക്കുന്ന കാര്യത്തിൽ, ഈ വിഷയവുമായി ബന്ധപ്പെട്ട് ഒരു പ്രതിസന്ധി ഇപ്പോൾ കേരളത്തിൽ നിലവിലില്ല. കേന്ദ്രഗവൺമെന്റ് അത്തരം സമീപനവുമായി വന്നു. അപ്പോൾ കേരള ഗവൺമെന്റ് ശക്തമായ പ്രതിഷേധം രേഖപ്പെടുത്തുക മാത്രമല്ല, യോഗങ്ങളിലും മറ്റും നമ്മുടെ വിയോജിപ്പ് രേഖാമൂലം കേന്ദ്ര ഗവൺമെന്റിനെ ബഹുമാനപ്പെട്ട അംഗം പറയുന്നതുപോലെത്തന്നെ അറിയിച്ചിട്ടുണ്ട്.

മി. സ്പീക്കർ: അയച്ചിട്ട് എന്ത് ചെയ്യാനാണ്? കുറെ കാശ് കളയാമെന്നുള്ള തല്ലാതെ.....

ശ്രീ. ജി. കാർത്തികേയൻ: ലോറി സമരവുമായി ബന്ധപ്പെട്ടുകൊണ്ടുള്ള കാര്യം, ബഹുമാനപ്പെട്ട ട്രാൻസ്പോർട്ട് മന്ത്രി ഇവിടെ ഉണ്ട്. ലോറി സമരവുമായി ബന്ധപ്പെട്ട് കേരളത്തിൽ നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധിക്കുവാൻ സാധ്യതയുണ്ട്. കാരണം, കിട്ടുന്ന സന്ദർഭങ്ങളിലേ കച്ചവടക്കാർ മുതലാക്കുകയുള്ളൂ. ഫലപ്രദമായ നടപടികളെടുത്തുകൊണ്ട് മുന്നോട്ടു നീങ്ങുന്നു. ബന്ധപ്പെട്ടവരുമായി ചർച്ച നടത്താൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ട്രാൻസ്പോർട്ട് മന്ത്രിയും ഇക്കാര്യത്തിൽ ഇടപെടുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു.

മി. സ്പീക്കർ: അഞ്ചു മിനിറ്റ് കഴിയുന്നതിനു മുമ്പ് വെള്ളം കുടിച്ചു തുടങ്ങിയോ?

ശ്രീ. ജി. കാർത്തികേയൻ: സുഖമില്ലാത്തതുകൊണ്ടാണ്, അങ്ങയുടെ ചോദ്യത്തിൽ ധാരാളം ദുഃസൂചനകളുണ്ട്. കേരളത്തിലെ 208 പഞ്ചായത്തുകളിൽ പുതുതായി മാവേലി സ്റ്റോറുകൾ സർക്കാർ അനുവദിക്കുന്നതാണ്. ഇപ്പോൾ 835 മാവേലി സ്റ്റോറുകളുണ്ട്. എല്ലാ താലൂക്ക് ഹെഡ്ക്വാർട്ടേഴ്സിലും താലൂക്ക് ആശുപത്രികളോടനുബന്ധിച്ചും മാവേലി മെഡിക്കൽ സ്റ്റോറുകൾ ആരംഭിക്കും. ഇപ്പോൾ 36 മാവേലി മെഡിക്കൽ സ്റ്റോറുകളുണ്ട്. ഇത്തരം സ്റ്റോറുകളിൽ പത്തു മുതൽ നാൽപ്പതു ശതമാനം വരെ വിലക്കുറവിലാണ് ഔഷധം വിതരണം ചെയ്യുന്നത്. ഏറ്റവും പാവപ്പെട്ട കുടുംബങ്ങൾക്ക് കിലോയ്ക്ക് മൂന്നു രൂപ നിരക്കിൽ പ്രതിമാസം 35 കിലോ അരി വിതരണം ചെയ്യുന്നു. അന്ത്യോദയ, അന്നയോജന പദ്ധതിയിൽ രണ്ടു ലക്ഷം പേരെക്കൂടി ഗുണഭോക്താക്കളാക്കും. 2.70 ലക്ഷം കുടുംബങ്ങൾക്ക് ഇത് പ്രയോജനം ചെയ്യും. മാവേലി സ്റ്റോറുകൾ നിലനിർത്തിക്കൊണ്ടു തന്നെ പ്രധാനപ്പെട്ട ജംഗ്ഷനുകളിലും തിരക്കുള്ള സ്ഥലങ്ങളിലും ലാഭം സ്റ്റോർ തുറക്കും. സപ്ലൈകോയുടെ സാന്നിദ്ധ്യം ഇതുവഴി എല്ലാ പ്രദേശങ്ങളിലും ഉണ്ടാകും. സിവിൽ സപ്ലൈസ് വകുപ്പും കോർപ്പറേഷനും സമ്പൂർണ്ണമായി കമ്പ്യൂട്ടറൈസ് ചെയ്യും. പൂർണ്ണമായി കമ്പ്യൂട്ടർവൽക്കരിക്കുന്നതോടുകൂടി റേഷൻ കാർഡിലെ മാറ്റങ്ങൾ വളരെ വേഗത്തിൽ നടപ്പിലാക്കുവാൻ കഴിയും. പല ആഫീസുകളിലും കയറി ഇറങ്ങുന്ന വൈഷമ്യം ഒഴിവാക്കുകയും വീട്ടു നമ്പർ ഇല്ലാത്തവർക്കും റേഷൻ കാർഡ് നൽകുന്ന ഒരു പദ്ധതി

LIBRARY ARCHIVES Kerala Legislative Assembly

ആരംഭിക്കുകയും ചെയ്യും. സർക്കാർ പ്രഖ്യാപിച്ച റേഷൻ കാർഡ് ഉള്ളവർക്ക് അത് കിട്ടുകയില്ല. വീട്ടു നമ്പർ ഇല്ലാതെ വഴിയോരങ്ങളിൽ താമസിക്കുന്ന ആയിരക്കണക്കിന് കുടുംബങ്ങൾക്ക് റേഷൻ കിട്ടുന്നില്ല. ഡിപ്പാർട്ടുമെന്റ് ഉദ്യോഗസ്ഥൻമാരുടെ സ്വന്തം റിസ്ക്കിൽത്തന്നെ ആ കുടുംബങ്ങളെ സന്ദർശിച്ച് പഞ്ചായത്തുകാർ വീട്ടു നമ്പർ കൊടുത്തിട്ടില്ലെങ്കിലും അത്തരം വീട്ടുകാർക്ക് പ്രത്യേകം റേഷൻ കാർഡ് കൊടുക്കുന്ന പ്രവർത്തനം ആരംഭിക്കും. ഉപഭോക്തൃ ബോധവൽക്കരണ പരിപാടികൾ ഊർജ്ജിത മാക്കും. സെക്രട്ടേറിയറ്റിലെ ഉപഭോക്തൃ വകുപ്പിലും സിവിൽ സപ്ലൈസ് ഡയറക്ടറേറ്റിലും കോർപ്പറേഷൻ ആസ്ഥാനത്തും കൺസ്യൂമർ ഇൻഫർമേഷൻ ഗൈഡൻസ് സെൽ ആരംഭിക്കും. ഉപഭോക്തൃമേഖലകളിൽ ഗൗരവതരമായി സർക്കാർ നേരിട്ട് ഇടപെടുക യാണ്. റേഷൻ വ്യാപാരികളുടെ പെൻഷൻ ഇപ്പോൾ 150 രൂപയാണ്. അത് 2003 ഏപ്രിൽ മുതൽ മുൻകാല പ്രാബല്യത്തോടുകൂടി 600 രൂപയായി വർദ്ധിപ്പിക്കുന്നതാണ്. ബഹുമാനപ്പെട്ട എന്റെ സ്നേഹിതൻ കൂടിയായ ദേവകുമാർ ചില കാര്യങ്ങൾ ഇവിടെ പറഞ്ഞു. അദ്ദേഹം ആദ്യം മുതൽ പറഞ്ഞതെല്ലാം ഞാൻ കേട്ടു. അദ്ദേഹം ഇടയ്ക്കി ടയ്ക്ക് എണീറ്റു നിൽക്കുന്ന ഒരാളായതുകൊണ്ട് എനിക്ക് പറയാനുള്ളത്, ഞാൻ അതിനെ പൂർണ്ണമായും നിഷേധിക്കുകയാണ്. ഞാൻ മുമ്പു തന്നെ ഈ സഭയിൽ പറഞ്ഞിട്ടുണ്ട്. ആനന്ദിന്റെ വളരെ പ്രശസ്തമായ 'ഗോവർദ്ധനന്റെ' യാത്രകൾ എന്നു പറയുന്ന ഒരു പുസ്തകമുണ്ട്. പ്രാകൃതമായ നമ്മുടെ ശിക്ഷാ സമ്പ്രദായത്തെക്കുറിച്ചുള്ള ആ പുസ്തകമാണ് എന്റെ ഓർമ്മയിൽ വരുന്നത്. ഭരണാധികാരി ഒരു കുടുക്കുണ്ടാക്കി വച്ചിട്ടുണ്ട്. ആ കുടുക്കിന്റെ അളവിൽ കുറ്റവാളിയെ തേടി നടക്കുന്ന ഒരു പ്രാകൃത സമ്പ്രദായം. ഇവിടെ കുറ്റവാളിയെ തേടി അല്ല ഒരു കുടുക്കുണ്ടാക്കിയിട്ട് കുറ്റവാളി തന്നെ നടക്കുകയാണ്. ആ കുടുക്ക് ആരുടെ കഴുത്തിലാണോ ഇടുന്നത് അയാൾ കുറ്റവാളിയായി മാറുന്നു. അല്ലാതെ കുറ്റവാളിയെ കണ്ടെത്തി അയാളുടെ കഴുത്തിൽ കുടുക്കിടുകയല്ല. അങ്ങനെ കുടുക്കുണ്ടാക്കി വയ്ക്കും. ഈ നിമിഷം വരെ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം, ഇപ്പോൾ മാത്രമല്ല ഇതിനു മുമ്പുള്ള കാലത്തും സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ ടെണ്ടറിൽ പങ്കെടുത്ത ഏറ്റവും കുറഞ്ഞ ടെണ്ടർ കാട്ട് ചെയ്ത ആർക്കെങ്കിലും ടെണ്ടർ കിട്ടാതിരുന്നിട്ടുണ്ടോ? ഇല്ല. ഒരു പ്രധാനപ്പെട്ട കാര്യമാണ്. ആർക്കെങ്കിലും ടെണ്ടറിൽ പങ്കെടുക്കാനുള്ള അവസരം നിഷേധിച്ചിട്ടുണ്ടോ? അതും ഇല്ല. കേരളത്തിലെ ഇലക്ട്രിസിറ്റി, പി.ഡബ്ല്യു.ഡി. ഇറിഗേഷൻ തുടങ്ങിയ എല്ലാ ഡിപ്പാർട്ടുമെന്റുകളിലും നടക്കുന്ന ടെണ്ടർ സിസ്റ്റം തന്നെയാണ് ഇവിടെയും നടക്കുന്നത്. അല്ലാതെ ആരൊക്കെ ടെണ്ടറിന് പോകുന്നു. വിളിക്കുന്നു എന്നുള്ളത് അന്വേഷിക്കുന്ന ജോലി ഗവൺമെന്റിന്റേതല്ല. എന്നുമാത്രമല്ല, സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ മാനേജ്മെന്റ് ഇതെല്ലാം ചെയ്യുന്നു എന്നു കരുതി മന്ത്രിയുടെ ധാർമ്മികമായ ഉത്തരവാദിത്വത്തിൽനിന്ന് ഞാൻ പുറകോട്ടു പോകുന്നുമില്ല. എല്ലാം ഉദ്യോഗസ്ഥൻമാരുടെ തലയിൽ വയ്ക്കില്ല. അവർ തെറ്റ് ചെയ്താൽ ഞാൻ ശിക്ഷിക്കും അതു വെറെ കാര്യം. വേറൊന്ന് അങ്ങേയ്ക്ക് ഓർമ്മയുണ്ടാകും, ഇവിടെ ഒരു ഗോതമ്പ് കുംഭകോണം നടന്നത്. കേരളത്തിൽ ഇത്തരത്തിലുള്ള കുംഭകോണം നടന്നപ്പോഴൊക്കെ എല്ലാ ഗവൺമെന്റിന്റെ കാലത്തും ഒരു അന്വേഷണവും ഒരു സസ്പെൻഷനും കൊണ്ട് തീരുമായിരുന്നു. ഇപ്പോൾ കുംഭകോണം വന്നപ്പോൾ പിറ്റേദിവസം മുഖ്യമന്ത്രി യുമായി ആലോചിച്ച് ഡി.എസ്.ഒ. ഉൾപ്പെടെ താഴെ ലെവലിലുള്ള ഉദ്യോഗസ്ഥന്മാരെ വരെ സസ്പെൻഡ് ചെയ്തു. ഇപ്പോഴും സസ്പെൻഷനിലാണ്. നാല് ഹോൾസെയിൽ ഡിപ്പോകൾ സസ്പെൻഡ് ചെയ്തു. ഇപ്പോഴും സസ്പെൻഷനിലാണ്. യഥാർത്ഥ കുറ്റവാളി കളുടെ പേരിൽ നടപടിയെടുത്തു എന്നിട്ടും അത് പോരാത്തതുകൊണ്ട്, ഒരിടത്തും പഴുതുകൾ ബാക്കി ഉണ്ടാകാതിരിക്കാൻവേണ്ടി, ആരും ആവശ്യപ്പെടാതെ തന്നെ വിജിലൻസ്

LIBRARY ARCHIVES Kerala Legislative Assembly

എൻകയറിക്ക് വിട്ടു. വിജിലൻസ് എൻകയറി നടക്കുന്നു. കേരളചരിത്രത്തിൽ പലപ്പോഴും ഈ ഡിപ്പാർട്ടുമെന്റിനെക്കുറിച്ച് ആക്ഷേപമുണ്ടായിട്ടുണ്ട്. ഒരു മന്ത്രിയും വിജിലൻസ് എൻകയറിക്ക് വിട്ടിട്ടില്ല. വിജിലൻസ് എൻകയറിക്ക് വിട്ടിട്ടുപോലും എന്നെക്കുറിച്ച് പരാതി വിജിലൻസ് കോടതിയിൽ പോയി. അപ്പോൾ ഞാൻ പറഞ്ഞു. കർമ്മഫലം അല്ലാതെ ജന്മഫലമല്ലല്ലോ. പക്ഷേ അവസാനം കോടതി പരാതികൊടുത്തവനെ ശിക്ഷിക്കുമെന്ന് വന്നപ്പോൾ, warn ചെയ്തപ്പോൾ സമസ്ത പരാതികൾക്കും മാപ്പ് പറഞ്ഞുകൊണ്ട് കോടതിക്ക് മാപ്പ് എഴുതിക്കൊടുത്തു. വിജിലൻസ് എൻകയറിക്ക് വിട്ടത് ഞാനാണ്. ഞാൻ പിറ്റേദിവസം തന്നെ പ്രൊപ്പോസ് ചെയ്തു. മുഖ്യമന്ത്രി ഒപ്പിട്ടു. ഞാൻ പറയാൻ കാരണം ഈ ഡിപ്പാർട്ടുമെന്റിലെ ഏതെങ്കിലും ഉദ്യോഗസ്ഥൻ തെറ്റ് ചെയ്താൽ ശിക്ഷിക്കും, no compromise. പക്ഷേ പത്രവാർത്തകളുടെ അടിസ്ഥാനത്തിൽ നമ്മുടെ ഉദ്യോഗസ്ഥന്മാരെ വിട്ടുകൊടുക്കുന്നത് ശരിയാണോ? ഏത് ഡിപ്പാർട്ടുമെന്റാണെങ്കിലും സാദ്ധ്യമല്ല. ഉദാഹരണം ഞാൻ പറയാം. വില കൂടുതൽ കൊടുത്ത് വാങ്ങി എന്നുപറയുന്നു. ഓപ്പൺ മാർക്കറ്റിലുള്ളതിനേക്കാൾ കൂടിയ വിലയ്ക്ക് വാങ്ങി എന്നുള്ളതാണ്. അതിൽ ഒരു പ്രാവശ്യം ഒരു ഐറ്റം ഓപ്പൺ മാർക്കറ്റിൽക്കൂടി വാങ്ങി. ഞാൻ അത് നിയമസഭയിൽ സമ്മതിച്ചതാണ്. സെപ്റ്റംബർ മാസം 4-ന് പൊതുവിപണിയിൽ ചെറുപയർപരിപ്പ്, ഉഴുന്നുപരിപ്പ്, തുവരപരിപ്പ്, വൻപയർ എന്നിവയുടെ കിലോഗ്രാമിന്റെ വില, അത് വായിച്ചേ മതിയാകൂ. ചെറുപയറിന്റെ വില 30 രൂപ 39 പൈസ. ഇത് എക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സിന്റെ കണക്കുപ്രകാരമാണ്. 30 രൂപ 39 പൈസ ആക്ഷേപമുള്ള മാസമാണ്. ചെറുപയർ വാങ്ങിയത് 25 രൂപ 58 പൈസയ്ക്കും, ചെറുപയർ പരിപ്പ് 35 രൂപ 75 പൈസ പൊതുവിപണിയിൽ; വാങ്ങിയത് 21 രൂപ 09 പൈസയ്ക്ക്. തുവരപരിപ്പ് 31 രൂപ 31 പൈസ പൊതുവിപണിയിൽ; ഇവിടെ വാങ്ങിയത് 27 രൂപ 96 പൈസയ്ക്ക്. ഉഴുന്ന് പരിപ്പ് മാർക്കറ്റ് വില 29 രൂപ 64 പൈസ. വാങ്ങിയത് 25 രൂപ 79 പൈസയ്ക്ക്. വൻപയർ മാർക്കറ്റ് വില 26 രൂപ 50 പൈസ എന്നാണ്. ഇതുമാത്രം വാങ്ങിയത് 28 രൂപ 75 പൈസയ്ക്കാണ്. കാരണം പ്രൊഡ്യൂസിംഗ് സ്റ്റേറ്റിൽ ആ സമയത്ത് വില കൂടിയപ്പോൾ അങ്ങനെ വന്നു. വൻപയറിന്റെ വില അവിടെ ടെണ്ടർ ദിവസങ്ങളിൽ ക്രമാതീതമായി വർദ്ധിക്കുകയുണ്ടായി. അതുകൊണ്ട് ഈ ടെണ്ടർ സമയത്തെ വില കൂട്ടി നമുക്ക് വിൽക്കേണ്ടി വന്നു. അതിനുശേഷം ഒരു മാസം കഴിഞ്ഞപ്പോൾ ഇതേ സാധനങ്ങൾ കേരളത്തിൽ വന്നപ്പോൾ പിറ്റേദിവസം ഈ വില വർദ്ധനവിന് കാരണമായി. അതനുസരിച്ച് 30 രൂപ 50 പൈസ വരെ ഇതേ സാധനങ്ങൾക്ക് കേരളത്തിൽ വില വന്നു. കാരണം പ്രൊഡ്യൂസിംഗ് സ്റ്റേറ്റിൽ നിന്ന് ഇവിടെ വന്നപ്പോൾ ആ സാധനമാണ് നമ്മൾ വാങ്ങിയത്. അതുകൊണ്ട് ചെയ്തത് എന്താണ്? ഒരു സാധനത്തിന് വില വ്യത്യാസം വന്നപ്പോൾ 240 ടൺ വാങ്ങേണ്ടിടത്ത് വില വർദ്ധനവായതുകൊണ്ട്, അത് നേരെ പകുതി മാത്രമാണ് വാങ്ങിയത്. തീരെ വാങ്ങാതിരുന്നാൽ മാർക്കറ്റിൽ സാധനം ഇല്ലാതാകും. അതുകൊണ്ട് ഒരു പ്രാവശ്യം ഓപ്പൺ മാർക്കറ്റിലേതിനെക്കാൾ വില കൂടിയത് വാങ്ങി എന്നുള്ള സത്യം ഞാൻ പരസ്യമായി ഇവിടെ സമ്മതിച്ച കാര്യമാണ്. നിലവാരം കുറഞ്ഞ സാധനങ്ങളെന്ന് പറഞ്ഞു. നിലവാരം കുറഞ്ഞ സാധനങ്ങളാണെങ്കിൽ.....

ശ്രീമതി രാധാ രാഘവൻ: സർ, ആദിവാസികൾക്ക് പഞ്ചമാസത്തെ അരി രണ്ട് ആഴ്ചയിലേ കൊടുത്തുള്ളൂ. സാധാരണ എല്ലാ വർഷങ്ങളിലും നമ്മുടെ സർക്കാർ കൊടുക്കുന്ന അരി കൊടുക്കാൻ വേണ്ടി നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ: അത് വന്നില്ലല്ലോ. Yes, you reply.

ശ്രീ. ജി. കാർത്തികേയൻ: ഞാൻ പരിശോധിക്കാം. വേറൊന്ന് നിലവാരം കുറഞ്ഞ ഭക്ഷ്യധാന്യങ്ങളാണ് കേരളത്തിൽ എന്നാണ്. എന്തുകൊണ്ടാണ് മാർജിൻ ഫ്രീ മാർക്കറ്റുകൾ തകർന്നത്? വിശ്വാസം നഷ്ടമായി. മാവേലി സ്റ്റോറുകളിൽ കൊടുക്കുന്ന സാധനങ്ങൾ നിലവാരം കുറഞ്ഞതാണെങ്കിൽ കേരളീയർ സഹിക്കുമോ? 1998-1999-ൽ മാവേലി സ്റ്റോറുകളിലെ വിറ്റുവരവ് 136.83 കോടി, 1999-2000-ൽ 154 കോടി, 2000-2001-ൽ 153 കോടി, 2001-2002-ൽ 146 കോടിയായി കുറഞ്ഞു. കർശനമായ നടപടികൾ സ്വീകരിച്ചു. 2002-2003 ആയപ്പോൾ 172.88 കോടി രൂപയുടെ വിറ്റുവരവാണ് മാവേലി സ്റ്റോറുകളിൽ. നിലവാരം കുറഞ്ഞ സാധനങ്ങളാണെങ്കിൽ കേരളത്തിലെ ആളുകൾ വന്ന് മാവേലി സ്റ്റോറുകളിലെ സാധനങ്ങൾ വാങ്ങുമോ? നിലവാരമുള്ള സാധനങ്ങൾ മിതമായ വിലയ്ക്ക് കൊടുക്കുന്നതുകൊണ്ടാണ് ഇങ്ങനെ സംഭവിച്ചത്.

ശ്രീ. ആര്യാടൻ മുഹമ്മദ്: കോർപ്പറേഷനിൽ ഈ സാധനങ്ങളൊക്കെ പർച്ചേസ് ചെയ്യുമ്പോൾ അവിടെ ഒരു പർച്ചേസ് കമ്മിറ്റി ഇല്ലേ? അവരല്ലേ ഈ വില തീരുമാനിക്കുന്നത്. അല്ലാതെ ഗവൺമെന്റ് ഇതിൽ വരേണ്ട വല്ല കാര്യവും ഉണ്ടോ?

ശ്രീ. ജി. കാർത്തികേയൻ: 76 മാവേലി സ്റ്റോറുകൾക്ക് പകരമായി ലാഭം മാർക്കറ്റുകൾ കൊണ്ടുവന്നു. മുമ്പ് ശരാശരി ഒരു ലക്ഷത്തി എഴുപത്തയ്യായിരത്തി എൺപത്തിയേഴ് രൂപ ആയിരുന്നു 76 മാവേലിസ്റ്റോറുകളുടെ ഒരു മാസത്തെ വിറ്റുവരവെങ്കിൽ ഇപ്പോൾ ലാഭം മാർക്കറ്റ് ആയപ്പോൾ നാലു ലക്ഷത്തി നാൽപ്പത്തിയെണ്ണായിരത്തി നൂറ്റിമൂപ്പത്തിരണ്ടായി വർദ്ധിച്ചു. ശരാശരി വർദ്ധനവ് 156 ശതമാനം. സാധനങ്ങളുടെ ക്വാളിറ്റിയും വില നിലവാരവുമാണ് ഇതിന് പ്രധാന കാരണം. ഇവിടെ മാവേലിസ്റ്റോറുകളിൽ വീണ്ടും വില കുറഞ്ഞു. ഓപ്പൺ മാർക്കറ്റുകളേക്കാൾ മാവേലിസ്റ്റോറുകളിൽ വില കുറവുണ്ടെന്നുള്ളതാണ്. ചെറുപയറിന് 15-ാം തീയതിയിലെ ഓപ്പൺ മാർക്കറ്റിലെ വില 28, മാവേലി സ്റ്റോറിൽ 25, കടല, ഓപ്പൺമാർക്കറ്റിൽ 30, മാവേലിസ്റ്റോറിൽ 23. ഈ പറയുന്ന ഓരോ സാധനങ്ങളുടേയും വില, മാവേലിസ്റ്റോറുകളിലെ വിലയും ഓപ്പൺ മാർക്കറ്റിലെ വിലയും തമ്മിൽ കാര്യമായ വ്യത്യാസം ഉണ്ട്.

ശ്രീ. ടി. കെ. ദേവകുമാർ: ഞാൻ ഇവിടെ ചൂണ്ടിക്കാണിച്ചത് വിജിലൻസ് അന്വേഷണത്തിന് ഉത്തരവിട്ട ജനുവരിക്കുശേഷം അങ്ങ് ഈ പറയുന്ന പർച്ചേസ് കമ്മിറ്റി നാൽപ്പതു രൂപ അറുപതു പൈസ വിലയുണ്ടായിരുന്ന മുളക് 49 രൂപ 80 പൈസയ്ക്ക് 100 ലോറി വാങ്ങി എന്നതാണ് ഞാൻ ഉദാഹരണമായി പറഞ്ഞത്. ഞാൻ പറഞ്ഞ ഈ കാര്യം ആരോപണത്തിന്റെ അടിസ്ഥാനത്തിലല്ല. സപ്ലൈയർമാർ ക്വാട്ട് ചെയ്യുന്ന ഏറ്റവും കുറഞ്ഞ നിരക്കാകുമ്പോൾ വിലയേക്കാൾ കൂടുതലാണെങ്കിൽ അത് റദ്ദ് ചെയ്ത് റീ ടെണ്ടർ ചെയ്യുകയാണ് ചെയ്യുന്നതെന്ന് ബഹുമാനപ്പെട്ട ആര്യാടന് ഉൾപ്പെടെ അറിയാവുന്നതാണ്. ഇത് ചെയ്തിട്ടില്ല എന്നുള്ളതാണ് എന്റെ ആരോപണം.

ശ്രീ. ജി. കാർത്തികേയൻ: ഈ പറയുന്ന ഇത്ര വില എന്നുപറഞ്ഞാൽ ഞാൻ എന്ത് ചെയ്യും സർ, 2003-ലെ ഓപ്പൺ മാർക്കറ്റിൽ മുളകിന്റെ വില 50 രൂപ, മാർച്ചിൽ 52, ഏപ്രിലിൽ 51 രൂപ, സിവിൽ സപ്ലൈസ് കോർപ്പറേഷൻ വാങ്ങിയത് 49.79 രൂപ, 52 രൂപ വിലയുള്ളപ്പോൾ മുളക് വാങ്ങിയത് രൂപ 51 ഇങ്ങനെയാണ് കണക്ക്. ഇവിടെ ഊഹ കണക്ക് പറയുകയാണ്. ടെന്റർ സിസ്റ്റം ഉണ്ട്. ശ്രീ. ചന്ദ്രശേഖരൻ നായരും, ബഹുമാനപ്പെട്ട രാമചന്ദ്രൻ മാസ്റ്ററും, ബഹുമാനപ്പെട്ട ടി.എച്ച്. മുസ്തഫയും അടങ്ങുന്ന പ്രതിഭാശാലികളായ മുൻ മന്ത്രിമാരെല്ലാം ഇരുന്നപ്പോഴുള്ള സിസ്റ്റമാണ്. നിലവിലുള്ള ടെന്റർ

LIBRARY ARCHIVES Kerala Legislative Assembly

സിസ്റ്റത്തേക്കാൾ മറ്റേതെങ്കിലും ഈ സഭ നിർദ്ദേശിച്ചാൽ തീർച്ചയായിട്ടും സ്വീകരിക്കാൻ ഞാൻ കോർപ്പറേഷനോട് ആവശ്യപ്പെടാം. ആ ടെന്ററിനോടൊപ്പം സമർപ്പിക്കുന്ന സാമ്പിൾസ് ആദ്യം വനിതകളുടെ സമിതിയും തുടർന്ന് മാനേജർ, ക്വാളിറ്റി കൺട്രോളും പരിശോധിക്കുന്നു. വനിതകളുടെ സമിതിയുടെ പരിശോധനാ വിവരം ക്വാളിറ്റി കൺട്രോളും, ക്വാളിറ്റി കൺട്രോളിന്റെ പരിശോധനാ വിവരം വനിതകളുടെ സമിതിയും പരസ്പരം അറിയിക്കുന്നില്ല. ഈ പരിശോധനാ റിപ്പോർട്ട് ജനറൽ മാനേജർ ചെയർമാനും മറ്റ് അഡീഷണൽ മാനേജർമാർ അംഗങ്ങളുമായ പർച്ചേസ് കമ്മിറ്റിക്ക് അയക്കുന്നു. പർച്ചേസ് കമ്മിറ്റി സാമ്പിൾസ് പരിശോധിച്ചശേഷം വനിതകളുടെ സമിതികളുടേയും, മാനേജർ ക്വാളിറ്റി കൺട്രോളിന്റെയും ശുപാർശകളിൻമേൽ തീരുമാനമെടുക്കുന്നു. പർച്ചേസ് കമ്മിറ്റി അംഗീകരിച്ച സാമ്പിളുകൾ മാത്രമേ വാങ്ങാൻ പരിഗണിക്കുകയുള്ളൂ. തുടർന്ന് ടെന്റർ സമർപ്പിച്ചവരെ ചർച്ചക്ക് വിളിക്കുന്നു. അവരിൽനിന്ന് പുതുക്കിയ നിരക്കുകൾ കൂടി എഴുതി വാങ്ങിക്കുന്നു. പർച്ചേസ് കമ്മിറ്റി ഏറ്റവും ചുരുങ്ങിയ നിരക്ക് ക്വാട്ട് ചെയ്ത മൂന്നു പേരെ തിരഞ്ഞെടുത്ത് സി.എം.ഡി.-യുടെ പരിഗണനയ്ക്ക് അയക്കുന്നു. സി.എം.ഡി. വീണ്ടും ചർച്ച നടത്തിയശേഷം പുതുക്കിയ നിരക്കുകൾ ആവശ്യപ്പെടുന്നു. ഈ നിരക്കുകൾ മാനേജിംഗ് കമ്മിറ്റി പരിഗണിക്കുന്നു. പൊതു വിപണിയിലെ വിലയും പത്രങ്ങളിൽ റിപ്പോർട്ട് ചെയ്ത വിലയും മറ്റും പരിശോധിച്ചാണ് ഡയറക്ടർ ബോർഡ് അവസാനം തീരുമാനം എടുക്കുന്നത്.

മി. സ്പീക്കർ: Please conclude.....ലോക്കൽ അഡ്മിനിസ്ട്രേഷൻ മിനിസ്റ്റർക്ക് കൂടുതൽ പറയാനുണ്ട്.

ശ്രീ. ജി. കാർത്തികേയൻ: ടെന്റർ ചെയ്തിട്ടുള്ള എല്ലാ ആളുകൾക്കും ഇത് കിട്ടുന്നില്ല. വകുപ്പ് മന്ത്രിക്ക് എന്തുചെയ്യാൻ കഴിയും സർ? പലരും പരാതി അയയ്ക്കുന്നു. ഇവിടെ എൻകൗയറി സാങ്ഷനിംഗ് ഏതാന്ന് അറിയാമോ? പലരും ഇങ്ങനെ പരാതി അയയ്ക്കുമ്പോൾ ഈ പരാതിയൊന്നും കീറി താഴോട്ട് ഇടാറില്ല. ഞാനും ഇടാറില്ല. മുഖ്യമന്ത്രിയും ഇടാറില്ല. വരുന്ന പരാതികൾ ഡിപ്പാർട്ടുമെന്റിന് അയച്ചു കൊടുക്കും. അതല്ലാതെ ഇത് എൻകൗയറി നടത്തുന്നു എന്നുള്ളതല്ല. അന്വേഷിക്കണ മെന്നുള്ളതല്ല ഈ ഗവൺമെന്റിന്റെ നിലപാട്. ഇത് പല തരത്തിലുമുണ്ട്. കഴിഞ്ഞ ജൂൺ മാസം ഹൈക്കോടതിയിൽ ഒരു കേസ് പോയി. അവിടെയുള്ള ഒരു പ്രത്യേക പാർട്ടിക്ക് ടെന്റർ കിട്ടുന്നില്ല എന്നു പറഞ്ഞുകൊണ്ട് കോടതി പറഞ്ഞു: It is relevant to note that the procedure now adopted by the first respondent with Corporation is more affable and without any room for any kind of malpractice or corruption or causing any loss to the public etc. പിന്നെ From the above, it can be inferred that from December, 2001 onwards the method followed by the first respondent, Corporation for scrutinising or selecting the tender will not give room for corruption or favouratism. ഇത് അവസാന നിമിഷം കോടതിയിൽ കൊണ്ടുപോയി, കോടതി ദീർഘമായ ഒരു പഠനം നടത്തി. അതിൽ പ്രധാനപ്പെട്ട രണ്ടു വാചകം വായിച്ചു എന്നേയുള്ളൂ. ഇതാണ് സ്ഥിതി. നിലവിലുള്ള സമ്പ്രദായത്തേക്കാൾ കൂടുതൽ സുതാര്യമായ ഏതെങ്കിലും ഒരു ടെന്റർ സിസ്റ്റം വന്നാൽ നമുക്ക് പരിശോധിക്കാവുന്നതാണ്. ഒന്നും ഒളിച്ചു വയ്ക്കാനില്ല. ഇതെല്ലാം പഴയതുപോലെ കോർപ്പറേഷൻ ചെയ്യുന്ന കാര്യങ്ങളാണ്. വീണ്ടും ഒരു കാര്യംകൂടി പറയുന്നു. കോർപ്പറേഷനായതുകൊണ്ട് ഇതൊന്നും മന്ത്രിയുടെ മുമ്പിൽ വരുന്ന

2 P. M.] കാര്യങ്ങളല്ല. ടെന്റർ മന്ത്രി കാണേണ്ട കാര്യമില്ല. ഇത് മന്ത്രി നോക്കേണ്ട കാര്യമില്ല. എങ്കിലും എന്റെ വകുപ്പാണല്ലോ. അതുകൊണ്ട് ഇതിന്റെ ധാർമ്മിക ഉത്തരവാദിത്വം മന്ത്രിക്ക് തന്നെയാണ്. അത് ഞാൻ ഏറ്റെടുക്കുന്നു. കേരളത്തിലെ

LIBRARY ARCHIVES Kerala Legislative Assembly

സാധാരണ ജനജീവിതവുമായി ബന്ധപ്പെടുന്ന, നിത്യോപയോഗ ജീവിതവുമായി ബന്ധപ്പെടുന്ന ഒരു ഡിപ്പാർട്ടുമെന്റെന്ന നിലയിൽ കേരളത്തിലെ പാവപ്പെട്ടവന്റെ പൊതു താൽപ്പര്യം സംരക്ഷിക്കുന്നതിനുവേണ്ടി ഉത്തരവാദിത്വത്തോടുകൂടി ഈ നിയമസഭയും, ഈ പാർട്ടിയും മുഖ്യമന്ത്രിയും എന്നെ ഏൽപ്പിച്ച ചുമതലകളുമായിട്ട് മുന്നോട്ട് നീങ്ങും. എല്ലാ നിർദ്ദേശങ്ങളേയും സർവ്വാത്മനാ സ്വാഗതം ചെയ്യുന്നു. ഈ ധനാഭ്യർത്ഥന പാസാക്കിത്തരണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

. തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. ചെർക്കളം അബ്ദുള്ള): നഗര വികസനവും പഞ്ചായത്തും, ഈ ധനാഭ്യർത്ഥനകളെക്കുറിച്ച് സംസാരിച്ച എല്ലാവരോടും ഞാൻ നന്ദി പ്രകാശിപ്പിക്കുകയാണ്. ക്രിയാത്മകമായ നിർദ്ദേശങ്ങൾ സമർപ്പിച്ചവരെ ആ നിർദ്ദേശങ്ങൾ പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പ് സന്നദ്ധമാണെന്ന് വിനയപൂർവ്വം അറിയിക്കുന്നു. ഞാൻ ആദ്യമായി ആരോപണത്തിന് മറുപടി തരാൻ തന്നെയാണ് ഉദ്ദേശിക്കുന്നത്. അവസാനമായി സമയം കിട്ടിയില്ല എന്ന് പറയരുത്. ആദ്യമായി ഉന്നയിച്ച ആരോപണത്തിന്റെ മറുപടിയാണ്. ഇവിടെ ഉന്നയിച്ച ആരോപണങ്ങളൊക്കെ അടിസ്ഥാന രഹിതമാണ്. ആരോപണങ്ങളെയെല്ലാം ഞാൻ പുച്ഛത്തോടുകൂടി തള്ളുകയാണ്. ഉന്നയിച്ച ആരോപണങ്ങളിൽ പലതും, കഴിഞ്ഞവർഷം ബഡ്ജറ്റ് ധനാഭ്യർത്ഥനകളിൽ പങ്കെടുത്തുകൊണ്ട് ബഹുമാന്യനായ സുഹൃത്ത് എം. വി. ജയരാജൻ ഉന്നയിച്ച ആരോപണങ്ങൾ തന്നെയാണ്. അല്ലാതെ ചില ആരോപണങ്ങളുമുണ്ട്. ഞാൻ മറുപടി പറയാം. ഞാൻ മന്ത്രി ആയിപ്പോയതുകൊണ്ട് എന്റെ കുടുംബാംഗങ്ങൾക്കോ, ബന്ധുക്കൾക്കോ ലോകത്തെവിടെയെങ്കിലും ബിസിനസ് ചെയ്യാൻ പാടില്ല, അതുപോലെ തന്നെ മറ്റുവ്യാപാര സ്ഥാപനങ്ങളൊന്നും നടത്താൻ പാടില്ല എന്നു പറയുന്നത് ലോകത്ത് ആദ്യമായാണ് പറഞ്ഞു കേൾക്കുന്നത്. ഏത് റൂളറുടേതാണെങ്കിലും അവരുടെ കുടുംബാംഗങ്ങൾക്ക് ബിസിനസ് ചെയ്യാൻ അവകാശം ഉണ്ട്, വ്യവസായം നടത്താനുള്ള അവകാശമുണ്ട്. അവകാശങ്ങളെ നിഷേധിക്കാൻ ആർക്കും സാധ്യമല്ല. ഇവിടെ പ്രതിപക്ഷത്തിരിക്കുന്ന പല ഉന്നതൻമാരായ നേതാക്കൻമാരുടെയും മക്കൾ പല പല ബിസിനസ് നടത്തുന്ന കാര്യം ഞാനങ്ങോട്ട് ഓർമ്മപ്പെടുത്തേണ്ടതില്ലല്ലോ. പലതരം ബിസിനസുകളുണ്ട്. ഞാൻ പ്രത്യേകമായി ഓർമ്മപ്പെടുത്താൻ ഉദ്ദേശിക്കുന്നില്ല. ഇവിടെ ഉന്നയിച്ച ആരോപണം പഞ്ചായത്തു വകുപ്പിൽ പുനർ നിർമ്മാണം എന്നു പറഞ്ഞു. ടൈപ്പ് ചെയ്തതിൽ തെറ്റിപ്പോയി. പുനർ നിയമനം എന്നാണ്. പുനർ നിയമനത്തിൽ, പോസ്റ്റ് ചെയ്തതിൽ ലക്ഷങ്ങൾ സമ്പാദിച്ചു എന്നു പറഞ്ഞു. ഞാൻ ഒരു കാര്യം പറയുകയാണ് പൂർണ്ണമായി ട്രാൻസ്ഫർ ചെയ്യില്ല എന്നെനിക്ക് പറയാൻ കഴിയില്ല. ഗവൺമെന്റിന് ചില ബാധ്യതകളുണ്ട്. ആ ബാധ്യതകളൊക്കെ നിറവേറ്റുമ്പോൾ, ട്രാൻസ്ഫർ ഒക്കെ അതിന്റെ ഭാഗമാണ്. എന്റെ കൈയിലുള്ള പേപ്പറുകൾ ഈ നിയസഭയിലെ മിക്ക അംഗങ്ങളും ട്രാൻസ്ഫറിനുവേണ്ടി ശുപാർശ ചെയ്തിട്ടുള്ള പേപ്പറുകളാണ്. കമ്പ്യൂട്ടറിൽ നിന്ന് എടുത്ത 62 പേജുള്ള വലിയ ഒരു പുസ്തകം. ഇതിൽ പ്രതിപക്ഷാംഗങ്ങളുമുണ്ട്. ലെറ്റർ പാഡിൽ എഴുതിത്തരാതെ നേരിട്ട് പറയുകയോ, എന്നെ ഫോണിൽ വിളിച്ച് പറയുകയോ, എന്റെ പേഴ്സണൽ സ്റ്റാഫിന്റടുത്ത് വിളിച്ച് പറയുകയോ ചെയ്തിട്ടുള്ളതുകൂടി ഞാൻ ഇവിടെ റിക്കോർഡ് ചെയ്തിട്ടുണ്ട്. നിങ്ങൾ പിന്നീട് ചോദിക്കുമെന്ന് അറിയാമായിരുന്നു. പക്ഷേ ഞാൻ നിങ്ങളെപ്പോലെ അല്ലാത്തതുകൊണ്ട് അപ്പുറത്തിരിക്കുന്ന ആളുകളാരൊക്കെയാണ് ട്രാൻസ്ഫറിനുവേണ്ടി ശുപാർശ ചെയ്തിട്ടുള്ളതെന്ന് വ്യക്തിപരമായി പേര് എടുത്തു പറയാൻ ഉദ്ദേശിക്കുന്നില്ല.

മി. സ്പീക്കർ: ഏതായാലും ശ്രീ. ദേവകുമാർ മന്ത്രിയെക്കൊണ്ട് അത് പറയിപ്പിക്കണ്ട.

ശ്രീ. ചെർക്കളം അബ്ദുള്ള: ഈ സഭയിൽ ഉന്നയിച്ചിട്ടുള്ള .....(ബഹളം).....

മി. സ്പീക്കർ: അത് പറയണ്ട, പേര് പറയണ്ട.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ചെർക്കളം അബ്ദുള്ള: പല അംഗങ്ങളും എന്നാണ് പറഞ്ഞത്.

മി. സ്പീക്കർ: ട്രാൻസ്ഫറിനുവേണ്ടി പറഞ്ഞിട്ടുണ്ട്. ഞാനും പറഞ്ഞിട്ടുണ്ട്.

ശ്രീ. ചെർക്കളം അബ്ദുള്ള: ഞാൻ വളരെ ക്ലിയറായിട്ട് പറഞ്ഞു. മിക്ക അംഗങ്ങളും ട്രാൻസ്ഫറിനുവേണ്ടി ..... (ബഹളം).....

മി. സ്പീക്കർ: ഓർഡർ.....ഓർഡർ.....What is this? ട്രാൻസ്ഫറിനുവേണ്ടി മെമ്പർമാർ ശുപാർശ ചെയ്യും. ഞാനും ചെയ്തിട്ടുണ്ട്. അത് ആരുടെയും കുറ്റമല്ല.

ശ്രീ. ചെർക്കളം അബ്ദുള്ള: അപേക്ഷിച്ച ആളുകൾ ആരാണെന്ന് അവർക്ക് വ്യക്തമായി അറിയാം. മിക്ക അംഗങ്ങളും എന്ന് പറയുമ്പോൾ അപ്പുറത്തുള്ള എല്ലാ അംഗങ്ങളും ഇപ്പുറത്തുള്ള എല്ലാ അംഗങ്ങളും എന്ന് പറയാൻ കഴിയില്ല. ഞാൻ അത് വളരെ വ്യക്തമായി പറഞ്ഞു. ഞാൻ ചോദിക്കട്ടെ. നിങ്ങളുടെ ഭാഗത്തുനിന്ന്..... ഞങ്ങൾ ഗവൺമെന്റിന്റെ പാർട്ടിയാണ്. ഭരണപക്ഷക്കാരാണ്. നിങ്ങളുടെ ഭാഗത്തു നിന്നും എന്റെയടുത്ത് എന്തിനാണ് ട്രാൻസ്ഫറിന് അപേക്ഷ തരുന്നത്. നോംസ് ലംഘിച്ചുകൊണ്ടുള്ള ട്രാൻസ്ഫർ നടത്തുന്നതിനുവേണ്ടിയല്ലേ. അല്ലെങ്കിൽ ട്രാൻസ്ഫറിന് നേരിട്ട് അപേക്ഷ കൊടുത്താൽ പോരേ? എന്തിനാണ് എന്റെയടുത്ത് തരുന്നത് ഈ ആളുകളുടെയൊക്കെ ശുപാർശ..... ഇത് 62 പേജുണ്ട്. ഇത് എന്റെയടുത്ത് തരുന്നത് എന്തിനാണ്. നോംസ് ലംഘിച്ചുകൊണ്ടുള്ള ട്രാൻസ്ഫറിനുവേണ്ടിയാണ്. ചിലത് വേണ്ടിവരും. ഞാൻ സമ്മതിക്കുന്നു. പക്ഷേ, 30,000 ഉദ്യോഗസ്ഥന്മാരുള്ള രണ്ടു വകുപ്പുകളിൽ ഇവിടെ ശ്രീ. ദേവകുമാർ പറഞ്ഞത് 900 ട്രാൻസ്ഫർ നടത്തിയെന്നാണ്. പെർസന്റേജ് എത്രയാണെന്നറിയാമോ. സർക്കാർ അഡ്മിനിസ്ട്രേറ്റീവ് ആവശ്യത്തിനുവേണ്ടി ചില കാര്യങ്ങൾ ചെയ്യേണ്ടിവരും. ആ കൂട്ടത്തിൽ ഇതിനുമുമ്പ് പലരും പരാമർശിച്ചതുപോലെ നിങ്ങളിൽ പലരുടെയും കേസുണ്ട്. അതുകൂടി ഞാൻ പരിഗണിച്ചിട്ടുണ്ട് എന്നു മാത്രമേ ഞാൻ പറയുന്നുള്ളൂ. നിങ്ങൾ അഴിമതി ആരോപണം ഉന്നയിച്ചപ്പോൾ, നിങ്ങൾ പറഞ്ഞ ട്രാൻസ്ഫറിൽ അഴിമതിയുടെ ഭാഗമായി എന്ത് നൽകിയിരിക്കുന്നു എന്നു പറയാൻകൂടി നിങ്ങൾ സന്നദ്ധമാകണമെന്നാണ് എനിക്ക് വിനയപൂർവ്വം അഭ്യർത്ഥിക്കാനുള്ളത്. ഇത് പഴകിയ, ജീർണ്ണിച്ച വാചകമാണ്. അത് വീണ്ടും ആവർത്തിച്ച് ശ്രീ. ജയരാജൻ പറഞ്ഞത് ശ്രീ. ദേവകുമാറിനെക്കൊണ്ട് പറയിച്ചു എന്നു മാത്രമേയുള്ളൂ. പിന്നെ എന്റെ കുടുംബാംഗങ്ങൾക്കും ബന്ധുക്കൾക്കും ഒന്നും കച്ചവടം ചെയ്യാൻ പാടില്ല എന്നുപറഞ്ഞു. ഞാൻ കഴിഞ്ഞ പ്രാവശ്യം എന്റെ പേരിൽ ആരോപണം ഉന്നയിച്ച സന്ദർഭത്തിൽ അതിന്റെ മറുപടി പറഞ്ഞ് രണ്ടുമൂന്നു ദിവസം കഴിഞ്ഞ് ഒരു പത്രത്തിന്റെ ഫുൾ പേജിൽ എന്റെ son-in-law ഖാദർ നടത്തുന്ന ബിസിനസ്സിന്റെ പരസ്യത്തിന്റെ കോപ്പി ഞാൻ ശ്രീ. ജയരാജനെ കാണിച്ചു. 1988-ൽ ആണ് എന്റെ son-in-law ഖാദർ ബോംബെയിൽ ബിസിനസ് ആരംഭിക്കുന്നത്. ബോംബെയിൽ എം.ബി.എ.യും Export Import Diploma-യും എടുത്ത് എക്സ്പോർട്ട് ബിസിനസ് ആരംഭിക്കുന്നത് 1988-ലാണ്. Pomona Exports, Pomona Garments, Pomona Trading Corporation, Ayyur Trading Coporation എന്നീ 4 കമ്പനികൾ ബോംബെയിൽ തന്നെ പ്രവർത്തിക്കുന്നുണ്ട്. അതിന്റെ ശാഖ തിരുവനന്തപുരത്തും, കോഴിക്കോട്ടുമുണ്ട്. എന്റെ son-in-law യുടെ മൂന്ന് സഹോദരൻമാർ ഗൾഫ് നാടുകളിലാണ്. ജിദ്ദയിലും,

LIBRARY ARCHIVES Kerala Legislative Assembly

ദുബായിലും, സൗദി അറേബ്യയിലും ബിസിനസുണ്ട്. ഈ കഴിഞ്ഞ വർഷം ഇൻകം ടാക്സ് നൽകിയിട്ടുള്ള പ്രമുഖന്മാരുടെ ലിസ്റ്റിൽ എന്റെ son-in-law യും എന്റെ മകളുമുണ്ട് എന്ന കാര്യം ഈ സന്ദർഭത്തിൽ ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുകയാണ്. 1989-ലാണ് ഖാദർ എന്റെ മകളെ കല്യാണം കഴിക്കുന്നത്. 1986-ലാണ് ബിസിനസ് ആരംഭിക്കുന്നത്. കല്യാണത്തിന് മൂന്നു വർഷം മുമ്പ് ആരംഭിച്ച ബിസിനസാണ്. മംഗലാപുരത്തും പൂനയിലും ബിസിനസുണ്ട്. ബോംബെയിൽ അദ്ദേഹത്തിന്റെ ഹോട്ടൽ ഒന്നുണ്ട്. മറ്റ് ഹോട്ടലിനെക്കുറിച്ച് എനിക്കറിയില്ല. ബോംബെയിലും പൂനയിലും ഹോട്ടലുണ്ട്. മംഗലാപുരത്തും ബാംഗ്ലൂരിലും ബിസിനസ് സ്ഥാപനങ്ങളുണ്ട്. എന്റെ കുടുംബാംഗങ്ങളോട് ഞാൻ മന്ത്രിയായതുകൊണ്ട് ബിസിനസ് നടത്തണ്ട എന്നു പറയാൻ എനിക്ക് കഴിയുകയില്ല. ഇവിടെ ആർക്കും കഴിയുകയില്ല. അങ്ങനെ കഴിയുമെങ്കിൽ അപ്പുറത്തിരിക്കുന്ന പല പ്രമുഖന്മാർക്കും കഴിഞ്ഞിരിക്കണം. അത് കഴിയുകയില്ല. പല ഉന്നത നേതാക്കളുടെയും കുടുംബാംഗങ്ങൾക്ക് ബിസിനസ് ഉണ്ട്. യാഥാർത്ഥ്യബോധത്തോടുകൂടി ആയിരിക്കണം അഴിമതി ആരോപണം നടത്തേണ്ടത്. ശ്രീ. എം. വി. ജയരാജൻ വളരെ ആവേശപൂർവ്വം ഇവിടെ പ്രസംഗിച്ചു, എനിക്ക് അതിന്റെ ആവശ്യമില്ല. എന്നെക്കുറിച്ച് തെറ്റായ വാക്കുകൾ പറയുമ്പോൾ നിങ്ങൾക്ക് സ്വാഭാവികമായും ആവേശം ഉണ്ടായേക്കാം. പക്ഷേ, എനിക്ക് ആവേശമൊന്നുമില്ല. അതിനെക്കുറിച്ച് ഞാൻ പ്രത്യേകം പറയേണ്ടതില്ലല്ലോ. എന്റെ മകൻ മഞ്ചേശ്വരത്ത് എൻജിനിയറിംഗ് കോളേജ് തുടങ്ങിയെന്ന് പറഞ്ഞു. മകന്റെ പേര് നിസാർ എന്നല്ല. നാസർ ചെർക്കളം അബ്ദുള്ള എന്നാണ്. (നാസർ, സി.എ.) എന്റെ മകന്റെ ഫുൾനെയിം മുഹമ്മദ് നാസർ ചെർക്കളം അബ്ദുള്ള എന്നാണ്.....(ബഹളം).....

Mr. Speaker: Don't be cruel.

ശ്രീ. ചെർക്കുളം അബ്ദുള്ള: എന്റെ മകൻ എൻജിനിയറിംഗ് കോളേജ്, മഞ്ചേശ്വരത്ത് പെർളയിൽ ബി.എഡ്. കോളേജ്, ആർട്സ് കോളേജ്, ഉപ്പളയിൽ, സ്കൂൾ ഇങ്ങനെ 6 വിദ്യാഭ്യാസ സ്ഥാപനങ്ങൾ സർക്കാരിൽ നിന്നും എൻ.ഒ.സി. നേടിയെടുത്ത് നടത്തുന്നു. സി.എച്ച്. മുഹമ്മദ് കോയ ട്രസ്റ്റ് എന്ന് എന്റെ പേരിൽ ഒരു ട്രസ്റ്റുണ്ട്. C. H. മുഹമ്മദ് കോയ Centre for Education, Science and Technology വർഷങ്ങളായി പ്രവർത്തിച്ചുവരുന്ന സ്ഥാപനമാണ്. ആ സ്ഥാപനത്തിന്റെ പേരിൽ എൻജിനീയറിംഗ് കോളേജിന് എൻ.ഒ.സി. വാങ്ങിയിട്ടുള്ളത് ശരിയാണ്. 25 ഏക്കർ സ്ഥലം മഞ്ചേശ്വരത്ത് ഉണ്ട്. ആ പേരിൽ ഒരു ട്രസ്റ്റുണ്ട്. ആ ട്രസ്റ്റ് അല്ലെങ്കിൽ ഏതെങ്കിലും കാരണവശാൽ അവർ സ്ഥലം വാങ്ങി വിദ്യാഭ്യാസം സ്ഥാപനം തുടങ്ങണം എന്നുള്ളതിൽ ആർക്കാണ് ആക്ഷേപിക്കാൻ കഴിയുക. ഞാൻ കുറെ വർഷങ്ങളായിട്ട് അതിന്റെ ചെയർമാനായിരുന്നു. സാമൂഹ്യ, സാംസ്കാരിക, വിദ്യാഭ്യാസ രംഗത്ത് ധാരാളം പ്രവർത്തനങ്ങൾ കാഴ്ചവച്ച ആ ട്രസ്റ്റിന്റെ ചെയർമാനായിരുന്ന ഞാൻ മന്ത്രിയായ ഉടൻ അത് ഒഴിഞ്ഞു. ആ ട്രസ്റ്റിന്റെ അംഗങ്ങൾ എന്റെ മകനെ അതിന്റെ ചെയർമാനായി തെരഞ്ഞെടുത്തു. നിങ്ങൾക്ക് ആക്ഷേപം....(ബഹളം)..... ഇതൊക്കെ സാധാരണ സ്വാഭാവികമാണ്. അസ്വാഭാവികമായതൊന്നും അല്ല. ആ സ്ഥാനത്തേയ്ക്ക് അംഗങ്ങളല്ലാത്ത നിങ്ങളിലാരെയെങ്കിലും വയ്ക്കാൻ പറ്റുമോ, പറ്റുകയില്ല. അതിലെ അംഗങ്ങളായ ആളുകളിൽ നിന്നും മാത്രമേ വയ്ക്കാൻ പറ്റൂ. ശ്രീ. ജയരാജനെ വയ്ക്കാൻ പറ്റുകയില്ല. എൻ.ഒ.സി. വാങ്ങാൻ ആരുടെയും ശുപാർശ വേണ്ട. കണ്ണൂരിലും പലരും എൻ.ഒ.സി. വാങ്ങിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ജയരാജന് അറിയാമോ, എത്ര പേർ അവിടെ എഡ്യുക്കേഷൻ സ്ഥാപനം ഉണ്ടാക്കിയിട്ടുണ്ട്? കണ്ണൂരിലെ എൻജിനീയറിംഗ് കോളേജിന് എൻ.ഒ.സി. വാങ്ങിയില്ലേ. കേരളത്തിൽ എൻ.ഒ.സി. വാങ്ങുന്നതിന് ആരുടെയും ശുപാർശ വേണ്ട. ബഹുമാനപ്പെട്ട ശ്രീ. എ. കെ. ആന്റണി നയിക്കുന്ന കേരള ഗവൺമെന്റിന്റെ സുതാര്യമായ വിദ്യാഭ്യാസ സമീപനമാണത്. അപേക്ഷിക്കുന്നവർക്ക് മുഴുവൻ വിദ്യാഭ്യാസ സ്ഥാപനം കൊടുക്കുന്ന അതിസുതാര്യമായ സമീപനമാണ് ഞങ്ങളുടെ ഗവൺമെന്റിന്റേത്. ഞാൻ അതിന് സ്വാധീനം ചെലുത്തി എന്ന് പറയാൻ കഴിയുകയില്ല. എന്റെ ബിനാമി സ്വത്ത് എന്നു പറയുന്ന സ്വത്ത്..... എനിക്ക് ബിനാമിയായി ഒരു സ്വത്തുമില്ല. ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് എഴുതികൊടുത്തിട്ടുള്ള സ്വത്ത് മാത്രമേ എന്റെ കൈവശമുള്ളൂ. ഇവിടെ പറഞ്ഞ വേറൊരുകാര്യം മന്ത്രിമാരായ ആളുകളും എം.എൽ.എ.-മാരായ ആളുകളുമൊക്കെ ഏതെല്ലാം സ്ഥാപനങ്ങളാണ് ഉദ്ഘാടനം ചെയ്യുന്നത്. ഞാൻ ഇന്നു വൈകുന്നേരം 6 മണിക്ക് തമ്പാനൂരിൽ ഒരു ഹോട്ടൽ ഉദ്ഘാടനം ചെയ്യാമെന്ന് സമ്മതിച്ചിട്ടുണ്ട്. മൂന്നു നാല് ആഴ്ചമുമ്പ് പട്ടണത്തിലെ ഒരു വലിയ ഹോട്ടലിന്റെ ഉദ്ഘാടനം നിർവ്വഹിച്ചു. ഇതെല്ലാം എന്റെ ബിനാമിയാണെന്ന് പറഞ്ഞാൽ എങ്ങനെയാണ്. ഞാൻ 10-ാം തീയതി സുൽത്താൻ സാരീസ് ഉദ്ഘാടനം ചെയ്തു. നമ്മളൊക്കെ ഉദ്ഘാടനം ചെയ്യുന്ന സ്ഥാനപങ്ങളൊക്കെ അവരവരുടെ ബിനാമി എന്നു പറഞ്ഞാൽ അപ്പുറത്തിരിക്കുന്ന കുറെ ആളുകളുണ്ടല്ലോ. അല്ലെങ്കിൽ നിങ്ങളുടെ നേതാക്കന്മാരുണ്ടല്ലോ. അവരുടെയൊക്കെ കൈയിൽ എത്ര ബിനാമിയുണ്ടാകുമെന്നുള്ള കാര്യം നിങ്ങൾക്കറിയാമോ. നാളെ പത്രത്തിൽ വരാൻ മാത്രം അഴിമതി ആരോപണം ഉന്നയിച്ചതുകൊണ്ട് കാര്യമില്ല. പിന്നെ ഇവിടെ പറഞ്ഞത് ജി.സി.ഡി.എ.യുടെ കാര്യമാണ് ജി.സി.ഡി.എ.യ്ക്ക് ഒരു ജനറൽ കൗൺസിലും എക്സിക്യൂട്ടീവ് കമ്മിറ്റിയുമുണ്ട്. ടെന്റർ വയ്ക്കാനും ടെന്റർ വിളിക്കാനും ജി.സി.ഡി.എ.യ്ക്ക് മന്ത്രിയുടെ അനുവാദം ആവശ്യമില്ല. എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനിച്ചാൽ അവർക്ക് ടെന്റർ വിളിക്കാം. ടെന്റർ അംഗീകരിക്കാം. ടെന്ററനുസരിച്ചുള്ള പണം വാങ്ങാം. ആ സ്വത്ത് കൊടുക്കാം, ഇതൊക്കെ ജി. സി. ഡി. എ.യ്ക്ക് ഉള്ള അധികാരത്തിൽപ്പെട്ടതാണ്. ഫയൽ എവിടെയും പോയിട്ടില്ല. എന്റെ കൈയിൽതന്നെയുണ്ട്. ഇപ്പോൾ ജി.സി.ഡി.എ.യെക്കുറിച്ച് ഒന്നുരണ്ടു വാക്കുകൾ പറയുവാനുണ്ട്. 59.285 ഏക്കർ സ്ഥലം വിൽപ്പന നടത്തുന്നതിനുവേണ്ടി 4-7-2002-ൽ ജി.സി.ഡി.എ. ടെണ്ടർ ക്ഷണിച്ചു. രണ്ട് ടെണ്ടർ ഫോറങ്ങൾ വിൽപ്പന നടത്തിയെങ്കിലും ഒരാൾ മാത്രമാണ് ടെണ്ടർ സമർപ്പിച്ചത്. മെസ്സേഴ്സ് എക്സൽ പ്രോപ്പർട്ടീസ് സെന്റിന് 8,12,000 രൂപ ക്വാട്ടുചെയ്തു. 4-10-2002ന് കൂടിയ എക്സിക്യൂട്ടീവ് കമ്മിറ്റി ടെണ്ടർ അംഗീകരിച്ചു. 50 ശതമാനം ആദ്യ ഗഡുവായും ബാക്കി തുക 15 ശതമാനം പലിശനിരക്കിൽ ആറ് ദ്വൈമാസ ഗഡുക്കളായും അടയ്ക്കണമെന്നും മുഴുവൻ തുകയും അടച്ചതിനുശേഷം ഭൂമി കൈമാറ്റം നടത്താമെന്നുമുള്ള വ്യവസ്ഥയോടെ ടെണ്ടർ അംഗീകരിച്ചു. അലോട്ടുമെന്റ് ലെറ്റർ 11-10-2002-ന് കൈപ്പറ്റി. 10-11-2002-നു മുമ്പായി 50 ശതമാനം തുക അടയ്ക്കണമെന്നായിരുന്നു. എന്നാൽ ഇ.എം.ഡി. 30 ലക്ഷം രൂപ ഉൾപ്പെടെ 1,20,00,000 രൂപയാണ് ഈ തീയതിക്കുള്ളിൽ അടച്ചത്. ഇ.എം.ഡി. 50 ശതമാനം തുകയും അഡ്ജസ്റ്റ് ചെയ്തത് തെറ്റായിരുന്നു. 15-11-2002-ൽ 55,00,000 രൂപയും 26-11-2002-ൽ 62,63,643 രൂപയും അടച്ചു. ജി.സി.ഡി.എ. മുൻചെയർമാൻ ഉത്തരവായത് അനുസരിച്ച് നിയമോപദേശം തേടി. നിയമോപദേശത്തിൽ ഇ.എം.ഡി. അഡ്ജസ്റ്റ് ചെയ്തത് ശരിയല്ലെന്ന് മാത്രം പറഞ്ഞു. നിശ്ചിത തീയതിക്കുള്ളിൽ ഗഡുക്കൾ അടയ്ക്കാതിരുന്നാൽ അലോട്ടുമെന്റ് എക്സിക്യൂട്ടീവ്

LIBRARY ARCHIVES Kerala Legislative Assembly

കമ്മിറ്റിക്കോ അല്ലെങ്കിൽ ചെയർമാനോ ക്യാൻസൽ ചെയ്യാമായിരുന്നുവെന്ന് അവർ ലീഗൽ ഒപ്പീനിയൻ എഴുതി. എന്നാൽ അത് ചെയ്യാതെ തുടർന്ന് നിശ്ചിത തീയതിക്കുശേഷം ഗഡുക്കൾ സ്വീകരിച്ചതുകൊണ്ട് ഗവൺമെന്റിന് ഈ നടപടി റാറ്റിഫൈ ചെയ്യാൻ പറ്റില്ല എന്നുപറയുവാൻ അർഹതയില്ല.

മി. സ്പീക്കർ: ഓർഡർ.....ഓർഡർ.....

ശ്രീ. ചെർക്കളം അബ്ദുള്ള: നിങ്ങൾ സംസാരിച്ചപ്പോൾ ഞാൻ ഇടപെട്ടില്ലല്ലോ, നിങ്ങൾ ആരു സംസാരിച്ചപ്പോഴും ഞാൻ ഇടപെട്ടില്ല. ഞാൻ സംസാരിക്കുമ്പോൾ നിങ്ങളും ഇടപെടണ്ട. ഗവൺമെന്റിന് ഡയറക്ഷൻ നൽകാൻ അധികാരമുണ്ട്. ഗവൺമെന്റ് ഡയറക്ഷൻ സ്വീകരിച്ച് നടപ്പാക്കുവാൻ ജി.സി.ഡി.എ. ബാധ്യസ്ഥമാണെന്നും നിയമോപദേശകർ അറിയിച്ചു. 5-2-2003-ന് ചേർന്ന എക്സിക്യൂട്ടീവ് കമ്മിറ്റി വീണ്ടും ഈ കാര്യം പരിഗണിച്ചു. അലോട്ടുമെന്റ് റദ്ദു ചെയ്യാനായിരുന്നു ഭൂരിപക്ഷ തീരുമാനം. ഇതിനെതിരെ കരാറുകാരൻ ഒ. പി. ഫയൽ ചെയ്തു. ഒരു മാസത്തിനകം അപേക്ഷ പരിഗണിക്കണമെന്നായിരുന്നു കോടതിവിധി. അലോട്ട്മെന്റ് റദ്ദ് ചെയ്യാൻ 22-2-2003-ന് ചേർന്ന എക്സിക്യൂട്ടീവ് കമ്മിറ്റി വീണ്ടും തീരുമാനിച്ചു. ഈ കാര്യങ്ങളെല്ലാം സെക്രട്ടറി ഗവൺമെന്റിലേക്ക് നിയമാനുസൃതമായി സമർപ്പിച്ചു, നിയമോപദേശത്തിന്റെ വെളിച്ചത്തിൽ. ഗവൺമെന്റ് ഇത് പരിശോധിച്ചതിൽ ഇ.എം.ഡി. ഉൾപ്പെടെ ഭൂമിയുടെ 50 ശതമാനം വില 2,37,43,643 രൂപ ലേലക്കാരൻ 26-11-2002-ൽ അടച്ചുവെന്നും ആദ്യ ദൈമാസ തവണയായി 43,10,657 രൂപയിൽ 40,00,000 രൂപ 10-1-2003-ൽ അടച്ചുവെന്നും ഫയലിൽ കാണുന്നു. തുക അടയ്ക്കുന്നതിൽ അൽപം കാലതാമസം സംഭവിച്ചുവെങ്കിലും ആകെ ഭൂമിയുടെ 50 ശതമാനം തുക 10-11-2002-ന് മുമ്പ് അടയ്ക്കേണ്ടതായിരുന്നു. ഇ.എം.ഡി. അഡ്ജസ്റ്റ് ചെയ്യാതെ 15 ശതമാനം പലിശ സഹിതം 10-4-2003-നു മുമ്പായി 10-1-2003, 10-3-2003 എന്നീ തീയതികളിൽ അടയ്ക്കേണ്ടിയിരുന്ന ഗഡുക്കൾ 10-4-2003-നു മുമ്പ് അടയ്ക്കാൻ ഹർജിക്കാരനെ അനുവദിക്കുവാൻ 26-3-2003-ൽ ജി.സി.ഡി.എ.-യ്ക്ക് ഗവൺമെന്റ് നിർദ്ദേശം നൽകിയിരുന്നു. ഗവൺമെന്റ് നിർദ്ദേശം സ്വീകരിക്കാമെന്ന് 9-4-2003-നു ജി.സി. ഭൂരിപക്ഷ തീരുമാനപ്രകാരം തീരുമാനിച്ചു. എന്നാൽ 11-4-2003-ൽ ചേർന്ന ജനറൽ കൗൺസിൽ 5-2-2003-ലെ ജി.സി. തീരുമാനം അലോട്ടുമെന്റ് ഉത്തരവായത് അനുസരിച്ച് റദ്ദ് ചെയ്യൽ ശരിവയ്ക്കാനും ഗവൺമെന്റ് തീരുമാനം പുനഃപരിശോധിക്കുവാൻ ഗവൺമെന്റിനോട് അപേക്ഷിക്കുവാനും തീരുമാനിച്ചു. ജനറൽ കൗൺസിലിന്റെ അപേക്ഷ ഗവൺമെന്റ് പരിഗണിച്ചുവരികയാണ്. അന്തിമ തീരുമാനം ആയിട്ടില്ല. ഡേറ്റും നമ്പരും ഒക്കെവച്ചുകൊണ്ടാണ് ഇത് വിശദമായി പറഞ്ഞത്. മറ്റൊരു കാര്യം, ഇവിടെ വീഗാലാന്റ് അടക്കമുള്ള അമ്യൂസ്മെന്റ് പാർക്കുകൾക്ക്.....(ബഹളം)..... നിങ്ങൾ പറഞ്ഞപ്പോൾ ഞാൻ സംസാരിച്ചില്ല.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ,.....

മി. സ്പീക്കർ: ചുരുക്കിപ്പറയണം.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ലീഗൽ ഒപ്പീനിയൻ എതിരായി വന്നിട്ടും ഗവൺമെന്റ് പിന്നെ എന്തിനാണ് റാറ്റിഫൈ ചെയ്തുകൊടുത്തത്?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ചെർക്കളം അബ്ദുള്ള: Delay condone ചെയ്യുക മാത്രമായിരുന്നു ഉണ്ടായത്. Delay condone ചെയ്തത്, എക്സിക്യൂട്ടീവ് കമ്മിറ്റി ചേർന്ന് ഗവൺമെന്റ് ആ നിർദ്ദേശം അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. ജനറൽ കൗൺസിൽ വന്നല്ലോ എന്ന ചോദ്യം പിന്നീടുവരുന്നതാണ്.

(ബഹളം)

മി. സ്പീക്കർ: ഓർഡർ.....ഓർഡർ.....

ശ്രീ. ചെർക്കളം അബ്ദുള്ള: ഞാൻ ആരോപണം നിഷേധിക്കുന്നു. നേരത്തെ പറഞ്ഞല്ലോ?

മി. സ്പീക്കർ: Yes.....Yes.....you continue..... ഇവരെ കൺട്രോൾ ചെയ്യാൻ പറ്റുന്നില്ല. ഓർഡർ..... ഓർഡർ.....Shri T. K. Balan.....you too..... Please....

ശ്രീ. ചെർക്കളം അബ്ദുള്ള: ടൂറിസം കൗൺസിലിന്റെ ഭാഗമായി പ്രവർത്തനം ആരംഭിക്കുന്ന നിരവധി ടൂറിസ്റ്റ് സെന്ററുകൾക്കും.....

(ബഹളം)

ഞാൻ സംസാരിക്കട്ടെ, നിങ്ങൾ ഇടപെടരുത്. നിങ്ങൾ പ്രസംഗിച്ചപ്പോൾ ഞാൻ ഇടപെട്ടില്ലല്ലോ. ഇന്ത്യയിൽ പല സംസ്ഥാനങ്ങളും ടൂറിസം വികസനത്തിനായിട്ടുള്ള അമ്യൂസ്മെന്റ് പാർക്കുകൾക്ക് നികുതി ഇളവ് നൽകിയിട്ടുണ്ട്. ഗുജറാത്ത്, മഹാരാഷ്ട്ര, ഉത്തർപ്രദേശ്, രാജസ്ഥാൻ എന്നീ സംസ്ഥാനങ്ങളിൽ ഇളവ് നൽകിയിട്ടുണ്ട്. ഇതു ക്യാബിനറ്റിന്റെ തീരുമാനമാണ്. ക്യാബിനറ്റിന്റെ തീരുമാനം അനുസരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല.

(ബഹളം)

മി. സ്പീക്കർ: This is not fair Devakumar.....this is not fair.....

ശ്രീ. ചെർക്കളം അബ്ദുള്ള: ധനകാര്യ വകുപ്പുമന്ത്രിയുടെ പ്രസ്താവനയിൽ തദ്ദേശ സ്വയംഭരണ വകുപ്പിലെ ചെലവ് കുറയ്ക്കണമെന്ന് ഉപദേശിച്ചത് തദ്ദേശ സ്വയംഭരണ വകുപ്പിനോടുള്ള എതിർപ്പുകൊണ്ടല്ല. ഞങ്ങൾ നിങ്ങളെപ്പോലെ ധാരാളിത്തം നടത്തിയില്ല. അമിതമായ ചെലവ് വരുത്തുന്നില്ല. അതു ഉണ്ടാകാതിരിക്കുവാൻ സൂക്ഷ്മതയോടെയുള്ള തീരുമാനത്തിന്റെ ഭാഗമാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ പ്രസ്താവനയിൽ പറഞ്ഞിട്ടുള്ളത്. അതു പറയുന്നതുകൊണ്ട് കാര്യമില്ല.

മി. സ്പീക്കർ: Please conclude.....സമയമില്ല. മണി രണ്ടരയായി.

ശ്രീ. ചെർക്കളം അബ്ദുള്ള: വർക്കല മുനിസിപ്പാലിറ്റിയുടെ വൈസ് പ്രസിഡന്റിനെ സത്യപ്രതിജ്ഞ ചെയ്യിച്ചില്ലെന്നുള്ള വാദം ഇവിടെ ഉണ്ടായി.

(ബഹളം)

മി. സ്പീക്കർ: This will not be in record. ചെയറിന്റെ അനുവാദമില്ലാതെ പറയുന്നത് രേഖയിൽ കാണില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. എൻ. രാജൻ ബാബു: കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് അഡ്വക്കേറ്റ് ജനറലിന്റെ ഓഫീസ് കമ്പ്യൂട്ടർവൽക്കരണത്തിന് ഫൈനാഷ്യൽ കോഡ് വയലേറ്റു ചെയ്തുവെന്ന് ശ്രീ. ഇ. കെ. നായനാർ ഇവിടെ പ്രഖ്യാപിച്ചത് അറിയാമോ?

ശ്രീ. ചെർക്കളം അബ്ദുള്ള: കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തെ അഴിമതിയെ സംബന്ധിച്ച് നമ്മൾ നടപടി സ്വീകരിക്കുവാൻ തുടങ്ങിയാൽ ഈ ഗവൺമെന്റിന് വേറെ ഒരു പണിയും ചെയ്യാൻ കഴിയില്ല എന്നതാണ് സത്യം.

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: ബഹുമാനപ്പെട്ട മിനിസ്റ്റർ.....

മി. സ്പീക്കർ: നിങ്ങൾ എല്ലാപേരും ഇങ്ങനെ തുടങ്ങിയാൽ അദ്ദേഹത്തിന്റെ സമയം നഷ്ടപ്പെടും. മണി രണ്ടര ആയി.

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: ഫൈനാൻഷ്യൽ കോഡും ടെണ്ടർ ഫോർമാലിറ്റീസുമൊക്കെ പറയുന്ന പ്രതിപക്ഷം, അവർ ഭരിച്ചിരുന്ന സമയത്ത് ഞാൻ ഇവിടെ ആധികാരികമായി പറയുന്നു, ലക്ഷക്കണക്കിന് രൂപ ടെണ്ടർ വിളിക്കാതെ പോവുകയായിരുന്നു.

ശ്രീ. ചെർക്കളം അബ്ദുള്ള: ബഷീർ സാർ പറഞ്ഞത് വളരെ ഗൗരവമായ കാര്യമാണ്. നിങ്ങൾ ഇതൊന്നും പാലിച്ചില്ല. ഒരു കാരണവശാലും പാലിച്ചിട്ടില്ല.

(ബഹളം)

മി. സ്പീക്കർ: ബഹുമാനപ്പെട്ട അംഗങ്ങൾ അവരവരുടെ സ്ഥാനത്തിരിക്കണം. ശ്രീ. മോയിൻകുട്ടി..... പ്ലീസ്.....മിനിസ്റ്റർ.....

(ബഹളം)

ശ്രീ. ചെർക്കളം അബ്ദുള്ള: സംസ്ഥാനത്തെ തെരഞ്ഞെടുപ്പ് സംബന്ധിച്ച കാര്യങ്ങൾ നോക്കുന്നത് ഇലക്ഷൻ കമ്മീഷനാണ്. ഇലക്ഷൻ കമ്മീഷൻ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ കീഴിലാണ്. ഒരാൾ സത്യപ്രതിജ്ഞ ചെയ്യേണ്ടത് ചെയർമാൻ ഇല്ലെങ്കിൽ വൈസ് ചെയർമാൻ മുമ്പാകെയാണ്. വൈസ് പ്രസിഡന്റിനെ തെരഞ്ഞെടുത്താൽ സത്യപ്രതിജ്ഞ ചെയ്തുകൊടുക്കുവാൻ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാന് അധികാരമില്ല. ആ കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയാൽ നിശ്ചയിക്കുന്ന ആളിന് സത്യപ്രതിജ്ഞ ചെയ്തുകൊടുക്കാം.

സർ, ഇന്നലെ ബഹുമാനപ്പെട്ട എം.എൽ.എ. പിരപ്പൻകോട് മുരളിയാണ് ഈ കാര്യം എന്റെ ശ്രദ്ധയിൽപ്പെടുത്തിയത്. ഞാൻ അദ്ദേഹത്തെ വിളിച്ച് കാര്യങ്ങൾ അന്വേഷിച്ച്, ഉടനേ തന്നെ മറുപടി നൽകി. 17-ാം തീയതി ചെയർമാന്റെ തെരഞ്ഞെടുപ്പ് വച്ചിരിക്കുന്നതു കൊണ്ട് അതിനിടയിൽ വേറൊരു സത്യപ്രതിജ്ഞയ്ക്കുവേണ്ടി ആളിനെ നിശ്ചയിക്കേണ്ടതില്ല എന്നുള്ള കാര്യം അദ്ദേഹത്തെ ബോധ്യപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. എം.ബി.എ.-കാരെയൊക്കെ പഞ്ചായത്ത് സെക്രട്ടറിമാരാക്കി എന്നാണ് ഇവിടെ ആരോപണം ഉന്നയിച്ചത്. പി.എസ്.സി.-യിൽ നിന്ന് പുതുതായി 126 സെക്രട്ടറിമാരെ നിയമിച്ചിട്ടുണ്ട്. ഉദ്യോഗസ്ഥൻമാർക്കാർക്കും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഉന്നതാധികാരമില്ല. .....(ബഹളം).....ഈ സംസ്ഥാനത്ത് കേരള വികസന പദ്ധതി നടപ്പിലാക്കുന്നതിന് ക്രിയാത്മകമായ നിർദ്ദേശം നൽകിയിട്ടുണ്ട്. നവീന വികസന സമീപനം സംസ്ഥാനത്തെ ജനങ്ങളിലുള്ള ദൈനംദിന ജീവിതത്തിന്റെ സമസ്ത

LIBRARY ARCHIVES Kerala Legislative Assembly

മേഖലകളേയും സ്പർശിക്കുന്ന നൂതന സംരംഭങ്ങളാണ്. വികസനത്തിൽ രാഷ്ട്രീയം വേണ്ട എന്നുള്ള സമീപനം സ്വീകരിച്ചിരിക്കുന്ന തദ്ദേശ സ്വയംഭരണ വകുപ്പ് കേരള വികസന പദ്ധതി നടപ്പിലാക്കുകയാണ്. .....(ബഹളം).....വിവര സാങ്കേതിക വിദ്യയുടെയും ആധുനിക സംവിധാനങ്ങളുടെയും ലഭ്യത, ഇ-ഗവേണൻസ്, അധികാര വികേന്ദ്രീകരണം ഫലപ്രദമാക്കി മുന്നോട്ടുപോകുകയാണ്. ജനകീയാസൂത്രണത്തിലെ ധനവിനിയോഗത്തിലെ ക്രമക്കേടുകൾ, അതിലുള്ള ദുർവിനിയോഗം കണ്ടെത്തി അതിനെതിരെ നടപടികൾ സ്വീകരിച്ചു വരുകയാണ്. പദ്ധതി പണം ധൂർത്തടിക്കുന്നത്, ജൂൺ 12-ാം തീയതി ചേർന്ന പ്ലാനിംഗ് കമ്മീഷന്റെ അഭിപ്രായം ഞാൻ ഇവിടെ പറയാൻ ആഗ്രഹിക്കുകയാണ്..... (ബഹളം).....Kerala is a pioneer in decentralisation. Particularly in the decentralisation.....(ബഹളം).....

മി. സ്പീക്കർ: ഓർഡർ, ഓർഡർ, നിങ്ങൾ ബഹളമുണ്ടാക്കിയാൽ ഒന്നും നടക്കുകയില്ല.....സാവധാനം കാര്യങ്ങൾ ചോദിച്ചാലല്ലേ കാര്യങ്ങൾ പറയാൻ കഴിയുകയുള്ളൂ.....(ബഹളം).....

ശ്രീ. ചെർക്കളം അബ്ദുള്ള: സർ, നേരത്തേ 9-ാം തീയതി ഇറക്കിയ ഓർഡറിനെ കുറിച്ച് പറയുകയുണ്ടായി.....(ബഹളം).....

മി. സ്പീക്കർ: നിങ്ങൾ കാര്യങ്ങൾ പറയാൻ സമ്മതിക്കുകയില്ലേ? പിന്നെ എങ്ങനെയാണ് പറയുന്നത് .....(ബഹളം).....

ശ്രീ. ചെർക്കളം അബ്ദുള്ള: 1996 ഡിസംബർ മുതൽ 20-12-2001 വരെ ഇറക്കിയ 13 ജി.ഒ.-കളും പരിഷ്കരിച്ചുകൊണ്ട് ഈ സംസ്ഥാനത്ത് കേരള വികസന പദ്ധതി കാര്യക്ഷമവും സുതാര്യവുമാക്കുന്നതിനുവേണ്ടിയുള്ള ഒരു സമീപനം..... (ബഹളം).....ഞാൻ പറയുന്നത് നിങ്ങൾ കേൾക്കൂ.....(ബഹളം)..... ഈ സംസ്ഥാനത്ത് നിങ്ങളടക്കം ഭരിച്ചിരുന്ന കാലഘട്ടത്തിൽ വികേന്ദ്രീകൃത ആസൂത്രണ പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനാണ് ഏറ്റവും കൂടുതൽ സമയം എടുത്തത്. അത് മാറ്റിയെടുക്കുന്നതിനും ഒരു സാമ്പത്തിക അടിത്തറയുണ്ടാക്കിക്കൊണ്ട് സാമ്പത്തിക നിയന്ത്രണത്തിലൂടെ ഈ സംസ്ഥാനത്ത് സാമ്പത്തിക അച്ചടക്കം നിലനിർത്തിക്കൊണ്ടു പോകണമെന്ന് ഈ ഗവൺമെന്റ് ആഗ്രഹിച്ചു. അതിന്റെ അടിസ്ഥാനത്തിലാണ് പഞ്ചവൽസരപദ്ധതികൾ ഈ സംസ്ഥാനത്ത് നടപ്പിലാക്കിയത്. പഞ്ചവൽസരപദ്ധതികളുടെ ഫലം എന്താണ്? കഴിഞ്ഞ വർഷം നവംബർ മാസം 1-ാം തീയതിയാണ് പഞ്ചായത്തുകൾ പ്ലാൻ സമർപ്പിക്കപ്പെട്ടത്. അത് അംഗീകരിച്ചു വരുമ്പോൾ ഡിസംബർ മാസമാകും. കഴിഞ്ഞ വർഷം മൂന്നു മാസം മാത്രമാണ് പ്ലാൻ നടപ്പിലാക്കുന്നതിനു വേണ്ടിയുള്ള സമയം ലഭിച്ചത്. ഈ വർഷം മേയ് മാസം 12-നു മുമ്പായി പ്ലാൻ അപ്രൂവ് ചെയ്ത് വാങ്ങിക്കണമെന്ന് നിർദ്ദേശം നൽകി. ഈ വർഷം ഒന്നര മാസം ആസൂത്രണത്തിനും പത്തര മാസം പ്ലാൻ നിർവ്വഹിക്കുന്നതിനുമാവശ്യമായ നടപടികൾക്ക് കൂടി സമയം ലഭിച്ചു. അടുത്ത വർഷമാകുമ്പോൾ മാർച്ച് മാസത്തിൽ ബഡ്ജറ്റും പ്ലാനും ഒന്നിച്ച് അവതരിപ്പിച്ചുകൊണ്ട് ഈ സംസ്ഥാനത്തിന്റെ ചരിത്രത്തിൽ ആദ്യമായി 12 മാസവും പ്ലാൻ നടപ്പിലാക്കുന്നതിനാവശ്യമായ നടപടികളുടെ ഭാഗമാണ് 9-ാം തീയതി ഇറക്കിയിട്ടുള്ള ഉത്തരവ് .....(ബഹളം).....

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ: Shri K. P. Rajendran, please resume your seat. No, I didn't permit you. Nothing will go in record. I didn't permit you to speak. ഒരു നേതാവിന്റെ ഭാഷ ഇതാണല്ലേ? ഒരു നേതാവ് നേതാവിന്റെ സ്റ്റാറ്റസ് മനസ്സിലാക്കണം..... Please resume your seat.

ശ്രീ. ചെർക്കളം അബ്ദുള്ള: ബഹളം വച്ചതുകൊണ്ട് കാര്യമില്ല. ഞാൻ പറയുന്നത് കേൾക്കൂ.

പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): ജി.സി.ഡി.എ.-യിൽ കൊച്ചിൻ മേയറും ബഹുമാനപ്പെട്ട കെ. ബാബുവും ഉൾപ്പെട്ട ജനപ്രതിനിധികളടങ്ങുന്ന കൗൺസിൽ എടുത്ത തീരുമാനത്തെ ഉദ്യോഗസ്ഥൻമാരുടെ എക്സിക്യൂട്ടീവിന്റെ ഭൂരിപക്ഷം ഉപയോഗിച്ചാണ് തടഞ്ഞതെന്നു പറയുന്നതിൽ ശരിയുണ്ടോ? എന്താണ് അതിന്റെ യഥാർത്ഥ വസ്തുത?

ശ്രീ. ചെർക്കളം അബ്ദുള്ള: ആ കാര്യം സംബന്ധിച്ച് പരിശോധിച്ചു വരുകയാണ്.....(ബഹളം)..... പരിശോധിച്ചു മാത്രമേ നടപടി എടുക്കാൻ കഴിയുകയുള്ളൂ .....(ബഹളം)..... പരിശോധിച്ചതിനുശേഷം മാത്രമേ .....(ബഹളം)..... നിങ്ങൾ പറഞ്ഞല്ലോ ഞങ്ങളുടെ കയ്യിൽ ഒരുപാട് തെളിവുണ്ടെന്ന്. എത്ര തെളിവുകളാണ് നിങ്ങളുടെ കയ്യിൽ ഉള്ളത്? കഴിഞ്ഞ മാസം 25-ാം തീയതി മുതൽ, ബഡ്ജറ്റ് ധനാഭ്യർത്ഥന ചർച്ച ആരംഭിച്ചതുമുതൽ 16-ാം തീയതി ബഡ്ജറ്റ് ചർച്ച അവസാനിക്കുന്നതുവരെ എത്ര കോടികളുടെ കണക്കാണ് നിങ്ങൾ അഴിമതിയുടെ കാര്യത്തിൽ കാണിച്ചത്? കോടികളെക്കുറിച്ച് നിങ്ങൾ അറിയുന്നില്ല. കോടികളെക്കുറിച്ച് പറയുമ്പോൾ കാസർകോട്ടുള്ള ഒരു തൊപ്പിക്കച്ചവടക്കാരന്റെ കഥയാണ് എനിക്ക് ഓർമ്മ വരുന്നത്. വിദേശ രാജ്യങ്ങളിലേക്ക് കൈകൊണ്ട് തുന്നിയുണ്ടാകുന്ന തൊപ്പി കയറ്റി അയയ്ക്കുന്ന കുറേ കച്ചവടക്കാർ ഉണ്ടായിരുന്നു. ഒരാളുടെ വീട്ടിൽ അയാളുടെ ബന്ധു പുറംരാജ്യത്തുനിന്ന് വിരുന്നു വന്നപ്പോൾ പറഞ്ഞു, ഞാനിന്ന് തിരക്കിലാണെന്ന്, എന്താണെന്ന് ചോദിച്ചപ്പോൾ പറഞ്ഞത് 10 കോടി തൊപ്പി എക്സ്പോർട്ട് ചെയ്യണം. 10 കോടി തൊപ്പി എക്സ്പോർട്ട് ചെയ്തില്ലെങ്കിൽ എന്റെ എക്സ്പോർട്ടിംഗ് പരിപാടി നടക്കുകയില്ലായെന്ന്. അപ്പോൾ വിരുന്നുകാരൻ ചോദിച്ചു ഇത്രയൊക്കെ തൊപ്പി എവിടേക്കാണ് അയയ്ക്കുന്നത്? ലോകത്തിന്റെ എല്ലാ ഭാഗത്തേക്കും അയയ്ക്കുമോ എന്നു ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞത്, ഒരു കോടി തൊപ്പി എന്നു പറയുന്നത് 24 എണ്ണമാണ്. ആ 24 എണ്ണത്തിന് ഒരു കോടി തൊപ്പി എന്നാണ് പറയുന്നത്. അതുപോലെയുള്ള കോടികളുടെ കണക്കാണ് നിങ്ങൾ പറഞ്ഞത്.....(ബഹളം)..... ഞങ്ങൾ അപ്പുറത്തിരുന്നവരാണ് .....(ബഹളം)..... നിങ്ങൾ കേൾക്കൂ.....(ബഹളം).....

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ബഹുമാനപ്പെട്ട മന്ത്രി കുറേ ആരോപണങ്ങൾക്ക് ഇവിടെ മറുപടി പറഞ്ഞു. ശ്രീ. ജയരാജൻ എഴുതിക്കൊടുത്ത 11 ആരോപണങ്ങളിൽ ബഹുമാനപ്പെട്ട മന്ത്രി 5 മുതൽ 11 വരെയുള്ള ആരോപണങ്ങൾക്ക് മറുപടി പറഞ്ഞു. വീഗാലാൻഡിനെ സംബന്ധിച്ചുള്ളതും, 25 ഏക്കർ ഭൂമി ക്രമവിരുദ്ധമായി മകന്റെ പേരിൽ വാങ്ങിയതു സംബന്ധിച്ചും.....

മി. സ്പീക്കർ: അതൊക്കെ പറഞ്ഞല്ലോ? ബഹളം കാരണം നിങ്ങൾ കേട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: അങ്ങ് ഇതെല്ലാം നിഷേധിക്കുകയാണെങ്കിൽ ശ്രീ. എം. വി. ജയരാജൻ ഉന്നയിച്ചതും ശ്രീ. ദേവകുമാർ ഉന്നയിച്ചതുമായ ആരോപണങ്ങൾ സംബന്ധിച്ച് അങ്ങ് ഒരന്വേഷണത്തിന് വിധേയമാകാൻ തയ്യാറാകുമോ?

ശ്രീ. ചെർക്കളം അബ്ദുള്ള: ഞാൻ ചോദിക്കട്ടെ, കഴിഞ്ഞ പ്രാവശ്യം ഞങ്ങളൊക്കെ അപ്പുറത്തിരുന്നവരാണ്. ഞങ്ങളൊക്കെ ഉന്നയിച്ച അഴിമതിയാരോപണങ്ങൾ എത്രയായിരുന്നു എന്ന് നിങ്ങൾക്കറിയില്ല. ഒരു പ്രാവശ്യം ശ്രീ. കോടിയേരി ബാലകൃഷ്ണൻ ഉണ്ടായിരുന്നല്ലോ?..... (ബഹളം).....

മി. സ്പീക്കർ: Mr. Devakumar, you are exceeding the limit.

ശ്രീ. ചെർക്കളം അബ്ദുള്ള: അന്നത്തെ മുഖ്യമന്ത്രിയായിരുന്ന ബഹുമാനപ്പെട്ട നായനാർ പറഞ്ഞത് എന്താണ്? നിങ്ങളുടെയടുത്ത് തെളിവുണ്ടെങ്കിൽ ലോകായുക്തയില്ലേ എന്ന് ഞങ്ങളോട് ചോദിച്ചു. നിരവധി അഴിമതിയാരോപണങ്ങൾ ഞങ്ങൾ ഉന്നയിച്ചിട്ടു പോലും അന്നത്തെ ഗവൺമെന്റിൽ നിന്നുണ്ടായ മറുപടി അതായിരുന്നു.

മി. സ്പീക്കർ: Now you please conclude.

ശ്രീ. ചെർക്കളം അബ്ദുള്ള:.....(ബഹളം)..... 4 മാസത്തെ ഗഡുക്കൾ ഇപ്പോൾ വിതരണം ചെയ്യുന്നു. ശേഷിക്കുന്നവ ആഗസ്റ്റ് മാസം മുതൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള ഗഡുക്കൾ ഓരോ മാസം വീതമാണ് വിതരണം ചെയ്യുന്നത്. അതിൽ നിങ്ങൾക്ക് ആശങ്ക വേണ്ട. ഇവരുടെ ആശങ്കയെല്ലാം അസ്ഥാനത്തായിപ്പോകും. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഇപ്പോൾ നൽകുന്ന നാലു മാസത്തെ ഗഡുവും ഇനി നൽകാനിരിക്കുന്ന 8 മാസത്തെ ഗഡുവും മാർച്ച് 31 വരെ ചെലവഴിക്കുന്നതിന് യാതൊരുവിധത്തിലുള്ള ട്രഷറി നിയന്ത്രണവും ഉണ്ടാകുകയില്ലായെന്നുള്ളത് ഒരു പക്ഷേ ചരിത്രത്തിൽ ആദ്യമായിട്ടായിരിക്കും. അങ്ങനെയുള്ള ഒരു സുതാര്യമായ സമീപനം സ്വീകരിച്ചുകൊണ്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനു വേണ്ടിയുള്ള ഒരു സംവിധാനമാണ് ഞങ്ങൾ ആലോചിച്ചുകൊണ്ടിരിക്കുന്നത്.

മി. സ്പീക്കർ: Minister, Minister, you must hear me. You must conclude within another two minutes. ഒരുപാട് സമയമായി.....

ശ്രീ. ചെർക്കളം അബ്ദുള്ള: ആദ്യമായി വികലാംഗർക്കും വൃദ്ധർക്കും കുട്ടികൾക്കും 5% നീക്കിവച്ചു. ബിനാമി കരാർ ഒഴിവാക്കാൻ ഇവിടെ പലരും പ്രസംഗിച്ചല്ലോ, പ്രവർത്തന ക്ഷേമനിധി വർദ്ധിപ്പിക്കാൻ സാമ്പത്തിക അച്ചടക്കം നടപ്പാക്കി. മുനിസിപ്പാലിറ്റികളിൽ double entry system-വും പഞ്ചായത്തുകളിൽ Semi double entry system-വും നടപ്പിലാക്കുകയും സാമ്പത്തിക പ്രശ്നങ്ങളെ സംബന്ധിച്ച് ഉദ്യോഗസ്ഥൻമാർക്കാവശ്യമായ ട്രെയിനിംഗ് 'കില' യിലൂടെ നടപ്പാക്കുകയും ചെയ്തു. മിനിസ്റ്റീരിയൽ സ്റ്റാഫായ 1230 പേരേയും, ടെക്നിക്കൽ സ്റ്റാഫായ പൊതുമരാമത്ത് വകുപ്പിലെ 1540 പേരേയും വാട്ടർ റിസോഴ്സസിൽ നിന്നും 1409 പേരേയും അങ്ങനെ ആകെ 3639 പേരെ ഇതിനകം പുനർവിന്യസിച്ചുകഴിഞ്ഞു. 1999-ലെ നിങ്ങളുടെ സ്വപ്നം, അതിൽ അവിഹിതമായ യാതൊരിടപെടലുമില്ല.....(ബഹളം).....നിങ്ങൾ ഇങ്ങനെ പറഞ്ഞാൽ മാത്രം പോരാ, പഞ്ചായത്തിൽ ഇപ്പോൾ 1536 പേരെ പി.എസ്.സി.-യിൽ നിന്നും നിയമിച്ചു. മുനിസിപ്പാലിറ്റികളിൽ 1173 പേരെ നിയമിച്ചു. പഞ്ചായത്തുകളിലെ പ്രവർത്തനത്തിന് തനത്

LIBRARY ARCHIVES Kerala Legislative Assembly

ഫണ്ട് വർദ്ധിപ്പിക്കാൻ നികുതിപിരിവ് ഊർജ്ജിതമാക്കി. 86 മുതൽ 100% വരെ അത് കൊണ്ടുവരാൻ കഴിഞ്ഞു. കഴിഞ്ഞ കാലത്തൊക്കെ സർക്കാർ കൊടുത്ത പ്ലാൻ ഫണ്ട് ഉപയോഗിച്ചായിരുന്നു തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനം നടത്തിയിരുന്നതെങ്കിൽ വലിയൊരു മാറ്റം കേരളത്തിൽ വരുത്താൻ കഴിഞ്ഞു. 100% നികുതി പിരിച്ചെടുത്ത പഞ്ചായത്തുകൾ കഴിഞ്ഞ വർഷം 192 ആണ്. കാര്യക്ഷമമായ ഒരു അക്കൗണ്ടിംഗ് സംവിധാനം ആരംഭിക്കുകയാണ്. പൂവച്ചൽ ഇതു സംബന്ധിച്ചുള്ള പൈലറ്റ് പ്രോഗ്രാം ആരംഭിച്ചു. അതിനുശേഷം ചെങ്കള, കുമ്പള പഞ്ചായത്തുകളിൽക്കൂടി ആരംഭിക്കും.....(ബഹളം).....

മി. സ്പീക്കർ: അങ്ങനെയുള്ള മൈനർ കാര്യങ്ങളൊന്നും പറയണ്ട.....These are all minor points.

ശ്രീ. ചെർക്കളം അബ്ദുള്ള: അക്കൗണ്ട് മാനുവലിന്റെ റൂളുകൾക്ക് രൂപം കൊടുത്ത് 2004 ജനുവരി മുതൽ പുതിയ അക്കൗണ്ടിംഗ് സംവിധാനം ആരംഭിക്കും. ഡിസംബർ മാസത്തോടെ നിലവിലുള്ള ചിട്ടപ്പെടുത്തിയ കമ്പ്യൂട്ടറിലുള്ള എല്ലാ കണക്കുകളും രേഖപ്പെടുത്തും. അങ്ങനെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പദ്ധതി നടത്തിപ്പ്, കണക്ക് സൂക്ഷിപ്പ് എന്നിവയുടെ അപാകതകൾ പൂർണ്ണമായും ഇല്ലാതാക്കും. പെർഫോർമൻസ് ആഡിറ്റ് കാര്യക്ഷമമാക്കിയെന്നു മാത്രമല്ല, ഇവിടെ പലരും ശങ്കിച്ച തുപോലെ അഴിമതി മുഴുവൻ കണ്ടെത്തുക മാത്രമല്ല, റവന്യൂ റിക്കവറി വഴി അത് തിരിച്ചു പിടിക്കുന്നതിനുള്ള പ്രവർത്തനങ്ങളും തുടർന്നു വരികയാണ്.....(ബഹളം).....അന്താരാഷ്ട്ര നിലവാരമുള്ള 'കില' യാണ് ഇക്കാര്യത്തിൽ ട്രെയിനിംഗ് നൽകിക്കൊണ്ടിരിക്കുന്നത്. കപ്പാസിറ്റി ബിൽഡിംഗ്, ഭരണ പരിഷ്കാരത്തിന്റെ ഭാഗമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഫിനാൻസ് മാനേജ്മെന്റിന് നാലു കോടി രൂപ അനുവദിച്ചിട്ടുണ്ട്. രണ്ടാം ധനകാര്യ കമ്മീഷനെക്കുറിച്ച് ഇവിടെ പറഞ്ഞു, രണ്ടാം ധനകാര്യ കമ്മീഷന്റെ റിപ്പോർട്ട് മന്ത്രിസഭാ ഉപസമിതിയുടെ പരിഗണനയിലാണ്. ഏതാനും ദിവസങ്ങൾക്കകം ക്യാബിനറ്റിൽ റിപ്പോർട്ട് സമർപ്പിക്കാൻ ഉദ്ദേശിക്കുന്നു. പരാതി പരിഹാര അദാലത്ത് ഈ സംസ്ഥാനത്ത് നടപ്പിലാക്കി. ജനോപകാരപ്രദമായി പ്രശ്നങ്ങൾ പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചു.....(ബഹളം)..... പൗരാവകാശ രേഖ പ്രകാശനം ചെയ്തു. സംസ്ഥാനത്ത് കുറേ വർഷങ്ങളായി നടപ്പിലാക്കാതിരുന്ന ഡെപ്പോസിറ്റ് വർക്കുകളെല്ലാം ഈ വർഷം ഡിസംബർ 31-നു മുമ്പായി പൂർത്തിയാക്കാനാവശ്യമായ നടപടികൾ സ്വീകരിച്ചു. പ്രൊഫഷണൽ ആഡിറ്റിംഗ് തത്വത്തിൽ അംഗീകരിച്ചു. പ്ലാൻ ഫണ്ടിനെപ്പറ്റി നേരത്തെ ഇവിടെ പറഞ്ഞു. വി.റ്റി.സി.ഗ്രാന്റ്, റൂറൽ പൂൾ ഗ്രാന്റ്, സ്റ്റാമ്പ് ഡ്യൂട്ടി, ബേസിക് ടാക്സ് ഗ്രാന്റ് ഇവ യഥാക്രമം 150 കോടി, 72 കോടി, 101 കോടി, 7 കോടി എന്നു പറഞ്ഞു.....(ബഹളം).....പല കാര്യങ്ങളും എനിക്കിവിടെ പറയാനുണ്ട്. ഇന്നുള്ള ആരോപണങ്ങളെല്ലാം നിഷേധിക്കുന്നു.....(ബഹളം).....

മി. സ്പീക്കർ: Yes .....conclude. ഒരു അലിഗേഷന് മറുപടി പറഞ്ഞില്ലെങ്കിൽ the inference you can take. No, No..... you sit down. അല്ലാതെ വെറുതെ ബഹളമുണ്ടാക്കുകയല്ല വേണ്ടത്. ഏതെങ്കിലും .....(ബഹളം)..... മന്ത്രി അലിഗേഷന് മറുപടി പറഞ്ഞില്ലെങ്കിൽ the inference you can take. എനിക്ക് ഇന്നത് പറയണമെന്ന് പറയാൻ അധികാരമില്ല. അലിഗേഷനുണ്ടെങ്കിൽ അതിന് മന്ത്രി മറുപടി പറയണം. ബഹുമാനപ്പെട്ട. മന്ത്രിയോട് എനിക്ക് ഒരു ചോദ്യമുണ്ട്. ഇവിടെ ശ്രീ. സ്റ്റീഫൻ ജോർജ് സംസാരിച്ചപ്പോൾ അദ്ദേഹം പഞ്ചായത്ത് ഡയറക്ടറെ ഫോണിൽ വിളിക്കുകയും.....

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ചെർക്കളം അബ്ദുള്ള: സോറി സാർ, എന്റെ ഡിപ്പാർട്ടുമെന്റിലുള്ള ഏതെങ്കിലും ഉദ്യോഗസ്ഥർ ഏതെങ്കിലും എം.എൽ.എ.-മാർ ഏതെങ്കിലും കാര്യങ്ങൾ പറയുന്നതിനുവേണ്ടി വിളിക്കുമ്പോൾ അങ്ങനെയുള്ള ഒരു അഭിപ്രായം രേഖപ്പെടുത്തിയിട്ടുണ്ടെങ്കിൽ, ഫോൺ കൊടുക്കാതിരുന്നിട്ടുണ്ടെങ്കിൽ അത് അന്വേഷിച്ച് ആവശ്യമായ നടപടി സ്വീകരിക്കാം. ധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: An insult to a member of this House is an insult to this House. ഒരു കാര്യം ഞാൻ പറയാം, ബഹുമാനപ്പെട്ട അംഗങ്ങൾ ന്യായമായ അവരുടെ കൃത്യനിർവ്വഹണത്തിന്റെ ഭാഗമായി ഏതെങ്കിലും ഉദ്യോഗസ്ഥന്മാരെ ബന്ധപ്പെട്ടാൽ, അവർ ആ മെമ്പറെ ഇൻസൾട്ടു ചെയ്താൽ, ഞാൻ പ്രിവിലേജ് എടുക്കും, അതിൽ യാതൊരു സംശയവുമില്ല. Don't insult the members .....(ബഹളം).....

ധനാഭ്യർത്ഥന നമ്പർ XXX—ഭക്ഷ്യം

സർവ്വശ്രീ മത്തായി ചാക്കോ, കെ. പി. മോഹനൻ, കെ. പി. രാജേന്ദ്രൻ, സാജു പോൾ, പി. ജയരാജൻ, എൻ. രാജൻ, കോടിയേരി ബാലകൃഷ്ണൻ, കോവൂർ കുഞ്ഞുമോൻ, വി. ചെന്താമരാക്ഷൻ, ടി. കെ. ദേവകുമാർ, കെ. വി. കുഞ്ഞിരാമൻ, കെ. രാധാകൃഷ്ണൻ, വി. കെ. സി. മമ്മത്കോയ, എ. എ. അസീസ്, വി. സി. കബീർ, ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ, ശ്രീമതി ഗിരിജാ സുരേന്ദ്രൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ XXX-ാം നമ്പർ ധനാഭ്യർത്ഥനയ്ക്കുനേരെ അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചു.

മി. സ്പീക്കർ: ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2003-2004 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രശ്നം സംബന്ധിച്ച്.....

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ടുരേഖപ്പെടുത്തി)

അനുകൂലിക്കുന്നവർ — 67

1. ശ്രീ. ചെർക്കളം അബ്ദുള്ള
2. ,, കളത്തിൽ അബ്ദുള്ള
3. ,, പി. കെ. അബ്ദുറബ്ബ്
4. ,, കെ. അച്ചുതൻ
5. ,, സി. ടി. അഹമ്മദ് അലി
6. ,, എ. പി. അനിൽകുമാർ

LIBRARY ARCHIVES Kerala Legislative Assembly

7. ശ്രീ. എ. കെ. ആന്റണി
8. ,, ഇ. എം. അഗസ്തി
9. ,, കെ. ബാബു
10. ,, ബാബു ദിവാകരൻ
11. ,, ആർ. ബാലകൃഷ്ണപിള്ള
12. ,, ടി. വി. ചന്ദ്രമോഹൻ
13. ,, കെ. എ. ചന്ദ്രൻ
14. ശ്രീമതി കെ. ആർ. ഗൗരിയമ്മ
15. ശ്രീ. എം. എം. ഹസ്സൻ
16. ,, വി. കെ. ഇബ്രാഹിം കുഞ്ഞ്
17. ,, ടി. എം. ജേക്കബ്
18. ,, ജോണി നെല്ലൂർ
19. ,, കെ. സി. ജോസഫ്
20. ,, ജോസഫ് എം. പുതുശ്ശേരി
21. ,, പി. ജെ. ജോയി
22. ,, വർക്കല കഹാർ
23. ,, ജി. കാർത്തികേയൻ
24. ,, കെ. കെ. നായർ
25. ഡോ. എം. എ. കുട്ടപ്പൻ
26. ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി
27. ,, ലൂഡി ലൂയിസ്
28. ,, സി. മമ്മൂട്ടി
29. ,, കെ. എം. മാണി
30. ശ്രീമതി മേഴ്സി രവി
31. ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ
32. ,, കെ. മോഹൻകുമാർ
33. ,, സി. മോയിൻകുട്ടി
34. ,, ആര്യാടൻ മുഹമ്മദ്
35. ,, എം. കെ. മുനീർ
36. ,, എം. മുരളി
37. ,, എഴുകോൺ നാരായണൻ
38. ,, വി. ജെ. പൗലോസ്
39. ,, ടി. എൻ. പ്രതാപൻ
40. ,, ജി. പ്രതാപവർമ്മ തമ്പാൻ
41. ,, ടി. യു. രാധാകൃഷ്ണൻ
42. ശ്രീമതി രാധാരാഘവൻ
43. ശ്രീ. എം. വി. രാഘവൻ
44. ,, എ. എൻ. രാജൻ ബാബു
45. ,, തേറമ്പിൽ രാമകൃഷ്ണൻ

LIBRARY ARCHIVES Kerala Legislative Assembly

46. ശ്രീ. റോഷി അഗസ്റ്റിൻ
47. ,, എൻ. ശക്തൻ
48. ,, പി. ശങ്കരൻ
49. ,, കെ. ശങ്കരനാരായണൻ
50. ശ്രീമതി മാലേത്ത് സരളാദേവി
51. ശ്രീ. വി. ഡി. സതീശൻ
52. പ്രൊഫ. സാവിത്രി ലക്ഷ്മണൻ
53. ശ്രീ. കെ. കെ. ഷാജു
54. ,, കടവൂർ ശിവദാസൻ
55. ശ്രീമതി ശോഭനാ ജോർജ്
56. ശ്രീ. നാലകത്ത് സൂപ്പി
57. ,, സ്റ്റീഫൻ ജോർജ്
58. ,, കെ. സുധാകരൻ
59. ,, ഡി. സുഗതൻ
60. ,, എ. സുജനപാൽ
61. ,, എൻ. സുന്ദരൻ നാടാർ
62. ,, സി. എഫ്. തോമസ്
63. പ്രൊഫ. കെ. വി. തോമസ്
64. ശ്രീ. പി. ടി. തോമസ്
65. ,, തോമസ് ചാഴികാടൻ
66. ,, എം. എ. വാഹീദ്
67. ,, കെ. സി. വേണുഗോപാൽ.

പ്രതികൂലിക്കുന്നവർ —35

1. ശ്രീ. വി. എസ്. അച്ചുതാനന്ദൻ
2. ,, മഞ്ഞളാംകുഴി അലി
3. ,, എ. എ. അസീസ്
4. ,, കോടിയേരി ബാലകൃഷ്ണൻ
5. ,, എ. കെ. ബാലൻ
6. ,, ടി. കെ. ബാലൻ
7. ,, ബിനോയ് വിശ്വം
8. ,, വി. കെ. ചന്ദ്രൻ
9. ,, വി. ചെന്താമരാക്ഷൻ
10. ,, ടി. കെ. ദേവകുമാർ
11. ,, പി. സി. ജോർജ്
12. ശ്രീമതി ഗിരിജാ സുരേന്ദ്രൻ
13. ശ്രീ. കെ. കെ. ജയചന്ദ്രൻ
14. ,, എം. വി. ജയരാജൻ
15. ,, പി. ജയരാജൻ

LIBRARY ARCHIVES Kerala Legislative Assembly

16. ഡോ. കെ. സി. ജോസഫ്
17. ശ്രീ. വി. സി. കബീർ
18. ,, എം. കുമാരൻ
19. ,, കെ. വി. കുഞ്ഞിരാമൻ
20. ,, കോവൂർ കുഞ്ഞുമോൻ
21. ,, വി. കെ. സി. മമ്മത്കോയ
22. ,, മത്തായി ചാക്കോ
23. ,, കെ. പി. മോഹനൻ
24. ,, പിരപ്പൻകോട് മുരളി
25. ,, സി. കെ. നാണു
26. ,, കെ. രാധാകൃഷ്ണൻ
27. ,, മാങ്കോട് രാധാകൃഷ്ണൻ
28. ,, എൻ. രാജൻ
29. ,, കെ. പി. രാജേന്ദ്രൻ
30. ,, രാജു എബ്രഹാം
31. ,, സാജു പോൾ
32. ,, കെ. പി. സതീശ് ചന്ദ്രൻ
33. ,, എ. സി. ഷൺമുഖദാസ്
34. ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ
35. ഡോ. ടി. എം. തോമസ് ഐസക്.

നിഷ്പക്ഷത പാലിക്കുന്നവർ — ആരുമില്ല.

മി. സ്പീക്കർ:

അനുകൂലിക്കുന്നവർ — 67

പ്രതികൂലിക്കുന്നവർ — 35

നിഷ്പക്ഷത പാലിക്കുന്നവർ — ആരുമില്ല.

ധനാഭ്യർത്ഥന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ XXII—നഗരവികസനം

സർവ്വശ്രീ. എ. കെ. ബാലൻ, എൻ. രാജൻ, മത്തായി ചാക്കോ, സാജു പോൾ, കോടിയേരി ബാലകൃഷ്ണൻ, വി. ചെന്താമരാക്ഷൻ, ടി. കെ. ദേവകുമാർ, മഞ്ഞളാംകുഴി അലി, കെ. വി. കുഞ്ഞിരാമൻ, കെ. രാധാകൃഷ്ണൻ, കെ. പി. മോഹനൻ, കോവൂർ കുഞ്ഞുമോൻ, കെ. പി. രാജേന്ദ്രൻ, ബിനോയ് വിശ്വം, എം. കുമാരൻ, വി. കെ. സി. മമ്മത്കോയ, എ. എ. അസീസ്, വി. സി. കബീർ, ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ, ശ്രീമതി ഗിരിജാ സുരേന്ദ്രൻ എന്നീ ബഹുമാനപ്പെട്ടഅംഗങ്ങൾ XXII-ാം നമ്പർ ധനാഭ്യർത്ഥനയ്ക്കുനേരെ അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചു.

മി. സ്പീക്കർ: നഗരവികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2003-2004 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രശ്നം സംബന്ധിച്ച്.....

LIBRARY ARCHIVES Kerala Legislative Assembly

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ശ്രീ. കെ. പി. രാജേന്ദ്രൻ: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ടുരേഖപ്പെടുത്തി).

അനുകൂലിക്കുന്നവർ —68

1. ശ്രീ. ചെർക്കളം അബ്ദുള്ള
2. ,, കളത്തിൽ അബ്ദുള്ള
3. ,, പി. കെ. അബ്ദുറബ്ബ്
4. ,, കെ. അച്ചുതൻ
5. ,, സി. ടി. അഹമ്മദ് അലി
6. ,, എ. പി. അനിൽ കുമാർ
7. ,, എ. കെ. ആന്റണി
8. ,, ഇ. എം. അഗസ്തി
9. ,, കെ. ബാബു
10. ,, ബാബു ദിവാകരൻ
11. ,, ആർ. ബാലകൃഷ്ണപിള്ള
12. ,, ടി. വി. ചന്ദ്രമോഹൻ
13. ,, കെ. എ. ചന്ദ്രൻ
14. ,, പി. പി. ജോർജ്
15. ശ്രീമതി കെ. ആർ. ഗൗരിയമ്മ
16. ശ്രീ. എം. എം. ഹസ്സൻ
17. ,, വി. കെ. ഇബ്രാഹിം കുഞ്ഞ്
18. ,, ടി. എം. ജേക്കബ്
19. ,, ജോണി നെല്ലൂർ
20. ,, കെ. സി. ജോസഫ്
21. ,, ജോസഫ് എം. പുതുശ്ശേരി
22. ,, പി. ജെ. ജോയി
23. ,, വർക്കല കഹാർ
24. ,, ജി. കാർത്തികേയൻ
25. ,, കെ. കെ. നായർ
26. ഡോ. എം. എ. കുട്ടപ്പൻ
27. ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി
28. ,, ലൂഡി ലൂയിസ്
29. ,, സി. മമ്മൂട്ടി
30. ,, കെ. എം. മാണി
31. ശ്രീമതി മേഴ്സി രവി
32. ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ

LIBRARY ARCHIVES Kerala Legislative Assembly

33. ശ്രീ. കെ. മോഹൻകുമാർ
34. ,, സി. മോയിൻകുട്ടി
35. ,, ആര്യാടൻ മുഹമ്മദ്
36. ,, എം. കെ. മുനീർ
37. ,, എം. മുരളി
38. ,, എഴുകോൺ നാരായണൻ
39. ,, വി. ജെ. പൗലോസ്
40. ,, ടി. എൻ. പ്രതാപൻ
41. ,, ജി. പ്രതാപവർമ്മ തമ്പാൻ
42. ,, ടി. യു. രാധാകൃഷ്ണൻ
43. ശ്രീമതി രാധാരാഘവൻ
44. ശ്രീ. എം. വി. രാഘവൻ
45. ,, എ. എൻ. രാജൻ ബാബു
46. ,, തേറമ്പിൽ രാമകൃഷ്ണൻ
47. ,, റോഷി അഗസ്റ്റിൻ
48. ,, എൻ. ശക്തൻ
49. ,, പി. ശങ്കരൻ
50. ,, കെ. ശങ്കരനാരായണൻ
51. ശ്രീമതി മാലേത്ത് സരളാദേവി
52. ശ്രീ. വി. ഡി. സതീശൻ
53. പ്രൊഫ. സാവിത്രി ലക്ഷ്മണൻ
54. ശ്രീ. കെ. കെ. ഷാജു
55. ,, കടവൂർ ശിവദാസൻ
56. ശ്രീമതി ശോഭനാ ജോർജ്
57. ശ്രീ. നാലകത്ത് സൂപ്പി
58. ,, സ്റ്റീഫൻ ജോർജ്
59. ,, കെ. സുധാകരൻ
60. ,, ഡി. സുഗതൻ
61. ,, എ. സുജനപാൽ
62. ,, എൻ. സുന്ദരൻ നാടാർ
63. ,, സി. എഫ്. തോമസ്
64. പ്രൊഫ. കെ. വി. തോമസ്
65. ശ്രീ. പി. ടി. തോമസ്
66. ,, തോമസ് ചാഴികാടൻ
67. ,, എം. എ. വാഹീദ്
68. ,, കെ. സി. വേണുഗോപാൽ.

LIBRARY ARCHIVES Kerala Legislative Assembly

പ്രതികൂലിക്കുന്നവർ—35

1. ശ്രീ. വി. എസ്. അച്ചുതാനന്ദൻ
2. ,, മഞ്ഞളാംകുഴി അലി
3. ,, എ. എ. അസീസ്
4. ,, കോടിയേരി ബാലകൃഷ്ണൻ
5. ,, എ. കെ. ബാലൻ
6. ,, ടി. കെ. ബാലൻ
7. ,, ബിനോയ് വിശ്വം
8. ,, വി. കെ. ചന്ദ്രൻ
9. ,, വി. ചെന്താമരാക്ഷൻ
10. ,, ടി. കെ. ദേവകുമാർ
11. ,, പി. സി. ജോർജ്
12. ശ്രീമതി ഗിരിജാ സുരേന്ദ്രൻ
13. ശ്രീ. കെ. കെ. ജയചന്ദ്രൻ
14. ,, എം. വി. ജയരാജൻ
15. ,, പി. ജയരാജൻ
16. ഡോ. കെ. സി. ജോസഫ്
17. ശ്രീ. വി. സി. കബീർ
18. ,, എം. കുമാരൻ
19. ,, കെ. വി. കുഞ്ഞിരാമൻ
20. ,, കോവൂർ കുഞ്ഞുമോൻ
21. ,, വി. കെ. സി. മമ്മത്കോയ
22. ,, മത്തായി ചാക്കോ
23. ,, കെ. പി. മോഹനൻ
24. ,, പിരപ്പൻകോട് മുരളി
25. ,, സി. കെ. നാണു
26. ,, കെ. രാധാകൃഷ്ണൻ
27. ,, മാങ്കോട് രാധാകൃഷ്ണൻ
28. ,, എൻ. രാജൻ
29. ,, കെ. പി. രാജേന്ദ്രൻ
30. ,, രാജു എബ്രഹാം
31. ,, സാജു പോൾ
32. ,, കെ. പി. സതീശ് ചന്ദ്രൻ
33. ,, എ. സി. ഷൺമുഖദാസ്
34. ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ
35. ഡോ. തോമസ് ഐസക്.

LIBRARY ARCHIVES Kerala Legislative Assembly

നിഷ്പക്ഷത പാലിക്കുന്നവർ — ആരുമില്ല.

മി. സ്പീക്കർ:

അനുകൂലിക്കുന്നവർ — 68

പ്രതികൂലിക്കുന്നവർ — 35

നിഷ്പക്ഷത പാലിക്കുന്നവർ—ആരുമില്ല.

ധനാഭ്യർത്ഥന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ XXXV—പഞ്ചായത്ത്

സർവ്വശ്രീ ബിനോയ് വിശ്വം, കെ. പി. രാജേന്ദ്രൻ, കെ. പി. മോഹനൻ, എൻ. രാജൻ, എം. കുമാരൻ, മത്തായി ചാക്കോ, എ. കെ. ബാലൻ, സാജു പോൾ, പി. ജയരാജൻ, എം. വി. ജയരാജൻ, കോടിയേരി ബാലകൃഷ്ണൻ, വി. ചെന്താമരാക്ഷൻ, ടി. കെ. ദേവകുമാർ, മഞ്ഞളാംകുഴി അലി, കെ. വി. കുഞ്ഞിരാമൻ, കെ. രാധാകൃഷ്ണൻ, പിരപ്പൻകോട് മുരളി വി. കെ. സി. മമ്മത്കോയ, എ. എ. അസീസ്, വി. സി. കബീർ, ഡോ. തോമസ് ഐസക്, ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ, ശ്രീമതി ഗിരിജാ സുരേന്ദ്രൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ XXXV-ാം നമ്പർ ധനാഭ്യർത്ഥനയ്ക്കുനേരെ അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചു.

മി. സ്പീക്കർ: നഗരവികസനം എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കു നേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2003-2004 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രശ്നം സംബന്ധിച്ച്.....

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ടുരേഖപ്പെടുത്തി).

അനുകൂലിക്കുന്നവർ —68

1. ശ്രീ. ചെർക്കളം അബ്ദുള്ള
2. ,, കളത്തിൽ അബ്ദുള്ള
3. ,, പി. കെ. അബ്ദുറബ്ബ്
4. ,, കെ. അച്ചുതൻ
5. ,, സി. ടി. അഹമ്മദ് അലി
6. ,, എ. പി. അനിൽകുമാർ
7. ,, എ. കെ. ആന്റണി
8. ,, ഇ. എം. അഗസ്തി
9. ,, കെ. ബാബു
10. ,, ബാബു ദിവാകരൻ

LIBRARY ARCHIVES Kerala Legislative Assembly

11. ശ്രീ. ആർ. ബാലകൃഷ്ണപിള്ള
12. „ ടി. വി. ചന്ദ്രമോഹൻ
13. „ കെ. എ. ചന്ദ്രൻ
14. „ പി. പി. ജോർജ്
15. ശ്രീമതി കെ. ആർ. ഗൗരിയമ്മ
16. ശ്രീ. എം. എം. ഹസ്സൻ
17. „ വി. കെ. ഇബ്രാഹിം കുഞ്ഞ്
18. „ ടി. എം. ജേക്കബ്
19. „ ജോണി നെല്ലൂർ
20. „ കെ. സി. ജോസഫ്
21. „ ജോസഫ് എം. പുതുശ്ശേരി
22. „ പി. ജെ. ജോയി
23. „ വർക്കല കഹാർ
24. „ ജി. കാർത്തികേയൻ
25. „ കെ. കെ. നായർ
26. ഡോ. എം. എ. കുട്ടപ്പൻ
27. ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി
28. „ ലൂഡി ലൂയിസ്
29. „ സി. മമ്മൂട്ടി
30. „ കെ. എം. മാണി
31. ശ്രീമതി മേഴ്സി രവി
32. ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ
33. ശ്രീ. കെ. മോഹൻകുമാർ
34. „ സി. മോയിൻകുട്ടി
35. „ ആര്യാടൻ മുഹമ്മദ്
36. „ എം. കെ. മുനീർ
37. „ എം. മുരളി
38. „ എഴുകോൺ നാരായണൻ
39. „ വി. ജെ. പൗലോസ്
40. „ ടി. എൻ. പ്രതാപൻ
41. „ ജി. പ്രതാപവർമ്മ തമ്പാൻ
42. „ ടി. യു. രാധാകൃഷ്ണൻ
43. ശ്രീമതി രാധാരാഘവൻ
44. ശ്രീ. എം. വി. രാഘവൻ
45. „ എ. എൻ. രാജൻ ബാബു
46. „ തേറമ്പിൽ രാമകൃഷ്ണൻ
47. „ റോഷി അഗസ്റ്റിൻ
48. „ എൻ. ശക്തൻ

LIBRARY ARCHIVES Kerala Legislative Assembly

49. ശ്രീ. പി. ശങ്കരൻ
50. „ കെ. ശങ്കരനാരായണൻ
51. ശ്രീമതി മാലേത്ത് സരളാദേവി
52. ശ്രീ. വി. ഡി. സതീശൻ
53. പ്രൊഫ. സാവിത്രി ലക്ഷ്മണൻ
54. ശ്രീ. കെ. കെ. ഷാജു
55. „ കടവൂർ ശിവദാസൻ
56. ശ്രീമതി ശോഭനാ ജോർജ്
57. ശ്രീ. നാലകത്ത് സൂപ്പി
58. „ സ്റ്റീഫൻ ജോർജ്
59. „ കെ. സുധാകരൻ
60. „ ഡി. സുഗതൻ
61. „ എ. സുജനപാൽ
62. „ എൻ. സുന്ദരൻ നാടാർ
63. „ സി. എഫ്. തോമസ്
64. പ്രൊഫ. കെ. വി. തോമസ്
65. ശ്രീ. പി. ടി. തോമസ്
66. „ തോമസ് ചാഴികാടൻ
67. „ എം. എ. വാഹീദ്
68. „ കെ. സി. വേണുഗോപാൽ

പ്രതികൂലിക്കുന്നവർ—35

1. ശ്രീ. വി. എസ്. അച്ചുതാനന്ദൻ
2. „ മഞ്ഞളാംകുഴി അലി
3. „ എ. എ. അസീസ്
4. „ കോടിയേരി ബാലകൃഷ്ണൻ
5. „ എ. കെ. ബാലൻ
6. „ ടി. കെ. ബാലൻ
7. „ ബിനോയ് വിശ്വം
8. „ വി. കെ. ചന്ദ്രൻ
9. „ വി. ചെന്താമരാക്ഷൻ
10. „ ടി. കെ. ദേവകുമാർ
11. „ പി. സി. ജോർജ്
12. ശ്രീമതി ഗിരിജാ സുരേന്ദ്രൻ
13. ശ്രീ. കെ. കെ. ജയചന്ദ്രൻ
14. „ എം. വി. ജയരാജൻ
15. „ പി. ജയരാജൻ
16. ഡോ. കെ. സി. ജോസഫ്
17. ശ്രീ. വി. സി. കബീർ

LIBRARY ARCHIVES Kerala Legislative Assembly

18. ശ്രീ. എം. കുമാരൻ
19. „ കെ. വി. കുഞ്ഞിരാമൻ
20. „ കോവൂർ കുഞ്ഞുമോൻ
21. „ വി. കെ. സി. മമ്മത്കോയ
22. „ മത്തായി ചാക്കോ
23. „ കെ. പി. മോഹനൻ
24. „ പിരപ്പൻകോട് മുരളി
25. „ സി. കെ. നാണു
26. „ കെ. രാധാകൃഷ്ണൻ
27. „ മാങ്കോട് രാധാകൃഷ്ണൻ
28. „ എൻ. രാജൻ
29. „ കെ. പി. രാജേന്ദ്രൻ
30. „ രാജു എബ്രഹാം
31. „ സാജു പോൾ
32. „ കെ. പി. സതീശ് ചന്ദ്രൻ
33. „ എ. സി. ഷൺമുഖദാസ്
34. ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ
35. ഡോ. ടി. എം. തോമസ് ഐസക്

നിഷ്പക്ഷത പാലിക്കുന്നവർ — ആരുമില്ല.

മി. സ്പീക്കർ:

അനുകൂലിക്കുന്നവർ	..	68
പ്രതികൂലിക്കുന്നവർ	..	35
നിഷ്പക്ഷത പാലിക്കുന്നവർ	..	ആരുമില്ല.

ധനാഭ്യർത്ഥന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ചർച്ച കൂടാതെ പാസ്സാക്കുന്ന ധനാഭ്യർത്ഥനകൾ

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ): സർ, പലവക സാമ്പത്തിക സർവ്വീസുകൾ എന്ന XXVIII-ാം നമ്പർ ധനാഭ്യർത്ഥനയും മുദ്രപ്പത്രങ്ങളും രജിസ്ട്രേഷനും എന്ന VII-ാം നമ്പർ ധനാഭ്യർത്ഥനയും സംബന്ധിച്ചുള്ള പ്രസ്താവന ചട്ടം 236 (3) അനുസരിച്ച് ഞാൻ മേശപ്പുറത്തു വയ്ക്കുന്നു.

ശ്രീ. ആര്യാടൻ മുഹമ്മദ്: സർ, സാധാരണ റൂൾ അനുസരിച്ച് ഗില്ലറ്റിൻ ചെയ്യുന്നതിന് സമയമുണ്ട്. അതുകഴിഞ്ഞാണെങ്കിൽ അത് കൺടോൺ ചെയ്തുവേണം ചെയ്യാൻ. 12 മണിയാണെന്നാണ് എന്റെ ഓർമ്മ. അല്ലെങ്കിൽ ഒരു മണിയാണ്. അതിനുശേഷം ചെയ്യുകയാണെങ്കിൽ അത് കൺടോൺ ചെയ്യണം. കൺടോൺ ചെയ്ത് റസല്യൂഷൻ എടുത്തേ ഇത് ചെയ്യാവൂ.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ: Okay, സമ്മതിച്ചു. സംസ്ഥാന നിയമസഭ എന്ന I-ാം നമ്പർ ധനാഭ്യർത്ഥനയുടെയും തെരഞ്ഞെടുപ്പുകൾ എന്ന IV-ാം നമ്പർ ധനാഭ്യർത്ഥനയുടെയും മുദ്രപ്പത്രങ്ങളും രജിസ്ട്രേഷനും എന്ന VII-ാം നമ്പർ ധനാഭ്യർത്ഥനയുടെയും ട്രഷറികളും അക്കൗണ്ടുകളുമെന്ന X-ാം നമ്പർ ധനാഭ്യർത്ഥനയുടെയും പെൻഷനും പലവകയും എന്ന XVI-ാം നമ്പർ ധനാഭ്യർത്ഥനയുടെയും പലവക സാമ്പത്തിക സർവ്വീസുകൾ എന്ന XXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെയും നഷ്ടപരിഹാരവും അവകാശ കൈമാറ്റങ്ങളുമെന്ന XLIII-ാം നമ്പർ ധനാഭ്യർത്ഥനയുടെയും പലവക വായ്പകളും മുൻകൂറുകളുമെന്ന XLV-ാം നമ്പർ ധനാഭ്യർത്ഥനയുടെയും പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനകൾക്കുനേരെ 7-ാം കോളത്തിൽ യഥാക്രമം കാണിച്ചിട്ടുള്ള തുക 2003-2004 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ധനാഭ്യർത്ഥനകൾ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2003 ജൂലായ് 17-ാം തീയതി വ്യാഴാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ ഉച്ചയ്ക്കുശേഷം 2.52-ന് പിരിഞ്ഞു.)

LIBRARY ARCHIVES Kerala Legislative Assembly